ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# വികസന റിപ്പോർട്ട്



പൊതുജന പങ്കാളിത്തത്തോടെ നിർമ്മിച്ചു വരുന്ന ഒല്ലൂർ റെയിൽവേ മേൽപ്പാലം

## ജനകീയാസൂത്രണം

## ഒല്ലൂർ ഗ്രാമപഞ്ചായത്ത്

1996

90-4

ഒമ്പതാം പദ്ധതി

ജനകീയ പദ്ധതി

ജനകീയാസൂത്രണ പ്രസ്ഥാനം

വികസന റിപ്പോർട്ട്

# ഒല്ലൂർ ഗ്രാമപഞ്ചായത്ത്

ചേർപ്പ് ബ്ലോക്കു് പഞ്ചായത്ത്

## തൃശൂർ ജില്ല

1996

## ഉപദേശക സമിതി

വർഗ്ഗീസ് കണ്ടംകുളത്തി

പി. ജി. ബാലൻ

പ്രൊഫസർ. ജോർജ്ജ് മേനാച്ചേരി

## എഡിറ്റോറിയൽ ബോർഡ്

കെ. എ. മാധവൻ

വി. ആർ. വിജയൻ

കെ. ജി. രാധാകൃഷ്ണൻ

ടി. ജി. പ്രകാശം

സി. ജി. പല്ലു

ജോർജ്ജ് ഇമ്മട്ടി

ബേബി മൂക്കൻ

പി. കെ. പ്രഭാകരൻ

(ഗ്രാമപഞ്ചായത്ത് സെക്രട്ടറി)

# ഗ്രാമപഞ്ചായത്ത് ഭരണ സമിതി



കെ. എ. മാധവൻ
(പ്രസിഡന്റ്)



കെ. എ. കൃഷ്ണൻ
വൈസ് പ്രസിഡന്റ്



കെ. ജി. രാധാകൃഷ്ണൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



കെ. കെ. റാഫേൽ (റാവു)
മെമ്പർ



കെ. കെ. കൊച്ചപ്പൻ
മെമ്പർ



എം. സി. ഫ്രാൻസിസ്
മെമ്പർ



കെ. വി. ത്രേസ്യാമ്മ ടീച്ചർ
മെമ്പർ



ലീല രാജൻ
മെമ്പർ



ശ്യാമള വേണുഗോപാൽ
മെമ്പർ



എം. വി. ജോണി
മെമ്പർ



കെ. ഭാസ്കരമേനോൻ
മെമ്പർ



കമലം പുരുഷോത്തമൻ
മെമ്പർ



ഷാജി മണപ്പെട്ടി
മെമ്പർ



എം. ആർ. പ്രഭാവതി
മെമ്പർ



പി. കെ. പ്രഭാകരൻ
സെക്രട്ടറി സ്പെ. ഗ്രേഡ്





കെ. എ മാധവൻ
പ്രസിഡന്റ്
ഒല്ലൂർ ഗ്രാമപ്പഞ്ചായത്ത്

# സമർപ്പണം

പ്രിയരേ,

1919ൽ രൂപം കൊണ്ട് വിവിധ തുറകളിൽ നമ്മുടെ കൊച്ചു ഗ്രാമത്തിന്റെ വികസന പ്രക്രിയയ്ക്കു് നേതൃത്വം നൽകാനുതകുന്ന ജനകീയ - ജനാധിപത്യ - അധികാര സ്ഥാപനമായി വളർന്നു വന്നിരിക്കയാണു് ഒല്ലൂർ ഗ്രാമ പഞ്ചായത്ത്. 1988- ൽ നിങ്ങൾ എന്നെ പ്രസിഡന്റായി തെരഞ്ഞെടുത്തതു മുതൽ വിവിധ മേഖലകളിൽ എല്ലാ വിഭാഗങ്ങളുടെയും ഉന്നമനത്തിനായി നിങ്ങളുടെ പൂർണ്ണ സഹകരണത്തോടെ ഞങ്ങൾക്കു് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളതിൽ ഞാൻ കൃതാർത്ഥനാണു്. ജനകീയാസൂത്രണത്തിന്റെ ദിനങ്ങൾക്കു് മുമ്പു തന്നെ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ശുദ്ധജലം എത്തിക്കുക, ഒല്ലൂരിന്റു് തീരാശാപമായിരുന്ന റെയിൽവേ ലവൽ ക്രോസിംഗിന്റു് പ്രതിവിധിയായി റെയിൽവേ മേൽപാലം നിർമ്മിക്കുക, ആരോഗ്യപരിപാലനത്തിൽ അടിസ്ഥാനപരമായ നല്ലതരം കക്കൂസുകൾ ഭൂരിഭാഗവും ദരിദ്രഭവനങ്ങൾക്കും സ്വായത്തമാക്കിക്കൊടുക്കുക തുടങ്ങിയ പ്രധാന വികസന പ്രവർത്തനങ്ങൾ ജനങ്ങളുടെ കൂട്ടായ പങ്കാളിത്തത്തോടെ പഞ്ചായത്തിന്റു് ചെയ്യാൻ കഴിഞ്ഞിരിക്കയാണെന്നു് അഭിമാനപൂർവ്വം ഞാനിവിടെ സ്മരിക്കുന്നു. ഇന്നലെയുടെ പോരായ്മകൾ നികത്തി നല്ലൊരു നാളെയെ കെട്ടിപ്പടുക്കുവാനുള്ള കൂട്ടായ ശ്രമത്തിൽ സുപ്രധാനമായ ഒരു നാഴികക്കല്ലായ ജനകീയാസൂത്രണം - ചരിത്രത്തിന്റെ ഒരു വഴിത്തിരിവു കൂടിയാണു്. പഞ്ചവത്സര പദ്ധതിയിലൂടെ നമുക്കു് ലഭിക്കുന്ന വിഭവങ്ങളും നമ്മുടെ ചുറ്റുപാടുകളിൽ നിന്നും സ്വരൂപിക്കാവുന്ന മറ്റ് വിഭവങ്ങളും സമാഹരിച്ച് കൂടുതൽ ഫലവത്തായ പ്രവർത്തനം കാഴ്ചവയ്ക്കാൻ ഈ അവസരം നമുക്കുപയോഗപ്പെടുത്താം. വളരെ കുറച്ചു ദിവസങ്ങളെ പഞ്ചായത്തു വികസന രേഖ തയ്യാറാക്കാൻ നമുക്കു ലഭിച്ചിട്ടുള്ളുവെങ്കിലും എല്ലാ വിഭാഗക്കാരായ വികസന സ്നേഹികളുടെ സഹകരണവും കൂട്ടായ്മയും ഒത്തു ചേർന്നപ്പോൾ വികസനത്തിന്റ വിവിധ രംഗങ്ങൾ അഭിമുഖികരിക്കുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരമാർഗങ്ങളും അടങ്ങുന്ന അടിസ്ഥാന രേഖ തയ്യാറാക്കാൻ നമുക്കു സാധിച്ചിരിക്കുകയാണു്. ഈ സംരംഭവുമായി സഹകരിച്ച എല്ലാവരെയും ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുന്നു; അവരോടുള്ള പഞ്ചായത്തു കമ്മിറ്റിയുടെ കടപ്പാട് രേഖപ്പെടുത്തുന്നു.

പഞ്ചായത്തിലെ നല്ലവരായ ജനങ്ങൾ തയ്യാറാക്കിയ ഈ വികസന രേഖ നിങ്ങള അഭിപ്രായത്തിനും, ചർച്ചയ്ക്കും, നിർദ്ദേശങ്ങൾക്കും, അംഗീകാരത്തിനുമായി അഭിമാനപൂർവ്വം ഒ പഞ്ചായത്തു കമ്മിറ്റിയ്ക്കു വേണ്ടി നിങ്ങളുടെ മുമ്പാകെ ഞാൻ സമർപ്പിക്കുന്നു.

**കെ. എ. മാധവൻ**

# ഒല്ലൂർ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമാണം
# (ഒരു സമ്പൂർണ്ണ ജനകീയ പദ്ധതി)

ഒല്ലൂരിന്റെ തീരാശാപമായ റെയിൽവേ ലെവൽ ക്രോസിങ് വഴി പൊതുജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന വിഷമങ്ങൾക്ക് ശാശ്വത പരിഹാരമായി നിർദ്ദേശിക്കപ്പെട്ട റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണ ശ്രമം ആരംഭിച്ചിട്ട് 50 വർഷത്തോളമായെങ്കിലും എങ്ങും എത്തിയിരുന്നില്ല. 1996 ജനുവരിയിൽ ചേർന്ന ഒല്ലൂർ പഞ്ചായത്ത് യോഗം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ തീരുമാനിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. എ. മാധവൻ ചെയർമാനായും ശ്രീ. സുനിൽ ആന്റണി മൊയലൻ ജനറൽ കൺവീനറായും ശ്രീ. പി. കെ. പ്രഭാകരൻ ട്രഷററുമായും ജനകീയ കമ്മിറ്റി രൂപീകരിച്ചു. പ്രവർത്തനം ഏറ്റെടുക്കുകയുണ്ടായി. പൂർണ്ണമായും പൊതുജനങ്ങളിൽ നിന്നും ഫണ്ട് ശേഖരിച്ചാണ് പ്രവർത്തനം പൂർത്തീകരിക്കാൻ തീരുമാനിച്ചത്. ഏഴര മീറ്റർ വീതിയോടുകൂടിയ ബ്രിഡ്ജ്, പന്ത്രണ്ട് മീറ്റർ വീതിയിൽ നേർരേഖയായി അപ്രോച്ച് റോഡ്, റോഡിനാവശ്യമായ സ്ഥലം, പകരം നിർമ്മിച്ചു കൊടുക്കേണ്ട കെട്ടിടഭാഗങ്ങൾ വ്യവസായ എസ്റ്റേറ്റിന്റെ സംരക്ഷണത്തിനായി നിർമ്മിക്കേണ്ട മതിലുകൾ തുടങ്ങിയവയക്ക് 60 ലക്ഷം രൂപ മൊത്തം ചിലവ് കണക്കാക്കിയാണ് കമ്മിറ്റിയുടെ പ്രവർത്തനം നടക്കുന്നത്. പാർലമെന്റ് മെമ്പർ ശ്രീ. പി. സി. ചാക്കോ, ഒല്ലൂർ എം. എൽ. എ., ശ്രീ. സി. എൻ. ജയദേവൻ, മുൻ എം. എൽ. എ. മാരായ ശ്രീ. പി. പി. ജോർജ്ജ്, ശ്രീ. പി. ആർ. ഫ്രാൻസീസ്, ഒല്ലൂർ പള്ളി വികാരി റവ. ഫാദർ ജോൺ ചെമ്മണ്ണൂർ, ശ്രീ. ഇ. ടി. നാരായണൻ മൂസ്, ശ്രീ. കെ. ജി. നാരായണൻ എമ്പ്രാന്തിരി തുടങ്ങിയ പ്രഗൽഭമതികൾ, കമ്മിറ്റിക്കു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി പ്രവർത്തന രംഗത്തുണ്ട്. കേരള സർക്കാർ, ശ്രീ. കെ. കരുണാകരൻ (എം. പി), ശ്രീ. പി. സി. ചാക്കോ (എം. പി.), ശ്രീ. വി. വി. രാഘവൻ (എം. പി.) തുടങ്ങിയവർ എം. പി. ഫണ്ടിൽ നിന്നും വിവിധ വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ തുടങ്ങിയവരും കമ്മിറ്റിയക്ക് ഉദാരമായ സംഭാവന നൽകുകയും, നൽകിക്കൊണ്ടിരിക്കുകയുമാണ്. 16. 3. 96 നു തന്നെ ബ്രിഡ്ജ് നിർമ്മാണത്തിനുള്ള പൂർണ്ണ തുക റയിൽവേയെ ഏൽപ്പിക്കുവാൻ കമ്മിറ്റിയ്ക്കു കഴിയുകയും, 22. 9. 96ന് നിർമ്മാണ പ്രവർത്തിക്ക് ബഹു. കേരള വ്യവസായ മന്ത്രി ശ്രീമതി. സുശീലഗോപാലൻ തറക്കല്ലിടുകയും, പ്രവർത്തി തുടങ്ങിക്കഴിഞ്ഞിരിക്കയുമാണ്. കമ്മിറ്റിയക്ക് ലഭിക്കുന്ന തുകയിൽ നിന്നും, ഒരോറ്റ പൈസപോലും ഭരണപരമോ മറ്റോ ഉള്ള ചിലവുകൾക്കായി കമ്മിറ്റി ചിലവാക്കുന്നില്ല എന്നുള്ള പ്രത്യേകത കൂടി ഈ ജനകീയ പദ്ധതിയ്ക്കുണ്ട്. പൂർണ്ണമായും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഈ ബൃഹത്തായ ജനകീയ പദ്ധതി ഒമ്പതാം പദ്ധതി ജനകീയ പദ്ധതി പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന എല്ലാ പ്രവർത്തകർക്കും ആവേശകരമാകട്ടെ.

# ഒല്ലൂർ ഗ്രാമപ്പഞ്ചായത്ത്

# ഒറ്റനോട്ടത്തിൽ

## 1996

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | ഒല്ലൂർ ഗ്രാമപഞ്ചായത്ത്. |
| വില്ലേജുകൾ | - | 1. ഒല്ലൂർ.<br>2. എടക്കുന്നി. |
| ബ്ലോക്ക് പഞ്ചായത്ത് | - | ചേർപ്പ്. |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | - | 1. ഒല്ലൂർ.<br>2. എടക്കുന്നി. |
| താലൂക്ക് | - | തൃശൂർ. |
| ജില്ല | - | തൃശൂർ. |
| അസംബ്ലി മണ്ഡലം | - | ഒല്ലൂർ. |
| വിസ്തീർണം | - | 14.92 ച: കി. മി. |
| ജനസംഖ്യ | - | 46,302 (1991 സെൻസസ്) |
| വാർഡുകൾ | - | 15. |

### അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | തൃശൂർ മുൻസിപ്പാലിറ്റി.<br>കൂർക്കഞ്ചേരി പഞ്ചായത്ത്. |
| കിഴക്ക് | : | പുത്തൂർ, നടത്തറ പഞ്ചായത്തുകൾ. |
| തെക്ക് | : | നെന്മണിക്കര, വല്ലച്ചിറ പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | അവിണിശ്ശേരി, കൂർക്കഞ്ചേരി<br>പഞ്ചായത്തുകൾ. |

# OLLUR PANCHAYAT



# ഒല്ലൂർ ഗ്രാമപഞ്ചായത്ത്
# ജനകീയാസൂത്രണ സമിതി



**വി. ആർ വിജയൻ**
**കൺവീനർ**



**ടി. ജി. പ്രകാശം**
**ജോ. കൺവീനർ**

ഗ്രാമവാസികളെ,

ഒമ്പതാം പഞ്ചവൽസര പദ്ധതി 'ജനകീയ പദ്ധതി' ആയി നടപ്പിലാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഒല്ലൂർ ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതിയിൻ കീഴിൽ നടക്കേണ്ട പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനും തദ്വാര രൂപപ്പെടുത്തേണ്ട വികസന റിപ്പോർട്ടിന് രൂപവും ഭാവവും നൽകുന്നതിനും ഒല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതി സർവ്വ ശ്രീ. വി. ആർ. വിജയൻ, ടി. ജി. പ്രകാശം എന്നിവരെ ചേർത്ത് വികസന സമിതി രൂപീകരിച്ചു. സമിതിയുടെ കൺവീനർ ശ്രീ. വിജയനും, ജോയിന്റ് കൺവീനർമാർ സർവ്വ ശ്രീ. ടി. ജി. പ്രകാശവും, കെ. ജി. രാധാകൃഷ്ണനുമാണ് (പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ).

ജില്ലാ പ്ലാനിംഗ് ബോർഡ് കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്ന ഈ സമിതി പഞ്ചായത്തിലെ 15 ഗ്രാമസഭകളും ഈ കഴിഞ്ഞ സെപ്റ്റംബർ 26നും ഒക്ടോബർ 13നും ഇടയ്ക്ക് വിളിച്ചു ചേർത്തു.

ജനകീയാസൂത്രണം എന്ന ഒറ്റ 'അജണ്ട' മാത്രം ഉൾക്കൊള്ളിച്ച് വിളിച്ചു ചേർത്ത ഈ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും അവിടെ വന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പഞ്ചായത്തിന്റെ കരട് വികസന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. ഇതിനായി വിവിധ വിഷയങ്ങളിൽ പ്രാവിണ്യമുള്ളവരുടേയും ഗ്രാമസഭകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെയും സംയുക്ത യോഗം 2 പ്രാവശ്യം ചേരുകയുണ്ടായി. കൂടാതെ ഓരോ ഘട്ടത്തിലും പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ഭാഗഭാക്കാകുവാൻ അവസരം ഒരുക്കിയിരുന്നു. അതുകൊണ്ട് തികച്ചും ജനകീയമായ ഒരു വികസന റിപ്പോർട്ടാണ് തയ്യാറാക്കപ്പെട്ടിട്ടുള്ളതെന്ന് വിശ്വസിക്കുന്നു.

പരിചയക്കുറവുകൊണ്ടും സമയപരിമിതി കൊണ്ടും റിപ്പോർട്ടിൽ എന്തെങ്കിലും പോരായ്മ വന്നിട്ടുണ്ടെങ്കിൽ നല്ലവരായ പഞ്ചായത്ത് നിവാസികൾ ക്ഷമിക്കുമെന്ന് വിശ്വസിക്കുന്നു.

ഈ വികസന റിപ്പോർട്ട് രൂപപ്പെടുത്തുന്നതിന് എല്ലാ ഘട്ടങ്ങളിലും നിർലോപമായ സഹായ സഹകരണങ്ങൾ നൽകിയിട്ടുള്ളവരോടെല്ലാരോടും നന്ദി രേഖപ്പെടുത്തുന്നു. കൂടാതെ ഈ റിപ്പോർട്ടുകൾ പുസ്തക രൂപത്തിലാക്കാൻ വേണ്ട ഉപദേശങ്ങൾ നൽകി സഹായിച്ച എഡിറ്റോറിയൽ ബോർഡിനും ഉപദേശക സമിതിക്കും നന്ദി.

# വികസന റിപ്പോർട്ട് തയ്യാറാക്കിയ
# വിവിധ വിഷയ ഗ്രൂപ്പ്
## കൺവീനർമാർ



| | | | |
|---|---|---|---|
| 1. | കൃഷി - ജലസേചനം | ☆ | ഏ. ആർ. രാജീവസംഭവൻ |
| 2. | മൃഗസംരക്ഷണം - മത്സ്യബന്ധനം | ☆ | ഡോ. ഗിരീശൻ |
| 3. | വ്യവസായം | ☆ | പി. ബാലൻ |
| 4. | ഊർജ്ജം, ഗതാഗതം, മാർക്കറ്റ് | ☆ | കെ. വി. വാസുദേവൻ |
| 5. | കുടിവെള്ളം, പൊതുജനാരോഗ്യം | ☆ | കെ. ടി. ജോർജ്ജ് |
| 6. | വിദ്യാഭ്യാസം | ☆ | കെ. കെ.ഗബ്രിയേൽമാസ്റ്റർ |
| 7. | പാർപ്പിടം - സാമൂഹ്യക്ഷേമം | ☆ | എ. ടി. ദേവസ്സി |
| 8. | പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം | ☆ | ടി. ജി. പ്രകാശം |
| 9. | സ്ത്രീപദവി | ☆ | എം. ആർ. പ്രഭാവതി |
| 10. | സംസ്ക്കാരം | ☆ | പി. ഡി. പൗലോസ് |
| 11. | സഹകരണമേഖല | ☆ | എ. ആർ. രാമൻ |
| 12. | വിഭവസമാഹരണം | ☆ | പി. എൽ. അന്തപ്പൻ |



# ആമുഖം

**പ്രകൃതി**:

തൃശൂർ പട്ടണത്തോട് ചേർന്നു് തെക്കുഭാഗത്തായി മലകളോ, കുന്നുകളോ, വിസ്തൃതമായ തോടുകളോ, പുഴകളോ ഇല്ലാത്ത, ഏകദേശം സമതലമായി പരന്നുകിടക്കുന്ന പ്രദേശമാണു് ഒല്ലൂർ. അതിവർഷമോ, കൊടുംവേനലോ ഇല്ലാത്തതായ അനുഗ്രഹീതമായ കാലാവസ്ഥയാണു് ഈ പ്രദേശത്തിനുള്ളത്.

**ജനപ്രകൃതി**:

20881 പുരുഷന്മാരും 25521 സ്ത്രീകളുമടങ്ങുന്ന (അവലംബം: 1991 സെൻസസ്) കൂടുതൽ ഇടത്തരം കുടുംബങ്ങളടങ്ങുന്ന ജനസഞ്ചയമാണു് ഈ പഞ്ചായത്തിലുള്ളതു്. ജനസംഖ്യയിൽ ഭൂരിഭാഗം വരുന്ന ഹിന്ദുക്കളും ക്രിസ്ത്യാനികളും, ന്യൂനപക്ഷ ഇതര സമുദായക്കാരും വളരെ കാലമായി നല്ല സൗഹാർദ്ദത്തോടെയാണു് കഴിഞ്ഞു പോരുന്നതു്. പഞ്ചായത്ത് ആസ്ഥാനം ഒല്ലൂർ ജംഗ്ഷനടുത്ത് സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

**ചരിത്രം**:

അതിപുരാതനമായ "ഒല്ലൂക്കാവ്" അധികരിച്ചാണ് ഒല്ലൂർ എന്ന പേരു് ഈ പ്രദേശത്തിനുണ്ടായതെന്ന് പഴമക്കാർ ഓർമ്മിക്കുന്നു. ഒല്ലൂർ, എടക്കുന്നി, മരത്താക്കര എന്നീ റവന്യൂ വില്ലേജുകൾ ചേർന്നു് രൂപീകൃതമായ ഒല്ലൂർ പഞ്ചായത്തിൽ നിന്നും പിന്നീട് മരത്താക്കര വില്ലേജ് വിഭജിക്കപ്പെടുകയും പുതിയ മരത്താക്കര വില്ലേജ് പുത്തൂർ പഞ്ചായത്തിൽ ലയിപ്പിക്കുകയും ചെയ്തു. ശേഷിച്ച ഒല്ലൂർ, എടക്കുന്നി വില്ലേജുകൾ ചേർന്നതാണു് ഇന്നത്തെ രൂപത്തിലുള്ള ഒല്ലൂർ പഞ്ചായത്ത്.

**പഞ്ചായത്ത് പ്രസിഡന്റുമാർ**:

പഞ്ചായത്ത് രൂപീകൃതമായ 1919 മുതൽ താഴെപ്പറയുന്നവരാണു് പഞ്ചായത്ത് പ്രസിഡന്റുമാരായിരുന്നത്.

| | | |
|---|---|---|
| 1. | ബ്രഹ്മശ്രീ ഇ. ടി. നാരായണൻ മൂസ് | 1919-1924 |
| 2. | ശ്രീ. കല്ലൂക്കാരൻ പൗലോസ് | 1925-1930 |
| 3. | ശ്രീ. എരിഞ്ഞേരി ഔസേഫ് | 1931-1937 |
| 4. | ശ്രീ. എ. എൽ. ലോനപ്പൻ | 1938-1940 |
| 5. | ശ്രീ. ഇ. ജെ. ആന്റണി | 1941-1945 |
| 6. | ശ്രീ. ഇ. ശങ്കരൻകുട്ടി വാര്യർ | 1946-1952 |
| 7. | ശ്രീ. എ. സി. രാമൻകുട്ടി | 1953-1958 |
| 8. | ശ്രീ. കെ. ഡി. റപ്പായി | 1958-1962 |
| 9. | ശ്രീ. കെ. ഇ. കുമാരൻ | 1963-1979 |
| 10. | ശ്രീ. പി. ജി. ബാലൻ | 1979-1985 |
| 11. | ശ്രീ. കെ. എ. മാധവൻ | 1988 മുതൽ തുടരുന്നു |

1919 മുതൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഭരണസമിതിയും 1953 മുതൽ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുമാണു്. 1970ൽ ശ്രീമതി എം. അമ്മുക്കുട്ടി അമ്മയെ ആദ്യ വനിതാ പ്രതിനിധി ആയി ഭരണസമിതിയിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

**ഇന്നത്തെ ഭരണസമിതി**:

സംസ്ഥാനത്ത് പഞ്ചായത്ത്രാജ് നിയമം നടപ്പിലാക്കിയതിന്റെ വെളിച്ചത്തിൽ 1995ൽ നടന്ന തിരഞ്ഞെടുപ്പിൽ രണ്ടാമതും ശ്രീ. കെ. എ. മാധവൻ പ്രസിഡന്റായി അധികാരത്തിൽ വരികയും ഇപ്പോഴും തുടരുകയുമാണു്. ശ്രീ. കെ. എ. കൃഷ്ണൻ (വൈസ് പ്രസിഡന്റ്), ശ്രീ. കെ. ജി. രാധാകൃഷ്ണൻ (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ), സർവ്വശ്രീ. കെ. കെ. റാഫേൽ, കെ. കെ. കൊച്ചപ്പൻ, എം. സി. ഫ്രാൻസിസ്, എം. വി. ജോണി, എ. എ. ചാക്കോ, കെ. ഭാസ്ക്കര മേനോൻ, ഷാജി മണപ്പെട്ടി, ശ്രീമതിമാർ കെ. വി. ത്രേസ്യാമ്മ ടീച്ചർ, ലീലാരാജൻ, ശ്യാമളവേണുഗോപാൽ, കമലം പുരുഷോത്തമൻ, എം. ആർ. പ്രഭാവതി എന്നിവർ മെമ്പർമാരായുള്ള 15 അംഗ ഭരണസമിതിയാണു് അധികാരത്തിൽ വന്നത്. ഇതിൽ പതിനൊന്നാം വാർഡ് മെമ്പർ ശ്രീ. എ. എ. ചാക്കോ നിര്യാതനായതിനാൽ പ്രസ്തുത സ്ഥാനം ഇപ്പോൾ ഒഴിഞ്ഞു കിടക്കുകയാണു്. ശ്രീ. പി. കെ. പ്രഭാകരൻ സെക്രട്ടറിയായി 25 ജീവനക്കാർ പഞ്ചായത്ത്

കമ്മിറ്റിയെ ഭരണം നടത്തുന്നതിനായി സഹായിക്കുന്നു.

## ഒല്ലൂരിന്റെ പ്രഗൽഭ സന്തതികൾ:

രാഷ്ട്രീയ സാമൂഹ്യരംഗത്ത് പ്രഗൽഭമതികളെ സൃഷ്ടിച്ച പാരമ്പര്യവും ഒല്ലൂരിനുണ്ട്. പത്മശ്രീ. അഷ്ടവൈദ്യൻ തൈക്കാട്ടുശ്ശേരി ഇ. കെ. നീലകണ്ഠൻ മൂസ്സ് മുൻ കൊച്ചി പ്രധാനമന്ത്രി ശ്രീ. ഇക്കണ്ടവാര്യർ മുൻ കൊച്ചി ദിവാൻ ശ്രി. ശങ്കരവാര്യർ, തുടങ്ങിയവർ ഒല്ലൂരിന്റെ സന്തതികളാണ്.

## വിദ്യാഭ്യാസമണ്ഡലം:

വിദ്യാഭ്യാസരംഗത്ത് മുൻപന്തിയിൽ നില്ക്കുന്ന ഒല്ലൂർ പഞ്ചായത്തിന്റെ സാക്ഷരത തൊണ്ണൂറ്റിരണ്ടു ശതമാനമാണ്. പ്രശസ്ത നിലയിൽ I.A.S., I.P.S., I.F.S., പരീക്ഷകളിൽ വിജയം നേടിയ ശ്രീ. എം. എസ്. സുനിൽകുമാർ കുട്ടിയും, കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രൊ: വൈസ് ചാൻസലറായിരുന്ന ഡോ. കെ. ഐ. വാസുവും, മലയാള മനോരമ ആദ്യമായി കർഷകശ്രീയായി തെരഞ്ഞെടുത്ത ശ്രീ. കെ. കെ. വേലായുധനും ഒല്ലൂക്കാരാണ്.

സുപ്രസിദ്ധമായ തൈക്കാട്ടുശ്ശേരി ആയുർവ്വേദ കോളേജ്. തൃശൂർ ഗവൺമെന്റ് ആർട്ട്സ് കോളേജ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി ബി. എഡ്. സെന്റർ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ തുടങ്ങിയവ ഒല്ലൂരിലുണ്ട്. മൊത്തം 6 ഹൈസ്കൂളുകളും, ഒരു യു. പി. സ്കൂളും, 6 എൽ. പി. സ്കൂളുകളും, 4 നേഴ്സറി സ്കൂളുകളും ഒരു ബധിരമൂക വിദ്യാലയവും (ആശാഭവൻ), ഒരു നേഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററും, ഒരു ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളും ഉൾപ്പെടെ ആകെ 24 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിച്ചുവരുന്നു. വിദ്യാഭ്യാസ രംഗത്ത് ക്രിസ്റ്റ്യൻ മിഷനറിമാരുടെ സംഭാവന അളവറ്റതാണ്.

## കാർഷികരംഗം:

കൃഷി പ്രധാന ഉപജീവന മാർഗ്ഗമായിരുന്ന ഈ പഞ്ചായത്ത് പ്രദേശത്ത് നെൽകൃഷി ക്രമേണ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയ കൃഷിക്ക് അനുയോജ്യമാണ്. സമതലമാ പ്രദേശത്ത് വെള്ളം എത്തിക്കുകയാണെങ്കിൽ ഏതുതരം കൃഷിക്കും സാധ്യതയുണ്ട്. ലാഭകരമല്ലാത്ത നെൽകൃഷിയിൽ നിന്നും വിട്ടുനിൽക്കുന്ന കർഷകരെ മറ്റുൽപാദന രംഗത്തേക്ക് ആകർഷിക്കാൻ ശ്രമം നടത്തേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ മൂന്ന് പ്രധാന ആയുർവ്വേദ ഔഷധനിർമാണ ശാലകളും പത്തോളം ചെറുകിട കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നതിനാൽ ഔഷധസസ്യ ഉൽപാദനം പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ കർഷകനു വളരെയധികം ഗുണം ചെയ്യുന്നതാണ്.

## പാർപ്പിടസൗകര്യങ്ങൾ:

സാധാരണ ജനങ്ങളുടെ പാർപ്പിട പ്രശ്നം രൂക്ഷമായിക്കൊണ്ടിരിക്കുന്ന അവസരത്തിൽ തൃശൂർ പട്ടണത്തിൽ നിന്നും സമ്പന്നരും ഇടത്തരക്കാരും സാധാരണക്കാരുമായ ജനങ്ങൾ ദിനം പ്രതി താമസ സൗകര്യത്തിനായി ഈ പഞ്ചായത്തിലേക്ക് വന്നു കൊണ്ടിരിക്കയാണ്. നെഹ്റു നഗർ, ഹിൽ ഗാർഡൻസ്, തുടങ്ങിയവ സമ്പന്നരുടെയും ടി. കെ. വി. നഗർ, ഗ്രീൻവാലി തുടങ്ങിയവ ഇടത്തരക്കാരുടെയും അഞ്ചേരി നോർത്ത്, അഞ്ചേരി സൗത്ത്, പെരുവാംകുളങ്ങര, തൈക്കാട്ടുശ്ശേരി എന്നിവിടങ്ങളിലെ ലക്ഷംവീട് കോളനികൾ, അഞ്ചേരി മോഡൽ കോളനി, വളർക്കാവ് കോളനി, അഞ്ചേരി ധന്യ നഗർ കോളനി, എടക്കുന്നി, തൈക്കാട്ടുശ്ശേരി, എളംതുരുത്തി എന്നിവിടങ്ങളിലെ നാലു സെന്റ് കോളനികൾ, കുരിയച്ചിറ പോപ്പ് ജോൺ നഗർ എന്നിവ സാധാരണക്കാരുടെയും വാസസ്ഥലങ്ങളാണ്. കുട്ടനെല്ലൂരിലെ ഇ. എസ്. ഐ. ക്വാർട്ടേഴ്സ് ഇ. എസ്. ഐ. ജീവനക്കാർക്കുവേണ്ടി നീക്കി വെച്ചിട്ടുള്ളതാണ്.

## വ്യവസായ രംഗം:

കൃഷിഭൂമിയിൽ കാലാനുഗതമായിവന്ന മാറ്റം, ആധുനിക വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത എന്നിവ പഞ്ചായത്ത് വ്യവസായമേഖലയായി മാറാൻ ഇടയായി. ചെറുതും വലുതുമായ 823 വ്യവസായ യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നു.

പേക്കിംഗ് കെയ്സ് വ്യവസായരംഗത്ത് ഇന്ത്യയിൽ തന്നെ ഒന്നാം സ്ഥാനം ഒല്ലൂർ മേഖലയ്ക്കാണ്. ഓട്, കളിമൺ വ്യവസായമേഖലകളിൽ ഒല്ലൂരിന് ശ്രദ്ധേയമായ സ്ഥാനമുണ്ട്. കേരളത്തിൽ ചെറുകിട വ്യവസായ രംഗത്ത് പ്രശോഭിച്ചുനിൽക്കുന്ന 68 യൂണിറ്റുകളോടുകൂടിയ മേജർ ഇന്റസ്ട്രിയൽ എസ്റ്റേറ്റും, 9 യൂണിറ്റുകളോടുകൂടിയ ഒരു മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റും ഇവിടെയുണ്ട്. പ്ലാസ്റ്റിക്ക് വ്യവസായവും, എന്ജിനിയറിംഗ് ഇന്റസ്ട്രിയും ഇവിടെ വളർന്നു വരുന്ന വ്യവസായങ്ങളാണ്. 1200 ഓളം പേർക്ക് ജോലിലഭിക്കുന്ന കുട്ടനെല്ലൂരിലെ വിജയ ലക്ഷ്മി കശുവണ്ടി ഫാക്ടറി, കൂടാതെ കൺസർട്ട് സ്പൈസസ്, മെഗ്ലാൻ ഫാർമസ്യൂട്ടിക്കൽസ്, കല്യാൺ ഫുഡ് പ്രോഡക്ട്സ് കൈക്കോ കമ്പനി, സതേൺ ഫുഡ് പ്രോഡക്ട്സ് എന്നിവ ഒല്ലുരിന്റെ വ്യവസായ രംഗത്തെ മോടി കൂട്ടുന്നു. കേരള സർക്കാരിന്റെ ഔഷധി ഫാക്ടറി ഈ പഞ്ചായത്തിലാണ്.

## ആരാധനാലയങ്ങൾ:

പ്രസിദ്ധമായ ഒല്ലൂർ സെന്റ് ആന്റണീസ് ഫെറോന പള്ളി, കുരിയച്ചിറ സെന്റ് ജോസഫ് ചർച്ച്, മിഷ്യൻ ഹോം മരിയാപുരം തുടങ്ങി പത്തോളം ക്രിസ്തീയ ആരാധനാലയങ്ങളും എടക്കുന്നി ഭഗവതി ക്ഷേത്രം, കുട്ടനെല്ലൂർ ഭഗവതി ക്ഷേത്രം, വളർക്കാവ് ഭഗവതി ക്ഷേത്രം, തൈക്കാട്ടുശ്ശേരി ധന്വന്തരി ക്ഷേത്രം തിരുത്തൂർ ശിവ ക്ഷേത്രം തുടങ്ങി 14ഓളം ഹിന്ദു ആരാധനാലയങ്ങളും പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.

## സർക്കാർ സ്ഥാപനങ്ങൾ:

ഒല്ലൂർ റെയിൽവേ സ്റ്റേഷൻ, പ്രാഥമികാരോഗ്യ കേന്ദ്രം, മൃഗാസ്പത്രി, ആയുർവ്വേദ വിഷവൈദ്യ ഡിസ്പെൻസറി, കൃഷിഭവൻ തുടങ്ങി മുപ്പതിലേറെ സർക്കാർ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഒല്ലൂർ റെയിൽവേ സ്റ്റേഷൻ തൃശൂരിലെ പലഭാഗങ്ങളിലേക്കും ആവശ്യമായ സിമന്റ് തുടങ്ങിയ അസംസ്കൃത സാധനങ്ങൾ ഇറക്കുമതി ചെയ്യുന്ന ഒരു പ്രധാന ഇറക്കുമതി കേന്ദ്രമാണ്. കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഡിപ്പോയും ഇവിടെയുണ്ട്.

## സാമ്പത്തിക രംഗം:

പ്രധാനപ്പെട്ട ദേശസാൽകൃത ബാങ്കുകൾ, സർവീസ് സഹകരണ സംഘം എന്നിവ ഉൾപ്പെടെ 16 ധനകാര്യസർവീസ് സ്ഥാപനങ്ങൾ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

## പൊതുവിതരണ രംഗം:

ഒല്ലൂരിന്റെ പഞ്ചായത്തുടമയിൽ പൊതുമാർക്കറ്റുകളും, 4 ഷോപ്പിംഗ് കോംപ്ലക്സുകളുമുണ്ട്. 14 റേഷൻ ഷോപ്പുകളും, ഒരു മാവേലി സ്റ്റോറും, ഒരു തൃശൂർ മൊത്തവ്യാപാര സഹകരണ സ്റ്റോറും പ്രവർത്തിക്കുന്നു.

## കല-കായിക-വിനോദം:

വിനോദരംഗത്ത് 4 സിനിമാശാലകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. വിനോദ കായിക രംഗങ്ങളിൽ ഒല്ലൂർ യൂത്ത് സെന്റർ, ദീപം സ്പോർട്ട്സ് ക്ലബ്ബ്, യുവജനകലാഭവൻ, ഒല്ലൂർ ഓറിയോൺസ്, ഒല്ലൂർ അറോറ സ്പോർട്ട്സ് ക്ലബ്ബ് തുടങ്ങിയവ സജീവമായി പ്രവർത്തിക്കുന്നു. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള അഞ്ചേരിയിലെ മിനി സ്റ്റേഡിയം ഉൾപ്പെടെ അഞ്ചോളം തുറസ്സായ കളിസ്ഥലങ്ങൾ പഞ്ചായത്തിൽ നിലവിലുണ്ട്.

## ആരോഗ്യ കേന്ദ്രങ്ങൾ:

ആരോഗ്യരംഗത്ത് ഒല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിനുപുറമെ തൈക്കാട്ടുശ്ശേരി ആയുർവ്വേദ ആസ്പത്രി, മഹാത്മാ സൂപ്പർ സ്പെഷ്യാലിറ്റി ആസ്പത്രി, വിൻസെന്റ് ഡി പോൾ ഹോസ്പിറ്റൽ, മദർ ഏവുപ്രാസ്യാ ഹോമിയോ സെന്റർ, കാട്ടുക്കാരൻ ഹോസ്പിറ്റൽ എടക്കുന്നി, കുട്ടനെല്ലൂർ എന്നിവിടങ്ങളിലെ ഇ. എസ്. ഐ. ഡിസ്പെൻസറികൾ തുടങ്ങിയവ പ്രധാന പങ്കു വഹിക്കുന്നു. മരിയാപുരത്തു പ്രവർത്തിക്കുന്ന മാഗ്നറ്റ് തെറാപ്പി & പ്രാണിക് ഹീലിംഗ് ഈ രംഗത്തെ സുപ്രധാന കാൽവെയ്പ്പാണ്. കുട്ടനെല്ലുരിലെ ഹെവൻലി ബോഡീസ് ഹെൽത്ത് ക്ലബ്, എടക്കുന്നിയിലെ യൂണിവേഴ്സൽ യോഗ

സെന്ററും ആരോഗ്യ വിഷയത്തിൽ കാര്യമായ സംഭാവന നൽകിക്കൊണ്ടിരിക്കുന്നു.

## സാംസ്കാരിക രംഗം:

സാംസ്കാരിക രംഗത്ത് പഞ്ചായത്ത് ലൈബ്രറി & റീഡിംഗ് റൂം, കുട്ടനെല്ലൂർ, തൈക്കാട്ടുശ്ശേരി അഞ്ചേരി എന്നിവിടങ്ങളിലെ ലൈബ്രറി & റീഡിംഗ് റൂമുകൾ വിവിധ സ്ഥലങ്ങളിലെ പത്തോളം സ്പോർട്ട്സ് & ആർട്ട്സ് ക്ലബുകൾ, ലയൺസ്, വൈസ്മെൻസ്, തുടങ്ങിയ സാംസ്കാരിക ക്ലബ്ബുകളുടെ ശാഖകൾ ഇവിടെ പ്രവർത്തിക്കുന്നു. കുട്ടനെല്ലൂരിലെ റീജൻസി ക്ലബ് ഈ രംഗത്തെ ശ്രദ്ധേയമായ ഒരു സ്ഥാപനമാണ്. കുടുംബ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നല്ല നിലയിൽ ഒരു ഫാമിലി കൗൺസിലിംഗ് സെന്റർ ചിയ്യാരം ഗലീലിയിൽ പ്രവർത്തിക്കുന്നു.

ചീരാച്ചിയിലെ കല്ല്യാണ മണ്ഡപം, പഞ്ചായത്തിന്റെ പുതിയ കമ്മ്യൂണിറ്റി ഹാൾ, അഞ്ചേരിയിലെ മിനി സ്റ്റേഡിയം, പബ്ലിക്ക് പാർക്ക് തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി പനംകുറ്റിച്ചിറയിൽ വാങ്ങിയ രണ്ട് ഏക്കർ 21.5 സെന്റ് സ്ഥലം തുടങ്ങിയവ പഞ്ചായത്ത് വികസനത്തിന്റെ നാഴികക്കല്ലുകളാണ്.

## ഗതാഗതം:

പഞ്ചായത്തിൽ 23.386 കി. മി. മൺറോഡും 1.750 കി. മി. ഗതാഗതയോഗ്യമായ പാതകളും 30.200 കി. മി. പൊതുമരാമത്ത് റോഡുകളും 5 കി. മി. നാഷണൽ ഹൈവേയും ഈ പഞ്ചായത്തിലെ ഗതാഗതം സുഗമമാക്കുന്നതിനുപയോഗിക്കുന്നു.

## വെള്ളവും വെളിച്ചവും:

21 പെതു കുളങ്ങളും, 7 സ്വകാര്യ കുളങ്ങളും 15 പൊതു കിണറുകളും 10 കുഴൽ കിണറുകളും, 1273 ബൾബുകൾ, 50 സോഡിയം വേപ്പർ ലാമ്പുകൾ, 440 ട്യൂബുകൾ, 17 മെർക്കുറി ലാമ്പുകൾ അടക്കം 1766 തെരുവ് വിളക്കുകളും കുടിവെള്ളത്തിനായി 425 പെതു ടാപ്പുകളും പഞ്ചായത്തിലുണ്ട്.

## ജനകീയാസൂത്രണ പ്രവർത്തനം:

സാക്ഷരതാ പ്രസ്ഥാനം പഞ്ചായത്തിൽ വിജയകരമായി നടപ്പാക്കാൻ സാധിച്ചതിൽ നിന്നും ലഭിച്ച അനുഭവസമ്പത്ത് ജനകീയാസൂത്രണ രംഗത്തെ പ്രവർത്തനങ്ങൾക്ക് ഒരു വഴികാട്ടിയായി. ജനകീയാസൂത്രണത്തിന്റെ ഭാഗമായുള്ള ആദ്യ ജില്ലാതല പരിശീലന ക്യാമ്പിൽ മുഴുവൻ പഞ്ചായത്തു മെമ്പർമാരും 4 സാമൂഹ്യ പ്രവർത്തകരും പങ്കെടുക്കുകയുണ്ടായി. തുടർന്ന് പഞ്ചായത്തുതല ഏകദിന സെമിനാർ വിജയകരമായി സംഘടിപ്പിക്കുക വഴി ഗ്രാമ സഭകൾ ഫലപ്രദമായി സംഘടിപ്പിക്കാൻ കഴിഞ്ഞു. ജനകീയാസൂത്രണ പ്രസ്ഥാനം ജനങ്ങളിലെത്തിക്കുന്നതിന് മുഴുവൻ വാർഡുകളിലും കാൽനട വിളംബര ജാഥ പര്യടനം നടത്തുകയുണ്ടായി. പ്രചരണ രംഗത്ത് മൈക്ക്, പോസ്റ്ററുകൾ, നോട്ടീസ് തുടങ്ങിയവയും ഉപയോഗപ്പെടുത്തി. കലാ ജാഥകൾ, കലാപരിപാടികൾ, വീടുതോറുമുള്ള പ്രചരണങ്ങൾ എന്നിവവഴി "അധികാരം ജനങ്ങളിലേക്ക്" എന്ന മുദ്രാവാക്യം ഫലപ്രദമാക്കാൻ പഞ്ചായത്തിന് കഴിഞ്ഞു. ജില്ലാതല രണ്ടാംഘട്ട പരിശീലനം വിജയകരമായി പൂർത്തിയാക്കിയതിന് ശേഷം വീണ്ടും പഞ്ചായത്തുതല ഏകദിന പരിശീലനം നടത്തുകയും വിദഗദ്ധരുടെ സഹായത്തോടെ വികസന റിപ്പോർട്ടിന് കരട് രൂപം നൽകുകയും ചെയ്തു. ഇക്കാര്യങ്ങൾക്കെല്ലാം നേതൃത്വം നൽകുന്നതിൽ ജനകീയാസൂത്രണസമിതിയുടെ പഞ്ചായത്തുതല കമ്മിറ്റി കൺവീനർ ശ്രീ. വി. ആർ. വിജയൻ നൽകിയ സേവനം എടുത്തുപറയത്തക്കതാണ്.

പഞ്ചായത്തിൽ വികസന പ്രവർത്തനങ്ങൾക്ക് റിക്കാർഡ് സൃഷ്ടിച്ച 1988-95 കാലഘട്ടത്തിൽ തുടങ്ങിവെച്ച പ്രവർത്തനങ്ങൾ ഇപ്പോഴും തുടരുന്നു. മേൽ കാലയളവിൽ 21.72 കി. മി. റോഡ് ടാർ ചെയ്യാനും 74.448 കി. മി. റോഡ് സംരക്ഷിക്കുവാനും 3 കി.മി. റോഡ് പുതുതായി നിർമ്മിക്കാനും കഴിഞ്ഞത് വൻ നേട്ടമാണ്. വല്ലച്ചിറ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന തൈക്കാട്ടുശ്ശേരി - വല്ലച്ചിറ റോഡ്, കൂർക്കഞ്ചേരി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന പഴമുക്ക് - ചിയ്യാരം റോഡ് എന്നിവ ഈ കാലഘട്ടത്തിന്റെ സംഭാവനയാണ്. രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ പൊതുജനങ്ങളുടെ മനുഷ്യപ്രയത്നവും പഞ്ചായത്തു ഫണ്ടും ചേർത്ത്

3.262 കി. മി. ദൂരം പുതുതായി പൈപ്പ് ലൈൻ നിർമ്മിച്ച് പുതിയ 32 ടാപ്പുകൾ സ്ഥാപിക്കാൻ കഴിഞ്ഞത് മറ്റൊരു നേട്ടമായിക്കാണാം. 5 പുതിയ കുഴൽ കിണറുകൾ സ്ഥാപിക്കാനും ഈ കാലഘട്ടത്തിൽ സാധിച്ചു. 8 കിണറുകൾ വൃത്തിയാക്കി സംരക്ഷിച്ചത് കുടിവെള്ള ക്ഷാമത്തിനു് ഒരു പരിധിവരെ പരിഹാര മായി. ദുർബല വിഭാഗത്തിൽപ്പെട്ട 484 കുടുംബ ങ്ങൾക്ക് നല്ലരീതിയിൽ കക്കൂസുകൾ നിർമ്മിച്ചു നൽകി പൊതുജനാരോഗ്യരംഗത്തു് പഞ്ചായത്തിനു വളരെയേറെ മുന്നോട്ടു പോകാൻ കഴിഞ്ഞു. ഹരിജനങ്ങൾക്കും ദുർബലവിഭാഗങ്ങൾക്കും 164 വീടുകൾ നിർമ്മിച്ചു കൊടുക്കാൻ കഴിഞ്ഞത് പഞ്ചായത്തിന്റെ നേട്ടം തന്നെയാണ്. പുതുതായി 200 സ്ട്രീറ്റ് ലൈറ്റുകളും പൊതുജനസഹകരണ ത്തോടെയും അല്ലാതെയും 50 സോഡിയം വേപ്പർ ലാമ്പുകളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കാൻ കഴിഞ്ഞു. ഹരിജനങ്ങളുടെ വീടുകളിൽ സൗജന്യ മായി വൈദ്യുതി എത്തിക്കുന്ന സ്കീമിൽ 72 വീടുകൾ വൈദ്യുതീകരിക്കാൻ കഴിഞ്ഞ കാലങ്ങളിൽ പഞ്ചായത്തിനു സാധിച്ചിട്ടുണ്ടു്. പഞ്ചായത്ത് ലൈബ്രറി പുതിയ ഭരണസമിതിയുടെ നേതൃത്വത്തിൽ കാര്യക്ഷമമായ പ്രർത്തനത്തിനായി ഒരു സെൻട്രൽ ലൈബ്രറി ആക്കാനുള്ള ശ്രമം ആരംഭിച്ചു കഴിഞ്ഞു. പഞ്ചായത്തിലെ വിവിധ ലൈബ്രറികൾക്കും, സ്പോർട്ട്സ് ക്ലബ്ബുകൾക്കും ധനസഹായം നൽകി പ്രവർത്തനം പരിപോഷിപ്പിക്കാൻ പഞ്ചായത്തിനു സാധിച്ചിട്ടുണ്ടു്. പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ കുട്ടികൾക്ക് ഉച്ചക്കഞ്ഞി വിതരണത്തിനു് കാര്യമായ സാമ്പത്തിക സഹായം പഞ്ചായത്ത് നൽകിവരുന്നു.

## റെയിൽവേ ഓവർ ബ്രിഡ്ജ് നിർമാണം:

പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെ പഞ്ചായത്ത് എറ്റെടുത്ത് നടത്തുന്ന പ്രവർത്തിയാണ് റെയിൽവേ ഓവർബ്രിഡ്ജ് നിർമാണം. ഒല്ലൂർ റെയിൽവേ ഗെയ്റ്റ് ഗുഡ്സ് ഷണ്ടിംഗ് കാരണം അധിക സമയവും അടഞ്ഞു കിടക്കുന്നതുമൂലം ഗതാഗത ക്കുരുക്കുണ്ടാകുന്ന അവസ്ഥയ്ക്ക് അറുതി വരുത്തു വാൻ പഞ്ചായത്ത് ഒരു വർഷം മുമ്പ് ആരംഭിച്ച പ്രവർത്തന ഫലമായി 22.9.96നു വർക്ക് തുടങ്ങിക്കഴി ഞ്ഞു. 60 ലക്ഷം രൂപയോളം ചിലവ് കണക്കാക്കുന്ന പ്രവർത്തി സർക്കാരും ജനപ്രതിനിധികളും നല്ലവരായ നാട്ടുകാരും നിർലോപമായി സഹകരിക്കുന്നതു കൊണ്ടു് 6 മാസത്തിനകം വർക്ക് പൂർത്തി കരിക്കാമെന്നു വിശ്വസിക്കുന്നു.

## ഷോപ്പിംഗ് കോംപ്ലക്സ്:

പഞ്ചായത്തിന്റെ ഹൃദയഭാഗമായ ഒല്ലൂർ ജംഗ്ഷനിൽ പഞ്ചായത്ത് പൊന്നും വിലയ്ക്കെടുത്ത 17 സെന്റ് ഭൂമിയിൽ ഗ്രാമവികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ 30 ലക്ഷത്തോളം രൂപ വകയിരുത്തി മൂന്നു നില ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി പുരോഗമിക്കുന്നു. പഞ്ചായതതിന്റെ വിഭവ സമാഹരണത്തിനും ഒല്ലൂരിന്റെ മുഖച്ഛായ മാറ്റുന്നതി നും പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യമേർപ്പെ ടുത്തുന്നതിനും ഇത് ഉപകരിക്കും. ഷോപ്പിംഗ് കോംപ്ല ക്സിനോടനുബന്ധമായി പൊതുജന സൗകര്യാർത്ഥം ഒരു കംഫർട്ട് സ്റ്റേഷൻ പ്രവർത്തിക്കുന്നതാണു്.

## ടൗൺ ഹാൾ:

പഞ്ചായത്ത് ആസ്ഥാനത്ത് ഒരു ടൗൺ ഹാൾ എന്ന സ്വപ്നം സാക്ഷാത്കരിക്കുകയാണു്. എം. പി. ഫണ്ടുപയോഗിച്ച് 250 പേർക്കിരിക്കാവുന്ന സ്റ്റേജ് സംവിധാനത്തോട്കൂടിയ ടൗൺ ഹാളിന്റെ നിർമ്മാണം പൂർത്തിയായി. അടുത്തുതന്നെ പൊതുജനാവ ശ്യത്തിന് അത് തുറന്നു കൊടുക്കാമെന്നു് വിശ്വസിക്കുന്നു.

## പുതിയ ഇലക്ട്രിസിറ്റി ലൈൻ:

പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹ രിക്കുന്നതിനു ഒല്ലൂരിലേയ്ക്ക് മാടക്കത്തറ 66 കെ. വി. ലൈനിൽ നിന്നും നേരിട്ട് ലൈൻ വലിച്ച് കണക്ഷൻ എടുക്കാൻ കഴിഞ്ഞത് ഊർജരംഗത്തെ നേട്ടം തന്നെയാണു്.

## പീച്ചി വാട്ടർ സപ്ലൈ സ്കീം എക്സ്റ്റൻഷൻ:

കുടിവെള്ളക്ഷാമം രൂക്ഷമായ 1992-93 വർഷത്തിൽ പീച്ചി വാട്ടർ സപ്ലൈ സ്കീമിന്റെ ചേലക്കോട്ടുകര ഭാഗത്തു നിന്നും ഒരു എകസ്റ്റെൻഷൻ

സർക്കാർ അനുവദിച്ച് നടപ്പിലാക്കിയത് വളരെ ആശ്വാസകരമാണ്. വളർക്കാവ്, അഞ്ചേരി മേഖല കളിൽ കുടിവെള്ളക്ഷാമത്തിന് ഒരു പരിധിവരെ ആയത് ഗുണം ചെയ്യുന്നു. പഞ്ചായത്തു് പുതുതായി കുഴിച്ച കുഴൽ കിണറുകൾ വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ലൈനുമായി ബന്ധിപ്പിക്കുവാൻ നടപടി കൾ ധൃതഗതിയിൽ നടന്നുവരുന്നു. കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനു് പാലക്കടവിൽ നിന്നും നേരിട്ട് പഞ്ചായത്തിലേയ്ക്ക് പ്രത്യേക ജലവിതരണം നടപ്പാക്കാൻ പഞ്ചായത്ത് ശ്രമിക്കുന്നു. ഇക്കാര്യത്തിൽ എസ്റ്റിമേറ്റും പേപ്പർ വർക്കുകളും നടന്നു കഴിഞ്ഞു. പഞ്ചായത്തിന്റെ 15 വാർഡുകളിലായി 15 പ്രധാന റോഡുകൾ ടാർ ചെയ്യുന്നതിനായി നടപടികൾ ദ്രുത ഗതിയിൽ നടന്നുവരുന്നു. തെരുവു വിളക്കുകൾ എത്താത്ത സ്ഥലങ്ങളിൽ വെളിച്ചം എത്തിക്കുക എന്ന സ്കീമിൽ ഒരു വാർഡിൽ 15 ലൈറ്റ് എന്ന കണക്കിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുവാൻ പഞ്ചായത്തു് തീരുമാനിക്കുകയും ആയതിന് പ്രവർത്ത നങ്ങൾ നടന്നു വരികയുമാണു്. പരിസരശുചീ കരണത്തിന്റ ഭാഗമായി അടുത്ത 5 വർഷത്തിനുള്ളിൽ കക്കൂസുകൾ ഇല്ലാത്ത എല്ലാ സാധാരണ കുടുംബ ങ്ങൾക്കും നല്ലതരം കക്കൂസു പണിത് നൽകുന്നതി നുള്ള പ്രവർത്തനം പഞ്ചായത്ത് ഏറ്റെടുത്തിരിക്കുക യാണു്. പുറമ്പോക്കു നിവാസികളെ പുനരധി വസിപ്പിയ്ക്കൽ ഗൗരവമേറിയ ഒരു പ്രശ്നമായി തീർന്നി രിക്കുകയാണു്. മാർക്കറ്റു നിരക്കിൽ വിലകൊടുത്ത് ഭൂമി വാങ്ങുന്നതിനു് സർക്കാർ അനുവാദം ഇല്ലാ ത്തതിനാൽ ഫ്ലാറ്റ് സിസ്റ്റം മുഖേനയെങ്കിലും ഈ പ്രശ്നം പരിഹരിക്കുന്നതിനു് പഞ്ചായത്തു് ശമിക്കുകയാണ്.

പഞ്ചായത്തിന് ഇന്നു് പൊതുശ്മ്ശാനം ഇല്ലാത്ത തിനാൽ പാവപ്പെട്ടവർ വളരെ വിഷമം അനുഭവിച്ചു വരുന്നു. പനംകുറ്റിച്ചിറയിൽ ഇതിനായി വാങ്ങിയ ഒരേക്കർ സ്ഥലത്ത് പൊതുശ്മ്ശാനം സ്ഥാപിക്കുന്ന തിനുള്ള നടപടി പൂർത്തിയായി വരുന്നു. ആയതിനു് ആവശ്യമായ തുക ഇതിനകം പഞ്ചായത്ത് വകയിരു ത്തിക്കഴിഞ്ഞു. അഞ്ചേരിയിലെ ഹരിജൻ ശ്മശാനം മതിൽകെട്ടി സംരക്ഷിച്ച് കൂടുതൽ ഉപയോഗപ്രദ മാക്കുന്നതിനും 3 ലക്ഷം രൂപ മാറ്റി വച്ച് പ്രർത്തനം നടന്നു വരികയാണു്.പുതിയ പഞ്ചായത്ത്രാജ് നിയമത്തോടുകൂടി പഞ്ചായത്തിനു് കൂടുതൽ അധികാരങ്ങൾ കൈവരികയാണു്. വിവിധ വികസന പദ്ധതികൾക്കു് പുറമെ വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, പ്രസവക്ഷേമപദ്ധതി തുടങ്ങി വിവിധ ക്ഷേമ പദ്ധതികൾ കൂടി പഞ്ചായത്ത് ഏറ്റെടുത്ത് നടത്തേണ്ടതായ ഇന്നത്തെ സാഹചര്യത്തിൽ കൂടുതൽ ജനകീയ സഹകരണവും ജന പങ്കാളിത്തവും എല്ലാ മേഖലകളിലും പ്രതീക്ഷിക്കുന്നു.

ബ്രഹ്മശ്രീ. അഷ്ടവൈദ്യൻ വൈദ്യരത്നം
ഇ. ടി. നാരായണൻ മൂസ്സ്
ഒല്ലൂർ പഞ്ചായത്ത് പ്രഥമ പ്രസിഡന്റ്



എ. സി. രാമൻകുട്ടി
ജനകീയ രീതിയിൽ തിരഞ്ഞെടുക്കപ്പെട്ട
ആദ്യ പഞ്ചായത്ത് പ്രസിഡന്റ്



# കൃഷിയും ജലസേചനവും

ഒല്ലൂർ ഗ്രാമപഞ്ചായത്ത് കാർഷീകമേഖലയായിരുന്നു. നെൽകൃഷിക്കാണ് പ്രാധാന്യമുണ്ടായിരുന്നത്. ഭൂമി മുഴുവൻ ജന്മിമാരുടേതായിരുന്നു. ഭൂമി പാട്ടത്തിന് കൊടുത്ത് പാട്ടം വാങ്ങി കഴിഞ്ഞിരുന്ന ജന്മിമാരുടെ ആജ്ഞാനുവർത്തികളായി കഴിഞ്ഞിരുന്ന കൃഷിക്കാർ പ്രായേണ ദരിദ്രരായിരുന്നു. കൃഷിത്തൊഴിലാളികളും ദരിദ്രർതന്നെ. ഈ ദൂഷിതവലയത്തിൽ നിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി കേരളാടിസ്ഥാനത്തിൽ നടന്ന പ്രക്ഷോഭണങ്ങളുടെ ഫലമായിട്ടാണ് 1971ൽ ഭൂനിയമം നടപ്പിലാക്കുന്നതിനുള്ള സാഹചര്യമുണ്ടായത്.

അതിന്റെ ഫലമായി കൃഷി ഭൂമി പാട്ടക്കുടിയാന്മാർക്ക് ലഭിച്ചു. കുടികിടപ്പുകാർക്ക് കുടികിടപ്പവകാശവും കിട്ടി. ഇതിനോടൊപ്പം ഭൂമി തുണ്ടുകളാക്കുന്ന പ്രക്രിയയുടെ ആരംഭം കുറിച്ചു. ഉടമസ്ഥാവകാശം ലഭിച്ച പാട്ടകുടിയാന്മാർ ഭൂമിയിൽ ആദായം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗമാരാഞ്ഞു. തൽഫലമായി നെൽകൃഷിയേക്കാൾ തെങ്ങ് വ്യാപിക്കാൻ തുടങ്ങി.

**<u>കാർഷിക പ്രതിസന്ധി</u>**

കൃഷിഭൂമി നികത്തുന്നതിനുള്ള പ്രവണത വളർന്നു വന്നു. അതെ നെൽവയലുകളുടെ വിസ്തൃതി കുറയാൻ തുടങ്ങി. കൃഷിക്കാർ വ്യവസായിക രംഗത്തേക്കും പതുക്കെ കടന്നു വന്നു. അതിന്റെ ഫലമായി ചെറുകിട വ്യവസായങ്ങൾ വളർന്നു വന്നു. കാർഷിക തൊഴിലാളികളുടെ മക്കൾ വ്യവസായ തൊഴിലാളികളായി മാറി. തൽഫലമായി കൃഷിത്തൊഴിലാളികളെ ആവശ്യാനുസരണം ലഭിക്കാതായി. അഭ്യസ്ഥവിദ്യർ കൃഷിയോട് ആഭിമുഖ്യം പുലർത്താതായി. ഇക്കാരണങ്ങളാൽ കാർഷീകരംഗം പ്രതിസന്ധിയിലായി. വ്യവസായം വർദ്ധിച്ചതോടെ ജനസാന്ദ്രതയും വർദ്ധിച്ചു. ഇതിന്റെ ഫലമായി പുരയിടങ്ങളുടെ വില വർദ്ധിക്കാൻ തുടങ്ങി. അതു കൊണ്ട് റോഡരികിലുള്ള നെൽവയലുകൾ മണ്ണിട്ടു നികത്തി പുരയിടങ്ങളാക്കിമാറ്റി. പുരയിടങ്ങളിൽ തെങ്ങ്, കവുങ്ങ്, പ്ലാവ്, മാവ്, വാഴ മുതലായവ അടുത്ത കാലം വരെ സമൃദ്ധിയായി കൃഷി ചെയ്തിരുന്നു. എന്നാൽ ഇന്ന് തെങ്ങ് മാത്രമായി പുരയിടങ്ങൾ മാറിക്കഴിഞ്ഞിരിക്കുന്നു.

ഒല്ലൂർ ഗ്രാമപഞ്ചായത്തിൽ മൊത്തം 1415 ഹെക്ടർ കൃഷിഭൂമിയുണ്ട്. അതിൽ 1197 ഹെക്ടർ പുരയിടവും, 208 ഹെക്ടർ നിലവും, 10 ഹെക്ടർ കൃഷിചെയ്യാവുന്ന തരിശുമാണ്. പനംകുറ്റിച്ചിറയുടെ പടിഞ്ഞാറുഭാഗത്ത് സ്ഥിതി ചെയ്യുന്ന 10 ഹെക്ടർ നിലം റെയിൽവേ ലൈൻ ഇരട്ടിപ്പിച്ചപ്പോൾ വെള്ളം വാർത്തുകളയാൻ മാർഗ്ഗമില്ലാതെ വന്നതുകൊണ്ടുമാത്രം തരിശായിക്കിടക്കുകയാണ്. ശേഷിച്ച ഭൂമി മുഴുവൻ വിവിധ തരത്തിലുള്ള കാർഷിക വിളകളാൽ ഹരിതാഭമാണ്. ജലസേചന സൗകര്യങ്ങൾ അപര്യാപ്തമായതു കൊണ്ട് മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിരീതിയാണ് ഈ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളത്. ഇവിടെ ജൂൺ മാസം മുതൽ നവംബർ മാസം അവസാനം വരെ മഴക്കാലമാണ്.

അനുബന്ധം 3.

ഒല്ലൂർ ഗ്രാമപഞ്ചായത്ത്

**3.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ**

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | **208 Ha.** |
| പുരയിടം | **1197 Ha.** |
| പുറമ്പോക്ക് | |
| കൃഷിയോഗ്യ തരിശ് | **10 Ha.** |
| കൃഷിയോഗ്യമല്ലാത്ത തരിശ് | |
| ആകെ | **1415 Ha.** |

A.C. 1

വെള്ളാനിക്കര കാർഷിക യൂണിവേഴ്സിറ്റിയുടെ കാലാവസ്ഥ നിരീക്ഷണ കണക്കു പ്രകാരം 1995ലെ കലണ്ടർ വർഷത്തിൽ 2668 മില്ലിമീറ്റർ മഴയാണ് ലഭിച്ചിട്ടുള്ളത്. മലയോര പ്രദേശമായ വെള്ളാനിക്കരയിൽ കിട്ടുന്നതിനേക്കാൾ കുറഞ്ഞ മഴയാണ് സമതല പ്രദേശമായ ഒല്ലൂർ ഗ്രാമപഞ്ചായത്തിൽ കിട്ടുന്നത്. സംസ്ഥാനതല ശരാശരി മഴ 3225 മില്ലി മീറ്ററാണ്. അതിനേക്കാൾ കുറഞ്ഞ മഴ മാത്രമാണ് ഈ പ്രദേശത്ത് ലഭിക്കുന്നതു്.

പീച്ചിഡാം നിലവിൽ വന്നതിനെ തുടർന്ന് ഈ ഗ്രാമപഞ്ചായത്തിന്റെ വടക്കുകിഴക്കൻ മേഖലയിൽപ്പെട്ട അഞ്ചേരി, വളർക്കാവ്, കുരിയച്ചിറ, ചിയ്യാരം, കുട്ടനെല്ലൂർ, പടവരാട് എന്നീ പ്രദേശങ്ങളിലേക്ക് പീച്ചിയിൽ നിന്നും കനാലുകൾ നിർമ്മിക്കുകയും ആവശ്യാനുസരണം ജലം കൃഷിക്കാർക്ക് ലഭിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് കൃഷിക്കാരിൽ ഒരു പുതിയ ഉണർവ്വും ആത്മവിശ്വാസവും സർവ്വത്ര കാണാമായിരുന്നു. തൽഫലമായി നെൽകൃഷി അഭിവൃദ്ധിപ്പെട്ടു. പുരയിട കൃഷിയിലും വൻ 'പുരോഗതിയുണ്ടായി. വർഷങ്ങൾ പിന്നിട്ടപ്പോൾ ആരംഭകാലത്തുണ്ടാക്കിയ കനാലുകൾ അറ്റകുറ്റപ്പണി നടത്താത്തതുകൊണ്ട് ചിലയിടങ്ങളിൽ തൂർന്നു പോയി. പോരെങ്കിൽ മഴയുടെ കുറവു മൂലം പീച്ചിയിൽ ജല ലഭ്യതയും കുറഞ്ഞു. ഇക്കാരണങ്ങളാൽ വെള്ളം വേണ്ട വണ്ണം ലഭിക്കാതാവുകയും കൃഷിക്കാർ നിരാശരാവുകയും ചെയ്തു. വെള്ളം കൊടുക്കുന്നില്ലെങ്കിലും കൃഷിക്കാരിൽ നിന്നും സർക്കാർ ഇന്നും വെള്ളക്കരം വീഴ്ച കൂടാതെ പിരിച്ചെടുക്കുന്നുണ്ടു്. വെള്ളം കിട്ടാത്തതുകൊണ്ടു് ഇരിപ്പൂ നിലങ്ങൾ ഒരുപ്പൂവായി. തന്മൂലം ഉല്പാദനവും ഉല്പാദനക്ഷമതയും കുറഞ്ഞു. ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം ഇപ്പോൾ ഇവിടെ നിലവിലില്ല.

നെൽകൃഷി നഷ്ടമായതോടെ കൃഷിക്കാർ മറ്റു മാർഗ്ഗങ്ങളിലേക്ക് തിരിഞ്ഞു. നിലം നികത്തി തെങ്ങു വെയ്ക്കുന്നതിൽ കർഷകർക്കു് താല്പര്യം വീണ്ടും വർദ്ധിച്ചു. മണ്ണിന്റെ നൂറോളം സാമ്പിളുകൾ ഇവിടുത്തെ കൃഷിഭവൻ വഴി തൃശൂരിലെ മണ്ണു ഗവേഷണ കേന്ദ്രത്തിൽ പരിശോധിച്ചു. പരിശോധനയിൽ മണ്ണിൽ അമ്ലത്വം (അസിഡിറ്റി) കൂടുതലുണ്ടെന്നു കണ്ടു. ഇതു് നെൽവിളയെ ദോഷകരമായി ബാധിക്കുന്നുണ്ടു്.

കൃഷിഭവനിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം 155 ഹെക്ടറിൽ ഒരുപ്പൂവും 198 ഹെക്ടറിൽ ഇരുപ്പൂവും നെൽകൃഷി ചെയ്യുന്നുണ്ട്. മൂന്നാം വിള നെൽകൃഷി ഇപ്പോഴില്ല. എന്നാൽ രണ്ടാം വിളയ്ക്കു് ശേഷം 20 ഹെക്ടർ നിലത്തിൽ എള്ളു് , പയർ തുടങ്ങിയവ കൃഷി ചെയ്തു വരുന്നുണ്ടു്. ജലസേചന സൗകര്യമുണ്ടായാൽ 375 ഹെക്ടർ നിലം മൂന്നു പൂവു് കൃഷി ചെയ്യാനാകും. അതു വഴി ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനും കഴിയും. തന്മൂലം കർഷകന്റെ വരുമാനം വർദ്ധിക്കുകയും ചെയ്യും.

ഒല്ലൂർ ഗ്രാമപഞ്ചായത്ത്
3.2 വിള വിസ്തീർണ്ണവും ഉല്പാദനവും

| വിള | വിസ്തീർണ്ണം | മൊത്തം ഉൽപാദനം | ഉൽപാദന ക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 155 ഹെക്ടർ | 217 മെ. ടൺ | 1400 കി. ഗ്രാം/ഹെ. |
| നെല്ല് (രണ്ടാം വിള) | 198 ഹെക്ടർ | 435.6 മെ. ടൺ | 2200 കി. ഗ്രാം/ഹെ. |
| നെല്ല് (മൂന്നാം വിള) എള്ള്, പയർ10+10) | 20 ഹെക്ടർ | 15 മെ. ടൺ | |
| പയർ | 13 ഹെക്ടർ | 15 മെ. ടൺ | 1200 കി. ഗ്രാം/ഹെ. |
| എള്ള് | | | |
| പച്ചക്കറികൾ | 8 ഹെക്ടർ | 8 മെ. ടൺ | 1000 കി. ഗ്രാം/ഹെ. |
| തെങ്ങ് | 501 ഹെക്ടർ | 40-45 തേങ്ങ | 40-45 തേങ്ങ (ഒരു തെങ്ങിൽ നിന്നും) |
| വാഴ | 10 ഹെക്ടർ | 180 മെ. ടൺ | 18 ടൺ/ഹെക്ടർ |
| മരച്ചീനി | 5 ഹെക്ടർ | 60 മെ. ടൺ | 12 ടൺ/ഹെക്ടർ |
| കുരുമുളക് | 25 ഹെക്ടർ | 75 മെ. ടൺ | 3 ടൺ/ഹെക്ടർ |
| പ്ലാവു് | 6 ഹെക്ടർ | 120000 ചക്ക | 200 ചക്ക (ഒരു പ്ലാവിൽ നിന്നും) |
| കശുമാവ് | 6 ഹെക്ടർ | 24 മെ. ടൺ | 4 ടൺ/ഹെ. |
| മാവ് | 6 ഹെക്ടർ | 5.5 മെ. ടൺ | 900 കി. ഗ്രാം/ഹെ. |
| റബ്ബർ | 3 ഹെക്ടർ | 3.6 മെ. ടൺ | 1200 കി. ഗ്രാം/ഹെ. |
| കവുങ്ങ് | 5 ഹെക്ടർ | 20 മെ. ടൺ | 25 കി.ഗ്രാം/ഒരു കവുങ്ങ് |
| പൈനാപ്പിൾ | 9 ഹെക്ടർ | 10 മെ. ടൺ | |

**<u>തെങ്ങ് കൃഷി</u>**

810 ഹെക്ടർ സ്ഥലത്ത് 1,10,893 കായ്ക്കുന്ന തെങ്ങുകളും 14,538 കായ്ക്കാൻ പ്രായമാകാത്ത തെങ്ങുകളും കൂടി ആകെ 1,18,431 തെങ്ങുകളുണ്ട്. സാമാന്യേന ലാഭകരമായിരുന്ന തെങ്ങു കൃഷിയും ഇപ്പോൾ

പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. തെങ്ങിന്റെ ഉൽപാദനക്ഷമത കുറഞ്ഞുവരികയാണ്. അതിനും പുറമേ ഈ പ്രദേശങ്ങളിലെ തെങ്ങിന് പലവിധമായ രോഗബാധകളും ഇപ്പോൾ കണ്ടു തുടങ്ങിയിരിക്കുന്നു.

## ഒല്ലൂർ ഗ്രാമപഞ്ചായത്ത്
## 3.7 തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് | തെങ്ങ് കൃഷി വിസ്തീർണ്ണം (ഹെക്ടർ) | കായ്ക്കുന്നത് | കായ്ക്കാത്തത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1. | 127 | 8616 | 957 | 9573 | - | 16 | 20 | 7 | 30 | |
| 2. | 47 | 7041 | 782 | 7823 | - | - | 17 | 12 | 42 | |
| 3. | 53 | 6486 | 600 | 7086 | - | - | 15 | 8 | 32 | |
| 4. | 41 | 6061 | 720 | 6781 | - | - | 22 | 10 | 15 | |
| 5. | 23 | 3100 | 310 | 3410 | - | - | 7 | 2 | 10 | |
| 6. | 12 | 2300 | 442 | 2742 | - | - | 5 | - | 10 | |
| 7. | 64 | 9700 | 1019 | 10719 | - | - | 27 | 17 | 40 | |
| 8. | 56 | 7200 | 810 | 8010 | - | - | 15 | 12 | 55 | |
| 9. | 63 | 7900 | 1054 | 8954 | - | 10 | 25 | 8 | 35 | |
| 10. | 54 | 7007 | 910 | 7917 | - | - | 20 | 15 | 45 | |
| 11. | 51 | 7000 | 1069 | 8069 | - | 25 | 10 | 5 | 50 | |
| 12. | 41 | 6206 | 1205 | 7411 | - | 10 | 12 | 8 | 30 | |
| 13. | 48 | 6600 | 560 | 7160 | - | 10 | 12 | 8 | 30 | |
| 14. | 76 | 10087 | 1900 | 11987 | 2 | 25 | 20 | 15 | 60 | |
| 15. | 54 | 8589 | 2200 | 10789 | - | 20 | 22 | 17 | 60 | |
| ആകെ | 810 | 103893 | 14538 | 18431 | | | | | | |

കൃഷിഭൂമി കൈവശമുള്ളവരിൽ ബഹുഭൂരിപക്ഷവും ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവരാണ്. ഈ പഞ്ചായത്തിലെ 8097 കർഷകർ ഈ വിഭാഗത്തിൽ പെടുന്നു. ഒരു ഹെക്ടറിനും രണ്ട് ഹെക്ടറിനും ഇടയിൽ ഭൂമി കൈവശമുള്ളവരുടെ എണ്ണം 47 ആണ്. 27 പേർ രണ്ട് ഹെക്ടറിന് മുകളിൽ സ്വന്തം ഭൂമിയുള്ളവരാണ്.

ഒല്ലൂർ ഗ്രാമപഞ്ചായത്ത്

3.9 കൈവശഭൂമി വിസ്തീർണ്ണം

| വാർഡ് നമ്പർ | നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1-2 ഹെക്ടർ) | വൻകിട കർഷകർ (2ഹെക്ടറിനു മുകളിൽ) |
|---|---|---|---|
| 1. | 2. | 3. | 4. |
| 1 | 524 | 2 | 1 |
| 2 | 744 | 1 | - |
| 3 | 659 | 4 | 1 |
| 4 | 572 | 4 | - |
| 5 | 586 | 1 | 1 |
| 6 | 231 | - | - |
| 7 | 772 | 3 | 2 |
| 8 | 626 | 3 | 2 |
| 9 | 549 | 9 | 2 |
| 10 | 592 | 4 | 5 |
| 11 | 321 | 3 | 1 |
| 12 | 455 | 3 | 1 |
| 13 | 469 | 4 | 1 |
| 14 | 498 | 4 | 4 |
| 15 | 499 | 2 | - |
| ആകെ | 8097 | 47 | 21 |

ഒല്ലൂർ ഗ്രാമപഞ്ചായത്ത്

3. 8 കാർഷികോപകരണങ്ങൾ

| | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രേയർ | നാപ്സ്റ്റാക്ക് സ്പ്രേയർ | മറ്റുള്ളവ | മെതി യന്ത്രം | തെങ്ങു കയറ്റ യന്ത്രം | പോർട്ടബിൾ പമ്പുസെറ്റ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 2 | 2 | 1 | - | 4 | 3 | - | - | - | - |
| 3 + 4 | - | - | - | 1 | 2 | - | - | - | - |
| 7 | - | - | - | 1 | 3 | - | - | - | - |
| 8 | - | - | 1 | 1 | 3 | - | - | - | - |
| 9 | - | - | - | 1 | - | - | - | - | - |
| 10 | - | - | - | 2 | 2 | - | - | 2 | - |
| 11 | - | - | 1 | 1 | 1 | - | - | - | - |
| 12 | 2 | - | - | - | 3 | - | 1 | - | - |
| 13 | - | - | 1 | 1 | - | - | - | - | - |
| 14 | - | 1 | - | 2 | 1 | - | 1 | - | - |
| 15 | - | 1 | 1 | 1 | 2 | - | 1 | 1 | - |
| ആകെ | 4 | 3 | 4 | 15 | 20 | | 3 | 3 | 1 |

A.C. 4

ബഹുഭൂരിപക്ഷം കൃഷിക്കാരും തുണ്ടു ഭൂമികളുടെ ഉടമകളാണ്. അതുകൊണ്ട് കൃഷി ലാഭകരമാകണമെങ്കിൽ കൂട്ടുകൃഷി സമ്പ്രദായവും നൂതന കൃഷി രീതിയും നടപ്പാക്കി യുവതലമുറയെ കർമ്മോത്സുകരും ഭാവിയെക്കുറിച്ച് ശുഭപ്രതീക്ഷ യുള്ളവരുമായി മാറ്റണം. ഇന്ന് വിദേശങ്ങളിൽ ഏറെ പ്രിയമുള്ള ഓർക്കിഡും, ആന്തൂറിയവും കൃഷി ചെയ്യുന്നതിനുള്ള ബോധവൽക്കരണം നടത്തി സാദ്ധ്യതകളെക്കുറിച്ചും ഉൽപാദന, സംഭരണ, വിതരണ ശൃംഖലയെക്കുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കണം. ഈ കൃഷിക്കാണെങ്കിൽ സ്ഥലവും ജലവും അധികം ആവശ്യമില്ല.

നമ്മുടെ നാട്ടിൽ തന്നെ ഏറെ പ്രിയമുള്ള കുറ്റിമുല്ല തുടങ്ങിയ പൂച്ചെടികളും നല്ലനിലയിൽ കൃഷി ചെയ്ത് മാന്യമായി ജീവിക്കാനുതകുന്ന കാഴ്ചപ്പാട് കർഷകരിൽ ഉണ്ടാക്കണം. പച്ചക്കറിയുടെ കാര്യത്തിൽ നാം അയൽ സംസ്ഥാനങ്ങളെ ആശ്രയിച്ചാണ് കഴിയുന്നത്. ഇതിന് ഇടവരുത്തിയ സാഹചര്യങ്ങൾ പലതാണ്. ആദ്യത്തേത് ജലസേചന സൗകര്യമില്ലായ്മ, രണ്ടാമത്തേത് രാസവളങ്ങളുടെ വില ക്കൂടുതലും ജൈവവളങ്ങളുടെ ദൗർലഭ്യവുമാണ്. ഇതിനെല്ലാം പുറമെ കൃഷിത്തൊഴിലാളികളെ ആവശ്യാനുസരണം കിട്ടുന്നില്ല.

കൂൺ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഭൂമിയോ, വളമോ ആവശ്യമില്ലെന്നുള്ളതാണ് ഈ കൃഷിയുടെ പ്രത്യേകത. വീട്ടമ്മമാരടക്കം എല്ലാ സ്ത്രീകൾക്കും നല്ല രീതിയിൽ നടത്താവുന്ന കൃഷിയാണിത്. കൂൺ ഏറെ പോഷകാംശങ്ങൾ അടങ്ങിയ ഒരു ഭക്ഷണ പദാർത്ഥം കൂടിയാണെന്ന വസ്തുത പ്രത്യേകം ഓർക്കേണ്ടതാണ്.

ഔഷധിയുടെ ആയുർവേദ ഔഷധ നിർമ്മാണ ശാലയും, തൈക്കാട്ടുശ്ശേരി വൈദ്യരത്നം ഔഷധ നിർമ്മാണ ശാലയും ഈ ഗ്രാമപഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. കൂടാതെ ചെറിയ തോതിൽ ഉൽപാദനം നടത്തുന്ന സ്വകാര്യ ആയുർവേദ മരുന്നു നിർമ്മാണ ശാലകളും ഇവിടെയുണ്ട്. ഈ സ്ഥാപനങ്ങൾക്ക് ആവശ്യമായ പച്ചമരുന്നുകൾ മുഴുവൻ പുറമെ നിന്നാണ് കൊണ്ടുവരുന്നത്. അതുകൊണ്ട് ഔഷധ സസ്യ കൃഷിക്ക് ഏറെ സാധ്യതകൾ ഉള്ളതാണ് ഈ ഗ്രാമപഞ്ചായത്ത്. ഇവിടുത്തെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യമായ ഔഷധ സസ്യ കൃഷി പ്രത്യേകം പ്രോത്സാഹിപ്പിക്കാവുന്നതാണ്. കച്ചോലം, തിപ്പലി, ചിറ്റരത്ത, കൊടുവേലി, നീലമരി തുടങ്ങിയ ഔഷധ സസ്യങ്ങളും ജാതി, ഗ്രാമ്പു മുതലായ ഔഷധ വൃക്ഷങ്ങളും ഈ പ്രദേശത്ത് നന്നായി വളരുന്നവയാണ്.

## ഒല്ലൂർ ഗ്രാമപഞ്ചായത്ത്
## 3.5 നടീൽ വസ്തു വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 200 | 365 | 150 |
| കശുമാവ് | - | - | - |
| കുരുമുളക് | 600 | 2300 | 5000 |
| കവുങ്ങ് | - | 200 | - |
| മാവ് ഗ്രാഫ്റ്റ് | 100 | 100 | 100 |
| പഴവർഗ്ഗചെടികൾ {പേര, ചാമ്പ, പ്ലാവ്, സപ്പോട്ട} മുതലായവ) | - | 30 | - |

## ഒല്ലൂർ ഗ്രാമപഞ്ചായത്ത്
## 3.6 ദുരിതാശ്വാസ വിതരണം

| വർഷം | പ്രകൃതിബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ | വിതരണം ചെയ്ത തുക Rs. |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് ഇടി മിന്നൽ | ഉരുൾ പൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | നെല്ല് | - | - | - | - | - |
| | -- | - | തെങ്ങ് | - | 4 | 600 |
| 1994-95 | 10 ഹെ. | - | തെങ്ങ് | - | 10 | 1673 |
| | | | വാഴ | | - | 33 നെൽ വിത്ത് 800 കി ഗ്രാം |
| 1995-96 | | | തെങ്ങ് | - | 2 | 1385 |

A.C. 5

### കൃഷി ഭവൻ

കൃഷി ഭവന്റെ പ്രവർത്തനം കാര്യക്ഷമമല്ല. കുറെക്കൂടി അനുയോജ്യമായ സ്ഥലത്ത് സ്വന്തമായ ഒരു കെട്ടിടം പണിയേണ്ടതാണ്. ഉദ്യോഗസ്ഥർ കൃഷിയിടങ്ങൾ പരിശോധിക്കുകയും കർഷകർക്ക് വേണ്ടതായ നിർദ്ദേശങ്ങൾ കൊടുക്കുകയും വേണം. കർഷകരുടെ ആവശ്യങ്ങൾ അടുത്തറിഞ്ഞ് പഞ്ചായത്ത് വ്യാപകാതിർത്തിയിൽ കാര്യങ്ങൾ ചെയ്തു കൊടുക്കാൻ തൽപരരായി പ്രവർത്തിക്കണം.

### ഗ്രാമസഭാനിർദ്ദേശങ്ങൾ

തൊഴിൽ രഹിതരായ യുവതി യുവാക്കളെ കൃഷിയുമായി ബന്ധപ്പെടുത്തുന്നതിന് കൃഷിയിലധിഷ്ഠിതമായ വ്യവസായങ്ങൾ തുടങ്ങുന്നതിന് വേണ്ട എല്ലാ പ്രോത്സാഹനങ്ങളും ഒമ്പതാം പഞ്ചവൽസര പദ്ധതിയിലുണ്ടാകണം.

ഉദാ: വീട്ടുവളപ്പിൽ ആധുനിക രീതിയിൽ പച്ചക്കറി കൃഷിചെയ്യുന്നതിനും മിച്ചമുണ്ടാകുന്ന പച്ചക്കറി വിഭവങ്ങൾ ശേഖരിച്ച് വിപണിയിൽ എത്തിക്കുന്നതിനും വിഭവ സംസ്കരണം നടത്തുന്നതിനും സംവിധാനം ഉണ്ടാക്കണം. ഇതിനായി കാർഷിക സർവ്വകലാശാലയും കൃഷിഭവനും യോജിച്ച് കർഷകർക്ക് ആവശ്യമായ പരിശീലനവും പിന്നീട് ആവശ്യമായി വരുന്ന നിർദ്ദേശങ്ങളും യഥാസമയം നൽകുന്നതിനുള്ള പദ്ധതിയുണ്ടാക്കണം.

ആധുനിക രീതിയിലുള്ള കാർഷികോപകരണങ്ങൾ കൃഷിക്കാർക്ക് ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം. നിലവിലുള്ള പാടശേഖരക്കമ്മിറ്റികളേയും കൃഷി സംഘങ്ങളെയും യോജിപ്പിച്ച് ചാരിറ്റബിൾ സൊസൈറ്റി രജിസ്റ്റർ ചെയ്യണം. അതുവഴി ആധുനിക കൃഷി സമ്പ്രദായം നടപ്പിലാക്കണം. കേരകർഷകരെ സംരക്ഷിക്കുന്നതിനായി കൊപ്രക്ക് ന്യായമായ തറവില നിശ്ചയിക്കുകയും കൊപ്ര അതാതു സ്ഥലങ്ങളിൽ നിന്നും നേരിട്ടു ശേഖരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം. കൃഷിക്കാവശ്യമായ നല്ലയിനം വിത്തും വളവും പഞ്ചായത്ത് തലത്തിൽ വിതരണം ചെയ്യണം. എല്ലാ കൃഷിയിടങ്ങളും ഇടക്കിടെ കൃഷി വിദഗ്ദർ പരിശോധിക്കുകയും കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ സ്ഥലത്തു വച്ചു കൊടുക്കുകയും വേണം. നെൽകൃഷിക്കു മുൻഗണന നൽകണം. തെങ്ങ് കൃഷിക്ക് അടുത്ത സ്ഥാനവും നൽകി രണ്ട് കൃഷിയേയും ഒരു പോലെ പ്രോത്സാഹിപ്പിക്കണം. കർഷകസംഘങ്ങൾ സജീവമാക്കണം. മണ്ണ് പരിശോധിച്ച് ഓരോകൃഷിക്കും ആവശ്യമുള്ള ഘടകങ്ങൾ ഏതെന്ന് കർഷകർക്ക് പറഞ്ഞ് മനസ്സിലാക്കി കൊടുക്കണം. വളം, കീടനാശിനികൾ തുടങ്ങി കൃഷിക്കാർക്ക് ആവശ്യമുള്ള വസ്തുക്കൾ നൽകുന്നതിന് ഗ്രാമപഞ്ചായത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ഡെപ്പോകൾ തുടങ്ങണം.

പഞ്ചായത്തിൽ ലഭ്യമാകുന്ന ചപ്പുചവറുകൾ കമ്പോസ്റ്റാക്കി മാറ്റി കൃഷിക്കാർക്ക് വിതരണം ചെയ്യണം. ഓരോ വീട്ടിലും ഉണ്ടാകുന്ന ചപ്പു ചവറുകളും മറ്റ് ജൈവവസ്തുക്കളും കമ്പോസ്റ്റാക്കി മാറ്റുന്നതിനുള്ള പ്രചോദനം നൽകണം.

എല്ലാ വീടുകളിലും അടുക്കളത്തോട്ടങ്ങളുണ്ടാക്കുന്നതിനാവശ്യമായ വിത്തും വളവും പഞ്ചായത്തിൽ നിന്നു കൊടുക്കണം. ഉൽപാദിപ്പിക്കപ്പെടുന്ന പച്ചക്കറി വിഭവങ്ങൾ ന്യായവിലയ്ക്ക് വാങ്ങുന്നതിനും, വിൽക്കുന്നതിനും ആവശ്യമായ സംവിധാനം ഉണ്ടാക്കണം. കൃഷിത്തൊഴിലാളികളെ ആവശ്യാനുസരണം കിട്ടുന്നതിനുള്ള മാർഗ്ഗം ഉണ്ടാക്കണം. നെൽപ്പാടങ്ങൾ നികത്തുന്നത് കർശനമായി തടയണം.

### ജലസേചനം

ജലസേചന സൗകര്യം ഇപ്പോൾ ഇല്ലാത്തതുകൊണ്ട് ജലസേചന സൗകര്യം ഉണ്ടാക്കണം. ഈ പഞ്ചായത്തിലെ ചില വാർഡുകളിലൂടെ പീച്ചി ഡാമിൽ നിന്നുള്ള കനാലുകൾ കടന്നു പോകുന്നുണ്ട്. അവയുടെ അറ്റകുറ്റപ്പണി നടത്തി ആവശ്യാനുസരണം വെള്ളം തുറന്ന് വിടാനുള്ള സൗകര്യം അടിയന്തിരമായി ഉണ്ടാക്കണം. പീച്ചി ഡാമിൽ നിന്നും ഉള്ള വെള്ളം ഒറേംപുറത്തു് പാടശേഖരത്തിലേക്കും എത്തിക്കണം.

ചേർപ്പ് ബ്ലോക്കിന്റെ കീഴിലുള്ള ബോട്ടു ജെട്ടിയിൽ നിന്നും ഒല്ലൂർ പഞ്ചായത്തിലേക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കണം. വിശാലമായ തിരുവാൽച്ചിറ എപ്പോഴും നിറച്ചു നിർത്തുകയും വേണം. പുത്തൂർ പുഴയിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ

വഴി ഒറേംപുറം പാടശേഖരത്തിലേക്ക് വെള്ളം എത്തിക്കണം.

കൃഷിഭവന്റെ കണക്കനുസരിച്ച് ഈ ഗ്രാമ പഞ്ചായത്തിലുള്ള 14 കുളങ്ങളും ആവുന്നത്രനന്നാക്കി ജലസേചന സൗകര്യം ഉണ്ടാക്കണം. ആവശ്യമായ സ്ഥലങ്ങളിൽ എത്തിക്കാൻ ലിഫ്റ്റ് ഇറിഗേഷനും വേണം. പാടശേഖരങ്ങളിലുള്ള എല്ലാ ചാലുകളും പൂർണ്ണമായും വൃത്തിയാക്കി വെള്ളം നിർത്താൻ സൗകര്യപ്പെടുത്തണം. ആവശ്യമുള്ള ഇടങ്ങളിൽ തടയണ ഇടണം. സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ കുഴൽകിണറുകൾ കുഴിച്ചും ജലസേചനം നടത്തണം. ഇയ്യാംകുഴി കുളത്തിനരികിൽ കൂടി നീരോലി പാടം കടന്ന് പനംകുറ്റിച്ചിറയുടെ വടക്കേക്കരയോട് ചേർന്നൊഴുകി ഒല്ലൂർ റയിൽവേ പാലത്തിന് താഴെ ക്കൂടി അവിണിശ്ശേരി ഗ്രാമപഞ്ചായത്തിലുള്ള ബോട്ട് ജെട്ടിയിൽ വന്ന് ചേരുന്ന തോട് ഈ പഞ്ചായത്തിലെ 1, 8, 10, 11 എന്നീ നാലു വാർഡുകളെയും ബന്ധിക്കുന്നുണ്ട്. ബോട്ട് ജെട്ടിയിൽനിന്നു് ലിഫ്റ്റ് ഇറിഗേഷൻ വഴി ഈ തോട്ടിലൂടെ കൃഷിക്കുള്ള വെള്ളം ഈ നാല് വാർഡുകളിലും എത്തിക്കണം. കിട്ടുന്ന ജലം ഫലപ്രദമായി കൃഷിക്ക് ഉപയുക്ത മാക്കുന്നതിനു് ഡ്രിപ്പ് ഇറിഗേഷൻ സൗകര്യം കൃഷി ക്കാർക്ക് സൗജന്യമായി ചെയ്ത് കൊടുക്കണം.

ഈ പഞ്ചായത്തിലെ, 13, 14, 15 എന്നീ വാർഡുകളിൽ വെള്ളമെത്തിക്കുന്നതിനുള്ള യാതൊരു സൗകര്യവും ഇപ്പോൾ നിലവിലില്ല. ഒരു പൊതു കുളം പോലും ഇല്ലാത്തതാണ് 13, 14 ഉം വാർഡുകൾ. 15ാം വാർഡിന്റെ തെക്കേ അതിരിൽ നിന്നും ഏകദേശം ഒന്നര കിലോമീറ്റർ തെക്ക് മാറി ചേർപ്പ് ബ്ലോക്കിൽ പെടുന്ന വല്ലച്ചിറ പഞ്ചായത്തിന്റെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഓടൻചിറ ഡാമിൽ ഈ മൂന്നു വാർഡുകൾക്കും ആവശ്യമുള്ളത്ര വെള്ളമുണ്ട്. അവിടെ വെള്ളം തടഞ്ഞ് നിർത്തുന്നതിനുള്ള റെഗുലേറ്ററും നിലവിലുണ്ട്. ഈ റഗുലേറ്റർ വേനൽ ക്കാലത്ത് 8 അടി ഉയരത്തിൽ അടച്ചുനിർത്തി ചാപ്പക്കായലിൽ പുഞ്ചകൃഷി ചെയ്യുന്നുണ്ട്. 8 അടിക്ക് പകരം 13 അടി ഉയരത്തിൽ വെള്ളം തടഞ്ഞാൽ മുട്ടിക്കൽ ചീപ്പുവഴി ഇപ്പോൾ നിലവിലുള്ള തോട് വൃത്തിയാക്കി വെള്ളം തൈക്കാട്ടുശ്ശേരി ഗ്രാമത്തിന്റെ തെക്കേ അതിർത്തിയിൽ ആവശ്യാ നുസരണം എത്തിക്കണം. അവിടെ നിന്നു് ലിഫ്റ്റ് ഇറിഗേഷൻ വഴി വെള്ളം തിരിച്ചുവിടാവുന്നതാണ്.

പീച്ചിയിൽ നിന്ന് ഒഴുകി വരുന്ന മണലിപ്പുഴ കരുവന്നൂർ പുഴയിൽ ചേരുന്നതിന് അൽപം മുകൾ ഭാഗത്താണ് ഓടൻചിറ ഡാം സ്ഥിതി ചെയ്യുന്നത്.ഈ ഡാമിന് മുകൾ ഭാഗത്തായി കുറുമാലിപ്പുഴയിൽ നിന്നും പുതുക്കാട് പഞ്ചായത്തിലെ തെക്കേ തുറവ് എന്ന പ്രദേശത്ത് കൂടി പുതുക്കാട് റയിൽവേ സ്റ്റേഷൻ പരിസരത്തിലൂടെ കടന്ന് പോകുന്ന തോട് മണലിപ്പുഴയിൽ ചേരുന്നുണ്ട്. ഈ തോട് ഇടിഞ്ഞ് മിക്കവാറും തൂർന്ന് കിടക്കുകയാണ്. ഓടൻചിറ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഈ തോട് പുനരാവി ഷ്ക്കരിക്കണം. അല്ലാത്തപക്ഷം ചിമ്മിനി ഡാമിൽ നിന്നുള്ള ജലം മണലിപ്പുഴയിൽ എത്തുന്നതല്ല. പീച്ചിയിൽ നിന്നുള്ള നീരോഴുക്ക് മാത്രമായാൽ ചിലപ്പോൾ ജലം മതിയായില്ലെന്നും വരാവുന്നതാണ്. അതുകൊണ്ടു മൂടിപ്പോയ തോട് പുനരാ വിഷ്ക്കരിക്കണം. ഇരുപുഴകളും തമ്മിലുള്ള കനാൽ ബന്ധം ഉറപ്പിക്കുകയും വേണം.

# മൃഗസംരക്ഷണം

കാർഷികരാജ്യമായ ഭാരതത്തിൽ മൃഗസംരക്ഷണത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. രാജ്യത്തിൻെറ മൊത്തം ദേശിയോല്പാദനത്തിൽ 10% സംഭാവന ചെയ്യുന്നത് ഈ മേഖലയാണ്. ഇന്ത്യൻ കാർഷികമേഖലയിൽ 25%വും ഈ വിഭാഗമാണ് നൽകുന്നത് എന്നാൽ ദേശീയ പദ്ധതിയുടെ 6% മാത്രമാണ് ഈ വകുപ്പിന് വേണ്ടി ചിലവാക്കുന്നത്.

കേരളത്തെ സംബന്ധിച്ചിടത്തോളം പദ്ധതി വിഹിതത്തിൻെറ 100ൽ ഒരു ഭാഗം മാത്രമാണ് മൃഗസംരക്ഷണത്തിനായി നൽകുന്നത്. ചെറുകിടകർഷകരുൽപ്പാദിപ്പിക്കുന്ന മൃഗസമ്പത്ത് ഇവിടെ ആകെ ഉൽപ്പാദിപ്പിക്കുന്ന നെല്ലിൻെറ മൂല്യത്തേക്കാൾ കൂടുതലാണ്. ഇവിടെ ഉല്പാദിപ്പിക്കുന്ന പാൽ ഉൽപ്പന്നങ്ങൾ ആകെ ഉല്പാദിപ്പിക്കുന്ന റബ്ബർ പാലിൻെറ മൂല്യത്തേക്കാൾ കൂടുതലാണ്.

കേരളത്തിൽ 5 സെൻറ് ഭൂമിയിലാണ് കൂടുതൽ പേരും താമസിച്ചുവരുന്നത്. ചുരുങ്ങിയ മുതൽ മുടക്കി കൂടുതൽ പേർക്ക് തൊഴിൽ നല്കാൻ കഴിയുന്ന മേഖലയാണ് ഇത്. പാൽ, മാംസം, മുട്ട തുടങ്ങിയവകൊണ്ട് നാടിൻെറ ആരോഗ്യകാര്യത്തിൽ സ്വയം പര്യാപ്തമാകുകയും ചെയ്യും. വിലയേറിയ രാസവളങ്ങൾക്ക് പകരം മണ്ണിനെ സംപുഷ്ടമാക്കുന്ന ജൈവവളത്തിൻെറ ലഭ്യത കൂട്ടുന്നതിനും ഇത് സഹായിക്കുന്നു. ഗോബർഗ്യാസ് തുടങ്ങി ഊർജ്ജമേഖലക്ക് പലതും സംഭാവന ചെയ്യുന്ന 94% കന്നുകാലികളും ഗ്രാമങ്ങളിലാണ്. 6% മാത്രമാണ് നഗരത്തിലുള്ളത്. 1960ൽ പാൽ ഉൽപാദനം 2 ലക്ഷം ടൺ ആയിരുന്നു. 1995 ൽ 22 ലക്ഷം ടൺ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. പാലുല്പാദനത്തിലുള്ള ഈ വർദ്ധനവ് മുട്ട, മാംസം തുടങ്ങിയവയില്ലില്ല. അഭ്യസ്ഥവിദ്യർ ഇതിനെ കുറിച്ച് ബോധവാന്മാരല്ലാത്തതിനാൽ കടന്നുവരാൻ ശങ്കിച്ച് നില്ക്കുകയാണ്.

കഴിഞ്ഞ ദശാബ്ദത്തിൽ മുട്ട കയറ്റുമതി ചെയ്തിരുന്നു എന്നാൽ ഇപ്പോൾ കേരളത്തിൽ 80 ലക്ഷം മുട്ട പ്രതിദിനം ഇറക്കുമതി ചെയ്യുന്നു. എന്തുകൊണ്ട് ഇതിന് ഊന്നൽ കൊടുക്കുന്നില്ല. എന്ന് പരിശോദിക്കേണ്ടതാണ്. അതുപോലെ 90-95% പേരും മാംസബുക്കായ ഈ നാട്ടിൽ പുറമേനിന്നാണ് പ്രധാനമായും മാടിനെകൊണ്ടുവരുന്നത്. നമ്മുടെ നാട്ടിൽ എന്തുകൊണ്ട് ഉണ്ടാക്കാൻ കഴിയുന്നില്ല. രണ്ടായിരാമാണ്ടിൽ 35 ലക്ഷം ടൺ പാലുല്പന്നങ്ങൾ വേണ്ടിവരും എന്നാണ് കണക്കാക്കുന്നത്. ഇപ്പോൾ ആളോഹരി പാൽ 192 ഗ്രാമാണ് ലഭിക്കുന്നത്. മെഡിക്കൽ രേഖാ പ്രകാരം 280 ഗ്രാമാണ് നമുക്ക് വേണ്ടത്.

നമ്മുടെ പഞ്ചായത്ത് പൊതുവിൽ വ്യവസായികമായി മുന്നിൽ നിൽക്കുന്നതായാണ് അറിയപ്പെടുന്നത്. അതുപോലെ മൃഗസംരക്ഷണ പരിപാലനരംഗത്തും നമ്മൾ വളരെ മുന്നിൽ തന്നെയാണെന്നാണ് വാസ്തവം. പശു, ആട്, എരുമ എന്നിവയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. വളർത്ത് പക്ഷികളിൽ കോഴി തന്നെയാണ് മുൻപന്തിയിലുള്ളത്. വംശവർദ്ധനവിനുതകുന്നതും (Bree dable female). 1228 കന്നുകാലികൾ ഉള്ളതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 17479 കോഴികളും ഉള്ളതായി പ്രസിദ്ധീകരിച്ച കാനേഷുമാരി കണക്കുകൾ സൂചിപ്പിക്കുന്നു. (Ref live stock proble Kerala 1991)

പട്ടിക - 1 ഇതോടുകൂടി ചേർത്തിരിക്കുന്നു.

മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് കന്നുകാലി വളർത്തലിന് ഒല്ലൂർ പഞ്ചായത്തിന് പ്രത്യേകതയുണ്ട്. ഇവിടെ പശുക്കളെ വളർത്തുന്നവർ 10 മുതൽ 20%വരെ വീട്ടുകാർ മാത്രമേ ഉള്ളൂ. ഇവർ ഉത്പാദിപ്പിക്കുന്ന പാൽ ബാക്കിയുള്ള 80-90% ആളുകളുടെ ആവശ്യം നിറവേറ്റാൻ അപര്യാപ്തമാണ്. കന്നുകാലി

വളർത്തലിന് ഏർപ്പെട്ടിട്ടുള്ളവർ പലരും അവരുടെ മുഖ്യത്തൊഴിലായിതന്നെ സ്വീകരിച്ചിരിക്കുന്നു. ഇവർ മൂന്ന് മുതൽ അഞ്ച് വരെ കറവമാടുകളെ വളർത്തുന്നുണ്ട്.

അവർ ഉത്പ്പാദിപ്പിക്കുന്ന പാൽ ആവശ്യക്കാർക്ക് നേരിട്ട് കൊടുക്കുകയാണ് ചെയ്യുന്നത്. ഈ ഒരു കാരണത്താൽ മറ്റുപല ഭാഗങ്ങളെ അപേക്ഷിച്ച് ഉൽപാദകന് ഇവിടെ കൂടുതൽ വില ലഭിക്കുന്നു. ഉത്പാദകനും ഉപഭോക്താവിനും ഇടയിൽ ഒരു ഇടത്തട്ടുകാരൻ ഇല്ല എന്നുള്ളതാണ് ഇതിനു കാരണം. മേച്ചിൽ സ്ഥലങ്ങൾ ഇല്ലാത്തതും കാലിത്തീറ്റയുടെ ക്രമാതീതമായ വിലവർദ്ധനയുമാണ് ഇവർ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനമായ പ്രശ്ണം.

ഇറച്ചിക്കോഴി വളർത്തുന്ന അഞ്ച് യൂണിറ്റുകളെങ്കിലും നിലവിലുള്ളപ്പോൾ മുട്ട കോഴി വളർത്തൽ യൂണിറ്റ് ഒന്നും തന്നെയില്ല എന്നതാണ് സ്ഥിതി. അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന കോഴിത്തീറ്റയുടെ വിലയാണ് ഇവർ അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്ണം. പാൽ ഉൽപാദകരും ഇറച്ചികോഴി ഉൽപാദകരും തങ്ങളുടെ ഉൽപന്നങ്ങൾ വിറ്റഴിക്കാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നില്ല എന്നതാണ് വാസ്തവം.

പേപ്പട്ടി ശല്യം കാര്യമായി അനുഭവപ്പെടാറില്ലെങ്കിലും പട്ടികടിയേറ്റ മൃഗങ്ങളെ ചികിത്സക്കായി ആശുപത്രിയിൽ കൊണ്ടുവരുന്നത് സാധാരാണയാണ്. അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക എന്നതാണ് ഇതിനുള്ള പ്രതിവിധി.

## പ്രധാനപ്രശ്ണങ്ങളും നിർദ്ദേശങ്ങളും

കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും ഉയർന്ന വിലയാണ് കർഷകനെ പ്രധാനമായും തളർത്തുന്നത്. ആയതിനാൽ കാലിത്തീറ്റയും കോഴിത്തീറ്റയും കുറഞ്ഞവിലയിൽ ലഭ്യമാകണം. ഇതിലേക്കായി Co-operative Society മുഖേന കാലിത്തീറ്റ വിതരണം നടത്തുകയും വാങ്ങുന്ന തീറ്റക്ക് നിശ്ചിത ശതമാനം സബ്സിഡി കൊടുക്കുകയും ചെയ്യണം. കാലത്തീറ്റയും കോഴിത്തീറ്റയും ഉത്പാദിപ്പിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ തീറ്റ മിശ്രണ യൂണിറ്റ് തുടങ്ങണം. കാലിത്തീറ്റ വില എല്ലാമാസവും കൂടുന്നു. ഈ മേഖല സ്വകാര്യ കുത്തകയാണ്. ഈ സ്ഥിതിയിൽ മാറ്റം വരണം. പഞ്ചായത്തടിസ്ഥാനത്തിൽ തീറ്റ മിശ്രണ യൂണിറ്റ് ഒന്നര ലക്ഷം രൂപകൊണ്ട് തുടങ്ങാവുന്നതാണ്. സഹകരണസംഘം രീതിയിലും ഇത് നടപ്പാക്കാവുന്നതാണ്.

ഇപ്രകാരമുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നത് മൂലം കർഷകർക്ക് കുറഞ്ഞവിലയിൽ തീറ്റ വിതരണം നടത്തുവാൻ സാധിക്കും. പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം കൂടുതൽ ലാഭകരമാകുന്ന സാഹചര്യത്തിൽ കൂടുതൽ പേർ ഈ തൊഴിലിലേക്ക് സ്വയം കടന്നുവരും.

സഹകരണടിസ്ഥാനത്തിലോ മറ്റോ പാൽ സൊസൈറ്റികളുള്ള സ്ഥലങ്ങളിൽ ചില പ്രശ്ണങ്ങൾ നിലനിൽക്കുന്നുണ്ട്. കർഷകന്റെ പാലിന് വേണ്ടത്ര വില ലഭിക്കുന്നില്ല. സൊസൈറ്റികൾ ശരാശരി 71/2 രൂപ മുതൽ 81/2 രൂപ വിലക്കാണ് പാൽ വാങ്ങുന്നത്. അവർ അതിന് 3 ക സർവ്വീസിങ്ങ് ചാർജ്ജായി ഈടാക്കി 11.50 വിലക്ക് കൊടുക്കുന്നു.

കർഷകന് ഒരു ലിറ്റർ പാൽ ഉല്പാദനത്തിന് ചുരുങ്ങിയത് 8.00 ക ചിലവ് വരുന്നുണ്ട്. അതുകൊണ്ട് സഹ. സംഘങ്ങൾ വഴിയുള്ള വിപണനം അവർക്ക് ആദായകരമല്ല. അത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ ആരായണം. ഇതിനായി പശുക്കളുടെ എണ്ണം കുറച്ച് ഉതംപാദനം കൂടിയ ഇനത്തെ വളർത്തണം. ഈ ദിശയിൽ ചെറിയ കാൽവെപ്പുണ്ടെങ്കിലും വൻതോതിലുള്ള മാറ്റം കാണുന്നില്ല. വയ്ക്കോലിന് വലിയ വില, ലഭ്യതകുറവ് തുടങ്ങിയ പ്രശ്ണങ്ങൾ ഉള്ളതിനാൽ ഉള്ള വയ്ക്കോലിനെ സംപുഷ്ടമാക്കാവുന്നതാണ്. യൂറിയ ഉപയോഗിച്ച് ഇങ്ങിനെ ചെയ്തുവരുന്നുണ്ട്. പുൽകൃഷി വേണ്ടത്ര പ്രോത്സാഹിപ്പിക്കണം. തരിശായികിടക്കുന്ന സ്ഥലങ്ങളിൽ ഇത് ചെയ്യാവുന്നതാണ്. പുല്ല് വളർത്തൽ പ്രോത്സാഹിപ്പിച്ചാൽ കർഷകർക്ക് സഹായകമാകും.

കന്നുകാലി വളർത്തൽ, കോഴി വളർത്തൽ, പന്നി വളർത്തൽ, ആടുവളർത്തൽ തുടങ്ങി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ആവശ്യക

രമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

ഓരോവീട്ടിലും മുട്ടക്കോഴിയും, ഇറച്ചി ക്കോഴിയും വളർത്തുന്നതിനുള്ള സംവിധാനം ഉണ്ടായാൽ മറ്റു സംസ്ഥാനത്തുനിന്നും വരവ് മന്ദീഭവിപ്പിക്കുന്നതാണ്. പൗൾട്രി ലാഭകരമാണോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഓരോ വീട്ടിലും അഞ്ച് കോഴികൾ വീതമുള്ള യൂണിറ്റ് തുടങ്ങാവുന്നതാണ്. ആയിരം യൂണിറ്റ് തുടങ്ങിയാൽ അത്രയും നന്നായിരിക്കും. കോഴി കുഞ്ഞുങ്ങളുടെ ലഭ്യതയെ സംബന്ധിച്ച് ജില്ലാതലത്തിൽ കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് വിതരണം ചെയ്യാവുന്നതാണ്. 45 ദിവസം വരെ പഞ്ചായത്ത് തല എഗ്ഗർ നഴ്സറി യൂണിറ്റ് തുടങ്ങാവുന്നതാണ്.

നമ്മുടെ നാട്ടിൽ കോഴി വളർത്തൽ യൂണിറ്റുകൾ പലതും തുടങ്ങി അധികം വൈകാതെ അടച്ചുപൂട്ടുകയാണ്. എന്തുകൊണ്ടാണിതു സംഭവിക്കുന്നത്. ഒരു കോഴികുഞ്ഞിന് ഇവിടെ 13.50 രൂപയാണ് വില. പുറം സംസ്ഥാനങ്ങളിൽ 9 രൂപയാണ് വില. ബാക്കി കമ്മീഷൻ ആണ്. അതുപോലെ കോഴിത്തീറ്റയുടെ വില വളരെ കൂടിപോകുന്നു. കോഴി വില്പനയും പ്രശ്നമാണ്. അനിശ്ചിതമായ കമ്പോള വില നിലവാരം ഇടത്തട്ടുകാരനാണ് എല്ലാം നിശ്ചയിക്കുന്നത്.

ഒരു വാർഡിൽ നിന്നും 10 പേർ ഉൾക്കൊള്ളുന്ന പഞ്ചായത്ത് സഹകരണസംഘം ഉണ്ടാകണം. നമ്മുടെ ജില്ലയിൽ മാളയിൽ ഇത്തരത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനമുണ്ട്. കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ ലാഭകരമായി പ്രവർത്തിപ്പിക്കണം. അതിന്റെ പ്രവർത്തനം വിലയിരുത്തണം.

## പന്നി വളർത്തൽ

ഹോട്ടൽ വേസ്റ്റ്, മാർക്കറ്റ് വേസ്റ്റ്, അറവുശാല തുടങ്ങിയ സ്ഥലങ്ങളിലെ അവശിഷ്ടങ്ങൾ ഉപയോഗിച്ച് പന്നികളെ ആദായകരമായി വളർത്താവുന്നതാണ്. അവശിഷ്ടമായതിനാൽ അതിനെ സൗകര്യപ്രദമായി വളർത്തുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാകണം. പന്നികുഞ്ഞുങ്ങളെ (നല്ലയിനം) കിട്ടുന്നതിന് ചില പ്രശ്നങ്ങൾ ഉണ്ട്. ജില്ലാ തലത്തിൽ ബ്രീഡിങ്ങ് യൂണിറ്റ് വേണം. കുറഞ്ഞത് അഞ്ച് പെൺപന്നിയും ഒരു ആൺ പന്നിയുമുള്ള ബ്രീഡിങ്ങ് യൂണിറ്റ് പഞ്ചായത്ത് തലത്തിലെങ്കിലും വേണം. വളരെ ലാഭകരമായി നടത്താവുന്ന സംഗതിയാണിത്.

## ആടുവളർത്തൽ

ആടു വളർത്തൽ ഡിപ്പാർട്ടുമെന്റ് തലത്തിൽ പരീക്ഷിച്ച് നോക്കിയിട്ട് വിജയിച്ചില്ല എന്നാണ് അറിവ്. എന്നാൽ പഞ്ചായത്ത് തലത്തിൽ പരീക്ഷിച്ച് വിജയിപ്പിക്കുവാൻ സാധിക്കുമെന്നാണ് ഈ വിഷയത്തിൽ അറിവുള്ളവർ പറയുന്നത്.

മൂന്ന് ആടുകളടങ്ങുന്ന ഒരു യൂണിറ്റ് ഓരോ വാർഡിലും നിശ്ചിത എണ്ണം വെച്ച് തുടങ്ങാവുന്നതാണ്. അധികം ചിലവില്ലാതെ (10,000/-) ബ്രിഡിങ്ങ് യൂണിറ്റ് പഞ്ചായത്ത് തലത്തിൽ തുടങ്ങാവുന്നതാണ്.

## ഇറച്ചിമാട്

500 കാളകുട്ടികൾ ഒരു പഞ്ചായത്തിൽ ഒരു വർഷം ജനിക്കുന്നുണ്ട്. ഇതിൽ ഭൂരിപക്ഷം ചത്തുപോകുന്നു. ഇവയെ നല്ല രീതിയിൽ വളർത്തി 12 മാസമാകുമ്പോൾ കൊടുക്കാവുന്നതാണ്. ഈ കാര്യത്തിലും മറുനാടിനെ ആശ്രയിക്കുന്ന ഗതികേടിൽനിന്നും മാറ്റം വരുത്താവുന്നതാണ്.

## മുയൽ

കർഷക തൊഴിലാളിക്ക് ലാഭകരമായി ചെയ്യാവുന്ന ഒരു തൊഴിൽ ആണ് ഇത്. സ്ഥലസൗകര്യമില്ലാത്തവർക്കും നന്നായി ചെയ്യാവുന്നതാണ്. 9 പെണ്ണും 2 ആണും ഉൾക്കൊണ്ട ഒരു യൂണിറ്റ് തുടങ്ങാവുന്നതാണ്. പ്രശ്നം വിപണിയാണ്. മുയൽമാംസവിപണി സ്വയം വികസിച്ചു വരേണ്ടതായിട്ടുണ്ട്. അല്ലെങ്കിൽ നമ്മൾ പൊതുത്തപ്പെടണം. ആദായകരമായി വീട്ടിലെ കുട്ടികൾക്ക് പോലും ചെയ്യാവുന്നതാണ്. വിദഗ്ദ്ധ പരിശോധനക്കുശേഷം ആധുനിക അറവുശാലകളിലൂടെ സംസ്കരിച്ചെടുക്കുന്ന മാംസം മാത്രം വിൽപ്പനകക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം നിർബ്ബന്ധമാക്കണം. ഇപ്പോൾ പഞ്ചായ

ത്തുതലത്തിൽ പലയിടത്തും മാംസ വില്പനസ്ഥലത്തുതന്നെ കശാപ്പും നടക്കുന്നുണ്ട്. ഇത് കർശനമായി നിരോധിക്കണം. ഒരുപാട് പാരിസ്ഥിതി പ്രശ്നങ്ങളും ഇതുണ്ടാക്കിയിട്ടുണ്ട്.

പേവിഷബാധ ഭീകരമാണ്. അലഞ്ഞുനടക്കുന്ന നായ്ക്കളെ കൊല്ലുകയും വളർത്തുന്ന നായ്ക്കളെ നിർബന്ധമായി പേ വിഷബാധക്കെതിരെ കുത്തിവെച്ച് ലൈസൻസ് വിതരണം ചെയ്യേണ്ടതാണ്. ഇതു കർശനമാക്കുക മാത്രമല്ല പേ വിമുക്ത പഞ്ചായത്താക്കി മാറ്റാനും കഴിയും. ചില മുൻസിപ്പാലിറ്റികളിലെല്ലാം ഇതു നടപ്പാക്കി വരുന്നുണ്ട്.

മൃഗസംരക്ഷണ വകുപ്പിൻെറ കീഴിൽ 1973 മുതൽ ഈ പഞ്ചായത്തിൽ മൃഗാസ്പത്രി പ്രവർത്തിച്ചുവരുന്നു. ഉൽപാദനമേഖലയിലും സേവനമേഖലയിലും ഒരു പോലെ ഊന്നൽ കൊടുത്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇത് സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കണം. കൂടുതൽ ഡോക്ടർമാരെ നിയമിക്കുകയും പഞ്ചായത്തിൻെറ വിവിധ കേന്ദ്രങ്ങളിൽ ഉപകേന്ദ്രങ്ങൾ സ്ഥാപിച്ച് നിശ്ചിത ദിവസങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുകയും വേണം. അതൊടൊപ്പം ഒരാശുപത്രിക്കു വേണ്ടതായ മറ്റുസൗകര്യങ്ങൾ, അതായത് ലാബറട്ടറി മറ്റു പരിശോധനാ യൂണിറ്റുകൾ etc. ലഭ്യമാക്കുകയും വേണം. അതുകൊണ്ട് ഈ സ്ഥാപനം വികസിപ്പിച്ച് ആധുനിക സംവിധാനങ്ങൾ ലഭിക്കുന്നതും ഡോക്ടറുടെ സേവനം ലഭിക്കാത്ത പഞ്ചായത്തിൻെറ മറ്റു ഭാഗങ്ങളിൽ സേവനം എത്തിക്കാനും ഉതകുന്ന ഒരു സ്ഥാപനമാക്കി മാറ്റണം.

## *മത്സ്യബന്ധനം*

ഒല്ലൂർ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും മത്സ്യം ഉപയോഗിക്കുന്നവരാണെങ്കിലും മത്സ്യം വളർത്തുന്നതിന് പിന്നോക്കമാണ്. പഞ്ചായത്തിൽ 10 പൊതുകുളങ്ങളും നാല് സ്വകാര്യകുളങ്ങളും നിലവിലുണ്ട്. വളരെ കുറച്ച് മത്സ്യതൊഴിലാളികളാണ് പഞ്ചായത്തിലുള്ളത്. മത്സ്യം വളർത്തുന്നതിനുള്ള സാങ്കേതിക പരിജ്ഞാനത്തിൻെറ അഭാവം ഇന്ന് നിലവിലുണ്ട്. നമ്മുടെ പഞ്ചായത്തിലെ എല്ലാ കുളങ്ങളിലും തോടുകളിലും വെള്ളം നില്ക്കുന്ന മറ്റുസ്ഥലങ്ങളിലും മത്സ്യം വളർത്താവുന്നതാണ്. ഇതിന്നാവശ്യമായ മത്സ്യകുഞ്ഞുങ്ങളെ ആവശ്യക്കാർക്ക് പഞ്ചായത്ത് തലത്തിൽ വിതരണം നടത്തേണ്ടതാണ്. അലങ്കാര മത്സ്യകൃഷിക്ക് ഇന്ന് വളരെയേറെ സാദ്ധ്യതയുണ്ട്. അവ ഉൽപാദിപ്പിക്കുന്നതിനുള്ള ഒരു യൂണിറ്റ് നമ്മുടെ പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്.

മൃഗസംരക്ഷണത്തേയും മത്സ്യബന്ധനത്തിനേയും കുറിച്ചുള്ള ഗ്രാമസഭാ നിർദ്ദേശങ്ങൾ

ചീരാച്ചിക്കുളം കുളിക്കുന്നതിനും മത്സ്യം വളർത്തുന്നതിനും ഉപയോഗിക്കാവുന്നതാണ്. പടിഞ്ഞാറെ അങ്ങാടിയിലെ പുത്തൻകുളം കുളിക്കുന്നതിനും മത്സ്യം വളർത്തുന്നതിനും ഉപയോഗിക്കാവുന്നതാണ്. കന്നുകാലി, പന്നി, കോഴി തുടങ്ങിയവ വളർത്തുന്നതിനുള്ള സാമ്പത്തിക സഹായവും, സൗകര്യവും ഉണ്ടാക്കിത്തരണം.

ആടുമാടുകളെ വളർത്താൻ സന്നദ്ധതയുള്ളവർക്ക് സാമ്പത്തിക സൗകര്യം ചെയ്യുന്നതിന് പുറമെ പാൽ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് അഞ്ചേരി വെസ്റ്റിലെ മഹിളാ സമാജത്തിൻെറ പ്രവർത്തനരഹിതമായ പാൽ സൊസൈറ്റി പ്രവർത്തനക്ഷമമാക്കണം. മൃഗാസ്പത്രി പണിയുന്നതിനുള്ള സ്ഥലം ഒല്ലൂർ വില്ലേജാഫീസിന്ന് തൊട്ട് കിടക്കുന്നുണ്ട്. അവിടെ ആസ്പത്രിയും കൃഷിഭവനും പണിയണം. ഉള്ള കുളം, കിണർ തുടങ്ങിയവ ശരിയാക്കി മത്സ്യം വളർത്താൻ ഉപയോഗിക്കാവുന്നതാണ്. കാലിത്തീറ്റ പഞ്ചായത്തുതലത്തിലുണ്ടാക്കി വിതരണം ചെയ്യണം. (കുറഞ്ഞവിലയ്ക്ക്) പാൽ സംഭരണ സൊസൈറ്റികൾ വാർഡ് തലത്തിലൂണ്ടാകണം.

ഡയറി ഫാമുകൾ നടത്താൻ സ്ഥലസൗകര്യമുള്ളവർക്ക് അതിനു വേണ്ടതായ സഹായവും സഹകരണവും കൊടുക്കണം. മത്സ്യകുഞ്ഞുങ്ങളെ പഞ്ചായത്തുതലത്തിൽ വിതരണം ചെയ്യണം. (മിതമായ നിരക്കിൽ) ആധുനിക രീതിയിലുള്ള തൊഴുത്തുകൾ വളക്കുഴികൾ എന്നിവ നിർമ്മിച്ചുകൊടുക്കണം. കോഴി, ആട്, മാട്, കാഡ, മുയൽ എന്നിവയെ വളർത്തുവാനുള്ള പരിശീലനവും പണവും നൽകണം. വീട്ടുമൃഗങ്ങൾക്ക് ഇൻഷൂറൻസ് വേണം. വളർത്തുമൃഗങ്ങളുടേയും പക്ഷികളുടേയും രോഗങ്ങളെ

സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും ആവശ്യാനുസരണം രോഗ പ്രതിരോധ നടപടികൾ അതാതു കാലങ്ങളിൽ നടപ്പിലാക്കാൻ കഴിയുകയും വേണം.

കുട്ടനെല്ലൂർ കേന്ദ്രമാക്കി മൃഗാസ്പത്രി ഉണ്ടാകണം. ലഭ്യമായ പ്രദേശങ്ങളിൽ തീറ്റപുൽ കൃഷി പ്രോത്സാഹിപ്പിക്കണം. ക്ഷീര സഹകരണസംഘങ്ങളിൽ ഡോക്ടർമാരുടെ സൗജന്യ സേവനമുണ്ടാകണം. ഇപ്പോൾ പ്രവർത്തിക്കുന്ന മൃഗാസ്പത്രിയുടെ സമയം 8 a.m മുതൽ 12 a.m. വരെയും 3p.m. മുതൽ 5 p.m. വരേയും ആക്കണം.

പതിനൊന്നുമുതൽ 15 വാർഡുവരെയുള്ള പ്രദേശത്ത് ഒരു മൃഗാസ്പത്രി സംവിധാനം വന്നാൽ നന്നായിരിക്കും. ഈ പ്രദേശത്ത് ധാരാളം പേർ IRDP പരിപാടി അനുസരിച്ച് ആടുമാടുകളെ വളർത്തി വരുന്നുണ്ട്. ഇടക്ക് ലൈവ് സ്റ്റോക്ക് അസിസ്റ്റൻറുമാർ ഫീൽഡ് വിസിറ്റ് ചെയ്ത് ജനങ്ങളിൽ ബോധവത്കരണണം നടത്തണം.

## മത്സ്യബന്ധനം

ഒല്ലൂർ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും മത്സ്യം ഭക്ഷണ പദാർത്ഥമായി ഉപയോഗിക്കുന്നവരാണെങ്കിലും മത്സ്യം വളർത്തുന്നതിൽ കാര്യമായ ഒരു കാൽവെപ്പ് നടത്തിയിട്ടില്ല. പരമ്പരാഗതമായി മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന ഒരു സമുദായമോ അല്ലെങ്കിൽ ഒരു വിഭാഗം ജനങ്ങളോ കുറവാണ്. മത്സ്യം വളരുന്ന അല്ലെങ്കിൽ വളർത്തുന്ന ജലസംഭരണികളോ ശ്രോതസ്സുകളോ i.e. പുഴകൾ, കായൽ തുടങ്ങിയ ഇവിടെ ഇല്ല എന്നതാണ് അതിനു കാരണം. കൂടാതെ ഇന്നു നിലവിലുള്ള കുളങ്ങളും മറ്റു ജലശ്രോതസ്സുകളും കൊല്ലം മുഴുവൻ വേണ്ടത്ര ജലം ലഭിക്കുന്നവയും അല്ല. ഇതിൻെറയെല്ലാം ഫലമായി പഞ്ചായത്തിൽ ആവശ്യമുള്ള മത്സ്യം പൊതുമാർക്കറ്റിൽനിന്നും വാങ്ങുകയാണ് ചെയ്യുന്നത്.

മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിൻെറ ഭാഗമായി പഞ്ചായത്തിൻെറ നേതൃത്വത്തിൽ പഞ്ചായത്തുവക കുളങ്ങളിൽ മത്സ്യകൃഷി നടത്തുകയുണ്ടായി. ഒരു പ്രഥമ സംരംഭം എന്ന നിലയിൽ നോക്കുമ്പോൾ ആ വഴിക്ക് സാദ്ധ്യതകൾ ഉണ്ടെന്നാണ് അനുഭവം. പക്ഷെ അക്കാര്യത്തിൽ വേണ്ടത്ര സാങ്കേതിക വിദ്യയും മറ്റും ലഭ്യമാക്കണം. പഞ്ചായത്തിൽ ഇപ്പോൾ ഈ വിഷയത്തിൽ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് സംസ്ഥാന സർക്കാരിൻെറ ഓഫീസുകൾ ഇല്ല. പഞ്ചായത്തിൽ 14 പൊതു കുളങ്ങൾ ഉള്ളതുകൊണ്ട് മത്സ്യകൃഷി ഇവിടെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. അതിനുവേണ്ട ഒരു ബോധവൽക്കരണവും സാങ്കേതിക ഉപദേശവും അതിനുത്തരവാദപ്പെട്ട സർക്കാർ സ്ഥാപനങ്ങൾ വഴി നടത്തുകയും ഓരോ പ്രദേശത്തേയും കാലാവസ്ഥ അനുസരിച്ച് അനുയോജ്യമായ മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും വേണം.

| ഒല്ലൂർ ഗ്രാമപഞ്ചായത്ത് വളർത്തുമൃഗ സംഖ്യ 95 - 96 | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
| കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| 287 | 227 | 485 | 229 | 67 | 35 | Nil | 5398 | | |
| പക്ഷി വിഭാഗം ഒഴികെയുള്ള ആകെ മൃഗസമ്പത്ത് 5398. | | | | | | | | | |

# വ്യവസായം

രാജ്യത്തിന്റെ ആയാലും, സംസ്ഥാനത്തിന്റെ ആയാലും, ഗ്രാമപഞ്ചായത്തിന്റെ ആയാലും സാമ്പത്തിക, സാമൂഹിക പുരോഗതിയുടെ പ്രധാന അളവുകോൽ അവിടത്തെ വ്യവസായത്തിന്റെ വളർച്ചയായിരിക്കും. വ്യവസായത്തിന്റെ ഉയർച്ച തൊഴിൽ മേഖലയെ ഉയർത്തുന്നു. തൊഴിലില്ലായ്മ പരിഹരിക്കുന്നു. വിദ്യാഭ്യാസ പുരോഗതിയുണ്ടാകുന്നു. വ്യവസായങ്ങളുടെ വളർച്ചയോടെ ഗ്രാമത്തിന്റെ വിഭവ സമാഹരണത്തിലും ഉയർച്ചയുണ്ടാകുന്നു. വിവിധ നികുതി ഇനങ്ങളിൽ ഗണ്യമായ വർദ്ധനവുണ്ടാകുന്നു. ഈ കാര്യങ്ങൾ ഉൾക്കൊണ്ടിട്ടാകാം നമ്മുടെ ആദ്യ പഞ്ചവൽസര പദ്ധതിയിൽ കൃഷിക്ക് മുൻതൂക്കം നൽകിയിരുന്നെങ്കിൽ 2 -ാം പദ്ധതിയിൽ ഊന്നൽ നൽകിയിരുന്നത് വ്യവസായത്തിനായിരുന്നു.

വ്യവസായ മേഖലയിൽ, സ്വകാര്യ മേഖലയും പൊതുമേഖലയും ഒപ്പം വളർന്നു. എന്നാൽ പൊതു മേഖലയേക്കാളും വളർച്ച സ്വകാര്യ മേഖലയ്ക്കായിരുന്നു. സ്വകാര്യ മേഖലയിൽ പൊതു മേഖലയേക്കാളേറെ വ്യക്തി സ്വാതന്ത്ര്യവും, കർമ്മകുശലതയും, ഏകാഗ്രതയും കൂടുതൽ ഉണ്ടാകും. അതുമൂലം സ്വകാര്യ മേഖലകൾ കൂടുതൽ ലാഭം കൊയ്തെടുത്തു. ലാഭകരമായ സ്വകാര്യ സ്ഥാപനങ്ങൾ കൂടുതൽ കൂടുതൽ കരുത്താർജിക്കുന്നു. പൊതു മേഖലാ സ്ഥാപനങ്ങളിൽ വ്യക്തികളുടെ ശ്രദ്ധ കുറയുകയും 'ആർക്കാനും വേണ്ടി' പ്രവർത്തിക്കുന്ന സമീപനം വരികയും ചെയ്തു. അതുമൂലം കാര്യക്ഷമതയുള്ള മാനേജ്മെന്റിന്റെ നിയന്ത്രണമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രം കുറച്ചൊക്കെ ലാഭകരമായി പ്രവർത്തിച്ചു. എന്നാൽ ലാഭകരമല്ലാത്ത പല സ്ഥാപനങ്ങളും, തൊഴിലാളികളുടെ വേതനം തുടങ്ങി മറ്റ് കാര്യങ്ങളും കണക്കിലെടുത്ത്, വലിച്ചു നീട്ടി കൊണ്ടു പോകേണ്ട ഗതികേട് ഗവൺമെന്റുകൾക്കുണ്ടായി. 'തന്റേതല്ലാത്ത തന്റെ വിയർപ്പിന്റേതല്ലാത്ത' എന്ന രീതിയിലുള്ള തൊഴിലാളികളുടെ പ്രവർത്തനം കൊണ്ട് വ്യവസായ സ്ഥാപനങ്ങൾ പലതും മുരടിച്ചു. ക്ഷയിച്ചു. അവസാനം കൊഴിഞ്ഞു വീണു. ഇവയുടെ പുനരുദ്ധാരണമെന്ന പേരിൽ വീണ്ടും പൊതു ഖജനാവിൽ നിന്നും സമ്പത്ത് ഒഴുകി കൊണ്ടിരുന്നു.

മൊത്തത്തിൽ പറഞ്ഞാൽ, മാനേജുമെന്റും തൊഴിലാളികളും കൂട്ടായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വകാര്യ മേഖലാ സ്ഥാപനങ്ങളിലും വൻലാഭവും, അല്ലാത്തിടത്ത് വൻ നഷ്ടവും ഉണ്ടാക്കിയെന്ന് പറയാം.

നമ്മുടെ രാജ്യത്തെ ചില വൻകിട വ്യവസായങ്ങൾ, വൻ ലാഭമുണ്ടാക്കുകയും അനുദിനം പുരോഗതിയിലേക്ക് കുതിച്ചു ചാടുകയും ചെയ്യുന്നുണ്ട്. ആയതുമൂലം അത്തരം വ്യവസായ സംരംഭങ്ങൾക്ക് രാജ്യത്തിന്റെ മൊത്തം സാമ്പത്തിക വളർച്ചയിൽ ഗണ്യമായ സംഭാവനകൾ നൽകാൻ കഴിഞ്ഞു. നഷ്ടത്തിൽ നിന്നും നഷ്ടത്തിലേക്ക് അനുദിനം നിങ്ങിക്കൊണ്ടിരിക്കുന്ന പല പൊതുമേഖലാ വ്യവസായങ്ങളും അടച്ചു പൂട്ടേണ്ടതാണ്.

സംസ്ഥാനത്തിലെ മൊത്തം വ്യവസായ മേഖല കണക്കിലെടുത്താൽ, സ്വകാര്യ മേഖലയെ താരതമ്യപ്പെടുത്തിയാൽ, പൊതുമേഖല പിന്നോട്ട് പോകുന്നതായി കാണുന്നു. വൻവ്യവസായികളിൽ പലരും കേരളത്തിൽ വ്യവസായ സംരംഭത്തിന് തയ്യാറാകുന്നില്ല. ഗൾഫ് മേഖലകളിൽ നിന്നും നല്ല സാമ്പത്തിക ഒഴുക്ക് നമ്മുടെ സംസ്ഥാനത്തേക്ക് ഉണ്ടെങ്കിലും, അവ എൻ. ആർ. ഐ. യിൽ കിടക്കുന്നെങ്കിലും വ്യവസായ സംരംഭത്തിന് മുതൽ മുടക്കാൻ അവർ ഒരിക്കലും തയ്യാറായി കാണുന്നില്ല. കാര്യങ്ങൾ പലതുമായി ചൂണ്ടിക്കാട്ടപ്പെട്ടിരിക്കുന്നു. ഏറ്റവും പ്രധാനമായി ഊർജ്ജത്തിന്റെ കുറവും, തൊഴിലാളി സംഘടനകളുടെ അമിതമായ നിയന്ത്രണവും ആണ് (മനുഷ്യ പ്രയത്നത്തിന് നൽകേണ്ട വലിയ വില). തമിഴ്നാട്, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും നല്ല വേതനം കണ്ട് തൊഴിലാളികൾ കേരളത്തിലേയ്ക്ക് ഒഴുകുകയാണ്. കുറഞ്ഞ കൂലിയ്ക്ക് (വിലയ്ക്ക്) മനുഷ്യ പ്രയത്നം മറ്റ് സംസ്ഥാനങ്ങളിൽ കിട്ടുന്നു. അതിനാൽ വൻകിട വ്യവസായികൾ കൂടുതൽ ലാഭം കണ്ട് മറ്റ് സംസ്ഥാനങ്ങളിലേക്ക് ചേക്കേറുന്നു. വ്യവസായ സംരംഭത്തിന് വേണ്ട മൂലധനവും, അസംസ്കൃത സാധനങ്ങളും വേണ്ടുവോളം ഉണ്ടായിട്ടും ഇതിന് കാര്യമായ മാറ്റം ഉണ്ടാകുന്നില്ല.

ഉദാഹരണമായി റബ്ബർ വ്യവസായത്തിന്റേയും കൊപ്ര വ്യവസായത്തിന്റേയും സ്ഥിതി നോക്കാം. ഈ രണ്ടു നാണ്യ വിളകളിലും ശ്രദ്ധേയമായ ഉൽപാദനം നമുക്കുണ്ടായിട്ടും ഇവിടെ നിന്ന് തേങ്ങ കൊപ്രയായും റബ്ബർ പാലടിച്ച് ഷീറ്റുകളായും അന്യ സംസ്ഥാന ങ്ങളിലെ വ്യവസായ മേഖലകളിലേക്ക് പോകുന്നു. അവിടെ നിന്ന് വെളിച്ചെണ്ണയാക്കി സോപ്പും, മറ്റു നിത്യോപയോഗ സാധനങ്ങളും ഉണ്ടാക്കി വിപണന ത്തിനായി കേരളത്തിൽ എത്തുന്നു. ഇതിൽ രണ്ടു ഭാഗത്തേക്കുമുള്ള കയറ്റിറക്കൽ ഒഴിവാക്കാൻ കഴിഞ്ഞാൽ തന്നെ ലാഭകരമായി പ്രവർത്തിക്കാം. റബ്ബർ പുതിയ രൂപങ്ങളിൽ വിപണനത്തിനായി നമ്മുടെ മാർക്കറ്റിൽ വരുന്നു. ആയതിന് പരിഹാരം കണ്ടെത്തിയാൽ വ്യവസായം വർദ്ധിക്കുമെന്നു മാത്രമല്ല നാടിന്റെ പുരോഗതി ഗണ്യമായി വർദ്ധിപ്പിക്കാനും കഴിയും.

പഞ്ചായത്തിന്റെ വ്യവസായ മേഖലയിലേക്ക് എത്തിനോക്കിയാൽ മറ്റ് ഏത് ഗ്രാമപഞ്ചായത്തിനേയും അപേക്ഷിച്ച് കൂടുതൽ വ്യവസായ സംരംഭങ്ങൾ നമു ക്കുള്ളതായി കാണാം. അതിൽ 459 ചെറുകിട വ്യവസാ യങ്ങളും 112 കുടിൽ വ്യവസായങ്ങളും നിലവിൽ ഉള്ളതായി കാണുന്നു.

പൗരാണിക കാലം മുതൽ കൃഷിയിൽ വ്യാപൃതരായിരുന്ന ജനങ്ങൾ കാലാന്തരത്തിൽ ഒല്ലൂർ മേഖലയിലെ വ്യവസായിക വളർച്ച നോക്കിക്കാ ണുകയും, വ്യവസായ തൊഴിലാളികളായി മാറുകയും ചെയ്തു. അങ്ങനെ ഒല്ലൂർ ഒരു വ്യവസായ മേഖലയായി അറിയപ്പെട്ടുതുടങ്ങി.

ഒരു കാലത്ത് ഒല്ലൂർ മേഖലയിലെ വ്യവസാ യങ്ങളെ അടക്കി വാണിരുന്നത് പാക്കിംഗ് കെയ്സ് വ്യവസായമായിരുന്നു. ഈ വ്യവസായങ്ങൾക്കാവ ശ്യമായ അസംസ്കൃത സാധനങ്ങളായ, റബ്ബർ തുടങ്ങിയ കട്ടി കുറഞ്ഞ തടികൾ, കുറഞ്ഞ വിലയ്ക്ക് ഒല്ലൂർ പഞ്ചായത്തിന്റെ സമീപ പ്രദേശങ്ങളിൽ നിന്നും ലഭിച്ചിരുന്നു.

കാർഷിക മേഖലയിൽ നിന്നും പിരിഞ്ഞ കുറേ തൊഴിലാളികൾ കല്ലൊര വ്യവസായത്തിലേയ്ക്ക് ചേക്കേറി. ഇന്ത്യയിലെ ഇമിറ്റേഷൻ ഡയമണ്ട് നിർമ്മാണത്തിൽ ഏറ്റവും ശ്രദ്ധേയമായിരുന്ന തൃശൂർ ജില്ലയുടെ കേന്ദ്ര ബിന്ദു ഒല്ലൂർ മേഖലയായിരുന്നു. ശ്രീലങ്ക, ബർമ്മ, ചൈന മുതലായ അയൽരാജ്യങ്ങൾ ഇമിറ്റേഷൻ ഡയമണ്ടിന്റെ വിപണന കേന്ദ്രങ്ങളായി രുന്നു. മാർക്കറ്റിൽ നല്ല ഡിമാന്റുണ്ടായിരുന്നതിനാൽ ഇതിന്റെ ഉൽപാദനത്തിലും വളരെ വർദ്ധനവുണ്ടായി. വളരെ അധികം തൊഴിൽ രഹിതരായ ചെറുപ്പക്കാർ കല്ലൊരയുടെ പരിശീലനത്തിലേക്കും, നിർമ്മാണ ത്തിലേക്കും ആകർഷിക്കപ്പെട്ടു. കുത്തക മുതലാളി മാരുടേയും, മാർവാടി വ്യവസായികളുടേയും, നിയന്ത്ര ണത്തിലായ ഈ വ്യവസായത്തിൽ നിന്ന് മാന്യമായ വേതനം ലഭിക്കാതെ വന്നപ്പോൾ, ഇവരെ പ്രോത്സാ ഹിപ്പിക്കാനായി കണ്ണൂർ ബീഡി സഹകരണ സംഘത്തെ പോലെ തൃശൂർ ജില്ലാ ഇമിറ്റേഷൻ ഡയമണ്ട് സഹകരണ സംഘം ജില്ലാ അടിസ്ഥാ നത്തിൽ രൂപീകൃതമായി. ഒല്ലൂർ, പുത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്കായുള്ള ശാഖ ഒല്ലൂരിലെ 7-ാം വാർഡിൽ ആരംഭിച്ചു. എന്നാൽ വിപണന രംഗത്ത് വീണ്ടും മാന്ദ്യം സംഭവിച്ചതിനാൽ തൊഴിലാളികൾ മറ്റ് കുടിൽ വ്യവസായങ്ങളിലേക്കും, കളിമൺ, പാക്കിംഗ് കെയ്സ്, പ്ലാസ്റ്റിക്ക് എന്നീ വ്യവസായങ്ങളിലേക്കും നീങ്ങി.

കളിമൺ വ്യവസായങ്ങളിൽ ഒല്ലൂർ മേഖലയ്ക്ക് പ്രഥമസ്ഥാനമുണ്ട്. ഇവിടെ മികച്ചതരം ഓട്, ഇഷ്ടിക, വിരിയിഷ്ടിക, ഡെക്കറേഷൻ ടൈൽസ്, ചെടിച്ചട്ടികൾ, ഗൃഹോപകരണങ്ങൾ മുതലായവ ധാരാളമായി ഉൽപാദിപ്പിച്ചു വരുന്നു.

മറ്റൊരു പ്രധാനപ്പെട്ട വ്യവസായമാണ് പ്ലാസ്റ്റിക്ക് വ്യവസായം. ഇന്ന് പഴയ പ്ലാസ്റ്റിക്ക് പൊടിച്ച്, പ്ലാസ്റ്റിക്ക് ഗ്രാന്യൂൾസ് ഉണ്ടാക്കുന്ന വ്യവസായമുണ്ട്. മനോഹ രങ്ങളായ കളിപ്പാട്ടങ്ങൾ, സ്കൂൾ പെട്ടികൾ, ആധുനിക ഗൃഹോപകരണങ്ങൾ, ബക്കറ്റ്, ബേസിൻ, ചോറ്റുപാത്രം എന്നിവയുണ്ടാക്കുന്ന വലിയ യൂണി റ്റുകൾ പഞ്ചായത്തിൽ ഉണ്ട്. പുതിയ ഗ്രാന്യൂൾസ് മുംബെയിൽ നിന്നു് ഇറക്കുമതിയാണ്. കൂടാതെ ഇപ്പോൾ മനോഹരങ്ങളായ കസേരകൾ, ടീപ്പോയ്, മേശകൾ തുടങ്ങിയവയും പ്ലാസ്റ്റിക്ക് കൊണ്ട് നിർമ്മിച്ചു വരുന്നുണ്ട്.

ഇന്ന് ഒല്ലൂർ മേഖലയിലുള്ള മറ്റൊരു വലിയ വ്യവസായ ശൃംഖലയാണ് സ്വർണ്ണ പണി. ഈ മേഖലയിൽ വളരെ പേർ സ്വർണ്ണ പണി പഠിക്കുകയും വീടുകളിൽ ഇരുന്നും കൂട്ടായി കടകളിൽ ഇരുന്നും ജോലികളിൽ ഏർപ്പെടുന്നുണ്ട്. ഇതോടൊപ്പം വള

കട്ടിംഗ് മുതലായ ചെറിയ കുടിൽ വ്യവസായങ്ങളും ഉണ്ട്. വളരെ കാലങ്ങളായി തൊഴിൽ രഹിതരായ ചെറുപ്പക്കാർ ഇമിറ്റേഷൻ ഗോൾഡ് കൊണ്ട് ആഭരണങ്ങൾ നിർമ്മിച്ചു വരുന്നുണ്ട്. ഗ്യാരണ്ടിയോടു കൂടി സ്വർണ്ണം പ്ലെയിറ്റ് ചെയ്ത് കൊടുക്കുന്ന യൂണിറ്റുകളും ഉണ്ട്.

ഒല്ലൂരിന്റെ വ്യവസായ മേഖലയിലേയ്ക്ക് കണ്ണോടിച്ചാൽ രണ്ട് പ്രധാനപ്പെട്ട വ്യവസായ കേന്ദ്രങ്ങൾ കൂടി ഇന്ന് നിലവിലുണ്ട്. ഒല്ലൂർ സെന്ററിൽ തന്നെ ഹൈവേയ്ക്ക് സമാന്തരമായി പുതിയ ജനകീയ പങ്കാളിത്തത്തോടു കൂടി പണി തീർക്കുന്ന റയിൽവേ ഓവർ ബ്രിഡ്ജിന്റെ സമീപത്ത് 68 ചെറുകിട വ്യവസായ യൂണിറ്റുകൾ ഉള്ള സിഡ്കോയുടെ മേജർ വ്യവസായ എസ്റ്റേറ്റ് കാണാം. കൂടാതെ പടവരാട് ഭാഗത്ത് മിനി എസ്റ്റേറ്റിൽ 9 നല്ല രീതിയിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളും ഉണ്ട്. എസ്റ്റേറ്റുകളിലെ വ്യവസായ യൂണിറ്റുകളുടെ വിശദ വിവരം അടുത്ത പേജിലെ പട്ടികയിൽ ചേർത്തിട്ടുണ്ട്.

കാലങ്ങളായി ഒല്ലൂരിൽ നിലനിൽക്കുന്ന പാക്കിംഗ് കെയ്സ്, ഇമിറ്റേഷൻ, ഡയമണ്ട്, കളിമൺ, പ്ലാസ്റ്റിക്ക്, ഇമിറ്റേഷൻ ഗോൾഡ് (റോൾഡ് ഗോൾഡ്) എന്നീ വ്യവസായങ്ങൾക്ക് ഇപ്പോൾ ചില പ്രധാന പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്.

**മരം**

വനങ്ങളിൽ നിന്നും ലഭിച്ചു കൊണ്ടിരിക്കുന്ന സോഫ്ട് വുഡ്ഡുകളും, റബ്ബർ മുതലായ തടികളും ലഭിക്കുവാൻ വളരെ പ്രയാസമായിരിക്കുന്നു. ഇഷ്ടികകളങ്ങളിൽ ഇഷ്ടിക ചൂള വെയ്ക്കുന്നതിനും, ഓട്ടുക്കമ്പനികളിലും, വീടുകളിലും ഹോട്ടലുകളിലും വിറകായി ഉപയോഗിക്കുന്നതുകൊണ്ടും വലിയ ക്ഷാമം ഉണ്ടാകുന്നു. പോരാത്തതിന് റബ്ബർ സംസ്കരിച്ച് ഫർണീച്ചർ, വീടു നിർമ്മാണത്തിനുള്ള കട്ടിള, വാതിൽ എന്നിവ ഉണ്ടാക്കുന്നതിനും കാര്യമായി ഉപയോഗിച്ചു വരുന്നു.

വ്യവസായ വകുപ്പിൽ നിന്നും കിട്ടികൊണ്ടിരിക്കുന്ന, മാർജിൻ മണി ലോൺ, ഇൻവെസ്റ്റ്മെന്റ്, സബ്സിഡി, സെയിൽസ്ടാകസ് എക്സംപഷൻ എന്നിവ ഇല്ലാതാക്കിയത് വ്യവസായങ്ങളെ പ്രതി കൂലമായി ബാധിച്ചിട്ടുണ്ട്. പാക്കിംഗ് കെയ്സുകൾക്ക് കൂടുതൽ മാർക്കറ്റുണ്ടായിരുന്ന അയൽ സംസ്ഥാന ങ്ങളായ ആന്ധ്ര, മൈസൂർ.

കർണ്ണാടകം, തമിഴ്നാട് എന്നിവിടങ്ങളിലുള്ള വൻകിട കമ്പനിക്കാർ പാക്കിംഗ് കെയ്സ് വാങ്ങുന്നത് നിർത്തുകയും, അവർ അതിനു പകരമായി പേപ്പർ കാർട്ടനുകൾ ഇതിലും ലാഭകരമായി ലഭിക്കുന്നതിനാൽ അവ വാങ്ങി പാക്കിംഗ് നടത്തുകയും ചെയ്യുന്നതു മൂലം പാക്കിംഗ് വ്യവസായം തീരെ മന്ദഗതിയിലാവുകയും ചെയ്തിട്ടുണ്ട് എന്നു പറയാം. ഇത് പുനരുദ്ധരിക്കുവാൻ വേണ്ടി ഒരു നവീകരണം അടിയന്തിരമായി ആവശ്യമാണെന്നു തോന്നുന്നു.

**കളിമൺ വ്യവസായം**

പാക്കിംഗ് കെയ്സ് വ്യവസായം നിലവിലുള്ളപ്പോൾ തന്നെ കളിമൺ വ്യവസായവും ഒല്ലൂരിൽ തഴച്ചു വളർന്നു കൊണ്ടിരുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ കളിമൺ വ്യവസായം ഒല്ലൂർ മേഖലയിലാണെന്നു പറയാം. പ്രത്യേകിച്ച് ആന്ധ്ര, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലേയ്ക്ക് ഒല്ലൂരിൽ നിന്നും വൻതോതിൽ വാഗൺ മുഖാന്തിരവും, ലോറി മുഖാന്തിരവും, ദിവസേന ഓട്, വിരിയിഷ്ടിക എന്നിവ കയറ്റി അയച്ചിരുന്നു.

ഒരു പരിധിവരെ മണ്ണിന്റെ ദൗർലഭ്യവും ലഭ്യമാകുന്ന മണ്ണിന്റെ വില വളരെ കൂടുതൽ കൊണ്ടും, വിറകിന്റെ വില എന്നിവയിൽ വന്ന കയറ്റവും ഈ വ്യവസായത്തെ സാരമായി ബാധിച്ചിട്ടുണ്ട് എന്ന് പറയാതെ വയ്യ. കൂടാതെ മറ്റു സംസ്ഥാനങ്ങളിൽ ഓടു കമ്പനികൾ വന്നതും ഈ വ്യവസായത്തെ ബാധിച്ചിട്ടുണ്ട്. ഈ രംഗത്തും ഒരു നവീകരണം ആവശ്യമായി വരുന്നുണ്ട്.

വ്യവസായ യൂണിറ്റുകളുടെ വിശദവിവരം പട്ടിക ഒന്നിലും, വ്യവസായ സഹകരണ സംഘങ്ങളുടെ വിശദവിവരം പട്ടിക രണ്ടിലും ചേർത്തിരിക്കുന്നു.

പട്ടിക 1

## വ്യവസായ യൂണിറ്റുകളുടെ വിശദവിവരം

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളി കളുടെ എണ്ണം | ആകെ യൂണി റ്റുകൾ |
|---|---|---|---|
| 1. | തടി വ്യവസായം | 40 | 8 |
| 2. | പാക്കിംഗ് കെയ്സ് വ്യവസായം | 65 | 16 |
| 3. | കളിമൺ വ്യവസായം | 340 | 10 |
| 4. | എഞ്ജിനിയറിംഗ് | 35 | 15 |
| 5. | പ്ലാസ്റ്റിക് വ്യവസായം | 30 | 12 |
| 6. | ഫുഡ് പ്രൊഡക്ട്സ് | 35 | 16 |
| 7. | ആയുർവ്വേദം | 20 | 5 |
| 8. | വളകട്ടിംഗ് | 100 | 20 |
| 9. | ഗാർമെന്റ്സ് | 30 | 9 |
| 10. | ഇലക്ട്രോണിക്സ് | 14 | 4 |
| 11. | സ്റ്റീൽ ഫർണിച്ചർ | 15 | 4 |
| 12. | മറ്റുള്ളവ | 1850 | 444 |
| 13. | കശുവണ്ടി ഫാക്ടറി | 1200 | 1 |
| | ആകെ | 3774 | 564 |

പട്ടിക 2

## വ്യവസായ സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | പേര് | തൊഴിലാളി കളുടെ എണ്ണം |
|---|---|---|
| 1. | ഒല്ലൂർ കല്ലൊര വ്യവസായ സഹകരണ സംഘം, അഞ്ചേരി. | 12 |
| 2. | ടി. വി. കാബിനറ്റ് നിർമാണ വ്യവസായ സഹകരണ സംഘം ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഒല്ലൂർ | 15 |

*സംഘങ്ങൾ ഇപ്പോൾ പൂർണ്ണമായും പ്രവർത്തിക്കുന്നില്ല .

## പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും

എ. പാക്കിംഗ് കെയ്സ് വ്യവസായശാലകൾക്ക് നിർത്തലാക്കിയിട്ടുള്ള സർക്കാർ അനുകൂല്യങ്ങൾ (മാർജിൻ മണി ലോൺ, ഇൻവെസ്റ്റ്മെന്റ് സബ്സിഡി, ടാക്സ് എക്സംപ്ഷൻ) എന്നിവ ലഭ്യമാക്കണം.

ബി. ആവശ്യാനുസരണം റബ്ബർ തടികൾ കുറഞ്ഞ വിലയ്ക്ക് ലഭിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതുണ്ട്.

സി. കളിമൺ വ്യവസായം നില നിർത്തുവാൻ ആവശ്യാനുസരണം മണ്ണ്, വിറക്, മണ്ണെണ്ണ, എന്നിവ ലഭിക്കുന്നതിനുള്ള ഏർപ്പാടുകൾ അടിയന്തിരമായി ചെയ്യേണ്ടതുണ്ട്.

ഡി. അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് തൊഴിൽ നൽകുവാനുള്ള സംവിധാനം ഇല്ല.

ഇ. വ്യവസായ സംരംഭകർക്ക് ബിൽഡിംഗ് സ്ഥാപിക്കുന്നതിന് തൃശൂർ അർബൻ ഡെവലപ്മെന്റ് അതോറിറ്റി അംഗീകാരത്തിന് വരുന്ന കാലതാമസം ഒഴിവാക്കേണ്ടതുണ്ട്.

എഫ്. വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുവാൻ പറ്റിയ സ്ഥലങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

ജി. നിലവിലുള്ള സ്ഥാപനങ്ങളെ വോൾട്ടേജ് ക്ഷാമത്തിൽ നിന്നും രക്ഷപ്പെടുത്തുവാൻ നിലവിലുള്ള ട്രാൻസ്ഫോർമറുകൾ മാറ്റി പകരം കൂടുതൽ കുതിരശക്തിയുള്ള ട്രാൻസ്ഫോർമറുകൾ അടിയന്തിരമായും താഴെ പറയുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കേണ്ടിയിരിക്കുന്നു.

1. മേജർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഒല്ലൂർ.
2. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പെരുവാംകുളങ്ങര.
3. കുട്ടനെല്ലൂർ ജംഗ്ഷൻ.

## ആധുനിക വ്യവസായങ്ങൾ തുടങ്ങുന്നതിലേക്കുള്ള ഗ്രാമസഭകളുടെ നിർദ്ദേശങ്ങളും സാധ്യതകളും

അഞ്ചേരിയിൽ മോഡേൺ കോളനിയുടെ പരിസരത്തു ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തുടങ്ങുവാനും അതുവഴി ഉദ്ദേശം രണ്ടേക്കർ സ്ഥലം ലഭ്യമെങ്കിൽ ഇരുപത് യൂണിറ്റുകൾ ഇലക്ട്രോണിക്സ്, ഗാർമെന്റ്സ് എന്നിവയ്ക്ക് പ്രാതിനിധ്യം നൽകാവുന്നതാണ്. ഇലക്ട്രോണിക്സിൽ ട്രാൻസ്ഫോർമറുകൾ, പി. സി. ബോർഡുകൾ

കോയിൽ വൈൻഡിംഗ്, ഡയോഡുകൾ എന്നിവ നിർമിക്കുന്നതിനും ഇൻവർട്ടറുകൾ, എമർജൻസി ലാംപുകൾ, സ്റ്റെബിലൈസറുകൾ എന്നിവ അസംബിൾ ചെയ്ത് ബി. പി. എൽ., വി ഗാർഡ്, വീകോൺ, വീഡിയോകോൺ, വിജിൽ എന്നീ സ്ഥാപനങ്ങളിലേയ്ക്ക് കൊടുക്കാമുന്നതാണ്.

ഗാർമെന്റ്സ് ഇനത്തിൽ ചുഡിദാർ, നൈറ്റി, മാക്സി, ഫാഷൻ ഡ്രസ്സസ് എന്നിവ നിർമിച്ച് ലോക്കൽ മാർക്കറ്റിൽ വിൽക്കുവാനും മറ്റുള്ള രാജ്യങ്ങളിലേയ്ക്ക് കയറ്റി അയ്ക്കുവാനുള്ള സംവിധാനവും ഉണ്ടാക്കാവുന്നതുമാണ്.

കൂടാതെ പഞ്ചായത്തിലെ ഈർച്ചപ്പൊടി സംഭരിച്ച് ഫർണസുകളിലേയ്ക്ക് ഇന്ധനമാക്കി മാറ്റുവാനും, ഹാർഡ്ബോർഡുകൾ നിർമിക്കുവാനും വേണ്ട സാധ്യതകളെക്കുറിച്ച് പഠിച്ചു പ്രായോഗികമാക്കാവുന്നതാണ്.

ആയുർവ്വേദ ഔഷധശാലകളിലെ ഔഷധ നിർമ്മാണം കഴിഞ്ഞു വരുന്ന കൊറ്റനുകൾ സംഭരിച്ച് പരീക്ഷണങ്ങളിൽ കൂടി ഇന്ധനമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

പഞ്ചായത്ത് അതിർത്തിയിൽപ്പെട്ട കാർപ്പെന്ററി വിഭാഗക്കാരെ സംഘടിപ്പിച്ച് കരകൗശലവസ്തുക്കൾ, ഫർണീച്ചറുകൾ എന്നിവ സഹകരണ അടിസ്ഥാനത്തിൽ യൂണിറ്റുകളായി തുടങ്ങുവാൻ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

റീപ്രോസസ്സ്ഡ് ഗ്രാന്യൂൾസ്, പ്ലാസ്റ്റിക് മാറ്റ്, ഡബ്ബകൾ തുടങ്ങിയ ഗൃഹോപകരണങ്ങൾ എന്നിങ്ങനെയുള്ള ചെറുകിട ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വൻകിട വ്യാപാരികൾക്ക് വിപണനം നടത്തുവാൻ വേണ്ട സാധ്യതകളും ഏറെയുണ്ട്.

ഇതിനും പുറമെ ബേക്കറിയിനങ്ങൾ, അച്ചാറുകൾ, കറിമസാലകൾ, പപ്പട നിർമാണം, മെഴുകുതിരി നിർമ്മാണം, കുട നിർമ്മാണം, വള കട്ടിംഗ്, സോപ്പു നിർമ്മാണം, കണ്ണടചില്ല് ഗ്രൈന്റിംഗ്, സ്ക്രീൻ പ്രിന്റിംഗ്, റബ്ബർ ഫ്ലാപ്പ്, പേപ്പർ ബാഗ്, പ്രിന്റിംഗ് പ്രസ്സ് എന്നീ വ്യവസായങ്ങളും തുടങ്ങുവാനുള്ള സാധ്യതകൾ കാണുന്നുണ്ട്.

**ബേബി ഫുഡ് വ്യവസായം**

കൂടാതെ നേന്ത്രക്കായ, കുന്നൻകായ എന്നിവ ഉണക്കി പൊടിച്ച് ബേബി ഫുഡ് ആക്കി മാറ്റുവാനുള്ള സംവിധാനം ചെയ്യാവുന്നതാണ്. ഇതിനു വിപണന സാധ്യതകൾ ധാരാളമുണ്ട്.

**ചില പ്രത്യേക വിഭാഗം വ്യവസായങ്ങൾ (തെങ്ങും, തേങ്ങയും ഉപയോഗിച്ച്)**

തേങ്ങ ശേഖരിച്ച് കൊപ്രയുണ്ടാക്കി, എക്സ്പെല്ലർ യൂണിറ്റ് ആരംഭിച്ച് വെളിച്ചെണ്ണയാക്കാം. വെളിച്ചെണ്ണ ഉപയോഗിച്ച് സോപ്പ്, ഷാംപു, മുതലായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാം. എക്സ്പെല്ലറിൽ നിന്നുമുള്ള വെയ്സ്റ്റായ പിണ്ണാക്കും, മറ്റു സാധനങ്ങളും ചേർത്ത് കാലിത്തീറ്റ, കോഴി, മത്സ്യത്തീറ്റ ഫാക്ടറി തുടങ്ങാവുന്നതാണ്. ചകിരി റീ ഫൈബറിംഗ് സമ്പ്രദായം ഉപയോഗിച്ച് കയറുൽപ്പന്നങ്ങൾ ഉണ്ടാക്കാം. കൂടാതെ റബറൈസ്ഡ് കിടക്കകൾ നിർമിക്കാവുന്ന ഫാക്ടറി ഉണ്ടാക്കാം. തെങ്ങിൻതടി ഉപയോഗിച്ച് വാതിലുകൾ മുതലായ ഗൃഹോപകരണങ്ങൾ ഉണ്ടാക്കുന്ന വ്യവസായം ആരംഭിക്കാം. ചിരട്ട ഉപയോഗിച്ച് കരകൗശല നിർമ്മാണം ആരംഭിക്കാം. വളരെയധികം സാധ്യതകളുള്ള ഈ മേഖലയെ ഏകോപിപ്പിച്ച് വലിയ തോതിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാം. ഈ വ്യവസായ സംരംഭങ്ങൾക്കുള്ള അസംസ്കൃത സാധനങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ലഭിക്കാനുള്ള സൗകര്യം ഉണ്ട്.

**റബ്ബർ ഉൽപ്പന്നങ്ങൾ**

പഞ്ചായത്തിന്റെ സമീപ പ്രദേശങ്ങളിൽ നിന്നും വളരെ എളുപ്പത്തിൽ ലഭിക്കാവുന്ന റബ്ബർ ഉപയോഗിച്ച് പല പുതിയ വ്യവസായ സംരംഭങ്ങളും ആരംഭിക്കാവുന്നതാണ്. റബർ ബാന്റ്, ഹവായ്

ഷീറ്റുകൾ, ചെരുപ്പുകൾ, റബർ കൊണ്ടുള്ള ഫോം ബെഡ്ഡുകൾ, വിവിധ തരം പശകൾ, ഇലാസ്റ്റിക് ത്രെഡ്, റബർ ചവിട്ടികൾ, ബുഷ്ഷുകൾ എന്നിവ യുടെ നിർമാണത്തിനുള്ള വ്യവസായങ്ങൾ, കുടിൽ വ്യവസായമായോ, ചെറുകിട വ്യവസായമായോ ആരംഭിക്കാവുന്നത്, തൊഴിലില്ലാത്ത ധാരാളം പേർക്ക് ഇതു് പ്രയോജനപ്പെടുന്നതാണ്.

## ഡയമണ്ട്-സ്വർണ്ണപ്പണി വ്യവസായം

ഡയമണ്ടിലും, സ്വർണ്ണപ്പണിയിലും വേണ്ടത്ര പരിശീലനം നൽകി, വ്യവസായ അടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്. ഇപ്പോൾ തന്നെ പല മേഖ ലകളിലും ഈ മാറ്റം കണ്ടു കൊണ്ടിരിക്കുകയാണ്.

## എൻജിനിയറിംഗ് വ്യവസായം

ഗേറ്റ്, ഗ്രില്ല് തുടങ്ങിയ വെൽഡിംഗ് പ്രവർത്തിയിൽ പരിശീലനം നൽകി ചെറിയ കുടിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. ഇതൊടൊപ്പം തന്നെ ആധുനിക ഓട്ടോമൊബൈൽ രംഗത്തും യൂണിറ്റുകൾ ആരംഭിക്കവാൻ സാധ്യത കളുണ്ട്. 'മാരുതി', ഓട്ടോമൊബൈൽ സർവ്വീസ് സെന്റർ എന്നിവ ചുരുങ്ങിയ മൂലധനത്തിൽ ആരംഭിക്കാവുന്നതാണ്.

ഒപ്പം തന്നെ ഫാൻ അസംബ്ലിംഗ് യൂണിറ്റുകൾ, ഇലക്ട്രിക് മോട്ടോർ 1/2 മുതൽ 3 കുതിരശക്തി വരെയുള്ള ഗൃഹോപകരണങ്ങളായ മോട്ടോറുകൾ നിർമ്മിക്കുക, റിവൈന്റ് ചെയ്തു കൊടുക്കുക.

## മറ്റ് ചെറുകിട വ്യവസായ സംരംഭങ്ങൾ

ടി. വി., വി. സി. ആർ., മിക്സി, ഫാൻ മുതലായ ദൃഹോപകരണങ്ങളുടെ സർവ്വീസിംഗും അസംബ്ലിംഗും അടങ്ങിയ യൂണിറ്റുകൾ ആരംഭി ക്കാവുന്നതാണ്.

കംപ്യൂട്ടർ, ഹാർഡ് വെയർ, സോഫ്റ്റ് വെയർ, ഡി. ടി. പി. എന്നിവയിൽ പരിശീലനം നൽകുകയും യൂണിറ്റാരംഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുകയും ചെയ്യുക. ഒരു ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സ് തുടങ്ങാവുന്നതാണ്.

## വായ്പയും ലൈസൻസുകളും

മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾക്ക് കാലതാമസം കൂടാതെ തുടങ്ങുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ.

സർവ്വീസ് ബാങ്ക്, വിദ്യുച്ഛക്തി, പരിസ്ഥിതി മലിനീകരണം, ഹെൽത്ത്, ഫയർ ഫോഴ്സ്, ഫോറസ്റ്റ്, ഫാക്ടറീസ്, ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റ് എന്നീ വകുപ്പുകളെ സിംഗിൾ വിൻഡോ സ്കീം വഴി നടപ്പാക്കി ഒരു മാസത്തിനകം ലൈസൻസും ധനസഹായവും ലഭിക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തണം.

# ഊർജ്ജം

വൈദ്യുതി, വിറക്, മണ്ണെണ്ണ, പാചകവാതകം, കൽക്കരി, പെട്രോൾ, ഡീസൽ മുതലായ വിവിധ ഊർജ്ജസ്രോതസ്സുകൾ നാം ഉപയോഗിക്കുന്നുണ്ട്. കന്നുകാലികളും, മനുഷ്യാധ്വാനവും ഊർജ്ജത്തിന്റെ ഘടകമാണ്.

ഗാർഹീകം, കാർഷീകം, വാണിജ്യം വ്യവസായം എന്നിങ്ങനെ നാല് മേഖലകളിലായി ഇന്ധന ഉപയോഗത്തെ തിരിക്കാം. ഷോപ്പുകൾ, ഹോട്ടലുകൾ മുതലായ വയിലെ ഊർജ്ജ ഉപയോഗത്തെ വ്യവസായീകം എന്നും, വീടുകളിൽ ഉപയോഗിക്കുന്ന ഊർജ്ജത്തെ ഗാർഹീകം എന്നും കൃഷിക്ക് ഉപയോഗിക്കുന്നതിനെ കാർഷീകം എന്നും പറയുന്നു. ഏതു മേഖലയിലായാലും ഊർജ്ജത്തിന്റെ അന്തിമ ഉപയോഗം വെളിച്ചം, താപം, യന്ത്രം ചലിപ്പക്കൽ എന്നിവയാണ്. മേൽപറഞ്ഞ ആവശ്യങ്ങൾ നിറവേറ്റുവാൻ നാം ഓരോരുത്തരും എന്തിനെ ഉപയോഗപ്പെടുത്തുന്നു എന്നു നോക്കണം.ഇങ്ങിനെ വരുമ്പോൾ നമുക്ക് വേണ്ട ഊർജ്ജം ലഭിക്കുവാൻ നാം എന്തു സ്രോതസ്സ് ഉപയോഗപ്പെടുത്തന്നുവോ ഇത് ലാഭകരമാണോ എന്നു പരിശോധിക്കണം. ഉദാ: നമ്മുടെ പഞ്ചായത്തിലെ മിക്ക വീടുകളിലും സാധാരണ വിറകടുപ്പുകൾ ഉപയോഗിക്കുന്നുണ്ട്. ഈ അടുപ്പുകളിൽ വിറക് കത്തി ഉണ്ടാകുന്ന ചൂടിന്റെ 20 ശതമാനം മാത്രമേ ഉപയോഗത്തിനു ലഭിക്കുന്നുള്ളു എന്നാണ് നിരീക്ഷണങ്ങളിൽ നിന്നും മനസ്സിലാക്കിയിട്ടുള്ളത്. ബാക്കി 80 ശതമാനവും വെറുതെ വായുവിൽ ലയിച്ചു പോകുന്നു. വിറകിന്റെ ലഭ്യതക്കുറവും ഉയർന്ന വിലയും ഊർജ്ജത്തിന്റെ ചിലവ് കുറയ്ക്കുന്നതിന് കാര്യക്ഷമതയുള്ള അടുപ്പുകൾ ഉപയോഗിക്കണം എന്നു വരുന്നു. പുകയില്ലാത്ത അടുപ്പ് ഇപ്പോൾ വളരെ പ്രചാരത്തിലുണ്ട്. അതുകൊണ്ട് എല്ലാ വീടുകളിലും ഊർജ്ജത്തിനുള്ള ചിലവ് കുറയ്ക്കാൻ "പുകയില്ലാത്ത അടുപ്പുകൾ" ഉപയോഗിക്കണം. സർക്കാരിന്റെ ചില ഏജൻസികൾ ഈ വിഷയത്തിൽ സഹായിക്കുന്നുണ്ട്. പഞ്ചായത്തിലെ ഏകദേശം 20 ശതമാനം വീടുകളിലും പാചകവാതകം ഉപയോഗിക്കുന്നുണ്ട്. മണ്ണെണ്ണയും പാചകത്തിന് ഇന്ധനമായി ഉപയോഗപ്പെടുത്തുന്നു. പാചകവാതകം ലഭിക്കാൻ ബുദ്ധിമുട്ടുണ്ട്. ഗ്യാസ് കണക്ഷൻ ലഭിക്കാൻ ചുരുങ്ങിയത് 5 കൊല്ലം കാത്തിരിക്കേണ്ടി വരുന്നു. മണ്ണെണ്ണയും വേണ്ടത്ര കിട്ടുന്നില്ല.

ബയോഗ്യാസടുപ്പുകൾ ഇപ്പോൾ പ്രചാരമായി വരുന്നുണ്ട് അതുപോലെ സൗരോർജ്ജം പ്രയോഗതലത്തിൽ കൊണ്ടു വരണം. അനെർട്ട് എന്ന ഒരു സർക്കാർ സ്ഥാപനം ഈ രംഗങ്ങളിൽ പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നു. അത് ഉപയോഗപ്പെടുത്തണം. ചെറിയ വെള്ളച്ചാട്ടത്തെ ഉപയോഗപ്പെടുത്തി ഒരു ഒരു ചെറിയ ജലവൈദ്യുതപദ്ധതി രൂപപ്പെടുത്താം.

പഞ്ചായത്തിന്റെ പ്രധാന ഊർജ്ജ സ്രോതസ്സ് സംസ്ഥാന വൈദ്യുതി ബോർഡിൽനിന്നുള്ള വൈദ്യുതിയാണ്. ഒല്ലൂർ പഞ്ചായത്തിലെ വൈദ്യുതി വിതരണം ഒല്ലൂർ, മരത്താക്കര, കുരിയച്ചിറ, നടത്തറ എന്നീ ഫീഡറുകളിൽ കൂടിയാണ്. പഞ്ചായത്തിൽ വിവിധ മേഖലകളിലായി 52 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

### ഒല്ലൂർ പഞ്ചായത്തതിർത്തിയിൽ വരുന്ന ട്രാൻസ്ഫോർമറുകൾ

| | | കിലോവാട്ട് |
|---|---|---|
| 1. | ഗാർഡിയൻ | 160 |
| 2. | ചീരാച്ചി | 160 |
| 3. | പഴമുക്ക് | 100 |
| 4. | ചർച്ച് ഏരിയ | 160 |
| 5. | സെന്റ് ആന്റണീസ് | 160 |
| 6. | സെന്റ് സേവിയർ | 100 |
| 7. | ക്രസ്റ്റോഫർ നഗർ | 250 |
| 8. | കെ. ആർ. ഒ. | 100 |
| 9. | സിനിമ 1 | 250 |
| 10. | സിനിമ 2 | 100 |
| 11. | ജനത | 100 |
| 12. | ചിറ | 63 |
| 13. | പോസ്റ്റ് ഓഫീസ് | 250 |
| 14. | ലിറ്റിൽ ഫ്ലവർ | 160 |
| 15. | എസ്. ആർ. ഐ. ഔട്ട് | 250 |
| 16. | എസ്. ആർ. ഐ. ഇൻ | 250 |
| 17. | മൊയലൻ പ്ലാസ്റ്റിക്ക് | 160 |
| 18. | വണ്ടിപ്പേട്ട | 250 |
| 19. | പോലീസ് സ്റ്റേഷൻ | 100 |
| 20. | ഗ്രാമോദ്ധാരണം | 100 |
| 21. | പ്ലാസ്റ്റോ പാരീസ് | 160 |
| 22. | പ്ലാസ്റ്റോ മെക്സ് | 250 |
| 23. | ഐ. ഇ. ഔട്ട് | 250 |

| | |
|---|---|
| 24. മണലാറ്റിൽ | 100 |
| 25. ഐനിക്കൽ | 100 |
| 26. എം. ഡി. ജോസ് | 100 |
| 27. ഷൈല മെറ്റൽ | 250 |
| 28. ജെറ്റ് റബർ | 250 |
| 29. രാമകൃഷ്ണ | 100 |
| 30. വോൾട്ടേജ് ഇംപ്രൂവ്മെന്റ് | 160 |
| 31. പോപ്പുലർ പ്ലാസ്റ്റിക്ക് | 100 |
| 32. സുപ്രീം പ്ലാസ്റ്റിക്ക് | 100 |
| 33. ജോൺസൺ പൈപ്പ് | 160 |
| 34. ഫെറസ് വയേഴ്സ് | 250 |
| 35. റോയൽ പ്ലാസ്റ്റിക്ക് 1. | 63 |
| 36. റോയൽ പ്ലാസ്റ്റിക്ക് 2. | 100 |
| 37. വിശ്വ പ്ലാസ്റ്റിക്ക് | 500 |
| 38. എവർഷൈൻ | 160 |
| 39. പി. ആർ. എഫ്. | 315 |
| 40. കാട്ടുകുഴി | 160 |
| 41. മുത്തിപ്പീടിക | 160 |
| 42. കൽപ്പക പ്ലാസ്റ്റിക്ക് | 250 |
| 43. തൈക്കാട്ടുശ്ശേരി | 160 |
| 44. വൈദ്യരത്നം | 100 |
| 45. ടി. എ. ഡേവീസ് | 100 |
| 46.സൂപ്പർ ബോക്സ് | 250 |
| 47. ആയുർവേദ കോളേജ് | 100 |
| 48. സായീ റബർ | 250 |
| 49. എ. സി. ഔട്ട് | 250 |
| 50. എ. സി. ഇൻ | 500 |
| 51. എലിസബത്ത് | 160 |
| 52. സെന്റ് റാഫേൽ | 160 |

ഓരോ ട്രാൻസ്ഫോർമറിന്റെയും ലോഡ് കപ്പാസിറ്റി നോക്കി പുതിയവ വേണ്ട സ്ഥലങ്ങളിൽ സ്ഥാപിക്കണം.

പഞ്ചായത്തിന്റെ ചിലവിൽ വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുള്ള തെരുവ്വിളക്കുകളുടെ വിവരം താഴെ കൊടുക്കുന്നു.

| വേപ്പർ ലാംപ് | ട്യൂബ് | ബൾബ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|
| 36 | 440 | 1273 | 17 | 1766 |

പഞ്ചായത്തിലെ വൈദ്യുത കണക്ഷനുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ഗാർഹീകം | വ്യാവസായികം | വ്യാപാരം | കാർഷീകം |
|---|---|---|---|
| 8150 | 366 | 748 | 475 |

ഇലക്ട്രിസിറ്റി ബോർഡിന്റെ കണക്കനുസരിച്ച് ഈ വർഷത്തിൽ പഞ്ചായത്തിൽ 400 വൈദ്യുതി കണക്ഷൻ (ഗാർഹീകം), 50 കണക്ഷൻ (കൃഷി), ഒരു കണക്ഷൻ (ഹരിജൻ കോളനി) എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ചില മേഖലകളിൽ കണക്ഷൻ ലഭിക്കാൻ കാലതാമസം വരുന്നുണ്ട്. പഞ്ചായത്തുമായി ചർച്ച ചെയ്ത് ഇനിയും അതു പരിഹരിക്കണം. ഒല്ലൂർ പഞ്ചായത്ത് അതിർത്തിയിലേക്ക് തൊട്ടടുത്തുള്ള മാടക്കത്ര സബ്സ്റ്റേഷനിൽ നിന്നും 66 കെ. വി. ലൈൻ നേരിട്ട് വലിച്ച് ഉപയോഗിക്കുണ്ട്. എന്നിട്ടും വൈദ്യുതിക്ക് വോൾട്ടേജ് വേണ്ടത്ര കിട്ടുന്നില്ല. ഇത് വ്യവസായങ്ങളെ ബാധിക്കുന്നുണ്ട്. മൊത്തം പല കപ്പാസിറ്റിയുള്ള ട്രാൻസ്ഫോർമറുകൾ ഉണ്ട്.

### പ്രശ്നങ്ങൾ നിർദ്ദേശങ്ങൾ

1. വൈദ്യുതി വിതരണത്തിൽ ഇപ്പോഴുള്ള സംവിധാനം വികസിപ്പിക്കുക.
2. ട്രാൻസ്ഫോർമറുകൾ മാറ്റുക.
3. ഗാർഹീക കണക്ഷൻ വേഗത്തിൽ ലഭ്യമാക്കുക.
4. കൃഷി ആവശ്യങ്ങൾക്ക് മുൻഗണനയിൽ തന്നെ വൈദ്യുതി കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.
5. വൈദ്യുതിക്കമ്പിയിൽ മുട്ടിക്കിടക്കുന്ന മരങ്ങൾ, ശിഖരങ്ങൾ, മുളകൾ എന്നിവ വെട്ടിമാറ്റുക.
6. എല്ലാ തെരുവ് വിളക്കുകളും കത്തിക്കാനുള്ള സംവിധാനം നടപ്പാക്കുക.
7. തെരുവ് വിളക്കുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ ഉടനെ സ്ഥാപിക്കുക.
8. കറന്റ് കട്ട് ഒഴിവാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.
9. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കണക്ഷൻ ചാർജ്ജ് ഒഴിവാക്കുക.

### സാദ്ധ്യതകൾ

എ. ബയോഗ്യാസ് പ്ലാന്റ് അടുത്തടുത്തുള്ള വീട്ടുകാർ ഒന്നിച്ച് പദ്ധതി ആവിഷ്ക്കരിക്കുക. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും അതിന് ധനസഹായം ലഭ്യമാക്കാൻ പഞ്ചായത്ത് നടപടികൾ എടുക്കുക.

ബി. ക്ഷയിച്ചുവരുന്ന ഊർജ്ജ സ്രോതസ്സ് നിലനിർത്താൻ പ്രയാസമായതിനാൽ സോളാർ എനർജിയുടെ ഉപയോഗം പ്രാവർത്തികമാക്കുക.

സി. ഊർജ്ജക്ഷമത കൂടിയ അടുപ്പ്, പുകയില്ലാത്ത അടുപ്പ് എന്നിവയുടെ ഉപയോഗം വ്യാപകമാക്കുക.

ഡി. കാറ്റിൽ നിന്നും വൈദ്യുതി ഉണ്ടാക്കുന്ന പദ്ധതിക്ക് രൂപം കൊടുക്കുക.

എഫ്. സ്ഥിരമായി വൈദ്യുതി ലഭിക്കുന്നതിന് തെർമൽപ്ലാന്റ് സ്ഥാപിക്കുക.

ജി. ചെറിയ വെള്ളച്ചാട്ടങ്ങൾ ഉപയോഗിച്ച് ചെറിയ ജലവൈദ്യുത പദ്ധതികൾ ഉണ്ടാക്കുക.

### ഗ്രാമസഭകളിൽ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങളും നിർദ്ദേശങ്ങളും

കനാൽ ഭാഗത്ത് താമസിക്കുന്നവർക്ക് കറണ്ടു് ലഭിക്കണം. സ്ട്രീറ്റ് ലൈറ്റ് കത്തിക്കുന്നതിന്റെ മുഴുവൻ നടത്തിപ്പും പഞ്ചായത്ത് ഏറ്റെടുക്കണം. കാരണം പഞ്ചായത്താണ് പണം ചെലവാക്കുന്നത്. ധന്യ നഗറിലെ വീട്ടുകാർക്ക് വൈദ്യുതി എത്തിക്കുക. ഒല്ലൂർ കുട്ടനെല്ലൂർ റോഡിലുള്ള ട്രാൻസ്ഫോർമറിൽ നിന്ന് കുട്ടനെല്ലൂർ ഭാഗത്തേക്ക് പോകുന്ന ഇലക്ട്രിക് ലൈൻ, കമ്പനികളുടെ കോമ്പൗണ്ടിൽ കൂടിയുള്ളത് മാറ്റി റോഡിൽ കൂടി ആക്കണം. എൽ. എം. എൽ. പി. സ്കൂൾ പരിസരത്ത് താമസിക്കുന്നവർക്ക് വൈദ്യുതി ലഭ്യമാക്കണം. മിച്ചഭൂമിയിൽ താമസിക്കുന്നവർക്ക് വൈദ്യുതി ലഭ്യമാക്കണം. നീരോലിപാടത്തുള്ള വീട്ടുകാർക്ക് വൈദ്യുതി എത്തിക്കണം. എസ്റ്റേറ്റിനു വടക്കുള്ള ഇടവഴികളിൽ തെരുവ് വിളക്ക് സ്ഥാപിക്കണം. ചാലിശ്ശേരി കോളനിയിൽ തെരുവ് വിളക്ക് വേണം. കത്താത്ത തെരുവ് വിളക്കുകൾക്ക് പണം നൽകാൻ പാടില്ല. മരിയാപുരം പള്ളിയുടെ അടുത്ത് സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറിൽ നിന്നും അടുത്തുള്ള വീട്ടുകാർക്ക് വൈദ്യുതി കണക്ഷൻ നൽകണം.

# ഗതാഗതം

പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയിൽ കൂടി നാഷണൽ ഹൈവേ ബൈപാസ് റോഡും മദ്ധ്യഭാഗത്തു കൂടി സ്റ്റേറ്റ് ഹൈവേ തലോർ തൃശൂർ റോഡും കടന്നു പോകുന്നു. ഇപ്പോൾ രണ്ടുവരി വാഹനങ്ങൾ കടന്നു പോകുന്നതിനുള്ള വീതിമാത്രമേ സ്റ്റേറ്റ് ഹൈവേക്കുള്ളൂ. ഇപ്പോഴത്തെ വാഹന സാന്ദ്രത കണക്ക് കൂട്ടുമ്പോൾ ഈ റോഡ് നാലുവരി വാഹനങ്ങൾ പോകേണ്ട വീതിയുള്ള നാലുവരി പാത ആക്കേണ്ടത് വളരെ അത്യാവശ്യമാണ്. അതിനാൽ തലോർ മുതൽ തൃശൂർ വരെ നാലുവരി വാഹനങ്ങൾക്ക് പോകേണ്ട വീതിയാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ എടുക്കേണ്ടതാണ്.

പഞ്ചായത്തിലെ പ്രധാന റോഡുകളെല്ലാം സ്റ്റേറ്റ് ഹൈവേയുമായി ബന്ധപ്പെട്ട് പോകുന്നവയാണ്. പഞ്ചായത്തിലുള്ള റോഡിന്റെ ആകെ നീളം 74.448 കിലോമീറ്റർ. അതിൽ 23.386 കി. മി. ടാർ ചെയ്തിട്ടുള്ള റോഡും 0.796 മീറ്റർ മെറ്റൽ റോഡും 48.516 കി. മി. മണ്ണിട്ടിട്ടുമുള്ള റോഡും, 1.750 കി മി. ഫുട്പാത്തുമാകുന്നു. മെറ്റൽ റോഡും, മണ്ണിട്ടിട്ടുള്ള റോഡുകളും ടാറിങ് നടത്തേണ്ടത് വളരെ അത്യാവശ്യമാണ്. ടാറിങ് കഴിച്ചിട്ടുള്ള റോഡുകളുടെ ചാലുകൾ ആവശ്യമുള്ള സ്ഥലങ്ങളിൽ കരിങ്കല്ലു കെട്ടി ഡ്രെയിനേജ് സംവിധാനം ഉണ്ടാക്കേണ്ടതാണ്. ഇതില്ലാത്തതു കൊണ്ട് റോഡുകൾ വേഗത്തിൽ കേടാവുന്നു.

പഞ്ചായത്തിൽത്തൂടി കടന്ന് പോകുന്ന പ്രധാന റൂട്ടുകൾ തൃശൂർ-ഒല്ലൂർ-ആമ്പല്ലൂർ, തൃശൂർ-ഒല്ലൂർ-മരത്താക്കര-തൃക്കൂർ- പൊന്നൂക്കര, തൃശൂർ-കുട്ടനെല്ലൂർ-മാന്ദാമംഗലം, തൃശൂർ-ഒല്ലൂർ-തൈക്കാട്ടുശ്ശേരി-വല്ലച്ചിററോഡ്, തൃശൂർ-അഞ്ചേരി-

മരിയാപുരം പള്ളി വഴി എന്നിവയാണ്. തൃശൂർ ജില്ലയിലെ ഏക ഗവൺമെന്റ് കോളേജ് സ്ഥിതി ചെയ്യുന്നത് ഒല്ലൂർ പഞ്ചായത്തിലാണ്. കൂടാതെ ഔഷധി, ഇ. എസ്. ഐ ക്വാർട്ടേഴ്സ്, രണ്ട് ഹൗസിംഗ് കോളനികൾ ഒട്ടനവധി വ്യവസായ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ചിരിക്കുന്നത് കുട്ടനെല്ലൂരിലാണ്. എന്നാൽ ഇന്ന് നിലവിലുള്ള ബസ് സർവ്വീസുകളുടെ അപര്യാപ്തത മൂലം കുട്ടനെല്ലൂർ കോളേജ് വിദ്യാർത്ഥികളും, ജനങ്ങളും വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട അതിനു പരിഹാരമായി ചാലക്കുടിയിൽ നിന്നുംപുറപ്പെടുന്നതും ചാലക്കുടിയിലേക്ക് പോകുന്നതുമായ സ്റ്റെയിറ്റ് ട്രാൻസ്പോർട്ട് ബസുകൾ (ഓർഡിനറി) നാലെണ്ണമെങ്കിലും നാഷനൽ ഹൈവേ ബൈപ്പാസ് വഴിയിൽ വന്ന് കുട്ടനെല്ലൂർ കൂടി തൃശൂർക്ക് പോകുന്നതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്. തൃശൂർ നിന്നും ചാലക്കുടിയിലേക്ക് ഇതേ വഴിയിൽക്കൂടി തന്നെ പോകണം. ഒല്ലൂർ നിയോജകമണ്ഡലത്തിൽ പെട്ട കാർഷിക സർവ്വകലാശാലയുടെ ആസ്ഥാനവും, മണ്ഡലത്തിന്റെ സിരാകേന്ദ്രവുമായ മണ്ണുത്തിയ്ക്കും, വ്യവസായ കേന്ദ്രമായ ഒല്ലൂരും കൂടി ബന്ധിപ്പിക്കുന്ന തരത്തിൽ തൃശൂർ-ഒല്ലൂർ-കുട്ടനെല്ലൂർ-മണ്ണുത്തി ബസ് സർവ്വീസ് തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തതിർത്തിയിൽ പല റോഡുകളും കൈയ്യേറി പോയിട്ടുണ്ട്. ആയത് ഒഴിപ്പിച്ച് റോഡ്‌വീതികൂട്ടി നന്നാക്കേണ്ടതാണ്. പുതിയതായി ലിങ്കു റോഡുകൾ നിർമ്മിക്കേണ്ട പല റോഡുകളും പഞ്ചായത്തിൽ ഉണ്ട്. അതു തദ്ദേശ വാസികളെ പങ്കെടുപ്പിച്ചുകൊണ്ട് ചെയ്യേണ്ടതാണ്. രണ്ടു പഞ്ചായത്തുകളെ ബന്ധിപ്പിച്ചിരുന്ന റോഡുകൾ തർക്കമില്ലാതെ കഴിവതും വേഗം നന്നാക്കേണ്ടതാണ്.

പഞ്ചായത്ത് റോഡ് പണികൾ നടത്തുമ്പോൾ അതതു വാർഡു മെമ്പർമാരെ ഉൾപ്പെടുത്തി ജനകീയ കമ്മിറ്റികളുടെ മേൽനോട്ടത്തിൽ പണികൾ നടത്തേണ്ടതും പ്രസ്തുത പണികൾക്ക് വേണമെങ്കിൽ സാധനങ്ങളുടെ അളവുകൾ ജനകീയ കമ്മിറ്റക്കു നൽകേണ്ടതും ജനകീയ കമ്മിറ്റിയുടെ ഉറപ്പിൻമേൽ മാത്രം ബില്ലുകൾ പാസാക്കാൻ പാടുള്ളു എന്ന വ്യവസ്ഥ കരാറുകാരൻ എഗ്രിമെന്റിൽ ഉൾകൊള്ളിക്കുന്നത് പണികളിൽ ക്രമക്കേട് കാണിക്കുന്നതും ഒഴിവാക്കാൻ സഹായിക്കുന്നതാണ്.

## ഒല്ലൂർ റെയിൽവേ സ്റ്റേഷൻ വി[illegible]കസനം.

ഏകദേശം നൂറു വർഷത്തോളം [illegible] പഴക്കമുള്ള ഒല്ലൂർ റെയിൽവേ സ്റ്റേഷന്റെ ഇന്ന[illegible]ത്ത സ്ഥിതി വളരെ ശോചനീയമാണ്. സ്റ്റേഷൻ പുതു[illegible]ി പണിയുകയും യാത്രക്കാർക്ക് ആവശ്യമായ സ[illegible]ൗകര്യങ്ങൾ ഉണ്ടാക്കേണ്ടതും ആവശ്യമാണ്. കൂടാ[illegible]ത ഇന്നു സ്റ്റേഷനിൽ രണ്ട് യാത്രാവണ്ടികൾക്ക് [illegible] മാത്രമേ സ്റ്റോപ്പുള്ളു. ഒന്നു: പാസഞ്ചർ, രണ്ട്: രാ[illegible]ിലെയുള്ള പുഷ് പുൾ ട്രെയിൻ.

ഒല്ലൂരിനെ സംബന്ധിച്ച് ധാരാളം യാത്രക്കാർ ജോലി-ബിസിനസ്സ് ആവശ്യങ്ങ[illegible]ക്കായി ബോംബേക്കും എറണാകുളത്തേക്കും, കോഴിക്കോട്ടേക്കും കൂടാതെ മറ്റു സ്ഥലങ്ങളിലേക്കും അനുദിനം യാത്ര ചെയ്യുന്നുണ്ട്. കുറഞ്ഞ പക്ഷം ഉച്ചക്ക് ഒല്ലൂരിൽ കൂടി തെക്കോട്ട് പോകുന്ന പുഷ്പുൾ ട്രെയിനിനും, എക്സ്പ്രസ്സ് ട്രെയിനുകളിൽ ഏതെങ്കിലും ഒരെണ്ണത്തിനും ആദ്യ ഘട്ടമെന്ന നിലയിൽ സ്റ്റോപ്പനുവദിക്കണം. കൂടാതെ ദീർഘദൂര ട്രെയിനുകൾക്കുള്ള റിസർവ്വേഷൻ സൗകര്യവും എർപ്പെടുത്തേണ്ടതാണ്.

ഒല്ലൂർ ഓവർ ബ്രിഡ്ജ് നിർമാണം നടക്കുന്നുണ്ടെങ്കിലും ഒല്ലൂർ റെയിൽവേ ഗെയിറ്റിലെ ഗതാഗത കുരുക്കു് തീരാൻ സാധ്യതയില്ല. ഇതിനു പരിഹാരമായി റെയിൽവേ ഗെയിറ്റിന്റെ വീതി വർദ്ധിപ്പിക്കുകയും, ദിവസവും ട്രാഫിക് പോലീസിനെ നിർത്തി വാഹനങ്ങൾ നിയന്ത്രിക്കുകയും ചെയ്യേണ്ടതാണ്.

## ബസ്സ്റ്റോപ്പ്

ഒല്ലൂർ ജംഗഷനിൽ നാലു റോഡുകളിൽ നിന്നും വന്നു ചേരുന്ന ബസുകൾക്കും, നാലു റോഡുകളിൽ കൂടി കടന്നു പോകുന്ന ബസുകൾക്കും സൗകര്യമായി നിർത്തി യാത്രക്കാരെ കയറ്റാനും ഇറക്കാനും സൗകര്യം ഉണ്ടാക്കേണ്ടതാണ്. അതുപോലെ തന്നെ യാത്രക്കാരുടെ പ്രാഥമിക ആവശ്യങ്ങൾക്കുള്ള "കംഫർട്ട് സ്റ്റേഷനും" സൗകര്യപ്പെടുത്തണം. ട്രാൻസ്പോർട്ട് ലിമിറ്റഡ് സ്റ്റോപ്പ്, സൂപ്പർ ഫാസ്റ്റ് എന്നിവ നിർത്താനുള്ള ഒരു റിക്വസ്റ്റ് സ്റ്റോപ്പ് വേണം.

## പുതിയ ബസുകൾ

തൈക്കാട്ടുശ്ശേരി ആയുർവേദ കോളേജ് കൂടി കടന്നു പോകുന്ന ഒരു സ്റ്റേയിറ്റ് ട്രാൻസ്പ്പോർട്ട് ബസ്സ് അനുവദിക്കണം. (കുറച്ചു വർഷം മുമ്പ് ഒരെണ്ണം ഉണ്ടായിരുന്നു) കൂടാതെ ഒല്ലൂരിൽ നിന്നു പാലക്കൽ കൂടി കടന്നു പോകുന്ന ബസ്സുകൾ കൂടുതൽഉണ്ടാകേണ്ടതുണ്ട്.

## പുതിയ റോഡ്

ഒല്ലൂർ ഓവർ ബ്രിഡ്ജ് അടുത്ത വർഷം യാഥാർത്ഥ്യമാകാൻ പോകുകയാണ്. അപ്പോൾ പുതിയ റോഡുകളെപ്പറ്റി ചിന്തിക്കേണ്ടതുണ്ട്. പഞ്ചായ ത്തിന്റെ അതിർത്തിയിൽ കൂടി കടന്നു പോകുന്ന ബൈപാസ്സിൽ നിന്നു് ഓവർ ബ്രിഡ്ജ് കൂടി തൃശൂർ-പാലക്കൽ റോഡിലേക്ക് നേരേ ചെന്നു ചേരുന്ന ഒരു പുതിയ റോഡു് നിർമിക്കുന്നതു് ഒല്ലൂരിന്റെ യാത്രാസൗകര്യത്തിനു വളരെ വിലപ്പെട്ടതായിരിക്കും. ഒല്ലൂരിന്റെ വികസനത്തിനും ഇതു് സഹായകരമാണ്.

## ടാക്സി-ഓട്ടോ സ്റ്റാന്റ്

ഒല്ലൂർ ജംഗ്ഷനിൽ ടാക്സി-ഓട്ടോകൾക്കു് വേണ്ടി പ്രത്യകം സ്റ്റാന്റ് ഇല്ല. നൂറുകണക്കിനു് വാഹനങ്ങൾ ഉള്ള ഈ സാഹചര്യത്തിൽ അവരുടെ സൗകര്യത്തിനായി ഒരു ടാക്സി-ഓട്ടോ സ്റ്റാന്റ് സൗകര്യ പ്പെടുത്തേണ്ടത് അത്യന്താപേക്ഷിത മാണ്. (ഇപ്പോൾ റോഡിനരികിലാണല്ലോ പാർക്കു് ചെയ്യുന്നത്. ഇതു ഗതാഗത കുരുക്കു്ണ്ടാക്കാൻ ഇടയാക്കുന്നുണ്ട്.)

## സമയവിവര പട്ടിക

ബസ്സുകൾ, ട്രെയിനുകൾ എന്നിവയുടെ സമയവിവരം കാണിക്കുന്ന ഒന്നോ, രണ്ടോ ബോർഡുകൾ ഒല്ലൂർ ജംഗ്ഷനിൽ സ്ഥാപിക്കണം (ഇതിനു സന്നദ്ധ സംഘടനകളുടയോ സ്ഥാപനങ്ങളുടെയോ സഹായം ലഭ്യമാക്കാവുന്നതാണ്.

## ഹെലിപാഡ് വികസനം

ഏതാനും വർഷമായി തൃശൂരിലേക്ക് വരുന്ന ഹെലികോപ്റ്ററുകൾ ഇറക്കുന്നത് കുട്ടനെല്ലൂരിലാണ്. താൽക്കാലികമായി തുടങ്ങിവെച്ചതാണെങ്കിലും ഇന്നു സ്ഥിരം ഹെലി പാഡായി മാറിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഒരു സ്ഥിരം ഹെലിപാഡിനു വേണ്ട സൗകര്യങ്ങളും സംവിധാനങ്ങളും ഉണ്ടാക്കാൻ കഴിയുമോ എന്നു ആലോചിക്കേണ്ടതാണ്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സഹകരണത്തോടെ ഇതു പ്രാവർത്തികമാക്കണം.

# മാർക്കറ്റ്

ഒല്ലൂർ പഞ്ചായത്തിൽ രണ്ടു പൊതു മാർക്കറ്റുകളാണുള്ളത്. പനംകുറ്റിച്ചിറയിലും, ചീരാച്ചിയിലും.

ഒല്ലൂർ പഞ്ചായത്താഫീസിനോടനുബന്ധിച്ചുള്ള പൊതു മാർക്കറ്റാണു് പ്രധാനം. ഇതിനെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് വർഷങ്ങളായി പരാതിയല്ലാതെ ഒന്നും പറയാനില്ല.

മാർക്കറ്റിൽ വെച്ചു തന്നെ പലപ്പോഴും മൃഗങ്ങളെ കശാപ്പു ചെയ്യുക മൂലം അവശിഷ്ടങ്ങൾ കിടന്നു് ദുർഗ്ഗന്ധം വമിക്കുക നിത്യ സംഭവമാണ്. ഇതിന് ശാശ്വതമായ ഒരു പരിഹാരം ഉണ്ടാകാണ്ടേതാണ്. മൃഗങ്ങളെ കശാപ്പ ചെച്ചുന്നതിന് പഞ്ചായത്തിന്റെ വക ആധുനിക രീതിയിലുള്ള ഒരു അറവുശാല നിർമ്മിക്കകയോ, ഇല്ലങ്കിൽ കുരിയച്ചിറയിലെ മുനിസിപ്പൽ അറവുശാല സ്ഥിരമായി ഉപയോഗിക്കാനുള്ള സൗകര്യം ഉണ്ടാക്കുകയോ വേണം. മാർക്കറ്റിലെ ഇറച്ചി, മീൻ വിൽപ്പനയ്ക്ക് ലൈസൻസ് നൽകുമ്പോൾ കർശനമായി നിബന്ധനകൾ പാലിക്കപ്പെടണം.

മാർക്കറ്റിന്റെ ശുചീകരണ കാര്യത്തിൽ പഞ്ചായത്ത് വളരെ ശ്രദ്ധ ചെലുത്തണം. ആധുനിക രീതിയിൽ വൃത്തിയുള്ള വിൽപ്പന മുറികൾ, ചാലുകൾ,പരിസരങ്ങൾ എന്നിവ സൗകര്യപ്പെടുത്തി കൊടുക്കുകയും അനുദിനം ആവശ്യമായ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും വേണം. ഇതിന് നേതൃത്വം നൽകുന്നതിന് ഒരു പഞ്ചായത്ത് മെമ്പറുടെ നേതൃത്വത്തിൽ കട ഉടമകൾ കൂടി ഉൾപ്പെടുന്ന ഒരു ജനകീയ കമ്മിറ്റി തന്നെ പ്രവർത്തിക്കുന്നത് നല്ലതാണ്.

## പുതിയ മാർക്കറ്റുകൾ

ഒല്ലൂർ പഞ്ചായത്ത് വക പനംകുറ്റിച്ചിറ കുളത്തിന് സമീപമുള്ള സ്ഥലത്തും കുട്ടനെല്ലൂർ കോളേജ് മുന്നിലുള്ള റവന്യൂ സ്ഥലത്തും പച്ചക്കറി ഉൾപ്പെടെയുള്ള ഓരോ പൊതുമാർക്കറ്റ് ആരംഭിക്കാവുന്നതാണ്. പഞ്ചായത്ത് പ്രദേശത്തും പരിസരത്തുമുള്ള കർഷകർക്ക് അവരുടെ വിഭവങ്ങൾ വിൽപ്പന നടത്തുന്നതിനുള്ള തരകും ഇവിട ഏർപ്പെടുത്തുന്നതും ഉചിതമായിരിക്കും. ഇത് പഞ്ചായത്തിനു കൂടി ഒരു വരുമാന മാർഗ്ഗമാണ്.

## സപ്ലൈക്കോ സൂപ്പർ മാർക്കറ്റ്

ഒല്ലൂർ ജംഗഷനിൽ പുതുതായി നിർമ്മിക്കുന്ന ഷോപ്പിംഗ് സെന്ററിന്റെ മുകൾ വശത്തും കുട്ടനെല്ലൂർ ജംഗഷനിലും (കുട്ടനെല്ലൂർ സഹകരണ സംഘം കെട്ടിടം കിട്ടുവാൻ സാദ്ധ്യതയുണ്ട്) സിവിൽ സപ്ലൈസ് വിഭാഗത്തിന്റെ വക ഓരോ സൂപ്പർ മാർക്കറ്റ് ആരംഭിക്കാൻ പഞ്ചായത്ത് മുൻകൈയ്യെടുക്കണം.

# കുടിവെള്ളം

മനുഷ്യ സംസ്കാരം ഉടലെടുത്തത് തന്നെ നദീതടങ്ങളിലാണ്. വെള്ളവും മനുഷ്യനും തമ്മിലുള്ള ബന്ധം അത്രയും സുദൃഢമാണ്. ഒരു പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യത്തെ നിയന്ത്രിക്കുന്ന ഘടകങ്ങളിൽ മുഖ്യസ്ഥാനം കുടിവെള്ളത്തിനുണ്ട്. ഓരോതുള്ളി ജലവും അമൂല്യമാണ്. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ലക്ഷക്കണക്കിനു ഗ്രാമങ്ങൾ കുടിവെള്ളത്തിനായി കേഴുമ്പോൾ അതിൻെറ ഗൗരവം നാം മനസിലാക്കുന്നില്ല. എന്നാൽ ഒന്നരപതിററാണ്ടുമുൻപ് നമ്മളനുഭവിച്ച വറുതിയും ജലക്ഷാമവും കുടിവെള്ള ക്കാര്യത്തിൽ നമ്മുടെ ദയനീയത വെളിപ്പെടുത്തി. മഴയെ മാത്രം ആശ്രയിച്ച് നിലനിന്ന നമ്മൾ പുതിയ ജലശ്രോതസ്സുകളെ തേടുകയും പുതിയ പദ്ധതികൾ ആരംഭിക്കുകയും ചെയ്തു.

1980കൾ നമ്മുടെ പഞ്ചായത്തിലെ മുഖ്യ കുടിവെള്ള ശ്രോതസ്സ് കിണറുകളായിരുന്നു. പുഴകളോ വററാത്ത നീരുറവകളോ ഇല്ലെങ്കിലും തോടുകളും കുളങ്ങളും നിറഞ്ഞ നാട്ടിൽ കുടിവെള്ളത്തിന് അധികക്ഷാമം അനുഭവപ്പെട്ടിരുന്നില്ല, ഒട്ടുമിക്ക വീട്ടുമുററങ്ങളിലും കിണറുകളിൽ കുടിക്കാൻ ആവശ്യമായ വെള്ളം ലഭിച്ചിരുന്നു. കൂടാതെ പഞ്ചായത്ത് പല വാർഡുകളിലും ഉദാരമതികളുടെ സഹകരണത്തോടെ പൊതുകിണറുകൾ ഉണ്ടാക്കി ജനങ്ങളുടെ ആവശ്യത്തിനുവേണ്ടി നൽകിയിരുന്നു. എന്നാൽ ക്രമേണ ജലത്തിൻെറ ലഭ്യത കുറഞ്ഞതോടെ മററു മർഗങ്ങൾ ആരായാൻ തുടങ്ങി. കൃഷിനിലങ്ങൾ നികത്തി വീടുകൾ വരാൻതുടങ്ങിയതും വലിയ പറമ്പുകൾ മുറിച്ച് ചെറിയ പുരയിടങ്ങൾ വ്യാപകമായതും ജലനിരപ്പ് കൂടുതൽ താഴാൻ ഇടയാക്കി. ജനസംഖ്യാപെരുപ്പവും വലിയതറവാടുകളുടെ തളർച്ചയിൽ നിന്ന് ഉടലെടുത്ത ചെറിയവീടുകളുടെ പെരുപ്പവും കുടിവെള്ളത്തിൻെറ ലഭ്യതയേയും ബാധിച്ചിട്ടുണ്ട്. പഴയരീതിയിലുള്ള ജലസേചന സംമ്പ്രദായം (കാളത്തേക്ക്, ചക്രം ചവിട്ട്, കൊട്ടത്തേക്ക്) മാററി ആധുനീകരീതി അവലംബിക്കാൻ തുടങ്ങിയതോടെ ജലലഭ്യത കുറയാൻ തുടങ്ങി. ഇന്നിപ്പോൾ കിണറുകളിൽനിന്നും ഭാഗികമായി വെള്ളം കോരിയെടുക്കുന്നതുപ്പോലും അപൂർവ്വമായിവരികയാണ്. പകരം ചെറിയതരം പമ്പുസെററുകൾ വ്യാപകമായിരിക്കുന്നു. ഇതുമൂലം ആവശ്യത്തിലധികം ശുദ്ധജലം പാഴായി പോകുന്നു. ജലനിരപ്പ് വീണ്ടും താഴാൻ ഇടവരുന്നു. മഴയിലൂടെ ലഭിക്കുന്ന വെള്ളം ഭൂമിയിലേക്ക് താഴ്ന്നിറങ്ങുന്നതിന് സൗകര്യമുള്ള ഇടങ്ങളിൽപ്പോലും വെള്ളം ഒഴുക്കികളയുന്നതുമൂലം വർഷക്കാലത്ത് വെള്ളപ്പൊക്കവും വേനലിൽ രൂക്ഷമായ വരൾച്ചയും അനുഭവപ്പെടുന്നു. കുടിവെള്ള വിതരണത്തിൻെറ ഭാഗമായി സ്വതന്ത്രമായ രീതിയിൽ കേരളത്തിൽ ജലവിതരണം നടത്തിവരുന്ന ഏകസ്ഥാപനം തൃശൂർ മുനിസിപ്പാലിറ്റിയായിരുന്നു. അതിനുവേണ്ടി സ്വതന്ത്രമായൊരു സ്കീം പീച്ചിഡാമിനോടനുബന്ധിച്ച് അവർ നടപ്പാക്കിപ്പോന്നിരുന്നു. അതിൻെറ ഭാഗമായി നമ്മുടെ പഞ്ചായത്തിലെ 3,4 വാർഡുകളിൽപ്പെട്ട നെഹ്രുനഗർ ഹൗസിങ്ങ് കോംപ്ലക്സിൽ വർഷങ്ങൾക്കുമുൻപുതന്നെ കുടിവെള്ളവിതരണം നടത്തിവരുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ വ്യപകമായ രീതിയിൽ കുടിവെള്ളപദ്ധതി ആരംഭിച്ചത് കേരള വാട്ടർഅഥോരിട്ടി എന്ന സ്വതന്ത്ര സർക്കാർ സ്ഥാപനമാണ്. പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അവരുടെമേൽ കാര്യമായ യാതൊരു നിയന്ത്രണമൊന്നും ഉണ്ടായിട്ടില്ല. 1981ൽ ഒല്ലൂർ, വല്ലച്ചിറ, ചേർപ്പ് എന്നീ പഞ്ചായത്തുകളുടെ ആവശ്യത്തിനായി വല്ലച്ചിറ പഞ്ചായത്തിലെ പാലക്കടവ് എന്ന സ്ഥലത്ത് പമ്പ്ഹൗസ് സ്ഥാപിക്കുകയും അവിടെ നിന്ന് 2 കിലോമീററർ അകലെയുള്ള പല്ലിശ്ശേരി കുന്നിൽ ജല ശുദ്ധീകരണപ്ലാന്റ് സ്ഥാപിച്ചു. അവിടെ നിന്നും ഒല്ലൂർ ഇൻഡ്രസ്ട്രിയൽ എസ്റ്റേററിൽ 4 ലക്ഷം ലിററർ വെള്ളം സംഭരണശേഷിയുള്ള ടാങ്ക് പണിയുകയും അതിലേക്ക് വെള്ളംപമ്പ്ചെയ്ത് തുടങ്ങുകയും ഉണ്ടായി. അതിനു താഴെയായി വാട്ടർ അഥോറിട്ടി അസിസ്റ്റന്റ് എഞ്ചിനിയർ കാര്യാലയവും പ്രവർത്തിച്ചു തുടങ്ങി. ആദ്യഘട്ടത്തിൽ പബ്ലിക് ടാപ്പുകൾ മാത്രമാണ് സ്ഥാപിച്ചത്. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 94-ഓളം പബ്ലിക് ടാപ്പുകളാണ് പ്രവർത്തിച്ചുവന്നിരുന്നത്. ഈ പൊതുടാപ്പിനായി ഇട്ടിരുന്ന കുഴലുകളാണ് ഭൂരിഭാഗം പ്രദേശത്തും ഇപ്പോഴുള്ളത്. പിന്നീട് ജനങ്ങളുടെ സഹകരണത്തോടെ പൊതുടാപ്പുകൾ വ്യാപകമാകാൻ തുടങ്ങി എന്നിരുന്നാലും ജലദൗർലഭ്യം വർദ്ധിച്ചു വരുന്നു. 1983ൽ പഞ്ചായത്തിലാദ്യമായി അഞ്ചേരി ധന്യ നഗറിനടുത്ത് ഒരു കുഴൽ കിണർ സ്ഥാപിച്ചു പൊതുപൈപ്പ്ലൈനിലേക്ക് പമ്പിങ്ങ് തുടങ്ങി ഇത് ഇപ്പോഴും പ്രവർത്തച്ചുവരുന്നു. രണ്ട് വർഷം മുൻപ് മറെറാരു കുഴൽകിണർ കുട്ടനെല്ലൂരിൽ സ്ഥാപിച്ചു. ഇപ്പോഴും പമ്പിങ്ങ് നടത്തിവരുന്നുണ്ട്. വാട്ടർ അതോറിട്ടിയുടെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അതോടൊപ്പം ജനസമ്മർദ്ദത്തിന്റേയും ഫലമായി 1988നു ശേഷം ഹൗസ് കണക്ഷനുകൾ കൊടുക്കാൻ തുടങ്ങി യാതൊരു നിയന്ത്രണവുമില്ലാതെ ഇപ്പോഴും അത് തുടരുകയാണ്.

ആദ്യ ഘട്ടത്തിൽ ഒല്ലൂർ പഞ്ചായത്തിനു വേണ്ടിയുള്ള എസ്റ്റേററിനകത്തെ വാട്ടർ ടാങ്കിലേക്കുള്ള കുഴലിലൂടെതന്നെയാണ് അവിണിശ്ശേരി പഞ്ചായ

ത്തിനും കുടിവെള്ളം എടുക്കുന്നതിനായി ഉപയോ ഗിച്ചിരുന്നത്. ഇപ്പോൾ അത് നിർത്തൽചെയ്തു. പലക്കടവിൽ നിന്നും നേരിട്ടാണ് അവർക്കാവശ്യ മായ കുടിവെള്ളം കൊടുക്കുന്നത്.

1981ൽ നിന്നും 1996ലെത്തിയപ്പോൾ ഒല്ലൂർ ഗ്രാമപഞ്ചായത്തിലാകെയായി 425 പൊതു ടാപ്പുകൾ സ്ഥാപിച്ചുകഴിഞ്ഞിരുന്നു. ഇപ്പോൾ 1629 ഹൗസ് കണക്ഷനുകളും നൽകിക്കഴിഞ്ഞിട്ടുണ്ട്.

എന്നാൽ ഇതിലേക്കാവശ്യമായ ജലം ലഭ്യമല്ലാ തായിരിക്കുകയാണ്. ഇക്കാര്യത്തിൽ വാട്ടർ അതോറി ട്ടിയുടെ ഭാഗത്തുനിന്നും തികഞ്ഞ അനാസ്ഥയാണ് വന്നിട്ടുള്ളതെന്ന് കാണാവുന്നതാണ്. ചിമ്മിനി പദ്ധതി കമ്മീഷൻചെയ്യുന്നതിനുമുൻപ് പലക്കടവിലെ പമ്പിംഗ് സ്റ്റേഷനിൽ ആവശ്യത്തിനുള്ള ജലം കിട്ടുമായിരുന്നില്ല. എന്നാൽ കഴിഞ്ഞ രണ്ടു വർഷമായി ആവശ്യത്തി ലേറെ ജലം അവിടെയുണ്ട്. എന്നിട്ടും ജലക്ഷാമം രൂക്ഷമായി വരുകയാണ്. ഇപ്പോൾ പലക്കടവിൽ നാല് പഞ്ചായത്തുകൾക്കായി (ഒല്ലൂർ, അവിണിശ്ശേരി, ചേർപ്പ്, വല്ലച്ചിറ) 60 H.P, 40 H.P. 25 H.P. എന്നീ മോട്ടോർ പമ്പുസെററുകളണ് പ്രവർത്തിക്കു2ത്. ഇപ്പോൾ ഇതിന് സ്പെയറായി (കേട് വന്നാൽ പകരം പ്രവർത്തിക്കുന്നതിനായി) 60, 60, 22 1/2 . എന്നീ മൂന്ന് പമ്പുസെററുകൾ കൂടിയുണ്ട്. ഇതിന് ആവശ്യമായി രണ്ട് ട്രാൻസ്ഫോമറുകളും ഉണ്ട്. ഇതിനു പുറമെ പല്ലിശ്ശേരിക്കുന്നിൽ ആധുനീകരീതിയിലുള്ള പുതിയ ജലശുദ്ധീകരണ പ്ലാന്റിൻെറ പണി കഴിഞ്ഞു വരുന്നു.

ഇതുവരെയുള്ള അനുഭവം വെച്ച് പരിശോധി ച്ചാൽ ഈ സ്കീം വാട്ടർഅതോറിട്ടിയുടെ അനാസ്ഥ യുടെ ഭാഗമായുള്ള പരാജയമായി മാറിയിരിക്കുക യാണ്. കടുത്ത വേനലിൽപ്പോലും (ഉദാ: കഴിഞ്ഞ വേനലിൽ) ഒന്നിൽ കൂടുതൽ പമ്പുകൾ പ്രവർത്തി പ്പിക്കാൻ കഴിഞ്ഞിരുന്നില്ല. പല കാരണങ്ങളാലാകാം ഇപ്പോഴും ഇത് തുടരുകയാണ്.

വാട്ടർ അതോറിട്ടിയുടെ മേൽപ്പറഞ്ഞ സ്കീമി ൻെറ അപര്യാപ്തത കണക്കിലെടുത്ത് പഞ്ചായത്ത് ഭരണസമിതിയുടെ പ്രയത്നഫലമായി രണ്ട് വർഷം മുൻപ് പീച്ചിയിൽനിന്നുള്ള ഒരു ചെറിയ കണക്ഷൻ നമുക്ക് ലഭിച്ചീട്ടുണ്ട്. കുട്ടനെല്ലൂർ ഹിൽ ഗാർഡനിൽ പൂർണമായും പീച്ചിവെള്ളമാണ് ലഭിക്കുന്നത്. എന്നീട്ടും നമ്മുടെ ആവശ്യത്തിനുള്ള ജലലഭ്യത ഇല്ലാതെവന്നപ്പോൾ കുട്ടനെല്ലൂർ ഔഷധിയുടെ അടുത്തും ഒല്ലൂർ പനംകുററിച്ചിറ കുളത്തിനു പുറകുവശത്തും ഒല്ലൂർ സെൻ്ററിലും എടക്കുന്നിയിലും തൈക്കാട്ടുശ്ശേരിയിലും ബോർവെല്ലുകൾ കുഴിച്ചിട്ടുണ്ട്. ഇവയെല്ലാം ഉടനെ പമ്പുസെററുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്ന നടപടികൾ തുടങ്ങി കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ വേനൽക്കാലത്ത് 48 മണിക്കൂർ മററു പഞ്ചായത്തുകൾക്കും 24 മണിക്കൂർ ഈ പഞ്ചായ ത്തിനുമെന്ന രീതിയിലാണ് കുടിവെള്ളം പലക്കടവിൽ നിന്ന് ലഭിച്ചിരുന്നത്. ഇപ്പോഴും ഒന്നിടവിട്ട ദിവസമാണ് നമുക്ക് അവിടെനിന്നും വെള്ളം ലഭിക്കുന്നത്. നിലവിലുള്ള സിസ്ററപ്രകാരം പഞ്ചായത്തിലെ പല പ്രദേശങ്ങളിലേക്കും വെള്ളം തീരെ കയറുന്നില്ല. വെള്ളത്തിൻെറ മർദ്ദകുറവും ആവശ്യത്തിൻെറ ആധിക്യവും നിമിത്തം കൃത്യമായി വിതരണം ചെയ്യാൻ കഴിയുന്നല്ല. പഴയ കുഴലുകൾ പബ്ലിക് ടാപ്പിനെ ലക്ഷ്യമാക്കിയിട്ടിരുന്നതിൽ നിന്നാണ് 1600ൽ പരം ഹൗസ് കണക്ഷനുകൾ നൽകിയിരിക്കുന്നത്. ഇതുമൂലം താഴ്ന്ന പ്രദേശങ്ങളിൽ ഉള്ളവർക്ക് മാത്രം കൂടുതൽ ജലം ലഭിക്കാനിടവരികയും ഉയർന്ന പ്രദേശത്തുള്ളവർക്ക് തീരെ കിട്ടാതെ വരികയും ചെയ്യുന്നു.

ഇനിയുള്ള വർഷങ്ങളിൽ കുടിവെള്ള പ്രശ്നം കൂടുതൽ രൂക്ഷമാവുകയാണ്. നമുക്ക് 50 ലക്ഷം ലിററർ വെള്ളമെങ്കിലും പ്രതിദിനം ആവശ്യമായിവരും. ഇത് നിറവേററുന്നതിനായി 100 H.P.യുടെ മോട്ടോർ പമ്പ്സെററ് പാലക്കടവിൽ സ്ഥാപിക്കുകയും ഇതിൻെറ ആവശ്യത്തിലേക്കായി പല്ലിശ്ശേരിക്കുന്നിലെ ശുദ്ധീകരണപ്ലാന്റിലേക്ക് പ്രത്യേകമായി പൈപ്പ് ലെയിൻ സ്ഥാപിച്ച് ദിവസം പൂർണ്ണമായും ഒല്ലൂരി ലേക്ക് മാത്രം പമ്പ് ചെയ്യണം. പഴകിയതും വണ്ണം കുറഞ്ഞതുമായ പൈപ്പുലൈനുകൾ പൊളിച്ച്മാററി പുതിയ വലിയ കുഴലുകളിടണം. പഞ്ചായത്തിലെ പല മേഖലകളിലും ഇപ്പോഴും പൈപ്പ്ലെയിനുകൾ എത്തിനോക്കിയിട്ടല്ല. (ഉദ: 15–ാം വാർഡ്) അത്തരം പ്രദേശങ്ങളിലും പൈപ്പ്ലെയിനുകൾ നീട്ടി പൊതുടാപ്പുകൾ ഇട്ടുകൊടുക്കണം. വെള്ളം കയറാൻ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഉയർന്ന പ്രദേശത്ത് കുഴൽകിണർ കുഴിച്ച് പമ്പുകൾ സ്ഥാപിക്കുക. പഞ്ചായത്തിലെ മുഴുവൻ കുളങ്ങളും ശുചീകരിച്ച് കുടിവെള്ളത്തിനായോ കുളിക്കുന്നതിനോ ഉപയോഗി ക്കാവുന്നതാണ്. പൊതുകിണറുകൾ ശുചിയാക്കി സൂക്ഷിക്കുക. ചെറിയ പുരയിടങ്ങളിൽ പാർക്കുന്ന വർക്കും കിണർകുഴിക്കാനുള്ള സാമ്പത്തിക സഹായം കൊടുക്കുക. തോടുകൾ വൃത്തിയാക്കി തടയിണകൾ സ്ഥാപിക്കുക. (അനുയോജ്യമായ സ്ഥലത്ത്) പീച്ചി ഇറിഗേഷൻ കനാലിലൂടെ വേനൽകാലാരംഭത്തിൽ വെള്ളം തുറന്നു വിടേണ്ടതാണ്.

കുട്ടനെല്ലൂർ കാച്ചേരി പ്രദേശത്തായി ഒരു വാട്ടർ ടാങ്ക് പണിയുക. അനുയോജ്യമായ മററ് ഉയർന്ന സ്ഥലങ്ങളിലും ആവശ്യാനുസരണം ടാങ്കുകൾ സ്ഥാപിക്കുക. ഓരോരുത്തരുടേയും വീട്ടു പരിസരത്ത് പെയ്യുന്ന മഴവെള്ളം അവിടെ തന്നെ താഴുന്നതിന് മനുവദിക്കുക. ഇങ്ങനെ ചെയ്താൽ വേനലിൽ

കിണറുകൾ വററിവരളില്ല. ഇപ്പോൾ പ്രവർത്തിക്കുന്ന അഞ്ചേരിധന്യനഗറിലെ കുഴൽകിണറിൽ 5 H.P. യുടെ പമ്പ്സെററ് കാര്യക്ഷമമായി പ്രവർത്തിക്കുന്നു. കുട്ടനെല്ലൂരിലെ ബോർവെൽ 5 H.P. യുടെ കാര്യക്ഷമ മായിതന്നെ പ്രവർത്തിക്കുന്നു. ആ പ്രദേശത്തേക്കുള്ള കുടിവെള്ളം പൂർണ്ണമായും ഇതിൽനിന്നാണ് ലഭിക്കുന്നത്. ഇതിനുപുറമേ പ്രവർത്തനക്ഷമമാക്കേണ്ട ബോർവെല്ലുകൾ താഴെ പറയുന്ന കപ്പാസിററി യുള്ളതാണ്.

കുട്ടനെല്ലൂർ ഔഷധിബോർവെൽ 10 H.P. പമ്പ്സെററ് പൂർണ്ണമായും പ്രവർത്തിക്കാൻ കഴിയുന്ന താണ്. പനംകുററിച്ചിറ കുളത്തിനടുത്ത ബോർവെല്ലിൽ 10 H.P. യുടെ പമ്പ്സെററ് പൂർണ്ണ സമയവും പ്രവർത്തി ക്കാൻ കഴിയുന്നതാണ്. പമ്പ്സെററ് പഞ്ചായത്ത് വാങ്ങിക്കഴിഞ്ഞു. പനംകുററിച്ചിറ സെന്ററിലെ ബോർ വെല്ലിൽ 5 H.P. യുടെ പമ്പ്സെററ് സ്ഥാപിച്ച് പ്രവർത്തിക്കാൻ കഴിയും. എടക്കുന്നി പുത്തൻകുള ത്തിനടുത്ത ബോർവെല്ലിൽ 5 H.P. യുടെ പമ്പ്സെററ് പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്. തൈക്കാട്ടുശ്ശേരി യിലെ ബോർ വെല്ലിൽ 5 H.P. യുടെ പമ്പ്സെററ് പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും വാട്ടർ അതോറിട്ടിയും തമ്മിൽ ഇപ്പോഴുള്ള ബന്ധം നല്ലരീതിയിൽ ആണെന്ന് തോന്നുന്നില്ല. പഞ്ചായത്ത് സമിതിക്ക് ഇവരുടെ മുകളിൽ യാതൊരു നിയന്ത്രണാ ധികാരവുമില്ല. പഞ്ചായത്തിലെ ഓരോ പൊതു ടാപ്പിനും വർഷത്തിൽ 885 രുപ വീതം അടക്കേണ്ട തുണ്ട്. ഇതിനു പുറമേ ഭാരിച്ച മെയിന്റ നൻസ് ചാർജ് ഓരോ വർഷവും അടക്കേണ്ടിവരുന്നു. എന്നാൽ വെള്ളമില്ലാത്ത പൊതുടാപ്പുകളും പൊട്ടിപൊളിഞ്ഞ കുഴലുകൾ ശരിയിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് താല്പര്യം കാണിക്കുന്നില്ല. ലെയിനുകളിലെ തകരാറുമൂലം (ലീക്ക് വന്ന്) ഒരുപാട് വെള്ളം ഇപ്പോഴും പാഴായിപ്പോകുന്നു. കാര്യക്ഷമമായ പ്രവർത്തനം ഡിപ്പാർട്ടുമെന്റും പഞ്ചായത്തും കൂട്ടായി കൈകാര്യം ചെയ്യേണ്ട കാര്യമാണ്. പുതുതായി ഹൗസ് കണക്ഷൻ കൊടുക്കുന്നതുപോലും പഞ്ചായത്തറിയാറില്ല. പഞ്ചായത്തിലെ ഓരോ ടാപ്പിനും നമ്പറിട്ട് അതതു പ്രദേശത്തെ ജനങ്ങൾക്കു തന്നെ സംരക്ഷണചുമതല കൊടുക്കുന്നത് നന്നായിരിക്കും. കുടിവെള്ളത്തിന്റെ പണം പിരിക്കുന്നത് വാട്ടർ അതോറിട്ടിയും ബാദ്ധ്യത ഏററെടുക്കേണ്ടി വരുന്നത് പഞ്ചയത്തിനുമാണ്. ഈ വൈരുദ്ധ്യം കൂട്ടായി ചർച്ചചെയ്ത് പരിഹാരം കാണേണ്ട സംഗതിയാണ്.

പുത്തൂർ പുഴയിൽനിന്നുള്ള വെള്ളം ലിഫ്ററ് ഇറിഗേഷൻ വഴി ഒറോംപുറം പാടശേഖരത്തി ലെത്തുന്ന സ്കീം (അട്ടകുളം) നടപ്പാക്കാൻ ശ്രമിക്കേ ണ്ടതാണ്. ഇത് കുടിവെള്ളക്ഷാമത്തിനും പരിഹാര മുണ്ടാക്കാൻ കഴിയും.

അവിണിശ്ശേരി പഞ്ചായത്തിലെ ബോട്ട്ജെട്ടി യിൽ വന്നു നില്ക്കുന്ന വെള്ളം ലിഫ്റ്റ്ഇറിഗേഷൻ വഴി ഒല്ലൂർ മേഖലയിലേക്ക് കൊണ്ടുവരാൻ കഴിയുന്ന താണ്. ഈ പ്രദേശത്തെ വെള്ളക്ഷാമത്തിന് പരിഹാര മുണ്ടാക്കാൻ സഹായിക്കുന്നതാണ്.

ഓടൻചിറയിൽ നിന്നുള്ള വെള്ളം കനാൽ വഴിയോ ലിഫ്ററ് ഇറിഗേഷൻ വഴിയോ തൈക്കാട്ടു ശ്ശേരി ഭാഗത്ത് എത്തിക്കേണ്ടതാണ്. 13, 14, 15 വാർഡു കളിലെ ജലക്ഷാമത്തിനൊരു പരിഹാരം ഉണ്ടാക്കാൻ കഴിയുന്നതാണ്. ഇതിനുപുറമെ, പഞ്ചായത്ത് നിയന്ത്ര ണത്തിൽ സ്വതന്ത്രമായൊരു ശുദ്ധജലവിതരണ പദ്ധതി കൊണ്ടുവരേണ്ടതാണ്. പഞ്ചായത്തിന് മാത്ര മായി പാലക്കടവിൽ പ്രത്യേക പമ്പുസെററും പമ്പിങ്ങ് മെയിനും, ഫിൽട്ടർ പ്ലാന്റ് മുതലായവ പല്ലിശ്ശേരി കുന്നിലും അവിടെനിന്ന് ഒല്ലൂർ ഇൻഡസ്ട്രിയൽ എസ്റ്റേററിൽ നിർമ്മിച്ചിട്ടുള്ള O.H. ടാങ്കിലേക്ക് ഗ്രാവിററി മെയിനും സ്ഥാപിക്കുക. എസ്റ്റേററിലെ 4 ലക്ഷം ലിററർ ടാങ്ക് 50 ലക്ഷം ലിററർ കപ്പാസിററി യുള്ളതാക്കുക.

ഇപ്പോഴുള്ള പദ്ധതിയുടെ പമ്പുസെററുകൾ കുഴപ്പം കൂടാതെ പ്രവർത്തിക്കുന്നതിന് 200 K.V.A ട്രാൻസ്ഫോർമർ രണ്ടെണ്ണം സ്ഥാപിക്കുക. നിലവി ലുള്ള 95 Sqmm - L.T. കേബിൾമാററി 150 Sqmm സ്ഥാപിക്കുക. ബൂസ്റ്റർ ട്രാൻസ്ഫോർമർ ഒരെണ്ണം കൂടി സ്ഥാപിക്കുക.

കുഴൽകിണറുകളുടെ കപ്പാസിററി അനുസരിച്ചുള്ള ടാങ്കുകൾ കെട്ടി പൈപ്പ്ലൈൻ സ്ഥാപിച്ച് വിതരണം ചെയ്യുക.

**കുടിവെള്ളം – ഗ്രാമസഭ നിർദ്ദേശങ്ങൾ**

ഒല്ലൂർ പള്ളിപരിസരത്ത് പൈപ്പുകളിൽ വർഷക്കാ ലത്തുപോലും വെള്ളം കിട്ടാത്ത സ്ഥലങ്ങളുണ്ട്. ഒല്ലൂ രിൽ ഏററവും ഉയർന്ന പ്രദേശമായ ഇവിടെ വാട്ടർടാങ്ക് കെട്ടി ശുദ്ധജലം നല്കണം. 2 കുളങ്ങളിൽ 1 ശുദ്ധ ജലവിതരണത്തിനായി ഉപയോഗിക്കാവുന്നതാണ്.

അഞ്ചേരി പ്രദേശത്ത് ഒരു വാട്ടർടാങ്ക് നിർമ്മിച്ച് ശുദ്ധജലക്ഷാമം പരിഹരിക്കുക. ആൻസി റോഡ്, ടാഗോർ റോഡ്, മിനി സ്റ്റേഡിയത്തിന് മുൻവശത്തുള്ള റോഡ്, ന്യൂ ജവഹർ റോഡ്, മേയ്ക്കാട്ടുകുളം സ്ട്രെയ് തുടങ്ങിയ റോഡുകളിൽ ടാപ്പുകൾ വെക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

തിരുത്തൂർ ടെമ്പിൾ റോഡ്, തിരുപ്പാട് റോഡ്, ചെറുവഴികൾ വെള്ളത്തിന് ബുദ്ധിമുട്ടുണ്ട്. ഉയർന്ന പ്രദേശത്തും വെള്ളം എത്തുന്നില്ല. പീച്ചി വെള്ളം ഉപയോഗിക്കുന്ന കുർക്കഞ്ചേരി പഞ്ചായത്തിന് ഒരു കണക്ഷൻ (ബൗണ്ടറി കണക്ഷൻ) മൂന്നാം വാർഡി ലേക്ക് കണക്ട് ചെയ്താൽ വേണ്ടത്ര വെള്ളവും പ്രെഷറും ഉണ്ടാവും. പഞ്ചായത്തുകുളം സുരക്ഷിത

മാക്കി കുടിവെള്ളത്തിന് ഉപയോഗിക്കാവുന്നതാണ്. പ്രൊജക്ട് റിപ്പോർട്ട് നല്കിയിട്ടുണ്ട്. 4–ാം വാർഡിൽ ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടി വെള്ളം ലഭിക്കുമാറാക്കണം. ബൗണ്ടറി കണക്ഷൻ എടുക്കുന്നതിനുവേണ്ട സഹായം ചെയ്തുതരണം. വളർക്കാവ് അമ്പലനടയിൽ കുഴൽകിണർ കുഴിച്ച് ടാങ്ക് കെട്ടി വെള്ളം വിതരണം ചെയ്യണം. പുതുതായി 10 ടാപ്പുകൾ കൂടി സ്ഥാപിക്കണം. മരിയാപുരം ഭാഗത്ത് ടാങ്ക് സ്ഥാപിക്കണം. ആവശ്യമുള്ള വീട്ടുകാർക്ക് ഹൗസ്കണക്ഷൻ കൊടുക്കണം. കോതറകുളം, പണ്ടാരകുളം, പുത്തൻകുളം തുടങ്ങിയവ നന്നാക്കി കുടിവെള്ളത്തിന് ഉപയോഗിക്കാവുന്നതാണ്.

ധന്യാ നഗറിലെ 5 എച്ച്.പി. മോട്ടോർ മാററി 10 എച്ച്.പി. വെച്ചാൽ നന്നായിരിക്കും. അഞ്ചേരി പോസ്റ്റോഫീസിനടുത്ത് തൈക്കൂട്ട് വഴിയിൽ സൊസൈററി റോഡിൽ പുത്തൻകുളത്തിനടുത്ത് അഞ്ചേരിക്കാവ് വഴിയിൽ മാരിയമ്മൻ കോവിൽ പരിസരം, യുവതാര സ്ട്രീററ്, മിനി സ്റ്റേഡിയത്തിനടുത്ത് മരിയാപുരം സ്കൂൾ ഭാഗം, മരിയാപുരം ബീഡിതെരുപ്പുവഴി, കലാഭവൻ റോഡ്, അഞ്ചേരി മോസ്കോ റോഡിലെ മണപ്പെട്ടി രാജേന്ദ്രന്റെ വഴി തുടങ്ങിയ സ്ഥലങ്ങളിൽ ലൈൻ ഇ ടാപ്പ് വേണം. അഞ്ചേരി ചിറ മഠത്തിനടുത്ത ടാപ്പിൽ ഒരിക്കലും വെള്ളം കിട്ടുന്നില്ല. അത് ഇറക്കിവെക്കുകയോ കുട്ടനെല്ലൂർ ഭാഗത്തുനിന്നുള്ള കണക്ഷനുമായി ബന്ധിപ്പിക്കുകയോ ചെയ്യേണ്ടതാണ്. വർഷത്തിൽ 4 മാസത്തോളം താഴെ പറയുന്ന സ്ഥലങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. കരുണ ലൈനിൽ ഇ.എസ്.ഐ ക്വാർട്ടേഴ്സ് തോട്ടപ്പടി വഴി അണ്ടിക്കമ്പനി പരിസരം, കാച്ചേരി ആണിക്കമ്പനി പരിസരം, കണ്ടോളി അമ്പലത്തിന് തെക്കുവശം, നടത്തറ പാലം ഇതിന് പരിഹാരമുണ്ടാക്കുന്നതിനായി ഏററവും ഉയർന്ന കേച്ചേരി ഭാഗത്ത് ഓവർഹെഡ് ടാങ്ക് കെട്ടി മേൽപ്പറഞ്ഞ സ്ഥലങ്ങളിലേക്ക് കുടിവെള്ളം എത്തിക്കണം.

K.S.K.B.S പടവരാട്, K.E.S.S., ഹൈസ്കൂളിന് പുറകുവശത്തെ പുറമ്പോക്കിലുള്ളവർ മിച്ചഭൂമിയിൽ താമസിക്കുന്നവർ, മല്ലാൻ കമ്പനിയുടെ സൈഡിൽ താമസിക്കുന്നവർ പടവരാട് പള്ളിയുടെ വശങ്ങളിലെ പുറമ്പോക്കിൽ താമസിക്കുന്നവർ, കുട്ടനെല്ലൂർ ഭഗവതി ക്ഷേത്ര പരിസരത്തുള്ളവർ തുടങ്ങിയവർക്ക് കഠിനമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ഇതിനുള്ള പരിഹാര നിർദ്ദേശങ്ങൾ.

പടവരാട് കള്ള് ഷാപ്പിന് മുൻവശത്തുള്ള ടാപ്പ് അല്പം മാററി സ്ഥാപിക്കണം. കുടിയാന്മാരുടെ ശല്ല്യമുണ്ട്. K.S.K.B സ്കൂൾ പരിസരത്ത് ഒരു ടാപ്പ് കൂടി സ്ഥാപിക്കണം. പടവരാട് ആശാഭവൻ സ്കൂളിനടുത്തുള്ള പൈപ്പ് ലൈൻ വർഷങ്ങളായി പൊട്ടി വെള്ളം ഒലിച്ചുപോയിക്കൊണ്ടിരിക്കുന്നു. ടാപ്പിൽ അതുകൊണ്ട് വെള്ളമെത്തുന്നില്ല. ഇത് ശരിയാക്കണം. പടവരാട് KESS ലേക്ക് ഏകദേശം 200 മീററർ പൈപ്പ് വലിച്ചാൽ കുടിനീർക്ഷാമം ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും.

കുട്ടനെല്ലൂർ ഭഗവതി ക്ഷേത്രത്തിന്റെ കിഴക്കു ഭാഗത്ത് പൈപ്പുണ്ടെങ്കിലും വടക്കുഭാഗത്ത് പൈപ്പ് ഇല്ല. പൈപ്പ് ലൈൻ ഹൈവേയിൽ നിന്നും ഇടുവാനുള്ള അനുവാദം തരുവാൻ ദേവസ്വം തയ്യാറാണ്. അതുകൊണ്ട് ആ പൈപ്പ് ലൈൻ ഇട്ട് അമ്പലത്തിന്റെ വടക്കുഭാഗത്തുള്ളവരുടെ കുടിനീർ ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്. കുട്ടനെല്ലൂരിന്റെ പുറകുവശത്തുള്ള ഒരൊററവീട്ടിലും കുടിവെള്ളം ലഭിക്കുന്നില്ല. കുട്ടനെല്ലൂർ പടവരാട് റോഡിൽ നിന്നും പൈപ്പ് വലിച്ചാൽ ഈ ഭാഗത്ത് കുടിനീർക്ഷാമം ഒരു പരിധിവരെ തീർക്കാൻ കഴിയുന്നതാണ്.

ഇളംതുരുത്തിയിൽ ചെന്നുചേരുന്ന വഴിയിൽ രണ്ട് ടാപ്പുകൾ മാത്രമേ ഉള്ളൂ. ഈ വഴിയിൽ ഒരു ടാപ്പുകൂടി സ്ഥാപിക്കണം.

കുട്ടനെല്ലൂരിലെ കനാലിൽ 3 വർഷമായി പീച്ചിയിൽ നിന്നുള്ള വെള്ളം വിട്ടുകിട്ടിയാൽ കിണറുകളിൽ വെള്ളമുണ്ടാകുന്നതാണ്. ഉയർന്ന സ്ഥലത്ത് ഓവർ ഹെഡ്ഡ് ടാങ്ക് നിർമ്മിച്ച് കുഴൽ കിണറിൽ നിന്നും വെള്ളമടിച്ച് വിതരണം ചെയ്യാവുന്നതാണ്.

പനംകുററിച്ചിറ, ചീരാച്ചികുളം വൃത്തയിയാക്കി വെള്ളം ശുദ്ധീകരിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുക. കുഴിച്ച് കിടക്കുന്ന ബോർവെല്ലുകൾ പൈപ്പ് ലൈനിലേക്ക് ബന്ധിപ്പിക്കണം.

പനംകുററിച്ചിറ തോട്ടിൽ വേനൽക്കാലത്ത് പീച്ചിയിൽ നിന്നുള്ള വെള്ളമെത്തിച്ച് സമീപപ്രദേശത്തെ കുടിനീർക്ഷാമം പരിഹരിക്കുക. കുടിവെള്ളം എത്തിക്കുന്നതിനായി റെയിൽവേ കുന്നത്ത് പൊതുവാട്ടർ ടാപ്പ് വേണം. സെന്റ് ആന്റണീസ് റോഡിലും, സെന്റ് സെബാസ്റ്റ്യൻ റോഡിലും ടാപ്പ് വേണം. പൊതുലൈനിലെ അററകുററപണി തീർക്കണം.

പുത്തൻകുളം നന്നാക്കണം. പുത്തൻ കുളത്തിനടുത്തെ ടാപ്പ് നന്നാക്കണം. കിണറില്ലാത്തവർക്ക് കിണറുണ്ടാക്കാൻ സാമ്പത്തികസഹായം ചെയ്തുകൊടുക്കണം. കാലങ്ങളായി ഇടിഞ്ഞുപോകുന്ന കിണറുകൾ നന്നാക്കാനും കൂടുതൽ കുഴിക്കാനും സഹായം നൽകണം.

എടക്കുന്നി ഭാഗത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമമുണ്ട്. വാർഡിൽ 23 റോഡുകളുണ്ട്. 10 ടാപ്പുകളേ

ഉള്ളു. ടാപ്പുകൾ ലൈനിട്ട് വർദ്ധിപ്പിക്കണം. അഞ്ചേരി വരെയുള്ള പീച്ചി കണക്ഷൻ നീട്ടണം. മൂർക്കനാട് അമ്പലം വഴി, ബേക്കറി പള്ളി കോളനി വഴി ഇ.എസ്.ഐ ലക്ഷം വീട്, മഹാത്മാഗാന്ധി റോഡ് തുടങ്ങിയ സ്ഥലത്ത് കുഴൽകിണറുകൾ വേണം.

കുരിച്ചേരികുളമോ, മൂർക്കനാട്ടുകുളമോ നന്നാക്കി ശുദ്ധജല ഉപയോഗത്തിന് ശരിയാക്കാവുന്നതാണ്.

ഒല്ലൂർ – തൈക്കാട്ടുശ്ശേരി, തലോർ – തൈക്കാട്ടുശ്ശേരി എന്നീ റോഡുകളി ലുള്ള പഞ്ചായത്ത് കിണറുകളും ലക്ഷം വീടുകളിലെ ഓരോ കിണറുകളും ശുദ്ധീകരിക്കണം. പൈപ്പുകളുടേയും വലുപ്പം കൂട്ടണം. തൈക്കാട്ടുശ്ശേരി പ്രദേശത്ത് മൊത്തത്തിൽ അനുഭവപ്പെടുന്നു. കുടിവെള്ളക്ഷാമത്തിന് പരിഹാരമുണ്ടാക്കണം.

നായ്ക്കൻ കുന്ന് പരിസരം, അമ്പല പരിസരം, പള്ളി പരിസരം റെയിൽവേ ലൈനിനിരുവശം മുതലായ സ്ഥലങ്ങളിൽ ക്ഷാമം രൂക്ഷമാണ്. റെയിൽവേ ലൈനിന് സമീപം, പള്ളിയുടെ മുൻവശം തൈക്കാട്ടുശ്ശേരി അമ്പലം, പള്ളി എന്നിവയുടെ പിൻവശം മുതലായ സ്ഥലങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കണം. നിലവിലുള്ള കുടിവെള്ളവിതരണ സംവിധാനം കാര്യക്ഷമമാക്കണം. തിരുവാഞ്ചിറക്കുളം വൃത്തിയാക്കി ശുദ്ധജലവിതരണത്തിന് യോഗ്യമാക്കുക. ആവശ്യമായ സ്ഥലത്ത് കുഴൽകിണർ സ്ഥാപിക്കുക – (നായ്ക്കാൻകുന്ന്) ഹൗസ് കണക്ഷനനുസരിച്ച് ജലവിതരണം വർദ്ധിപ്പിക്കുക. കേടുകൾ തീർക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് കർക്കശ നിർദ്ദേശം കൊടുക്കുക. കുഴൽകിണർ നിർമ്മിക്കാൻ പഞ്ചായത്തിന് സ്ഥലം നൽകാൻ തയ്യാറുള്ളവർക്ക് പഞ്ചായത്ത് ചിലവിൽ കുഴൽകിണർ നിർമ്മിച്ച് നല്കുക.

തൈക്കാട്ടുശ്ശേരി പനയംപാടം ഭാഗത്ത് ഒരു ബോർവെൽ സ്ഥാപിച്ചിട്ടുണ്ട്. അതിൽ മോട്ടോർ ഫിററ് ചെയ്ത് കാട്ടുകുഴി, തൈക്കാട്ടുശ്ശേരി ഭാഗത്ത് പൈപ്പ് ലൈൻ ഇടുകയാണെങ്കിൽ ആ പ്രദേശക്കാർക്ക് കുടിവെള്ളം നൽകാൻ കഴിയും. കൂടാതെ 15–ാം വാർഡ് നാലുസെന്റ് മിച്ചഭൂമിയിൽ കുറച്ച് സ്ഥലം ബാക്കിയുണ്ട്. അതിൽ ഒരു ടാങ്ക് കെട്ടി നാലുസെന്റിനു താഴെ പനയംപാടം റോഡിലുള്ള ചാം പൈപ്പിൽ സമൃദ്ധിയായി വെള്ളമുണ്ട്. ആ വെള്ളം പമ്പ് ചെയ്താൽ പനയംപാടം മുഴുവൻ വെള്ളം സുലഭമാക്കാൻ കഴിയുമെന്നതാണ് വിശ്വാസം. അതിന് പരിഹാരം ഉണ്ടാക്കണം. കൂടാതെ നെന്മണിക്കര പഞ്ചായത്തിന്റെ അതിർത്തിയിൽ 40 വീടുകളുണ്ട്. അവിടെ റെയിൽവെ കുന്നാണ്. അവരുടെ റോഡിനരുകിൽ ആയതിനാൽ നെന്മണിക്കര പഞ്ചായത്തിന്റെ സഹകരണത്താൽ വാട്ടർ സപ്ലൈയുടെ അനുമതിയോടുകൂടി കുറച്ചു സ്ഥലത്തേക്ക് പൈപ്പ് നീട്ടി കിട്ടുന്നതിന് ഒല്ലൂർ പഞ്ചായത്ത് വഴി ശ്രദ്ധ ചെലുത്തണം. അല്ലെങ്കിൽ ഒരു കുഴൽകിണർ സ്ഥാപിച്ച് കൊടുക്കേണ്ടതാണ്. 13–ാം വാർഡിലെ റെയിൽവേഗേററ് പ്രദേശം വരെ പൈപ്പ് ലൈൻ വന്ന് കിടക്കുന്നുണ്ട്. ഏകദേശം 300 മീററർ നീട്ടിയാൽ 15–ാം വാർഡിലെ ആശാരികുന്ന് പരിസരത്തെ കുടിവെള്ളപ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരമുണ്ടാക്കാവുന്നതാണ്.

ഒല്ലൂർ പഞ്ചായത്ത് കുടിവെള്ള ശ്രോതസ്സുകൾ

| കുളം | പൊതുകിണർ | പമ്പ് | ബോർവെൽ | പൊതുടാപ്പ് | ഹൗസ് കണക്ഷൻ |
|---|---|---|---|---|---|
| 21 | 15 | 5 | പ്രവർത്തിക്കുന്നത് 2<br>പ്രവർത്തനക്ഷമമാക്കണ്ടത് 5 | 425 | 1629 |

# പൊതുജനാരോഗ്യം

ഏതൊരു രാജ്യത്തിൻെറയും പുരോഗതി ആ രാജ്യത്തെ ജനങ്ങളുടെ ആരോഗ്യവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ആഗോളരംഗത്ത് വികസിത രാജ്യങ്ങളുടെ ആരോഗ്യനിലവാരത്തിലേക്ക് നാം ഉയർന്ന് വന്നിരിക്കുന്നു. ഭാരതത്തിലെ ജനന നിരക്കിൽ ഏറ്റവും കുറവ് ഇവിടെയാണ്. മരണനിരക്ക് ഏറ്റവും കുറവ് ഇവിടെയാണ്. ആയുർദൈർഘ്യത്തിൻെറ കാര്യത്തിലും അഖിലേന്ത്യനിലവാരത്തിൽ നിന്നു വളരെ ഉയർന്ന നിലവാരമാണ് നമ്മുടേത്. ഇവിടെ എണ്ണൂറ് പേർക്ക് ഒരു ഡോക്ടർ വീതമുണ്ട്. കേരളത്തിലെ സാമൂഹ്യസാംസ്ക്കാരിക രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇക്കാര്യത്തിൽ കാര്യമായി സംഭാവന ചെയ്തിട്ടുണ്ട്.

| രാജ്യം | സാക്ഷരത | ആയുർ ദൈർഘ്യം | ശിശു മരണം 1000ന് | സ്ത്രീകളുടെ പ്രസവ o% |
|---|---|---|---|---|
| അമേരിക്ക | 96% | 75 | 10 | 1.8 |
| കേരള | 95% | 70 | 18 | 2.2 |
| ഇന്ത്യ | 52% | 58 | 90 | 4.2 |
| പിന്നോക്ക രാജ്യങ്ങൾ | 56% | 60 | 70 | 3.8 |

ആയുർവേദ നാട്ടുചികിത്സരംഗത്ത് വളരെയേറെ പാരമ്പര്യം നമുക്കുണ്ട്. മിഷ്യനറി പ്രവർത്തനവും ഇംഗ്ലീഷ് വിദ്യാഭ്യാസവും അലോപതി സമ്പ്രദായത്തെ സാർവത്രികമാക്കാൻ സഹായിച്ചു. സംസ്ഥാനരൂപീകരണത്തിന് ശേഷം അധികാരത്തിൽ വന്ന സർക്കാരുകൾ ആരോഗ്യ പരിപാലനകാര്യ ത്തിൽ കാര്യമായി ശ്രദ്ധിച്ചിരുന്നു. ഈ രംഗത്ത് സർക്കാർ ഗണ്യമായ പണം ചെലവഴിക്കാനും തുടങ്ങി. സാർവ്വത്രികവും സൗജന്യവുമായ ചികിത്സാ സമ്പ്രദായം രൂപപ്പെട്ടുവന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ചികിത്സാരംഗത്ത് നൂറ്റാണ്ടുകളായി പ്രവർത്തിച്ചുവന്ന ഒരു വലിയസ്ഥാപനമുണ്ടായിരുന്നു. ബ്രിട്ടീഷ് സർക്കാരിൽ നിന്നും വൈദ്യരത്നം ബഹുമതി നേടിയ സർവ്വശ്രീ E.T നാരായണമൂസിൻെറ വകയായുള്ള വൈദ്യരത്നം ആയുർവ്വേദാശുപത്രി കഴിഞ്ഞ 50 വർഷമായി വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ ഇതോടനുബന്ധിച്ച് ആയുർവ്വേദ കോളേജും പ്രവർത്തിക്കുന്നുണ്ട്. ആയുർവ്വേദ രംഗത്ത് പ്രശംസനീയപ്രവർത്തനം കാഴ്ചവെച്ച് പത്മശ്രീ ലഭിച്ച ശ്രീ E.T. നീലകണ്ഠമൂസ്സാണ് ഇതിൻെറ പുരോഗതിക്കുവേണ്ടി അക്ഷീണം പ്രവർത്തിച്ചുവരുന്നത്. ആയുർവ്വേദ വിഷചികിത്സാരംഗത്ത് സർക്കാർ തലത്തിൽ 1930 മുതൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനം എടക്കുന്നിയിൽ വാടകക്കെട്ടിടത്തിൽ ഇപ്പോഴും പ്രവർത്തിക്കുന്നു. മൂന്ന് ജീവനക്കാർ മാത്രം അടങ്ങുന്ന ഈ സ്ഥാപനം വികസനം മുരടിച്ചു നിൽക്കുകയാണ്. സംസ്ഥാനത്തിലെ സർക്കാർതല ഏറ്റവും വലിയ ആയുർവ്വേഔഷധനിർമ്മാണ ശാല. "ഔഷധി" കുട്ടനെല്ലൂർ കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. ഇതിനു പുറമെ പ്രൈവറ്റ് പ്രാക്ടീസ് നടക്കുന്ന ആയുർവ്വേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്.

അലോപതിരംഗത്തെ ആദ്യപ്രവർത്തനം തുടങ്ങിയത് 1950ൽ ഒല്ലൂർ പള്ളിയോടനുബന്ധിച്ച് തുടങ്ങിയ സെൻറ് വിൻസെൻറിപോൾ പൂവ്വർ ഡിസ്പെൻസറിയാണ്. പിന്നീട് അറുപതുകളിൽ ഒല്ലൂർ പ്രൈമറി ഹെൽത്ത് സെൻറർ സർക്കാർ തലത്തിൽ ആരംഭിച്ചു. ഇപ്പോൾ സെൻറ് വിൻസെൻറിപോൾ ആശുപത്രിയും ഹോളിഫാമിലി ആശുപത്രിയും E.S.I ഡിസ്പെൻസറികൾ എടക്കുന്നിയിലും കുട്ടനെല്ലൂരിലും ഓരോന്ന് പ്രവർത്തിക്കുന്നു. ഇതിന് പുറമെ മറ്റുസ്വകാര്യ നഴ്സിങ്ങ്ഹോമുകളും പ്രൈവറ്റ് പ്രാക്ടീസുകളും നടക്കുന്നുണ്ട്. ഇതിനെല്ലാം പുറമെയാണ് നമ്മുടെ തൊട്ടടുത്ത് പ്രവർത്തിക്കുന്ന തൃശ്ശൂർ ജില്ലാആശുപത്രിയും മെഡിക്കൽ കോളേജും നമ്മുടെ പഞ്ചായത്തിലെ വലിയ വിഭാഗം ജനങ്ങളും ഈ സ്ഥാപനങ്ങളിൽ നിന്നുള്ള ചികിത്സാസേവനം നേടുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ പാരമ്പര്യ വൈദ്യവും നിലനിന്നിരുന്നു. പ്രശസ്ഥരായ പല

വൈദ്യരും ഇവിടെയുണ്ടായിരുന്നു. സർക്കാർ തല പാരമ്പര്യവൈദ്യർക്കുള്ള ഒന്നുരണ്ട് പേരുടെ ശംബളം പഞ്ചായത്ത് വഴി ഇപ്പോഴുംകൊടുക്കുന്നുണ്ട്.

ഹോമിയോരംഗത്ത് സർക്കാർ തലത്തിലുള്ള ഒരു ഡിസ്പെൻസറി പോലും നമ്മുടെ പഞ്ചായത്തിലില്ല. ഒരെണ്ണം അനിവാര്യമാണ്. പ്രൈവറ്റായി പല ഹോമിയോ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്. കാന്തചികിത്സാസമ്പ്രദായം അഞ്ചേരി മരിയാപുരം മലബാർ മിഷ്യൻ ഹോമിൽ ഈയടുത്തകാലത്ത് ആരംഭിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ പ്രധാന സർക്കാർ ആശുപത്രിയായ ഒല്ലൂർ പ്രൈമറി ഹെൽത്ത് സെൻറർ പഞ്ചായത്ത് വ്യാപകമായി പ്രവർത്തിക്കുന്നു. ഇവിടെ ഒരു ഗൈനക്കോളജിസ്റ്റ് അടക്കം മുന്ന് ഡോക്ടർമാരും ബന്ധപ്പെട്ട് മുപ്പതോളം ആശുപത്രിജോലിക്കാരും അഞ്ച് ഓഫീസ് ജീവനക്കാരുമുണ്ട്. ഇതിൻെറ സബ്ബ്സെൻററുകളായി പ്രവർത്തിക്കുന്ന പ്രാഥമിക കുടുംബക്ഷേമ കേന്ദ്രങ്ങളായി അഞ്ചേരി, ചിയ്യാരം, പെരുവാംകുളങ്ങര, വളർക്കാവ്, കുരിയച്ചിറ എന്നിവടങ്ങളിൽ പ്രവർത്തിക്കുന്നു. ഇതിൽ അഞ്ചേരി, ചിയ്യാരം തുടങ്ങിയ സെൻററുകൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. വളർക്കാവ്, കുരിയച്ചിറ, പെരുവാംകുളങ്ങര സെൻററുകൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിനുപുറമെ തൈക്കാട്ടുശ്ശേരിയിൽ അവിണിശ്ശേരി പ്രാഥമിക കേന്ദ്രത്തിൻെറ സബ്ബ്സെൻറർ കൂടി പ്രവർത്തിക്കുന്നുണ്ട്.

1996 ജനുവരിയിൽ ദേശീയ പോളിയോ നിർമ്മാർജ്ജനപരിപാടി അനുസരിച്ച് രണ്ടുദിവസങ്ങളിലായി പഞ്ചായത്തിലെ മൂന്നുവയസിനു താഴെയുള്ളത് മുഴുവൻ കുട്ടികൾക്കും പോളിയോ വാക്സിൻ കൊടുക്കുകയുണ്ടായി.

| | |
|---|---|
| a.ഒരുവയസിനുതാഴെപ്രായമുള്ളകുട്ടികൾ | 478 |
| b. 1- 2 വയസ്സുവരെയുള്ള കുട്ടികൾ | 419 |
| c. 2 - 3 വയസ്സുവരെയുള്ള കുട്ടികൾ | 435 |
| d. 3 - 5 വയസ്സുവരെയുള്ള കുട്ടികൾ | 797 |

ഒല്ലൂർ ഗ്രാമപഞ്ചായത്തിലെ കുട്ടികളുടെ കണക്ക്

1995ൽ 5448 ബ്ലഡ്ടെസ്റ്റ് നടത്തിയിൽ നിന്നും 50 മലേറിയ കേസുകൾ കണ്ടെത്തുകയുണ്ടായി - 1996ൽ 5805 പേരെ പരിശോധിച്ചു. 35 മലേറിയ ബാധിച്ചവരെ കണ്ടെത്തി. പഞ്ചായത്ത്തല പ്രൈമറി V.P ഹൈസ്ക്കൂൾതലങ്ങളിൽ കുട്ടികളെ പരിശോധന നടത്തി വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നുണ്ട്. 1995-96ൽ 15000 പേരെ പരിശോധിച്ച് അഞ്ച് കുഷ്ഠരോഗം ബാധിച്ചവരെ കണ്ടെത്തി. നിലവിലുള്ള 73 രോഗികളിൽ 69 പേർ രോഗവിമുക്തരായി. 1996ൽ 18000 പേരെ പരിശോധിച്ച് രണ്ട് കുഷ്ഠരോഗം ബാധിച്ചവരെ കണ്ടെത്തി. നിലവിലുണ്ടായിരുന്ന ഒമ്പത് രോഗികളിൽ അഞ്ചുപേർ രോഗവിമുക്തരായി. 95-96ൽ കുടുംബക്ഷേമപരിപാടിയുടെ ഭാഗമായി 225 വന്ധീകരണ ശസ്ത്രക്രിയ നടത്തുകയുണ്ടായി. 1996 ഒക്ടോബർ വരെ 81 ശസ്ത്രക്രിയയാണ് നടത്തിയിരിക്കുന്നത്.

**ഒല്ലൂർ പ്രൈമറി ഹെൽത്ത് സെൻെററിൽ നിന്നുള്ള 1994-95-96ലെ രോഗവിവരം**

| വർഷം | ഇൻ പേഷ്യൻറ് | ഔട്ട് പേഷ്യൻറ് | ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധികൾ | മറ്റു രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|
| 1994-95 | 549 | 22493 | 146 | 309 | 5791 | 16796 | 23042 |
| 1995-96 | 513 | 26613 | 1455 | 461 | 5507 | 19703 | 27126 |

**ജലജന്യ രോഗങ്ങൾ വലിയവർദ്ധനവുണ്ടായി**

| | |
|---|---|
| 1994-95 | 1978 |
| 1995-96 | 6163 |

പ്രായാടിസ്ഥാനത്തിലുള്ള ദമ്പതിമാർ

| | |
|---|---|
| 15 - 19 | 108 |
| 20 - 24 | 1245 |
| 25 - 29 | 1160 |
| 30 - 34 | 826 |
| 35 - 39 | 836 |
| 40 - 44 | 429 |

| |
|---|
| ഒരുവയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ478<br>പ്രതിരോധ കുത്തിവെപ്പു നടത്തിയത് 456<br>ഗർഭിണികൾ 269<br>മുലയൂട്ടുന്ന അമ്മമാർ 182 |

| **അമ്മമാരുടെ എണ്ണം ജീവിച്ചിരിപ്പുള്ള കുട്ടികളുടെ അടിസ്ഥാനത്തിൽ** | | |
|---|---|---|
| a - | 1 കുട്ടി | 961 |
| b - | 2 കുട്ടികൾ | 1659 |
| c - | 2ൽ കൂടുതൽ | 2413 |

| **കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)** | | |
|---|---|---|
| a - | 1 കുട്ടി | 228 |
| b - | 2 കുട്ടികൾ | 1266 |
| c - | 2ൽ കൂടുതൽ | 2413 |

ഒല്ലൂർ പ്രൈമറി ഹെൽത്ത് സെൻററിൽ ചിലപോരായ്മകളും ഇപ്പോൾ ഉണ്ട്. മൂന്ന് മെഡിക്കൽ ആഫീസർമാരിൽ ഒരാൾക്കാണ് ക്വാർട്ടേഴ്സ് ഉള്ളത്. ലെപ്രസി വിഭാഗത്തിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ടി ഒരു E.T സെൻറർ ആവശ്യമാണ്. ഡോക്ടർമാർക്കും നേഴ്സ്മാർക്കും വേണ്ടി ഓരോ ഡ്യൂട്ടിറൂം ഒരു ലാബ് റൂമും ലേഡി ഹെൽത്ത്സൂപ്പർ വൈസറിന് ഒരു റൂമും മരുന്ന് സൂക്ഷിക്കുന്നതിന് ഒരു സ്റ്റോർ, കോൺഫറൻസ് ഹാൾ (50 പേർക്ക് ഇരിക്കാവുന്നത്) എന്നിവ അത്യാവശ്യം വേണ്ടതാണ്. ഔട്ട്പേഷ്യൻറിനും മെയിൽ വാർഡിനും ഓരോ ബാത്ത്റൂം വീതം ആത്യാവശ്യമാണ്. ഈ സ്ഥാപനത്തിലെ എല്ലാകെട്ടിടങ്ങൾക്കും ക്വാർട്ടേഴ്സിനും അറ്റകുറ്റപണികൾ നടത്തണം ഈ സ്ഥാപനത്തിലേക്കായി ഇരുവശവും കാനകളോട് കൂടി ഒരപ്രോച്ച്റോഡും വളരെ അത്യാവശ്യമാണ്. ഇതൊടൊപ്പം വാട്ടർ കണക്ഷനും കിട്ടേണ്ടതാണ്. ഇപ്പോൾ വെള്ളമടിക്കുന്ന പമ്പ് കേട്വന്നിരിക്കുകയാണ്.

പെരുവാംകുളങ്ങര, വളർക്കാവ്, കുരിയച്ചിറ എന്നീ സബ്സെൻററുകൾക്ക് ഓരോമുറികൾ വാടകക്ക് എടുത്താണ് പ്രവർത്തിക്കുന്നത്. ഈ മുന്ന് സ്ഥലങ്ങളിലും കെട്ടിടമുണ്ടാക്കിത്തരണം. മറ്റ് രണ്ട് സബ്ബ്സെൻററുകൾ അറ്റകുറ്റപണികൾ നടത്തണം. ഡീസലിന് ഇപ്പോൾ അനുവദിച്ചുതരുന്നതായ തുക വർദ്ധിപ്പിച്ചുതരേണ്ടതാണ്.

ചികിത്സാസൗകര്യങ്ങൾ വർദ്ധിച്ചിട്ടുണ്ടെങ്കിലും രോഗാദുരതകൂടുകയാണ്. ചികിത്സാചെലവുകൾ വർദ്ധിച്ചുവരുന്നു. കുടുംബവരുമാനത്തിൻെറ നല്ലൊരു പങ്ക് ചികിത്സക്കായി മാറ്റിവെക്കേണ്ടി വരുന്നു. പകർച്ചവ്യാധികൾ വീണ്ടും മഹാമാരികളായി രംഗത്ത് വരുന്നു. ഇതെല്ലാം നമ്മുടെ അപര്യാപ്തതയെയാണ് കാണിക്കുന്നത്.

ഒല്ലൂർ പ്രാഥമിക ആരോഗ്യകേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെൻററാക്കി ഉയർത്തണം (CHC ദുർബ്ബല വിഭാഗങ്ങളുടെ ആരോഗ്യ ഉന്നമനത്തിനായാണ് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ഗ്രാമതലത്തിൽ നിലവിൽ വന്നത്. എന്നാൽ ഇന്നാട്ടിലെ പാവപ്പെട്ടവർക്ക് സൗജന്യമായി ആവശ്യമരുന്നുകൾ ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. പൊതുജനാരോഗ്യപ്രവർത്തകരുടെ സേവനം ഈ നാട്ടിലെ ദുർബ്ബല ജനവിഭാഗങ്ങൾക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം.

സബ്ബ്സെൻററുകളിലെല്ലാം ഡോക്ടർമാരുടെയടക്കം സേവനം നിശ്ചിത ദിവസങ്ങളിലെങ്കിലും നൽകേണ്ടതാണ്. P.H.Cയിൽ ഒരു ശിശുരോഗവിദഗ്ദനും ഒരു ഗൈനിക്കോളജിസ്റ്റും ഒരു ജനറൽ വിഭാഗം ഡോക്ടറും പൂർണ്ണസമയവും പ്രവർത്തിക്കാൻ വേണ്ട കാര്യങ്ങൾ ചെയ്യേണ്ടതാണ്.

നിലവിലുള്ള പ്രൈമറി ഹെൽത്ത്സെൻറർ കാര്യക്ഷമമായി നടത്തുന്നതിനും രാത്രികാലങ്ങളിൽ ഒരു ഡോക്ടറുടേയും പാരാമെഡിക്കൽ സ്റ്റാഫിൻേറയും സേവനം ഉറപ്പാക്കുക. പഞ്ചായത്തിലെ 3,4,5,6 വാർഡുകൾ ഉൾക്കൊള്ളുന്ന പ്രദേശത്ത് യോജിച്ചഭാഗത്ത് ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കുക. പഞ്ചായത്തിലെ ഏക വിഷവൈദ്യ ആയുർവ്വേദ ആശുപത്രികാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും രാത്രികാലങ്ങളിൽ സേവനം ലഭിക്കുന്നതിനും സംവിധാനം ഉണ്ടാക്കുക. സ്വന്തമായൊരു കെട്ടിടം നിർമ്മിച്ച് ആശിപത്രിയായി പ്രവർത്തിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. കൂടാതെ ഒരു ടെലഫോൺ സ്ഥാപിക്കുകയും

വേണം. ഫെൽത്ത് സെൻററിൽ ഒരു ടെലഫോൺ സ്ഥാപിക്കുക. നിലവിലുള്ള P.H.C യുടെ ശോചനീയാവസ്ഥക്ക് പരിഹാരം ഉണ്ടാക്കേണ്ടതാണ്. ആവശ്യമായ കെട്ടിടങ്ങൾ വേണ്ടതാണ്.

നിലവിലുള്ള പഞ്ചായത്ത് ശുചീകരണ പ്രവർത്തനങ്ങൾ അപര്യാപ്തമാണ്. പഞ്ചായത്തിൻെറ വിവിധ കേന്ദ്രങ്ങളിൽ കുപ്പതൊട്ടികൾ സ്ഥാപിച്ച് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ഒരു ലോറിയോ ട്രാക്ടറോ ഏർപ്പെടുത്തി മാറ്റേണ്ടതാണ്. നിലവിലുള്ള ഡംപിങ്ങ് സ്ഥലത്ത് ആധുനികരീതിയിൽ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. ഇതുപയോഗിച്ച് കംപോസ്ററ് നിർമ്മാണം നടത്താവുന്നതാണ്.

കൊതുകുശല്ല്യം പഞ്ചായത്തിൽ ഭീഷണിയായിട്ടുണ്ട്. ഇത് നിർമ്മാർജ്ജനം ചെയ്യുവാനുള്ള കർമ്മപരിപാടി പഞ്ചായത്തിലുട നീളം നടപ്പാക്കണം. പതിനൊന്നാം വാർഡിലെ പഞ്ചായത്ത് വക സ്ഥലത്ത് ഒരു പൊതുസ്മശാനം (ക്രിമിറ്റോറിയം) ഉടൻ നിർമ്മിക്കേണ്ടതാണ്. പഞ്ചായത്തതിർത്തിയിലുള്ള റേഷൻ വിതരണം മെച്ചമായരീതിയിൽ പൊതുജനങ്ങളുടെ ആരോഗ്യപരിപാലനത്തിന് ഉതകുന്ന വിധത്തിൽ നടത്താൻ വേണ്ട പരിപാടികൾ കൈകൊള്ളുക.

പഞ്ചായത്തതിർത്തിയിൽ വാർഡുകൾ തോറും ആരോഗ്യത്തിനും സുരക്ഷക്കും വേണ്ടിയുള്ള ബോധവൽക്കരണ സെമിനാറുകൾ നടത്തുക. പഞ്ചായത്തിലെ റോഡിൻെറ ഇരുവശത്തും നിർമ്മിച്ചിട്ടുള്ള കാനകൾ വെള്ളം കെട്ടികിടന്ന് പൊതുജനാരോഗ്യത്തിന് ഹാനികരമായി തീർന്നിട്ടുള്ളതാണ്. അത്തരം അടഞ്ഞുപോയ കാനകൾ തുറന്ന് വൃത്തിയാക്കി വെള്ളത്തിൻെറ ഒഴുക്ക് സുഖമമാക്കുക. ഇത് യുദ്ധകാലാടിസ്ഥാനത്തിൽ നടത്തേണ്ടതാണ്.

പനംകുററിച്ചിറ U.P സ്ക്കൂളിൻെറ മുമ്പിലുള്ള റോഡിലെ ലോറിപാർക്കിങ്ങ് മറ്റൊരു സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റുക. കുട്ടികളുടെ സുരക്ഷിതത്തിനും ഗതാഗതത്തിന് ഇത് അത്യാന്താപേക്ഷിതമാണ്. പൊതുജനാരോഗ്യത്തിനും ഇത് ആവശ്യമാണ്. അലഞ്ഞും തിരിഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിച്ച് വളർത്തുനായ്ക്കളെ കുത്തിവെപ്പുനടത്തി ലൈസൻസിങ്ങ് കർക്കശമാക്കുക.

ആയുർവ്വേദ ആശുപത്രിയിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യത്തോടെ സ്വന്തമായി കെട്ടിടമുണ്ടാക്കണം. പഞ്ചായത്തിൽ ഹോമിയോ ആശുപത്രി തുടങ്ങേണ്ടതാണ്. പഞ്ചായത്തിലെ കുഴികക്കൂസുകളെല്ലാം അടിയന്തിരമായി ആധുനികവൽക്കരിക്കുന്നതിനുള്ള സാമ്പത്തിക സഹായം ചെയ്തുകൊടുക്കേണ്ടതാണ്.

## *ഗ്രാമസഭ നിർദ്ദേശങ്ങൾ*

ആധുനിക സൗകര്യങ്ങളോടെ ഒല്ലൂർ ഹെൽത്ത് സെൻറർ വിപുലീകരിക്കുക. ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുക. ആയുർവ്വേദ ഡിസ്പൻസറി സ്ഥാപിക്കുക. മലിനജലം കെട്ടികിടക്കുന്ന സ്ഥലങ്ങളിൽ മരുന്നിടുക. ഡ്രൈനേജ് മെച്ചപ്പെടുത്തുക. ഓപ്പൺ ലാറ്ററിൻസ് കണ്ടുപിടിച്ച് അവയെ ആധുനിക രീതിയിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക. ചീരാച്ചിമാർക്കറ്റ് ശുദ്ധീകരിച്ച് ആധുനിക വൽക്കരിക്കുക. മാർക്കറ്റിലെ വെള്ളം അനുദിനം നീക്കം ചെയ്യുക. ഹെൽത്ത് വിസിറ്റേഴ്സിൻെറ സേവനം ലഭ്യമാക്കുക.

ഒല്ലൂർ വില്ലേജാപ്പീസിനോട് തൊട്ടുകിടക്കുന്ന സ്ഥലത്ത് ഹോമിയോ ആസ്പത്രി, മൃഗാസ്പത്രി, കൃഷിഭവൻ, ആയുർവ്വേദ ആശുപത്രി എന്നിവ ആരംഭിക്കണം. രണ്ടാം വാർഡിൽ ഉൾപ്പെട്ട ഇറച്ചിമാർക്കറ്റ് മാറ്റുന്നതിനും അവിടെ ഹോമിയോ ഡിസ്പൻസറിയോ അല്ലെങ്കിൽ കൃഷിഭവനോ തുടങ്ങാവുന്നതാണ്. ഇപ്പോൾ അവിടെ മാടുകളെ അറക്കുകയും ചെയ്യുന്നുണ്ട്. ഇത് നിർത്തണം. മാർക്കറ്റിലെ കിണറ്റിൽ കേടുവന്ന മാംസവും മാലിന്യവും നിക്ഷേപിക്കുന്നുണ്ട്. ഈ മാർക്കറ്റ് ജനങ്ങൾക്ക് ശല്ല്യമായി മാറിയിരിക്കുകയാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രം കാര്യക്ഷമമാക്കി പ്രാഥമിക കേന്ദ്രത്തിൽ സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യണം. അഞ്ചേയിലെ കുടുംബക്ഷേമകേന്ദ്രം കാര്യക്ഷമമാക്കണം. അഞ്ചേരിയിലെ കള്ളുഷാപ്പ് നിർത്തലാക്കണം. ചെങ്കണ്ണ്, പനി, ചിക്കൻപോക്സ് എന്നിവ തടയാനുള്ള പ്രതിരോധനടപടികൾ സ്വീകരിക്കണം. അഞ്ചാം വാർഡിൽ ഒരു ഡിസ്പൻസറി ആവശ്യമാണ്.

ഈ പ്രദേശത്തുള്ള അഴുക്കുവെള്ളം ഒലിച്ചുവന്ന് പനി പടർന്നു പിടിക്കുന്നുണ്ട്. ചികിത്സാ സൗകര്യം കുറവാണ്. കൊതുകു നിവാരണ പ്രവർത്തനം നടത്തണം.

പുഷ്പഗിരി റോഡിലെ രണ്ടുകാനയും പണിത് ശരിയാക്കണം. ജനകീയ പ്രവർത്തനത്തിലൂടെ നടത്താൻ തയ്യാറാണ്.

ഏഴാം വാർഡിലെ പ്രാഥമികാരോഗ്യകേന്ദ്രം ഡിസ്പെൻസറിയായി ഉയർത്തുക.

അവിടെ ബ്ലഡ്ഡോണേഴ്സ് ഫോറം നടപ്പാക്കുക. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡിസ്പെൻസറി ആയിരിക്കണം. കൊതുക് നിവാരണം പരിപാടി എല്ലാവാർഡുകളിലും നടപ്പാക്കണം.

പൊതുജനാരോഗ്യത്തെക്കുറിച്ച് ബോധവൽക്കരണം പഞ്ചായത്ത് തലത്തിൽ നടപ്പാക്കണം.

ഹെൽത്ത്സെൻററുകളിലെ വൈദ്യസഹായം എല്ലാദിവസവും വേണ്ടതാണ്.

ആരോഗ്യത്തിൻെറ കാതലായ വശം സ്പോർട്ട്സ്മായി ബന്ധപ്പെട്ടതിനാൽ പഞ്ചായത്ത് തലപരിശീലന പരിപാടികൾ ഉണ്ടാകണം.

അണ്ടിക്കമ്പനിയുടെ പുറകുവശത്തുള്ള വീട്ടുകിണറുകളിലെ ജലം അണ്ടിക്കമ്പനിയുടെ മലിനജലം മൂലം ഉപയോഗശൂന്യമാകുന്നു. അണ്ടിക്കമ്പനിയിൽ നിന്നുള്ള പുകമൂലം ആളുകൾ ബുദ്ധിമുട്ടുന്നുണ്ട്. അണ്ടിക്കമ്പനി അധികാരികളുമായി ചർച്ചചെയ്ത് പരിഹാരം ഉണ്ടാകണം.

കുട്ടനെല്ലൂർ സെൻററിൽ വെച്ചിട്ടുള്ള ഡസ്റ്റ് ബിന്നിൽ ചുററുവട്ടത്തുള്ള കച്ചവടക്കാർ ഉപയോഗിക്കാതെ അതിനുചുറ്റും ഇടുന്നു. അങ്ങനെ ചെയ്യാതിരിക്കാൻ സെൻററിലുള്ളവരെ ബോധവൽക്കരിക്കണം.

കുട്ടനെല്ലൂർ അംബികാലൈൻ ഹൈവേയിൽ ചെന്ന് ചേരുന്ന സ്ഥലത്തുള്ള ഹോട്ടലിലെ മലിനജലം അംബികാലൈനിലിക്കാണ് വിടുന്നത്. അതൊഴിവാക്കാൻ ഹോട്ടലുടമയുമായി ബന്ധപ്പെട്ട് പരിഹാരം ഉണ്ടാക്കണം. ഔഷധിയുടെ പടിഞ്ഞാറെ അറ്റത്താണ് അവരുടെ വെയിസ്റ്റ് സാധനങ്ങൾ ഇടുന്നത്. ഇത് T.K.V നഗറിലെ താമസക്കാരുടെ പരിസരമലിനീകരണത്തിനിടയാക്കുന്നു. ഔഷധിയിലെ വലിയ മരങ്ങലുടെ കൊമ്പുകൾT.K.V നഗറിലുള്ളവരുടെ വകുപ്പുകളിലാണ് നില്ക്കുന്നത്. ഇത് മുറിച്ചുമാറ്റണം. ഇളംതിരുത്തി മിച്ചഭൂമിയിൽ ഡ്രെനേജ് സൗകര്യം തീരെയില്ല. ചെളികെട്ടിക്കിടക്കുന്നു. പരിഹാരം ഉണ്ടാക്കണം. പടവരാട് മക്ഗ്ഗൻ കമ്പനിയിൽ നിന്നും പുറത്തുവരുന്ന മലിനജലം പരിസരവാസികളുടെ ആരോഗ്യത്തെ രൂക്ഷമായി ബാധിക്കുന്നു. ആളുകളുടെ ദേഹത്ത് ചൊറിപോലുള്ള ത്വക്‌രോഗങ്ങൾ വരുന്നുണ്ട്. പലവട്ടം പരാതികൾ കൊടുത്തിട്ടും പരാതിയുണ്ടായിട്ടില്ല. കുടിവെള്ളം പോലും ഉപയോഗിക്കാൻ പറ്റാതായിരിക്കയാണ്. അയൽവാസികളുടെ അനുവാദപത്രത്തിൻെറ കള്ളരേഖയാണ് അവർ കൊടുത്തിട്ടുള്ളത്.

പീച്ചിക്കനാലിൻെറ ഒരു ഭാഗം ഔഷധിയുടെ പുറകുവശം മുതൽ KSKBS പടവരാട് വരെയുള്ള ഭാഗം തിണ്ട് കെട്ടിയിട്ടില്ല. രാത്രിസമയങ്ങളിൽ നടക്കാൻ കഴിയുന്നില്ല. ആ ഭാഗം കെട്ടുകയും സ്ട്രീറ്റ്ലൈറ്റിടുകയും വേണം.

പൊതു അറവുശാല നിർമ്മിക്കുക. നിലവിലുള്ള പോഷക ആഹാര കേന്ദ്രം പുനരാരംഭിക്കുക. (കസ്തൂർബാ മഹിളാസമാജം)

പതിനൊന്നാം വാർഡിലെ M.R.Steel എന്ന സ്ഥാപനത്തിൽനിന്നും വരുന്ന പുകയും തീപ്പൊരിയും സമീപവാസികൾക്ക് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ഒല്ലൂർ പ്രൈമറി ഹെൽത്ത് സെൻററിൽ ഫാർമസിസ്റ്റിനെ ഉടൻ നിയമിക്കണം.

ഹെൽത്ത് സെൻററിൽ പൊതുജനങ്ങൾക്കും രോഗികൾക്കുമായി വാർഡിന് പുറത്ത് ഒരു കംഫർട്ട് സ്റ്റേഷൻ ആവശ്യമാണ്. മോട്ടോർ കേടായതിനാൽ ഒരു പൊതുടാപ്പ് ആസ്പത്രി വാർഡിന് അടുത്ത് സ്ഥാപിക്കണം.

P.H.C യിൽ കുടുംബാസൂത്രണത്തിന് മാത്രം പ്രാധാന്യം നൽകിയിട്ടുള്ള പ്രവർത്തനം മാറ്റി പൊതുജനങ്ങളുടെ എല്ലാ ആരോഗ്യ പ്രശ്നങ്ങളിലും സജീവമായ പരിഗണന ഉണ്ടാകണം.

ഒല്ലൂർ മാർക്കറ്റിലെ അഴുക്കുചാലിലും പൊതുചാലുകളിലും വൃത്തിയാക്കി മരുന്ന് തെളിക്കേണ്ടതാണ്.

മാർക്കറ്റിലെ അനധികൃത അറവ് കർക്കശമായി തടയണം. പനംകുറ്റിച്ചിറ കുളത്തിനടുത്തുള്ള ചെടികൾ വെട്ടിതെളിക്കുകയും കുളത്തിനടുത്ത് ചപ്പുചവറുകൾ പഞ്ചായത്തിടുന്നത് നിർത്താക്കുകയും വേണം.

ഗവൺമെൻറ് ആയുർവ്വേദ ആസ്പത്രിയിൽ ആവശ്യത്തിനുള്ള മരുന്ന് അനുവദിക്കുക. ആയുർവ്വേദ ചികിത്സയെപ്പറ്റി ബോധവൽക്കരണം നടത്തുക. ആസ്പത്രിക്ക് ആവശ്യമായ കെട്ടിടം ഉണ്ടാക്കുക. ഡിസ്പെൻസറി 10 ബഡ്ഡുള്ള ആസ്പത്രിയായി ഉയർത്തുക. ഫാർമസിസ്റ്റിനെ ഉടനെ നിയമിക്കുക. P.H.C യിലെ O.P സമയം രാവിലെ 8.30 മുതൽ 1.30 വരെയാക്കുക.

കാനകൾ ശരിയാക്കുക. ഹെൽത്ത് വിസിററുടെ സേവനം ലഭ്യമാക്കുക. (എടക്കുന്നിഭാഗം)

പതിനാലാം വാർഡിൽ അറുപതോളം വീടുകളിൽ സാനിററി സൗകര്യം ഇല്ല. എത്രയും വേഗം ഉണ്ടാക്കി കൊടുക്കണം.

വൈദ്യശാലയിൽനിന്നുള്ള മലിനജലം പരിസരത്തുള്ളവർക്ക് പ്രശ്നങ്ങളുണ്ടാക്കുന്നു. അത് അവിടെ സംസ്കരിക്കുകയോ മറ്റുവിധത്തിൽ പുറത്തുകളയുകയോ വേണം. എല്ലാ വാർഡുകളിലും അഴുക്കുചാലുകൾ ഉണ്ടാക്കി മലിനജലം ഒഴുക്കിവിടണം.

14-ാം വാർഡിലെ നിലവിലുള്ള കുടുംബക്ഷേമ കേന്ദ്രം പ്രൈമറി ഹെൽത്ത് സെൻററാക്കി ഉയർത്തണം. സ്ഥിരമായി ഡോക്ടറുടെ സേവനം ലഭ്യമാക്കണം. ശിശുക്കൾക്കുള്ള ഫീസിംഗ് സിസ്റ്റം പുനരാരംഭിക്കണം.

കനാൽപുറം പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കണം. ക്ഷയം, ക്യാൻസർ, എയ്ഡ്സ് തുടങ്ങി മാരക രോഗങ്ങൾ പിടിപ്പെട്ടവർക്ക് നല്ല രീതിയിൽ ചികിത്സാ സൗകര്യം കൊടുക്കണം.

നാലാം വാർഡിൽ ഹെൽത്ത് സെൻററിൻെറ ഒരു സബ്ബ് സെൻറർ സ്ഥാപിക്കണം. സസ്യമാലിന്യങ്ങളും ജന്തുമാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുവേണ്ടി സ്വയം തൊഴിൽ പദ്ധതിയായി മണ്ണിരകളെ ഉപയോഗിച്ച് കമ്പോസ്റ്റ് ഉണ്ടാക്കുന്നതിനുള്ള പ്ളാൻറ് സ്ഥാപിക്കണം. പഞ്ചായത്തിലെ കക്കൂസ് സൗകര്യമില്ലാത്ത മുഴുവൻ പേർക്കും സൗകര്യമുണ്ടാക്കി കൊടുക്കുക. കുട്ടികൾക്ക് സമയത്തിൽ പോളിയോ വാക്സിൻ കൊടുക്കണം.

തൈക്കാട്ടുശ്ശേരി സബ്ബ് സെൻററിൽ സ്ഥിരമായി ഒരു ഡോക്ടറെ നിയമിക്കുകയോ അല്ലെങ്കിൽ ആഴ്ചയിൽ മൂന്ന് ദിവസം രോഗികളെ പരിശോധിച്ച് മരുന്ന് നൽകാൻ സംവിധാനം വന്നാൽ 13, 14, 15 വാർഡുകൾക്ക് ഗുണം ചെയ്യുന്നതാണ്. ഗർഭിണികളുടേയും കുട്ടികളുടേയും പോഷകാഹാരകുറവിനെ സംബന്ധിച്ച് ഇടക്കിടെ സെമിനാറുകളും ബോധവൽക്കരണക്ളാസും നടത്തണം. ഹെൽത്ത് വർക്കേഴ്സ് ഇടക്ക് വാർഡിൽ വിസിറ്റ് ചെയ്യുകയും കുടിവെള്ളം മലിനജലം കെട്ടികെടുക്കുന്ന സ്ഥലങ്ങളിലൊക്കെ ശുചീകരണ പ്രവർത്തനങ്ങൾ ചെയ്യാൻ ജനങ്ങളെ ബോധവൽക്കരിക്കുകയും വേണം. ഇതിന് ഉദ്യോഗസ്ഥർ തയ്യാറാവണം.

# വിദ്യാഭ്യാസം

ഇന്ത്യ സ്വതന്ത്രമാകുന്നതിനു മുൻപ് ഒല്ലൂർ പഞ്ചായത്തിൽ വിദ്യാലയങ്ങൾ ആരംഭിച്ചിരുന്നു. 1896 ൽ ഔപചാരിക വിദ്യാഭ്യാസം തുടങ്ങിവെച്ചത് ഒല്ലൂർ സെന്റ് ആന്റണീസ് ഫെറോന പള്ളിയോടനുബന്ധിച്ച് ആരംഭിച്ച സെന്റ് ആന്റണീസ് ഹൈസ്കൂളിലാണ്. ഈ സ്കൂളാണ് ഗവൺമെന്റ് ഹൈസ്കൂളായി മാറിയത്. 1900ത്തിലാണ് സെന്റ് മേരീസ് കോൺവെന്റിനോടനുബന്ധിച്ചുള്ള എൽ. പി. സ്കൂൾ സ്ഥാപിതമായത്. എന്നാൽ അനൗപചാരിക വിദ്യാഭ്യാസം അതിനു മുൻപേ ഒല്ലൂർ പഞ്ചായത്തിൽ നിലനിന്നിരുന്നു.

**<u>കുടിപ്പള്ളിക്കൂടങ്ങൾ</u>:**

പല സ്ഥലങ്ങളിലും കുട്ടികളെ എഴുതുവാനും വായിക്കുവാനും പഠിപ്പിക്കുന്നതിനുള്ള കൊച്ചുകൊച്ചു കുടിപ്പള്ളിക്കൂടങ്ങൾ ഒല്ലൂർ പഞ്ചായത്തിലെ വിവിധ മേഖലകളിൽ പള്ളികളോടും, ക്ഷേത്രങ്ങളോടും അനുബന്ധിച്ച് ഉണ്ടായിരുന്നു.

**<u>പ്രാചീന ആയുർവേദകേന്ദ്രം</u>:**

എടുത്തു പറയത്തക്ക മറ്റൊരു പ്രത്യേകത ആയുർവ്വേദ മേഖലയിലാണ്. ബ്രിട്ടീഷുകാർ ഇന്ത്യയിൽ എത്തുന്നതിനു മുൻപു തന്നെ തൈക്കാട്ടു മൂസ്സ് വക ഒരു ആയുർവ്വേദ പഠന കേന്ദ്രം തൈക്കാട്ടുശ്ശേരിയിൽ ഉണ്ടായിരുന്നതായി കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ "ഐതിഹ്യമാല"യിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**<u>ഇന്നത്തെ സ്ഥിതി</u>:**

നൂറ്റാണ്ടുകൾക്കു മുൻപ് തുടങ്ങിവെച്ച വിദ്യാഭ്യാസ പ്രക്രിയ പടർന്ന് പന്തലിച്ച് ഇന്ന് ഒല്ലൂർ പഞ്ചായത്തിൽ 10 എൽ. പി. സ്കൂളുകളും 8 യു. പി. സ്കൂളുകളും 6 ഹൈസ്കൂളുകളും കൂടി മൊത്തം ഇരുത്തിനാലു് സ്കൂളുകളും ഒരു ഗവൺമെന്റ് കോളേജും, ഒരു ബി. എഡ്. സെന്ററും, ഒരു ആയുർവ്വേദ കോളേജും ആയതിനോടനുബന്ധിച്ച് ഒരു റിസർച്ച് സെന്ററും, ഇപ്പോൾ നിലവിലുണ്ട് കൂടാതെ പടവരാട് ഒരു ബധിര-മൂക സ്കൂളും (ആശാഭവൻ) പ്രവർത്തിക്കുന്നുമുണ്ട്.

പഞ്ചായത്തിലെ 24 സ്കൂളുകളിലായി ഇപ്പോൾ 8094 കുട്ടികൾ വിദ്യാഭ്യാസം നടത്തുന്നുണ്ട്. എന്നാൽ അത്രയുമോ അതിലധികമോ കുട്ടികൾ പഞ്ചായത്തിൽ നിന്നും മറ്റു പല സ്കൂളുകളിലും പോയി പഠിക്കുന്നുണ്ട്.

ഒല്ലൂർ പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ വിവരം അനുബന്ധം പട്ടികയിൽ 9-1 ൽ കൊടുത്തിട്ടുണ്ട്. ആ സ്കൂളുകളിലെ സ്ഥല സൗകര്യങ്ങളുടെയും അദ്ധ്യാപകരുടെയും കണക്കുകൾ അനുബന്ധം 9-2 ൽ കൊടുത്തിരിക്കുന്നു. 1992 മുതൽക്കുള്ള എസ്. എസ്. എൽ. സി. വിദ്യാഭ്യാസ നിലവാരവും അനുബന്ധം 9-3ൽ കൊടുത്തിരിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനായി വളരെ കുറച്ച് കുട്ടികൾക്കു മാത്രമേ ഒരു കിലോമീറ്ററിലധികം സഞ്ചരിക്കേണ്ടതുള്ളു. ഒരു കിലോമീറ്ററോളം സഞ്ചരിച്ചാൽ പഞ്ചായത്തിലെ എല്ലാ കുട്ടികൾക്കും 10 ാം ക്ലാസ്സ് വരെ പഠിക്കാവുന്ന സൗകര്യം ഈ പഞ്ചായത്തിലുണ്ട്. എന്നാൽ വിചിത്രമായ ഒരു സംഗതി: ഈ സ്കൂളുകളിൽ ഭൂരിഭാഗവും വർഷം തോറും കുട്ടികളുടെ കുറവു മൂലം ഡിവിഷനുകൾ കുറഞ്ഞു വരുന്നു. ആകെ മൂന്നു സ്കൂളുകൾ മാത്രമാണ് ഇതിന് വ്യത്യസ്തമായിട്ടുള്ളത്.

1. ഹോളി ഏയ്ഞ്ജെൽസ്, ഇംഗ്ലീഷ് മീഡിയം ബോയ്സ് ഹൈസ്കൂൾ, ഒല്ലൂർ,
2. സെന്റ് മേരീസ് കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ, ഒല്ലൂർ,
3. സെന്റ് റാഫേൽസ് കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ, ഒല്ലൂർ എന്നിവയാണവ.

മേൽ പറഞ്ഞ മൂന്നു സ്കൂളുകളും വളരെ ഉയർന്ന പഠന നിലവാരം പുലർത്തുന്നവയാണ്.

സ്കൂളുകളുടെ മൊത്തം പഠന നിലവാരം വച്ചു നോക്കിയാൽ പൊതുവെ എല്ലാ സ്കൂളുകളിലും 30 ശതമാനത്തിനും 50 ശതമാനത്തിനും ഇടയ്ക്ക് മാർക്കു് വാങ്ങുന്ന വിദ്യാർത്ഥികളാണു് അധികമുള്ളത്. വളരെയധികം സ്ഥലമുള്ള ഒരു എൽ. പി. സ്കൂളും, (എൽ. എം. എൽ. പി. സ്കൂൾ, ഇളംതുരുത്തി) ഒട്ടും സ്ഥലസൗകര്യങ്ങൾ ഇല്ലാത്ത രണ്ടു സ്കൂളുകളും, (ഗവൺമെന്റ് ഹൈസ്കൂൾ അഞ്ചേരി, കെ. എസ്. കെ. ബേസിക് കുട്ടനെല്ലൂർ) ഈ പഞ്ചായത്തിൽ തന്നെ നിലനിൽക്കുന്നു. 3.75 ഏക്കറിൽ നിൽക്കുന്ന എൽ. എം. എൽ. പി. സ്കൂളിലെ മൊത്തം കുട്ടികളുടെ എണ്ണം 243ഉം കളിസ്ഥലമടക്കം 2.1 ഏക്കറിൽ നിൽക്കുന്ന അഞ്ചേരി ഗവൺമെന്റ് സ്കൂളിലെ കുട്ടികളുടെ എണ്ണം 1027ഉം ആണ്.

## ഉപരിപഠന സാദ്ധ്യതകൾ:

ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് പുറമെ ഒട്ടേറെ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും പാരലൽ കോളേജുകളും ഈ പഞ്ചായത്തിലുണ്ട്.

ഈ പഞ്ചായത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനങ്ങൾ തൈക്കാട്ടുശ്ശേരി ആയുർവ്വേദ കോളേജും, ഒല്ലൂർ ഗവൺമെന്റ് വൊക്കേഷണൽ ട്രെയിനിംഗ് സ്കൂളും മാത്രമാണു് ചുരുങ്ങിയ പക്ഷം ഒരു പോളിടെക്നിക്കും, ഒരു ഐ. ടി. ഐയും, ഒന്നോ രണ്ടോ ഐ. ടി. സികളും ഈ പഞ്ചായത്തിൽ അത്യന്താപേക്ഷിതമാണ്. കൂടാതെ ഇപ്പോൾ നിലവിലുള്ള സ്കൂളുകളിലെ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും മോണിറ്റർ ചെയ്യുവാനുള്ള സംവിധാനം നിലവിലില്ലാത്തതുകൊണ്ട് കുട്ടികളുടെ നിലവാരത്തകർച്ച പാഠ്യ വിഷയങ്ങളിലും, പാഠ്യേതര വിഷയങ്ങളിലും അളക്കാൻ കഴിയുന്നില്ല. പിന്നെ ഒരു പ്രധാന പോരായ്മയുള്ളത് സ്കൂളുകളിൽ കരിയർ ഗൈഡൻസ് കോർണറിന്റെ അഭാവമാണ്. ചുരുങ്ങിയ പക്ഷം ഹൈസ്കൂളിലെങ്കിലും പരിശീലനം കൊടുത്ത അദ്ധ്യാപകരുടെ നേതൃത്വത്തിൽ കരിയർ ഗൈഡൻസ് കോർണർ വളരെ അത്യാവശ്യമാണ്.

ചില സ്കൂളുകളിൽ ലാബറട്ടറി സംവിധാനങ്ങൾ ഉപയോഗിക്കാതെയാണ് അദ്ധ്യാപനം നടത്തുന്നത്. ഇതിന്റെ പ്രധാന കാരണം മേൽപ്പറഞ്ഞ മോണിറ്ററിംഗ് സിസ്റ്റത്തിന്റെ അഭാവമാണ്. സാങ്കേതിക പരിജ്ഞാനമുള്ളവരെ ഇക്കാര്യത്തിന് നിയോഗിക്കണം.

## ശിശുവിദ്യാഭ്യാസം:

ആരംഭദശയിൽ ശിശുക്കളെ വിദ്യാഭ്യാസത്തിനയച്ച് അക്ഷരങ്ങൾ പഠിപ്പിച്ച് നടത്തുന്ന വിദ്യാഭ്യാസ സമ്പ്രദായം കുട്ടികൾക്ക് ദോഷമാണ് ചെയ്യുക. പകരം മോൺടിസ്സോറി മാതൃകയിൽ കിൻഡർഗാർഡൻ സമ്പ്രദായം നടപ്പിലാക്കണം. കുട്ടികൾ കളിച്ചു വളരട്ടെ. എല്ലാ വാർഡുകളിലും ചുരുങ്ങിയത് 2 ക്രഷുകളും 2 അംഗൻവാടികളും വേണം. വിജ്ഞാനപ്രദമായ പുസ്തകങ്ങൾ ഉള്ള വായനശാലകളുടെ അപര്യാപ്തത പഞ്ചായത്തിലെ ജനങ്ങളുടെ സാംസ്കാരിക നിലവാരത്തകർച്ചക്ക് കാരണമാണ്. നിലവിലുള്ള നേഴ്സറി സ്കൂളുകളിൽ കുട്ടികൾക്കാവശ്യമുള്ള പഠനോപാധികളും, കളിക്കോപ്പുകളും, ബാലസാഹിത്യകൃതികളും ഒട്ടും തന്നെയില്ല.

ഈ പഞ്ചായത്തിൽ സാക്ഷരതാക്ലാസ്സുകൾ ആരംഭിക്കേണ്ടത് വളരെ അത്യാവശ്യമാണ്. സാക്ഷരതാക്ലാസ്സുകളുടെ ആദ്യഘട്ടത്തിനുശേഷം സാക്ഷരതാ പ്രവർത്തനം തീർത്തും നിശ്ചലമായിരിക്കുകയാണ്. പഞ്ചായത്തിനെ കേന്ദ്രീകരിച്ച് കലാകായിക പ്രതിഭകളെ കണ്ടെത്തുവാനുള്ള ശ്രമം നടത്തേണ്ടതാണ്.

## പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ:

1. അഞ്ചേരി ഹൈസ്കൂളിനും, കുട്ടനെല്ലൂർ ഗവൺമെന്റ് കോളേജിനും കോമ്പൗണ്ട് വാൾ പണിയുക.
2. സ്കൂളുകളിലെ അനധികൃത കോമ്പൗണ്ട് കയ്യേറ്റം തടയുക.
3. സ്കൂളുകളിൽ കുടിവെള്ളം ലഭ്യമാക്കുക.
4. കളിസ്ഥലം നിരപ്പാക്കി കളിക്കാനുപയുക്തമാക്കുക.
5. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മൂത്രപ്പുര, ലാട്രിൻ സൗകര്യമുണ്ടാക്കുക.
6. കായിക പരിശീലനം നിർബന്ധമായും നടപ്പിലാക്കുക.
7. ഓൾ പ്രമോഷൻ നിർത്തുക. അർഹിക്കുന്നവർക്ക് മാത്രം പ്രമോഷൻ നൽകുക.
8. വിദ്യാലയത്തിൽ രാഷ്ട്രീയ അതിപ്രസരം തടയുക.
9. അദ്ധ്യാപകരുടെ ഓഫീസ് വർക്ക് ഒഴിവാക്കി ക്ലാസ്സിൽ പഠിപ്പിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണം.

10. പഞ്ചായത്തിലെ എല്ലാ സ്കൂളിലും അദ്ധ്യാപക രക്ഷാകർതൃ സംഘടന കാര്യക്ഷമമാക്കുക.
11. എൻ. സി. സി., എൻ. എസ്. എസ്., സ്കൗട്ട് ആന്റ് ഗൈഡ് പരിശീലനം എല്ലാ സ്കൂളുകളിലും നിർബന്ധമാക്കുക.
12. വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ തലത്തിൽ ലൈംഗിക വിജ്ഞാനം പകർന്നുകൊടുക്കുന്നതിനാവശ്യമായ സംവിധാനം നടപ്പിലാക്കുക. കൂടാതെ മയക്കുമരുന്നിനും, ലൈംഗിക രോഗത്തിനും എതിരേ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
13. മുൻപ് നിലവിലിരുന്ന സാഹിത്യസമാജം കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനുള്ള സാഹചര്യം ഉണ്ടാക്കുക.
14. പ്രൈമറി സ്കൂളുകളിൽ ചുരുങ്ങിയ പക്ഷം ഒരു പ്യൂണിനെയെങ്കിലും നിയമിക്കണം. യു. പി. സ്കൂൾ മുതൽ കായികാദ്ധ്യാപകരെ നിയമിക്കുക.
15. കുട്ടികളുടെ വായനാശീലം വളർത്താൻ ഉതകുന്ന ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. കൂടാതെ ഉള്ളവ നല്ല ബാലസാഹിത്യഗ്രന്ഥങ്ങൾ വാങ്ങി വിപുലീകരിക്കേണ്ടതാണ്.

**മറ്റു നിർദ്ദേശങ്ങൾ**:

1. കമ്പ്യൂട്ടർ കോളേജ്, ക്രഷ്, നേഴ്സറി സ്കൂളുകൾ എന്നിവ സ്ഥാപിക്കണം.
2. എല്ലാ വിദ്യാലയങ്ങളിലും മലയാള ഭാഷ നിർബന്ധമാക്കി പഠിപ്പിക്കണം.
3. തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കണം. പ്രത്യേകിച്ച് ഓട്, മരവ്യവസായത്തോടനുബന്ധിച്ചുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുക.
4. സാമ്പത്തിക പരാധീനതമൂലം പഠിപ്പ് നിർത്തി ജോലിക്ക് പോകുന്നവർക്ക് തുടർന്ന് പഠിക്കുവാനുള്ള സൗകര്യം ഉണ്ടാക്കുക.
5. വീട്ടിലിരുന്ന് പഠിക്കുവാനുള്ള സൗകര്യം ഉണ്ടാക്കുക. കുട്ടികൾ ടി. വി. ക്കുമുന്നിൽ ചെലവാക്കുന്ന സമയം നിയന്ത്രിക്കുക.
6. പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് സൗകര്യം ഏർപ്പെടുത്തുക.
7. കോളേജ് കോമ്പൗണ്ടിനുള്ളിൽ സാമൂഹ്യവിരുദ്ധരുടെ അനാശാസ്യപ്രവർത്തനങ്ങൾ കർശനമായി തടയണം. കോളേജദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വെവ്വേറെ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തണം.
8. നിലവിലുള്ള ബാലവാടികൾക്ക് ഉച്ചഭക്ഷണത്തിനും, കായിക പരിശീലനത്തിനും കളിക്കോപ്പുകളും കഥാപുസ്തകങ്ങളും വാങ്ങിക്കാനുള്ള നടപടികൾ ഉടനെ സ്വീകരിക്കുക.
9. പഞ്ചായത്തിലെ സ്കൂളുകളെ കൂട്ടിച്ചേർത്തു ഒരു സ്കൂൾ കോംപ്ലക്സ് നടപ്പിലാക്കുക.
10. പിന്നോക്കപ്രദേശങ്ങളിൽ പ്രദർശനമാദ്ധ്യമങ്ങളിലൂടെ ബോധവൽക്കരണ സെമിനാറുകൾ, സിനിമ എന്നിവ സംഘടിപ്പിക്കുക.
11. കാൻസർ, എയ്ഡ്സ് എന്നിവയെക്കുറിച്ചുള്ള സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുക.
12. അദ്ധ്യാപകരിൽ സിംഹഭാഗവും സ്ത്രീകളായതിന്റെ പേരിൽ പാഠ്യേതര പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ ഇപ്പോൾ നടക്കുന്നില്ല. ഈ കാര്യം നടപ്പിൽ വരുത്തുവാൻ പഞ്ചായത്ത് ശ്രമിക്കേണ്ടതാണ്.
13. പഞ്ചായത്തിലെ സ്കൂളുകളിലെ ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ സാധിക്കുന്നില്ല. അതിന് ആവശ്യമായ ഡോക്ടർമാർ, ശിശുരോഗ വിദഗ്ധർ, മനശാത്രജ്ഞന്മാർ എന്നിവരുടെ സേവനം കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്.
14. വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം കുറവാണ്. പ്രൈവറ്റ് ബസുകൾ വിദ്യാർത്ഥികളെ കയറ്റുവാൻ വിമുഖത കാണിക്കുന്നു. ഇതിന് പോലീസിന്റെ സഹായത്തോടെ പരിഹാരം കണ്ടെത്തണം.
15. കുട്ടനെല്ലൂർ ഗവൺമെന്റ് കോളേജ് വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കാൻ വിദ്യാർത്ഥികൾക്ക് മണ്ണുത്തിയിൽ നിന്നും കുട്ടനെല്ലൂർ വഴി തൃശൂർക്ക് പോകുന്ന ബസ് സർവീസുകൾ തുടങ്ങണം. വിദ്യാർത്ഥികൾക്ക് മാത്രമുള്ള ബസ് സർവീസും ആരംഭിക്കേണ്ടതാണ്.
16. "വിദ്യ നേഴ്സറി സെന്റർ" സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിച്ചാൽ ഒല്ലൂർ പഞ്ചായത്തിലേക്ക് നേഴ്സറി ടീച്ചർമാരെ പരിശീലിപ്പിച്ചെടുക്കാം. അന്ധനായ ഒരു വ്യക്തി നടത്തുന്ന ഈ സ്ഥാപനം എല്ലാവിധ പ്രോത്സാഹനവും അർഹിക്കുന്നുണ്ട്. ഇതിന് ഗവൺമെന്റ് അംഗീകാരം കൊടുക്കുവാൻ പഞ്ചായത്ത് ശ്രമിക്കേണ്ടതാണ്.

17. പഞ്ചായത്തിലെ ഡിവിഷൻ നഷ്ടപ്പെട്ട സ്കൂളുകൾക്ക് പ്രോട്ടക്ഷൻ നൽകി സഹായിക്കേണ്ടതാണ്.
18. കായിക പരിശീലനത്തിനുള്ള ഒരു സ്റ്റേഡിയം നിർബന്ധമായും പണിയേണ്ടതാണ്.
19. പഞ്ചായത്തിലെ സ്കൂളുകളിൽ അഡ്മിഷന്റെ കാര്യത്തിൽ സ്ഥലവാസികളായ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകണം.
20. കോളേജുകളിൽ അഡ്മിഷൻ, ലെക്ചറർ തസ്തിക, ക്ലറിക്കൽ തസ്തിക, മറ്റുജോലികളിലും സ്ഥലം നിവാസികൾക്ക് പ്രത്യേക പരിഗണന നൽകണം. (മാനേജ്മെന്റ് ക്വാട്ട).
21. ഡ്രോയിംഗ്, ക്രാഫ്റ്റ്, സംഗീതം, തയ്യൽ എന്നിവയിൽ സ്കൂൾ തലങ്ങളിൽ നേരത്തെയുണ്ടായിരുന്ന സംവിധാനം പുനസ്ഥാപിക്കുക.

## ഉപസംഹാരം

വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണെന്നുള്ള എല്ലാ ഗ്രാമസഭകളുടെയും ആവശ്യം പഞ്ചായത്തിന്റ നാനാമുഖമായ വികസനത്തെ ലക്ഷ്യം വെച്ചുകൊണ്ടുള്ളതായതിനാൽ നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. അൺ എയ്ഡഡ് സ്കൂളുകളിലേയും കോൺവെന്റ് സ്കൂളുകളിലേയും വിദ്യാഭ്യാസ നിലവാരം ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിൽ കാണുന്നില്ല. എന്താണിതിന്റെ കാരണമെന്ന് കണ്ടുപിടിച്ച് പരിഹാരം നടപ്പാക്കണം. പഠനസൗകര്യങ്ങൾ, നല്ല അന്തരീക്ഷം, ആത്മാർത്ഥതയും, അർപ്പണ ബോധവുമുള്ള അദ്ധ്യാപകർ, സ്കൂൾ പ്രവർത്തനത്തിന്റെ കാലാനുകാലങ്ങളിലുള്ള പരിശോധന, സൃഷ്ടിപരമായ നിർദ്ദേശങ്ങൾ നൽകുവാൻ പ്രാപ്തിയുള്ള പി. ടി. എ. കൾ, പാഠപുസ്തകങ്ങൾ യഥാസമയം എത്തിക്കുന്നതിനുള്ള സംവിധാനം, നല്ല വായനശാലകൾ, എന്നിത്യാദികാര്യങ്ങളിൽ കാര്യക്ഷമതയോടെ പ്രവർത്തിച്ചാൽ വിദ്യാഭ്യാസനിലവാരത്തെ ഉയർത്താൻ സാധിക്കുന്നതാണ്. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു എഡുക്കേഷണൽ സർവ്വേ നടത്തി യോഗ്യരായവരെ കണ്ടുപിടിക്കുകയും വാർഡിന്റെയും പഞ്ചായത്തിന്റെയും ആവശ്യങ്ങൾ മനസ്സിലാക്കേണ്ടതുമാണ്. ഒറ്റയടിക്ക് പെട്ടെന്ന് നടപ്പിലാക്കുവാൻ സാധിച്ചില്ലെങ്കിൽ തന്നെ മുൻഗണന അടി സ്ഥാനത്തിൽ ഉപഭോക്താക്കൾക്ക് പരമാവധി പ്രയോജനമാകത്തക്കവണ്ണം നടപ്പിലാക്കുന്നതിന് ശ്രമിക്കണം.

അടിസ്ഥാനപരമായി കുട്ടികളുടെ ഭക്ഷണം, വസ്ത്രം, വിശ്രമം, ഉറക്കം, എന്നീ കാര്യങ്ങളിൽ മാതാപിതാക്കൾ നിഷ്ഠപുലർത്തുകയും വളരെയധികം ശ്രദ്ധയും പരിചരണവും നൽകുകയും വേണം. കുട്ടികളുടെ വളർച്ചക്കും ബുദ്ധിവികസനത്തിനും ഇക്കാര്യങ്ങൾ അത്യാവശ്യമാണ്. ഇന്നത്തെ വിദ്യാർത്ഥികൾ നാളത്തെ പൗരന്മാരും, ഭരണാധികാരികളും ആകേണ്ടവരായതിനാൽ വിദ്യാഭ്യാസ സൗകര്യങ്ങൾക്ക് അതിന്റെതായ പരിഗണന നൽകണം. സ്കൂൾ ലൈബ്രറികളുടെയും സ്കൂൾ സഹകരണ സംഘത്തിന്റെയും പ്രവർത്തനം കാര്യക്ഷമമാക്കണം.

# അനുബന്ധം - 9

## ഒല്ലൂർ ഗ്രാമപഞ്ചായത്ത്

## 9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരം

| സ്റ്റാൻഡേർഡ് | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | | തോറ്റു പഠിക്കുന്നവർ | | | | | | പഠിത്തം നിർത്തിയവർ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | പഠനം നിർത്തിയവരുടെ മൊത്തം എണ്ണം |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| I | 400 | 367 | 767 | 36 | 34 | 70 | • | • | • | • | • | • | • | • | • | 18 | 14 | 32 | 32 |
| II | 322 | 360 | 682 | 24 | 25 | 49 | 5 | 4 | 9 | 10 | 14 | 24 | • | • | • | 19 | 16 | 35 | 35 |
| III | 333 | 371 | 704 | 35 | 38 | 73 | 8 | 2 | 10 | 18 | 10 | 28 | • | • | • | 26 | 20 | 46 | 46 |
| IV | 334 | 385 | 719 | 33 | 48 | 81 | 6 | 3 | 9 | 9 | 10 | 19 | • | • | • | 4 | 2 | 6 | 6 |
| V | 420 | 482 | 902 | 56 | 54 | 110 | 11 | 16 | 27 | 34 | 34 | 68 | 2 | 0 | 2 | 14 | 10 | 24 | 26 |
| VI | 418 | 499 | 917 | 44 | 54 | 98 | 10 | 12 | 22 | 26 | 37 | 63 | 1 | 0 | 1 | 22 | 6 | 28 | 29 |
| VII | 455 | 528 | 983 | 50 | 45 | 95 | 33 | 18 | 51 | 29 | 81 | 110 | • | • | • | 6 | 15 | 21 | 21 |
| VIII | 355 | 578 | 933 | 27 | 36 | 63 | 30 | 19 | 49 | 27 | 82 | 109 | 0 | 4 | 4 | 39 | 35 | 74 | 78 |
| IX | 326 | 509 | 835 | 30 | 38 | 68 | 17 | 13 | 30 | 35 | 71 | 106 | 3 | 2 | 5 | 40 | 52 | 92 | 97 |
| X | 247 | 411 | 658 | 15 | 35 | 50 | • | • | • | • | • | • | 2 | • | 2 | 1 | 0 | 1 | 3 |
| ആകെ | 3610 | 4490 | 8094 | 350 | 407 | 757 | 120 | 87 | 207 | 188 | 339 | 447 | 8 | 6 | 14 | 189 | 170 | 359 | 373 |

ED. 5

# ഒല്ലൂർ ഗ്രാമപഞ്ചായത്ത്

## 9.2 സ്കൂളിന്റെ പൊതുവിവരം

| സ്കൂളിന്റെ പേർ | ഹൈ സ്കൂൾ യു.പി./ എൽ.പി പ്രൈ മറി | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | | സ്കൂൾ ക്യാമ്പ സിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണം | ഒന്നിനും ഉപയോഗി ക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റ് കുറിപ്പുകൾ ചുറ്റുമതിൽ അറ്റ കുറ്റപണികൾ, ഫർണിച്ചർ റിപ്പ യർ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമി ല്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവ ദിച്ച പോസ്റ്റ് | നിലവിലുള്ള വരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| GHS, Anchery | H.S.,U.P.,L.P | * | - | - | - | 659 | 368 | 1027 | 36 | 36 | - | - | 1.5 Acre | 61 cent | ഇല്ല | |
| GHS, Ollur | H.S., U.P | * | - | - | - | 136 | - | 136 | 9 | 9 | - | - | 5.5 Acre | 2 Acre | - | |
| AAHS, Kuttanellur | H.S., U.P. | - | * | - | - | 710 | 408 | 1118 | 47 | 47 | - | - | 87.74 Cent | 213 Cent | - | |
| St. Marys CGHS, Ollur | H.S., U.P. | - | * | - | - | - | 1314 | 1314 | 37 | 37 | - | - | 3.10 Acre | 1.0 Acre | - | |
| St. Raphaels CGHS, Ollur | H.S., U.P. | - | * | - | - | - | 955 | 955 | 26 | 26 | - | - | 3.0 Acre | 160x60 mt | - | |
| Holy Angels EMBHS, Ollur | H.S. U.P. L.P. | - | - | * | - | 820 | 6 | 826 | 21 | 21 | - | - | 3.03 Acre | 5360 M Sq | - | |
| Asabhavan Deaf & Dumb School, Padavarad | H.S. U.P. L.P. | - | * | - | - | 61 | 60 | 121 | 20 | 20 | - | - | 2.75 Acre | - | - | |
| GUPS, Panamkuttichira | U.P. L.P. | * | - | - | - | 174 | 70 | 244 | 12 | 12 | - | - | - | - | - | |
| UPS, Thaikkattussery | U.P. | - | - | * | - | 63 | 29 | 92 | 5 | 5 | - | - | 2.48 Acre | 50 cent | 1.5 Acre | |
| MHLPS, Mariyapuram | L.P. | - | * | - | - | 229 | 169 | 398 | 8 | 8 | - | - | 1.5 Acre | 1.0 Acre | - | |
| ALPS, Thaikkattussery | L.P. | - | * | - | - | 90 | 88 | 178 | 6 | 6 | - | - | 1.02 Acre | 40 Cent | - | |
| St. Marys CLPS, Ollur | L.P. | - | * | - | - | 194 | 475 | 669 | 12 | 12 | - | - | 511.125 SqM | - | - | |
| KSKBS, Kuttanellur | L.P. | - | * | - | - | 104 | 88 | 192 | - | - | - | - | - | - | - | |
| LMLPS, Kuttanellur | L.P. | - | * | - | - | 124 | 119 | 243 | 8 | 8 | - | - | 3.44 Acre | 20 Cent | 2 Acre | |
| St. Raphaels CLPS, Ollur | L.P. | - | * | - | - | 247 | 331 | 578 | 15 | 15 | - | - | - | - | - | |

ED . 6

# ഒല്ലൂർ ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലെ എസ്. എസ്. എൽ. സി. വിജയ നിലവാരം

| സ്കൂളിന്റെ പേര് | എസ്. എസ്. എൽ. സി. വിജയ നിലവാരം | | | |
|---|---|---|---|---|
| | 92 - 93 | 93 - 94 | 94 - 95 | 95 - 96 |
| Government High School, Ollur | 20.6 % | 20.8 % | 20.8 % | 31.6 % |
| A. A. H. S., Kuttanellur | 56.0 % | 50.0 % | 46.0 % | 33.0 % |
| Girls High School, Anchery | 49.0 % | 43.0 % | 63.0 % | 50.0 % |
| St. Raphaels Convent Girls High School, Ollur | 98.5 % | 96.0 % | 98.6 % | 98.0 % |
| St. Marys Convent Girls High School, Ollur | 99.4 % | 99.4 % | 100.0 % | [illegible] % |
| Holy Angels High School, Ollur | 100.0 % | 100.0 % | 100.0 % | 100.0 % |

# പാർപ്പിടം

തൃശൂർ നഗരസഭയുമായി അതിർത്തി പങ്കിടുകയും നഗരവൽക്കരണം നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന പ്രദേശങ്ങളെ ഉൾക്കൊള്ളുന്ന ഒല്ലൂർ ഗ്രാമപ്പഞ്ചായത്തിൽ 1984ലെ കേരള കെട്ടിട നിയമങ്ങൾ ബാധകമാണ്. ഈ പഞ്ചായത്തിലെ ജനസാന്ദ്രത അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 1991ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ 46402 ആയിരുന്നപ്പോൾ പാർപ്പിടങ്ങളുടെ എണ്ണം 10601 ആയിരുന്നു. 5 വർഷത്തിനുശേഷം പഞ്ചായത്ത് അസസ്മെന്റ് രജിസ്റ്റർ പ്രകാരം 1714 താമസ കെട്ടിടങ്ങൾ അധികമായി നിർമിക്കപ്പെട്ടിട്ടുണ്ട്. ഭൂരിഭാഗവും ഇടത്തരം വരുമാന വിഭാഗത്തിൽപെട്ട കുടുംബങ്ങൾ ഉള്ള ഈ പഞ്ചായത്തിൽ അഞ്ഞൂറിലധികം ഭൂരഹിത ഭവനരഹിത കുടുംബങ്ങളുണ്ട്. നിലവിലുള്ള പാർപ്പിടങ്ങളുടെ കണക്കിൽ 15 ശതമാനത്തോളം ഓലമേഞ്ഞവയും കേടുപാടുള്ളവയുമാണ്.

വീട് നിർമിക്കാൻ സാമ്പത്തിക ശേഷിയില്ലാത്ത 363 കുടുംബങ്ങൾ ഉള്ളതായി സർവ്വേയിൽ കാണുന്നു. ഈ പഞ്ചായത്തിൽ 3 പട്ടികജാതി കോളനികളും, 4 നാല് സെന്റ് മിച്ചഭൂമി കോളനികളും, 2 പള്ളി കോളനികളും, 2 ഹൗസിംഗ് സൊസൈറ്റി കോളനികളുമുണ്ട്. അതിൽ ഹൗസിംഗ് സൊസൈറ്റികളുടെ കീഴിലുള്ള കോളനികളിൽ ഒഴികെ ബഹുഭൂരിപക്ഷവും താഴ്ന്ന വരുമാന വിഭാഗത്തിൽ പെട്ട കുടുംബങ്ങളാണ്. അത്തരക്കാരുടെ പാർപ്പിടങ്ങളിൽ യഥാസമയം റിപ്പെയർ പണികൾ നടത്തി സംരക്ഷിക്കുന്നതിനും അതിന്റെ ഗുണഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനും പഞ്ചായത്തിന് സാധിക്കേണ്ടതാണ്.

## ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ:

കെട്ടിട നിർമ്മാണ മേഖലയിൽ നിലവിലുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം വളരെ പരിമിതമാണ്. കുരിയച്ചിറ നെഹ്റു നഗറിനും കുട്ടനെല്ലൂർ ഹിൽഗാർഡനും വേണ്ടി രൂപീകരിക്കപ്പെട്ടിട്ടുള്ള സഹകരണ സംഘം സ്വകാര്യ തലത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഇവയ്ക്ക് പരിമിതമായ ആളുകളേയും ഉയർന്ന വരുമാനക്കാരേയും മാത്രമെ ഉൾക്കൊള്ളാനായിട്ടുള്ളൂ. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും വിവിധ ബാങ്കുകളുടെയും ഭവന നിർമാണ വായ്പ സൗകര്യങ്ങൾ വളരെ ചെറിയ ശതമാനത്തിനു മാത്രമേ ലഭ്യമാകുന്നുള്ളൂ.

## മറ്റു ഏജൻസികൾ:

കേന്ദ്ര സർക്കാരിന്റെ വിവിധ ഏജൻസികളുടെ സഹായത്തേക്കുറിച്ച് ബോധവാന്മാരാക്കുന്നതിന് കോസ്റ്റ്ഫോർഡ്, നിർമ്മിതി കേന്ദ്രം പോലുള്ള സംഘടനകൾ ഉണ്ടെങ്കിലും അതെപ്പറ്റി ബഹുഭൂരിപക്ഷവും അജ്ഞരാണ്. ഈ രംഗത്ത് ഏജൻസികളുടെ സഹായം സ്വീകരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും പഞ്ചായത്തിന് സാധിക്കേണ്ടതാണ്.

## നിർമാണ രീതി:

വിവിധ സംസ്ഥാനങ്ങളിലേക്കു പോലും മേച്ചിൽ ഓട്, തറ ഓട് തുടങ്ങിയ നിർമാണ സാമഗ്രികൾ നിർമ്മിച്ച് കയറ്റി അയക്കുന്ന കളിമൺ വ്യവസായം ഈ പഞ്ചായത്തിൽ ധാരാളമുണ്ട്. എങ്കിലും ഒല്ലൂർ പഞ്ചായത്തിൽ കഴിഞ്ഞ 5 വർഷങ്ങളിൽ നിർമിക്കപ്പെട്ട താമസ കെട്ടിടങ്ങളുടെ 90 ശതമാനത്തിലധികം കോൺക്രീറ്റ് മേൽക്കൂരയോടുകൂടിയതാണ്.

| ഒല്ലൂർ ഗ്രാമപ്പഞ്ചായത്തിലെ 95-96ലെ പാർപ്പിടങ്ങളുടെ കണക്കു് | | | | | |
|---|---|---|---|---|---|
| | | മേൽപുരകളുടെ സ്വഭാവം | | | |
| ആകെ കെട്ടിടങ്ങൾ | ഒന്നിൽ കൂടുതൽ നിലകളുള്ളവ | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| 12315 | 515 | 3755 | 5492 | 1761 | 1307 |

## നിർമാണ രംഗത്തെ പ്രശ്നങ്ങൾ:

നിർമാണ രംഗത്ത് കാണുന്ന കോൺക്രീറ്റ് താല്പര്യത്തിന് ചൂണ്ടിക്കാട്ടുന്ന പ്രധാനകാരണം നിർമാണ സാമഗ്രികളുടെ, പ്രധാനമായും മരത്തിന്റെ ഉയർന്ന വിലയും അഭാവവും അറ്റകുറ്റപ്പണിക്കുള്ള ചെലവുമാണ്. ഇന്ന് ഇടത്തരക്കാർ നിർമിക്കുന്ന കെട്ടിടങ്ങളിൽ ബഹുഭൂരിപക്ഷവും കരിങ്കൽ, ഇഷ്ടിക (ചുടുകട്ട), സിമന്റ്, മെറ്റൽ, മണൽ, കമ്പി, മരം എന്നീ സാമഗ്രികൾ ഉപയോഗിച്ചാണ്. ചെലവ് കുറച്ച് നിർമിക്കുന്നതിന് ഉതകുന്ന നിർമാണ രീതികൾ, നിർമാണ വസ്തുക്കൾ, വിദഗ്ദ്ധ പരിശീലനം ലഭിച്ച നല്ല തൊഴിലാളികൾ, സാങ്കേതിക ഉപദേശം എന്നിവ ജനങ്ങൾക്ക് വേണ്ട വിധത്തിൽ ലഭ്യമല്ല. ചുമർ നിർമാണത്തിലുള്ള പൊള്ളക്കെട്ട് രീതി, കോൺക്രീറ്റ് പില്ലർ സ്ലാബ് തുടങ്ങിയവ നിർമിക്കുന്ന രീതികളെ പറ്റിയുള്ള അറിവ് വ്യാപകമാക്കുന്നതിനോ പരമ്പരാഗത രീതികളിൽ നിന്ന് വ്യതിചലിച്ചുള്ള നിർമ്മാണ രീതിയിൽ ലാഭവും ഉറപ്പും മനസ്സിലാക്കി കൊടുക്കുന്ന പ്രവർത്തനം കോസ്റ്റ്ഫോർഡിന്റെ ഭാഗത്ത് നിന്നു മാത്രമാണു് ചെറിയ അളവിലെങ്കിലുമുള്ളതു്. മരത്തിന്റെ ദൗർലഭ്യം അനുഭവപ്പെടുമ്പോൾ ട്രീറ്റഡ് റബ്ബർതടിയുടെ ലഭ്യതയോ സാദ്ധ്യതകളോ ഭൂരിപക്ഷത്തിനും അറിവില്ല.

## ആവശ്യങ്ങളും സാധ്യതകളും:

ഭവന നിർമ്മാണ രംഗത്ത് പഞ്ചായത്ത് തലത്തിൽ ഒരു സഹകരണ സംഘത്തിന് വിപുലമായ സാദ്ധ്യതകൾ ഉണ്ട്. സാമ്പത്തിക സൗകര്യവും ആധുനിക സാങ്കേതിക വിദ്യയും ലഭ്യമാക്കുന്നതിന് നിർമാണ സാമഗ്രികളുടെ വിപണിയിൽ ഇടപെടുന്നതിനും വിദഗ്ദ്ധ തൊഴിലാളികളെ പരിശീലനം നൽകി ലഭ്യമാക്കുന്നതിനും വിജയകരമായ രീതിയിൽ പ്രവർത്തിക്കുന്നതിനുള്ള സാദ്ധ്യതകളും ഉണ്ട്. പഞ്ചായത്തിൽ നിന്നും നിർമ്മിക്കുന്ന കെട്ടിടങ്ങൾ ചെലവുകുറഞ്ഞ സാങ്കേതിക വിദ്യകളും നിർമ്മാണ സാമഗ്രികളും ഉപയോഗിച്ച് നിർമ്മിക്കേണ്ടതും ഇതുവഴി ജനങ്ങളെ ബോധവാന്മാരാക്കേണ്ടതുമാണ്.

ഈ പഞ്ചായത്തിൽ ഭൂമിയുടെ ഉയർന്ന വില ഭൂരഹിത ദുർബല കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തുന്നതിനും, പുനരധിവാസത്തിനും തടസ്സമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ ചേരി നിർമ്മാർജ്ജനത്തിനുതകുന്ന രീതിയിൽ ബഹുനില പാർപ്പിടങ്ങളെ പറ്റി ചിന്തിക്കാവുന്നതാണ്. നിലവിലുള്ള താഴ്ന്ന വരുമാനക്കാരുടെ പാർപ്പിടങ്ങളിൽ 767 എണ്ണം കക്കൂസുകളോ കുളിമുറികളോ ഇല്ലാത്തവയാണ്. അത്തരക്കാർക്ക് സബ്സിഡിയോടുകൂടിയ ലോണുകൾ കണ്ടെത്തുന്നതു് ഗുണപ്രദമായിരിക്കും.

## ആഡംബര നികുതി ഒരു പരിഹാരമാർഗം:

പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നവരിൽ 2000 സ്ക്വയർ ഫീറ്റിൽ അധികമുള്ള കെട്ടിടങ്ങൾ നിർമിച്ചിട്ടുള്ളവർ ഉയർന്ന ചെലവുള്ള നിർമാണ വസ്തുക്കൾ ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നു. ഇത്തരക്കാരുടെ കെട്ടിടത്തിന് ഉയർന്ന നിരക്കിൽ പ്രത്യേക ആഡംബര നികുതി ചുമത്തണം. ആ തുക താഴ്ന്ന വിഭാഗക്കാർക്ക് വേണ്ടി ഉപയോഗിക്കുന്നതിനും സാധിച്ചാൽ നല്ലതാണു്. ഒല്ലൂർ പഞ്ചായത്തിൽ പണിയുന്ന എല്ലാ കെട്ടിടങ്ങളുടേയും കേരള കെട്ടിട നിയമ പ്രകാരമുള്ള അനുമതി പഞ്ചായത്തുതന്നെ നൽകേണ്ടതും T. U. D. A, C. T. P എന്നിവരുടെ അനുമതി ആവശ്യമെങ്കിൽ മാത്രം ആയത് പഞ്ചായത്ത് നേരിട്ട് ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടതുണ്ടു്.

### കഴിഞ്ഞ 5 വർഷത്തെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള പാർപ്പിടങ്ങളുടെ എണ്ണം വാർഡ് തിരിച്ചുള്ള പട്ടിക

| വാർഡ് | 91 - 92 | 92 - 93 | 93 - 94 | 94 - 95 | 95 - 96 |
|---|---|---|---|---|---|
| I. | 672 | 680 | 694 | 712 | 735 |
| II. | 760 | 777 | 816 | 849 | 875 |
| III. | 658 | 676 | 700 | 716 | 737 |
| IV. | 935 | 964 | 949 | 977 | 1083 |
| V. | 559 | 565 | 596 | 605 | 615 |
| VI. | 674 | 687 | 771 | 783 | 804 |
| VII. | 723 | 750 | 776 | 811 | 843 |
| VIII | 987 | 1075 | 1201 | 1241 | 1297 |
| IX. | 725 | 745 | 762 | 791 | 822 |
| X. | 664 | 685 | 708 | 737 | 768 |
| XI. | 819 | 838 | 1015 | 1048 | 1068 |
| XII | 868 | 893 | 909 | 957 | 991 |
| XIII | 702 | 734 | 771 | 790 | 831 |
| XIV | 855 | 873 | 901 | 917 | 946 |
| TOTAL | 10601 | 10942 | 11469 | 11834 | 12315 |

ഈ പഞ്ചായത്തിലെ കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സ്ഥിതി പരിശോധിച്ചാൽ വ്യക്തമാകുന്ന വസ്തുത ഇവിടെയുണ്ടാകുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടത്ര തൊഴിലാളികൾ ഈ പഞ്ചായത്തിൽ ഇല്ല എന്നതാണ്. വളരെ പേർ മറ്റു ജില്ലകളിൽ നിന്നും തമിഴ്നാട്ടിൽ നിന്നും വന്ന് ജോലി ചെയ്യുന്നവരാണ്. ഉള്ള തൊഴിലാളികളിൽ തന്നെ വിദഗ്ദ്ധ തൊഴി ലാളികൾ കുറവാണ്.

നാട്ടിലുള്ള മറ്റുമേഖലകളിലെ കൂലിനിരക്കുകൾ താരതമ്യപ്പെടുത്തുമ്പോൾ ആശാരി, കരിങ്കൽ മേസൻ, മരാശാരി, കോൺക്രീറ്റ് പണിക്കാർ, തേപ്പുകാർ എന്നിവർക്ക് ഉയർന്ന കൂലി ലഭ്യമാണ്. എങ്കിലും ഇന്നും ഈ മേഖലയിൽ തൊഴിലാളികൾ കുറവാണ്.

### ഈ പഞ്ചായത്തിൽ തൊഴിലാളികളുടെ വേതന നിരക്ക് (രൂപയിൽ)

| കരിങ്കൽപ്പണി | മരാശാരി | ഇഷ്ടിക മേസൻ | പ്ലാസ്റ്ററിങ്ങ് മേസൻ | കോൺക്രീറ്റ് തൊഴിലാളി | കരിങ്കൽ ഹെൽപ്പർ | കരിങ്കൽ സ്ത്രീ തൊഴിലാളി | മണ്ണ് പണിക്കാരൻ | കമ്പി പണിക്കാരൻ |
|---|---|---|---|---|---|---|---|---|
| 160 | 150 | 150 | 150 | 150 | 120 | 100 | 120 | 150 |

### വിവിധ ഗ്രാമസഭകളിൽ നിന്നും ക്രോഡികരിച്ചെടുത്തിട്ടുള്ള പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ സാമഗ്രികളുടെയും ഭൂമിയുടെയും വില കയറ്റം.
2. സാധാരണക്കാർക്കു വായ്പാസൗകര്യങ്ങളുടെ കുറവ്.
3. ചിലവ് കുറഞ്ഞ നിർമാണ രീതികളെക്കുറിച്ചുള്ള അജ്ഞത.
4. ആധുനിക നിർമ്മാണ രീതികളിൽ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ അഭാവം.
5. സാധാരണക്കാർക്ക് അപ്രാപ്യമായ സാങ്കേതിക വിദഗ്ദ്ധർ.
6. നിർമാണ സാമഗ്രികൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
7. ചേരിനിവാസികളും, ഭൂരഹിതരും.

### സാധ്യതകൾ

1. പഞ്ചായത്തുതല ഹൗസിങ് സൊസൈറ്റികൾ.
2. ചെലവ് കുറഞ്ഞ നിർമ്മാണ രീതികളുടെ പ്രചരണം.
3. തൊഴിലാളികളുടെ വൈദഗ്ദ്ധ്യം ഉയർത്താനുള്ള പരിശീലനം.
4. ഭൂരഹിതർക്കും ചേരിനിവാസികൾക്കും വേണ്ടി ബഹുനിലപാർപ്പിടങ്ങൾ.
5. ആസൂത്രിത കോളനികളുടെ രൂപീകരണം.
6. ഭവന നിർമ്മാണത്തിലെ ആഡംബര ദുർവ്യയങ്ങൾ നിരുത്സാഹപ്പെടുത്താനുള്ള നികുതി സംവിധാനം.

# ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ആധുനിക രീതിയിലുള്ള കക്കൂസ് സൗകര്യമില്ലാത്ത പഞ്ചായത്തിലെ മുഴുവൻ വീടുകൾക്കും അതുണ്ടാക്കുന്നതിനുള്ള സാമ്പത്തിക സഹായം കൊടുക്കണം.

2. പഞ്ചായത്തിലുള്ള ഓലപ്പുരകളെല്ലാം ഓടിട്ടു കൊടുക്കുന്നതിനുള്ള സാമ്പത്തിക സഹായം ചെയ്തു കൊടുക്കണം. അതുവരെ താൽക്കാലികമായി കെട്ടിമേയുന്നതിനുള്ള സഹായം ചെയ്തു കൊടുക്കണം.

3. സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത മുഴുവൻ പേർക്കും പാർപ്പിട സൗകര്യമുണ്ടാക്കി കൊടുക്കണം.

4. സ്വന്തമായി സ്ഥലമുള്ളവരും വീട് ഇല്ലാത്ത വരുമായവർക്ക് വീട് പണിയാൽ ആവശ്യമുള്ള സാമ്പത്തിക സഹായം ചെയ്തകൊടുക്കേണ്ടതാണ്.

5. വർഷക്കാലത്ത് നെന്മണിക്കര പഞ്ചായത്തിൽ നിന്നുള്ള വെള്ളം പനയംപാടം ഭാഗത്ത് വന്ന് വീടുകൾക്ക് നാശനഷ്ടമുണ്ടാക്കുന്നുണ്ട്. ഇരു പഞ്ചായത്തുകളുടെയും സഹകരണത്തോടെ തോട് നിർമ്മിച്ച് വെള്ളം തിരിച്ചു വിടേണ്ടതാണ്.

6. പഞ്ചായത്തിലെ പിന്നോക്ക പ്രദേശങ്ങളിൽ രണ്ടും മൂന്നും സെന്റ് സ്ഥലത്ത് പുര വെയ്ക്കേണ്ടി വരുന്നവർക്ക നഗര വികസന അതോരിറ്റിയിൽ നിന്നും അനുമതി വാങ്ങുന്നതിനും മറ്റുമായി വളരെയധികം സാമ്പത്തിക ബാദ്ധ്യതകൾ വരുന്നുണ്ട്. അതിനാൽ സാമ്പത്തിക ബുദ്ധിമുട്ടുള്ള പിന്നോക്ക പ്രദേശങ്ങളിലെ സാധാരണക്കാരെ ടി. യു. ഡി. എ. അനുമതി പോലുള്ള കാര്യങ്ങളിൽ നിന്നും ഒഴിവാക്കി പഞ്ചായത്തനുമതി ലളിതമായ രീതിയിൽ ചെയ്തു കൊടുക്കേണ്ടതാണ്.

6. അംഗൻവാടികളില്ലാത്ത സ്ഥലങ്ങളിൽ ഉണ്ടാക്കി കൊടുക്കണം. ഉള്ള (ബാലവാടി തുടങ്ങിയവ) സ്ഥാപനങ്ങളുടെ അറ്റകുറ്റപണികൾ ചെയ്തു കൊടുക്കുകയും അത്യാവശ്യ സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കേണ്ടതുമാണ്.

7. നടത്തറ വില്ലേജോഫീസ് ഇരിക്കുന്ന ഒല്ലൂർ പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് പുനരധിവാസ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

8. ഇപ്പോൾ പ്രവർത്തിക്കുന്ന പോസ്റ്റോഫീസും (കുരിയച്ചിറ) ഇലക്ട്രിസിറ്റി ഓഫീസും വാടക കെട്ടിടത്തിലാണ്. അവിടെ നിന്നും പോകാതെ പഞ്ചായത്ത് കെട്ടിടം ഉണ്ടാക്കി കൊടുത്ത് സംരക്ഷിക്കേണ്ടതാണ്.

9. പഞ്ചായത്ത് തലത്തിൽ പണിയുന്ന വീടുകൾക്ക് കാലതാമസമില്ലാതെ പഞ്ചായത്ത് തലത്തിൽ തന്നെ അനുമതി കൊടുക്കണം.

10. തുണ്ടു ഭൂമികൾക്ക് (2, 3, സെന്റ്) കേരള കെട്ടിട നിയമം ബാധകമാക്കരുത്.

11. പഞ്ചായത്ത് വാടക കെട്ടിടങ്ങളിൽ പ്രാഥമിക സൗകര്യങ്ങളുണ്ടാക്കി കൊടുക്കണം.

12. കനാൽ പുറംപോക്കിൽ താമസിക്കുന്നവർക്ക് പൊതു കക്കൂസുകളെങ്കിലും പഞ്ചായത്ത് ഉണ്ടാക്കി കൊടുക്കണം.

# സാമൂഹ്യക്ഷേമം

നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ദാരിദ്ര്യവും തൊഴിലില്ലായ്മയുമാണ്. നാൾക്കുനാൾ കൂടിക്കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയും ഓരോരുത്തരുടേയും കഴിവിന് അനുസരിച്ചുള്ള തൊഴിൽ കിട്ടാതിരിക്കുന്ന അവസ്ഥയും ജനസംഖ്യയിലെ ഒരു വലിയ വിഭാഗത്തെ ദാരിദ്ര്യത്തിലാഴ്ത്തുകയും ചെയ്യുന്നു. ഇതിനു മുൻപത്തെ പദ്ധതികളുടെ ഊന്നൽ ഉല്പാദനം വർദ്ധിപ്പിക്കുക അതു വഴി മൊത്തത്തിലുള്ള ദേശീയ വരുമാനം വർദ്ധിപ്പിക്കുകയും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുകയും എന്നതായിതുന്നു. ഇങ്ങനെ ഉണ്ടായിവരുന്ന സാമ്പത്തിക വളർച്ചയുടെ പ്രയോജനം താനെ പാവപ്പെട്ടവരിലേക്ക് എത്തിച്ചേരും എന്നതായിരുന്നു മുൻകാലങ്ങളിലെ കാഴ്ചപ്പാട്. ഉല്പാദനവർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും അതിന്റെ പ്രയോജനം പാവപ്പെട്ടവന് കിട്ടിയില്ല. എന്നാൽ 8-ാം പഞ്ചവത്സരപദ്ധതിയിലും അതിന് തൊട്ടുമുൻപുള്ള പദ്ധതികളിലും ആസൂത്രണത്തിന്റെ സമീപനത്തിൽ മാറ്റം വരുകയും ദാരിദ്ര്യം നേരിട്ട് നിർമ്മാർജ്ജനം ചെയ്യുക എന്നത് ഒരു ലക്ഷ്യമായി അംഗീകരിക്കുകയും ചെയ്തു. ദാരിദ്ര്യത്തിന്റേയും തൊഴിലില്ലായ്മയുടേയും വളരെ അധികം പ്രവർത്തനങ്ങൾ സംയോജിതമായി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

ഇന്ന് വളരെദുർബലമായ അവസ്ഥയിലാണ് ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനത്തിലെ ആസൂത്രണത്തിന്റെ സ്ഥിതി. ദാരിദ്ര്യനിർമ്മാർജ്ജനപദ്ധതികളിലൂടെ ഉണ്ടാക്കേണ്ടത് പാവപ്പെട്ടവർക്ക് ഗുണം കിട്ടുന്ന സാമൂഹ്യ ആസ്തികളാണ്. എന്നാൽ ഇപ്പോൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന ബഹുഭരിപക്ഷം തൊഴിൽ പദ്ധതി പണികളുടേയും ഗുണഫലം സമുഹത്തിലെ മദ്ധ്യവർഗ്ഗത്തിനോ മേലേക്കിടയിലുള്ളവർക്കോ ആണ് ലഭിക്കുന്നത് ആയതിനാൽ വികസനത്തെ കുറിച്ച് പുതിയ ഒരു വീക്ഷണം ഉണ്ടാകേണ്ടിയിരിക്കുന്നു.

വികസനത്തെക്കുറിച്ച് സമകാലീന ചിന്തയിൽ തെളിയുക വൻകിട വ്യവസായ വികസനത്തിലും ശാസ്ത്രസാങ്കേതിക മികവിലും ഊന്നൽകൊടുത്തുള്ള വലിയ വ്യവസായശാലകൾ, വൻകിടനഗരങ്ങൾ, അന്താരാഷ്ട്രവിമാനത്താവളങ്ങൾ, അന്താരാഷ്ട്ര കളിസ്ഥലങ്ങൾ, വൻ ഗവേഷണകേന്ദ്രങ്ങൾ മുതലായവയാണ്. എന്നാൽ ഇതിനുവിപരീതമായി വികസനമെന്നത് എല്ലാവർക്കും തൊഴിലും, വിദ്യാഭ്യാസവും, ഭക്ഷണവും, കുടിവെള്ളവും, ആരോഗ്യവും, കിടപ്പാടവും എന്നരീതിയിലാണ് വരേണ്ടത്. ആത്യന്തികമായി പാവപ്പെട്ടവരെ അപേക്ഷിച്ച് സമ്പന്നർക്ക് കൂടുതൻ സമ്പന്നരാകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനു പകരം പാവപ്പെട്ട ദാരിദ്ര്യജനവിഭാഗങ്ങളുടെ നിലനിൽപ്പിന്നാവശ്യമായ പ്രയത്നങ്ങളുമായി യോജിക്കുന്ന വിധത്തിലുള്ള ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ ആവഷ്കരിക്കണം.

പട്ടിക ജാതിക്കാർ, പാറമടയിൽ പണിയെടുക്കന്നവർ, ഭൂരഹിത കർഷകതൊഴിലാളികൾ, പരമ്പരാഗത കൈവേലക്കാർ തുടങ്ങിയ ദരിദ്ര ജനവിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ക്രയശേഷി വർദ്ധിപ്പിക്കുന്നതിനും അവരുടെ നിസ്സഹായാവസ്ഥയും നിരാശാബോധവും മാറ്റിയെടുക്കുന്നതിനുംവേണ്ടി ഇവർക്കുമാത്രം പ്രയോജനപ്പെടുന്ന രീതിയിൽ കൂടുതൽ വരുമാനം കിട്ടുന്നവിധത്തിലുള്ള സ്വയം തൊഴിൽ പദ്ധതികൾ, തൊഴിലിൽ വിദഗ്ധ പരിശീലനം നൽകൽ, കൂടുൽ തൊഴിലവസരങ്ങൾ നൽകുന്ന നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികൾ ആവിഷ്കരിക്കണം.

പരമ്പരാഗത കൈതൊഴിൽ ചെയ്യുന്നവരേയും സ്വയം തൊഴിൽ ചെയ്യുന്നവരേയും ഇടനി

ലക്കാരിൽനിന്ന് മോചിപ്പിച്ച് ഉല്പന്നങ്ങൾ നേരിട്ട് വിറ്റഴിക്കാനുള്ള വിപണനസൗകര്യങ്ങൾ ഏർപ്പെടുത്തണം.

രണ്ട് വിധത്തിലുള്ള സാമൂഹ്യക്ഷേമ പദ്ധതികളാണ് പഞ്ചായത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദാരിദ്രനിർമാർജ്ജന പദ്ധതികളും വിവിധ വിഭാഗക്കാർക്കായുള്ള പെൻഷൻ ധനസഹായ പദ്ധതികളും പഞ്ചായത്തിൽ സന്നദ്ധ സംഘടനകൾ സാമൂഹ്യസേവന രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരുക്കുന്നുണ്ട്.

1995ലെ IRDP സർവ്വെ പ്രകാരം ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 2562 ആണ്. പ്രതിവർഷം ശരാശരി 25% ആണ് IRDP ആനൂകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. അർഹരായവരിൽ ചെറിയൊരു വിഭാഗത്തിനുമാത്രസമേ IRDP ആനുകൂല്യങ്ങൾ ലഭിക്കുന്നുള്ളൂ. 1995ലെ കണക്കനുസരിച്ച് പഞ്ചായത്തിൽ വിവിധ ധനസഹായം ലഭിക്കുന്നവരുടെ എണ്ണം താഴെചേർക്കുന്നു.

| | |
|---|---|
| വാർദ്ധിക്യകാലപെൻഷൻ | - 95 പേർക്ക് |
| വിധവാപെൻഷൻ | - 97 പേർക്ക് |

ധനസഹായം ലഭിക്കുന്നവരെയെല്ലാം അതിന് അർഹരാണ്. എന്നാൽ അപേക്ഷിച്ച അർഹതയുള്ളവരായ അധികം പേർക്കും സഹായം ലഭിച്ചിട്ടില്ല. എന്ന് പ്രാധമിക പരിശോധനയിൽ തന്നെ ബോധ്യപ്പെടുന്നുണ്ട്. ആർട്ടിസാൻസ് & സ്കിൽഡ് വർക്കേഴസ് ഡത്ത് കം റിട്ടയർമെൻറ് പദ്ധതി, നിർമ്മാണതൊഴിലാളി ക്ഷേമനിധി, കർഷകതൊഴിലാളി ക്ഷേമനിധി, മോട്ടോർതൊഴിലാളി ക്ഷേമനിധി, ചുമട്ടുതൊഴിലാളി ക്ഷേമനിധി, തുടങ്ങിയക്ഷേമനിധികൾ അപാകതകൾ പരിഹരിച്ച് ഇനിയും വിപുലപ്പെടുത്തി കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുണ്ട്. ഇനിയും പുതിയക്ഷേമനിധിപദ്ധതികൾ ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്.

വികലാംഗക്ഷേമത്തിന്, വികലാംഗ കോർപ്പറേഷൻ തുടങ്ങി നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതോടൊപ്പം അവർക്ക് നിലവിലുള്ള തൊഴിൽ സംവരണം കൃത്യമായി പാലിക്കുകയും അതേ സമയം വികലാംഗർക്കായി സംവരണം ചെയ്തിട്ടുള്ള തൊഴിലുകളിൽ വികലാംഗരെതന്നെയാണ് നിയമിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. വികലാംഗർക്ക് സ്വന്തമായിതൊഴിൽചെയ്ത് ജീവിക്കുന്നതിന് ആവശ്യമായ പദ്ധതികളും ആവിഷ്കരിക്കേണ്ടതുണ്ട്.

അവിദഗ്ദസേവന രംഗത്ത് ഒറ്റയ്ക്കൊറ്റക്ക് തൊഴിൽചെയ്ത് ഉപജീവനമാർഗ്ഗം നേടുന്നവരായ പറമ്പുപണിക്കാർ, കിണറുകുഴിക്കന്നവർ, മറ്റുപണിക്കാർ, സദ്യയൊരുക്കുന്നവർ കാര്യസ്ഥൻമാർ, വീട്ടുജോലിക്ക് പോകുന്നവർ തുടങ്ങി പലവിധത്തിൽ തോഴിലെടുത്ത് ജീവിക്കുന്നവരുടെ തൊഴിൽസംഘങ്ങൾ രൂപികരിച്ച് പഞ്ചായത്തിൽ റജിസ്റ്റർ ചെയ്ത് (-അവരുടെ വിശ്വാസ്യതയും കാര്യക്ഷമതയും ഇൻഷ്വർചെയ്തുകൊണ്ട്)ഇവരുടെ സേവനം ആവശ്യക്കാർക്ക് യഥാസമയം ലഭ്യമാകുന്ന വിധത്തിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

പൊതുവെ ജനങ്ങളുടെ കായികക്ഷമതയും കായിക സംസ്കാരവും വളർത്തിയെടുക്കുന്നതിനുവേണ്ടി ഒരു സംഘടിത രൂപം ഉണ്ടാക്കേണ്ടതാണ്.

**ഗ്രാസസഭകളിലെ ചർച്ചകളിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും**

1. പഞ്ചായത്തിൽ ഒരു പൊതു സ്മശാനം ഇല്ല.
2. വൃദ്ധമന്ദിരങ്ങൾ ഇല്ല
3. അംഗനവാടികൾ ഇല്ല
4. ക്രഷ്ശുകൾ ഇല്ല.
5. നിരാലംബരായ സ്ത്രീകളേയും കുട്ടികളേയും സംരക്ഷിക്കുന്നതിലും പുനരധിവസിപ്പിക്കുന്നതിനും ആവശ്യമായ സംവിധനം ഇല്ല.
6. നിർധനരായ രോഗികൾക്ക് ചികിത്സക്ക് ആവശ്യമായ ധനസഹായം ലഭിക്കുന്നില്ല.
7. നിർധനരായ കുടുബങ്ങളിലെ യുവതികളുടെ വിവാഹത്തിന് ധനസഹായം ലഭിക്കുന്നില്ല.

8.അവശവിഭാഗക്കാർക്ക് വീട് റിപ്പയർചെയ്യു ന്നതിന് ധനസഹായം ലഭിക്കുന്നില്ല.

9.ദുർബലവിഭാഗക്കാർക്ക് ഭൂമിവാങ്ങി വീട് വെയ്ക്കുന്നതിനുള്ള വായ്പകളോ ധനസഹാ യങ്ങളോ ലഭക്കുന്നില്ല.

10.ഐ. ആർ. ഡി. പി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹതയുള്ള എല്ലാവർക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

11.പെൻഷൻ പദ്ധതികൾ അർഹരായ എല്ലാവർ ക്കും ലഭിക്കുന്നില്ല . ഇതിനാവശ്യമായ സർട്ടി ഫിക്കറ്റുകൾ പഞ്ചായത്ത്വഴി നൽകുന്ന തിനാ വശ്യമായ നടപടികൾ സ്വീകരിക്കുകയും ചില പദ്ധതികളുടെ പ്രായപരിധികുറക്കുകയും വേണം. അതോടൊപ്പം നടപടികൾ ലഘൂകരി ക്കുകയും വേണം.

12.പല ക്ഷേമപദ്ധതികളുടേയും പ്രവർത്തനം കാര്യ ക്ഷമമല്ല.

13.വികലാംഗ ക്ഷേമ ഫ്രവർത്തനങ്ങൾ കാര്യ ക്ഷമ മല്ല.

14.വിധവകളുടെ പെൺമകളുടെ വിവാഹത്തിന് നൽകുന്ന ധനസഹായത്തിൻെറ നടപടിക്ര മങ്ങൾ ലഘൂകരിച്ച് എളുപ്പത്തിൽ ലഭ്യമാക്കണം.

15.പഞ്ചായത്തിലെ മാലിന്യങ്ങൾ കമ്പോസ്റ്റാക്കി മാറ്റുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാ കണം.

16.മദ്യനിരോധനം മൂലം തൊഴിൽ നഷ്ടപ്പെ ട്ടവർക്ക് തൊഴിൽ നൽകുന്നതിനുള്ള സംവി ധാനം ഉണ്ടാകണം.

17.മദ്യത്തിനും മയക്കുമരുന്നിനും സ്ത്രീധനത്തി നും പരിസരമലിനീക രണത്തിനും എതിരായ ബോധവൽക്കണ പ്രവർത്തനം കാര്യക്ഷമ മായി നടപ്പിലാക്കണം.

18.ക്ഷേമ പദ്ധതികളെക്കുറിച്ചും സർക്കാർ ഏജൻസികളിൽ നിന്നുള്ള ധനസഹായത്തെ കുറിച്ചും ഗുണഭോക്താക്കളിൽ ശരിയായ ബോധവൽക്കരണ പ്രവർത്തനം സംഘടിപ്പി ക്കണം.

19.കനാൽ പുറമ്പോക്കിലും മറ്റു പുറമ്പോക്കു കളിലും താമസിക്കുന്നവരുടെ പാർപ്പിട പ്രശ്ന ങ്ങൾക്ക് പരിഹാരം കാണണം.

20.തൃശൂർ അർബൻ ഡവലപ്മെൻെറ് അതോ റിറ്റിയുടെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടാത്ത സ്ഥലത്ത് പണിയുന്ന വീടുകൾക്ക് ടി. യു. ഡി. എ. യുടെ അനുമതി ആവശ്യമില്ല എന്ന തീരു മാനം ഉണ്ടാകണം.

21.കുരിയച്ചിറയിലെ ഇലക്ട്രിസിറ്റി ഓഫീസും പോസ്റ്റോഫീസും ഒഴിപ്പിക്കൽ ഭീഷണി നേരിടു കയാണ് ഈ സ്ഥാപനങ്ങൾക്ക് കെട്ടിടം പണി യുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

# പട്ടികജാതി/പട്ടികവർഗ്ഗ വികസനം

ഒല്ലൂർ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 10 ശതമാനത്തിലേറെ പട്ടികജാതി കുടുംബങ്ങളാണ്. എന്നാൽ പട്ടികവർഗ്ഗക്കാർ ആരും തന്നെ സ്ഥിരമായി ഈ പഞ്ചായത്തിൽ താമസിക്കുന്നില്ല. പഞ്ചായത്തിലെ 15 വാർഡുകളിൽ 2-ാം വാർഡ് മാത്രമാണ് പട്ടികജാതിക്കാർക്കു മാത്രമായി സംവരണം ചെയ്തിട്ടുള്ളത്. എന്നാൽ 15, 14, 12, 6 എന്നീ വാർഡുകളിലും പട്ടികജാതിക്കാർ തിങ്ങി പാർക്കുന്നുണ്ട്. 2-ാം വാർഡിലെ മോഡൽ കോളനി മാത്രമെ ഡിപ്പാർട്ടുമെന്റ് അംഗീകരിച്ചിട്ടുള്ളൂ. കൂടാതെ 8-ാം വാർഡിലും, 14, 12 വാർഡുകളിലും പട്ടികജാതിക്കാർ തിങ്ങി പാർക്കുന്ന പ്രദേശങ്ങൾ സെറ്റിൽമെന്റ് കോളനിയായി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 15, 6, 4, എന്നീ വാർഡുകൾ കൂടി കോളനിയാക്കി അംഗീകരിക്കേണ്ടതുണ്ട്.

പട്ടികജാതി സങ്കേതങ്ങളെക്കുറിച്ച് വിശദമായി പഠിച്ചപ്പോൾ അടിസ്ഥാന സൗകര്യങ്ങൾ പോലും ഇന്ന് പല വാർഡുകളിലും എത്തി നോക്കിയിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും അവർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലും വെള്ളവും വെളിച്ചവും എത്തിക്കുമെന്ന ഗവൺമെന്റുകളുടെ പ്രഖ്യാപിത ലക്ഷ്യം നിലനിൽക്കെ തന്നെ 400 അംഗങ്ങൾ ഉള്ള 79 കുടുംബങ്ങൾ തിങ്ങി പാർക്കുന്ന പനയംപ്പാടം പ്രദേശത്തെ ഒട്ടുമുക്കാലും സ്ഥലങ്ങൾ ഇന്നും ഇരുട്ടിലാണ്. 425 പൊതുടാപ്പുകൾ ഉള്ള ഈ പഞ്ചായത്തിൽ ഈ പ്രദേശം ഉൾപ്പെടുന്ന 15-ാം വാർഡിന് കേവലം ഒരു ടാപ്പു മാത്രമെ ഉള്ളൂ എന്നതു് പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. പൊതുവായ കിണറുകളും, കുളങ്ങളും, ടാപ്പുകളും വേണ്ടത്ര ഇല്ലാത്തതുകൊണ്ടും ഉള്ള ടാപ്പുകളിൽ വേനൽക്കാലത്തു് വെള്ളം ലഭിക്കാത്തതുകൊണ്ടും വരൾച്ചയുടെ രൂക്ഷത പട്ടികജാതി സങ്കേതമായ 2-ാം വാർഡിനെ കാര്യമായി ബാധിക്കുന്നു.

## വിദ്യാഭ്യാസം

വിദ്യാഭ്യാസത്തെക്കുറിച്ച് പറയുകയാണെങ്കിൽ നിരക്ഷരരുടെ എണ്ണം ഇന്നു് വളരെ ഉണ്ടു്. മൊത്തം പഞ്ചായത്തിലെ നിരക്ഷരരുടെ ശതമാനത്തിൽ 90 ശതമാനത്തിലേറെ പട്ടികജാതിക്കാരാണ്. വൃദ്ധജനങ്ങളിൽ ബഹുഭൂരിഭാഗവും നിരക്ഷരരാണ്. ഇന്നും ഇവരെ അടക്കി വാഴുന്നതു് പാരമ്പര്യത്തിന്റെ മാമൂലുകളും ചിട്ടകളുമാണ്. അവരുടെ കുട്ടികളും വിദ്യാഭ്യാസപരമായി താഴ്ന്ന നിലവാരം പുലർത്തുന്നു. കലാലയ ജീവിതം പലരിലും ഇന്നും സ്വപ്നം മാത്രമാണ്.

## തൊഴിൽ

ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 2562 കുടുംബങ്ങളിൽ 269 കുടുംബങ്ങളും പട്ടികജാതിക്കാരുടെതാണ്. ഇതിൽ 132 കുടുംബങ്ങൾക്ക് മാത്രമേ തുച്ഛമായ സഹായം എത്തിക്കാൻ, വിവിധ പദ്ധതികൾ കൊണ്ടു് സാധിച്ചിട്ടുള്ളൂ. പദ്ധതികൾ പലതും ലഭിക്കുന്നതിന് ലഘുതരമായ വ്യവസ്ഥകളോ, വേണ്ട നിർദ്ദേശങ്ങളോ വിവിധ സാമ്പത്തിക ഏജൻസികളിൽ നിന്നും സമയാസമയങ്ങളിൽ ലഭിക്കാറില്ല. പട്ടികജാതികുടുംബങ്ങളിൽ ബഹുഭൂരിപക്ഷവും കാർഷിക തൊഴിലാളികളാണ്. കൂടാതെ കുട്ട, പനമ്പ് ഇവയുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവരും മരപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നവരും കരകൗശല വിദഗ്ദ്ധരും ഉണ്ടു്. എന്നാൽ ഇവർക്ക് സ്ഥിര വരുമാന തൊഴിലുകൾ ഒന്നും തന്നെയില്ല. ഇവർക്ക് തൊഴിൽ ലഭിക്കുന്നതിന് ആരംഭിച്ച ഹരിജൻ-ഗിരിജൻ സൊസൈറ്റി വേണ്ടത്ര സാമ്പത്തിക സഹായമോ, നിയന്ത്രണമോ ഇല്ലാതെ ക്ഷയിച്ചു വരുകയാണ്.

ഐ. ആർ. ഡി. പി. പദ്ധതി, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ് പട്ടികജാതി വികസന കോർപ്പറേഷൻ എന്നീ വകുപ്പുകളിൽ നിന്നും സ്വയം തൊഴിൽ പദ്ധതിയായി ആടുമാടുകളെ ലഭിച്ചവർ ഉണ്ടു്. എന്നാൽ പാലിന്റെ വിപണനത്തിനായി മിൽമ സൊസൈറ്റികളോ മറ്റു ഡയറി സൗകര്യങ്ങളോ ഇപ്പോൾ പഞ്ചായത്തിൽ നിലവിലില്ല.

## പാർപ്പിടം

തലചായ്ക്കാൻ ഒരു കൂര പോലും ഇല്ലാത്ത 165 ഓളം പട്ടികജാതി കുടുംബങ്ങൾ പഞ്ചായത്തിൽ

ഉണ്ട്. ഇതിൽ ചിലർക്കെല്ലാം കേവലം തുണ്ടു ഭൂമി കൈവശം ഉണ്ട് വളരെ അധികം പേരും പുറംപോക്കിൽ, കുടിൽ കെട്ടി താമസിക്കുന്നു. അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട കക്കൂസിന്റെ സൗകര്യം ഇല്ലാത്തവർ നിരവധി പേർ ഉണ്ട്.

## കൃഷി

സ്വന്തമായി കൃഷിഭൂമിയുള്ള പട്ടികജാതിക്കാർക്ക് ഭൂമിയിൽ നിന്നുള്ള ആദായം വർദ്ധിപ്പിക്കുന്നതിന് ആധുനിക കൃഷി സൗകര്യങ്ങളോ, രീതികളോ, വിത്ത്, വളം മുതലായവ യഥാസമയം ലഭിക്കുന്നതിനുള്ള സൗകര്യമോ ഇപ്പോൾ നിലവിലില്ല. കൈവശമുള്ള തുണ്ടു ഭൂമിയിൽ ഇരുപതു സെന്റിൽ കൂടുതൽ ഉള്ളവർക്കു മാത്രമേ കിണർ കുഴിക്കുന്നതിനുള്ള ഗ്രാന്റ് ലഭിക്കുന്നുള്ളു. കൃഷിഭവനിൽ നിന്നും കൃഷി ഭൂമി വാങ്ങുന്നതിന് ഗ്രാന്റ് നൽകുന്നത് സെന്റിന് 2500/- രൂപ മാത്രമാണ്. ഈ തുക കൊണ്ട് ഒല്ലൂർ പഞ്ചായത്തിൽ ഒരു സെന്റ് ഭൂമി പോലും വാങ്ങുവാൻ കഴിയുകയില്ല.

## സംവരണം

പട്ടികജാതിക്കാർക്ക് വിദ്യാഭ്യാസത്തിനും, സാമൂഹ്യ ഉയർച്ചക്കും ആയി ഗവൺമെന്റ് ഏർപ്പെടുത്തിയ സഹായധനങ്ങൾ യഥാസമയങ്ങളിൽ ലഭിക്കാറില്ല. വിദ്യാസമ്പന്നരായ പട്ടികജാതി കുടുംബത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് റിസർവേഷന്റെ സംരക്ഷണം ഉണ്ടായിട്ടു കൂടി വേണ്ടത്ര ജോലി ലഭിക്കുന്നില്ല. സർക്കാർ, അർദ്ധസർക്കാർ, സഹകരണ-പൊതുമേഖല സ്ഥാപനങ്ങൾ, പട്ടികജാതിക്കാർക്ക് നൽകേണ്ട റിസർവേഷൻ ഇന്ന് നടപ്പിലാക്കിയിട്ടില്ല. റിസർവേഷൻ കർശനമായി നടപ്പിലാക്കണം.

## സാംസ്കാരികം

ഡിപ്പാർട്ടുമെന്റിന്റെ സാംസ്കാരിക നിലയമോ, കമ്മ്യൂണിറ്റി ഹാളോ, പ്രത്യേക വാർത്താ നിലയങ്ങളോ, വായനശാലകളോ, ടെലിവിഷൻ സൗകര്യമോ മോഡൽ കോളനിയിൽ പോലും ലഭ്യമാക്കിയിട്ടില്ല. കോളനിയിൽ ടെലിവിഷൻ നിർബന്ധമായി വേണം.

## സഹകരണസംഘങ്ങൾ

തൊഴിൽരഹിതരായ യുവതി യുവാക്കളുടെ എണ്ണം ദൈനംദിനം പെരുകുകയാണ്. ഇവർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ ഉതകുന്ന തൊഴിലാളി വ്യവസായ സഹകരണ സംഘങ്ങൾ, പുരാതന കൈതൊഴിലുകൾ പുനർജീവിപ്പിക്കാൻ ഉതകുന്ന സൊസൈറ്റികൾ ആധുനിക മേഖലയിൽ തൊഴിൽ നേടാൻ ഉതകുന്ന സ്ഥാപനങ്ങൾ ഒന്നും തന്നെ ഇന്ന് പഞ്ചായത്തിൽ നിലവിലില്ല.

ഗവൺമെന്റിൽ നിന്നോ, ഡിപ്പാർട്ടുമെന്റിൽ നിന്നോ, പട്ടികജാതി കോർപ്പറേഷൻ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, സർവീസ് സഹകരണ സംഘങ്ങൾ എന്നീ സാമ്പത്തിക ഏജൻസിയിൽ നിന്നോ ലഭ്യമാകുന്ന സഹായ സഹകരണങ്ങളെക്കുറിച്ച് പരിജ്ഞാനം ഉണ്ടാകുന്നതിന് വേണ്ട സൗകര്യങ്ങൾ ഇന്ന് നിലവിലില്ല.

## ശ്മശാനം

ഡിപ്പാർട്ടുമെന്റിൽ നിന്നും അംഗീകരിച്ച മോഡൽ കോളനിയോടനുബന്ധിച്ചുള്ള പൊതു ശ്മശാനത്തിന് മതിലുകൾ കെട്ടി വേർതിരിച്ചിട്ടില്ല.

സാമൂഹ്യമായി കണക്കിലെടുക്കുമ്പോൾ ഇന്നും പട്ടികജാതി സങ്കേതങ്ങളിൽ ഉച്ചനീചത്വം നിലനിൽക്കുന്നു. കോളനി സമ്പ്രദായം കൊടികുത്തി വാഴുന്ന ഈ മേഖലകളിൽ മേലേക്കിടയിൽ നിൽക്കുന്ന പലരും പട്ടികജാതിക്കാരെ വേർതിരിച്ചു കാണുന്നു എന്ന് എടുത്തു് പറയേണ്ടിയിരിക്കുന്നു.

## ഗ്രാമസഭ നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. പട്ടികജാതിക്കാർക്കായി സംവരണം ചെയ്തിട്ടുള്ള 2-ാം വാർഡിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരമായി സാമൂഹ്യ ജലസേചന സമിതിയിൽ ഉൾപ്പെടുത്തി കുടിവെള്ളത്തിനും ജലസേചനത്തിനും ഉതകുന്ന ഒരു പദ്ധതി രൂപീകരിക്കുക.
2. പാലക്കുഴി മൂലയിലും ചീരാച്ചിയിലും ചെക്ക് ഡാം നിർമിച്ച് കരിംപറ്റ പാടശേഖരത്തിൽ വെള്ളം ശേഖരിച്ചാൽ കൃഷിക്കും കിണറുകളിലെ കുടിവെള്ളത്തിനും സൗകര്യപ്രദമായിരിക്കും.
3. കൃഷിഭവനിൽ നിന്നും സ്വന്തമായി ഭൂമി ഉള്ളവർക്ക്

കിണർ കുഴിക്കുന്നതിന് സഹായധനം ഭൂമിയുടെ പരിധി കണക്കിലെടുക്കാതെ നൽകുക.

4. സെന്റ് ഒന്നിന് 2500/- രൂപ നൽകിയിരുന്നത് ഭൂമിയുടെ വില വർദ്ധനവ് കണക്കിലെടുത്ത് 10,000/ രൂപയെങ്കിലും ആക്കി വർദ്ധിപ്പിച്ച് നൽകുക.
5. വയോജന-സാക്ഷരതാ പരിശീലനകേന്ദ്രം, പട്ടിക ജാതി സങ്കേതങ്ങളെ കേന്ദ്രീകരിച്ച് എല്ലാ വാർഡുകളിലും ആരംഭിക്കുക.
6. കുട്ടികൾക്ക് പ്രൈമറി വിദ്യാഭ്യാസമെങ്കിലും നിയമപ്രകാരം കർശനമാക്കുക.
7. പട്ടികജാതിക്കാർ തിങ്ങി പാർക്കുന്ന പ്രദേശങ്ങളിൽ നേഴ്സറി സ്കൂളുകളും അംഗൻവാടികളും ആരംഭിക്കുക.
8. മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും ആധുനിക സൗകര്യമുള്ള കക്കൂസുകൾ നിർമിക്കാൻ ഗ്രാന്റുകൾ നൽകുക.
9. സ്വന്തമായി ഭൂമി ഉള്ളവർക്കെല്ലാം ബ്ലോക്ക്-ഗ്രാമ പഞ്ചായത്തു് സമിതികൾ വഴി വീട് നിർമ്മിക്കാൻ ഗ്രാന്റു് നൽകുകയും, വ്യവസ്ഥകൾ ലഘൂകരിക്കുകയും ചെയ്യുക.
10. സ്വന്തമായി ഭൂമി ഇല്ലാത്തവർക്കും പുറംപോക്കിൽ കുടിൽ കെട്ടി താമസിക്കുന്നവർക്കും ഡിപ്പാർട്ടുമെന്റ്, പുനരധിവാസ പദ്ധതിയിൽ പെടുത്തി വീടും ഭൂമിയും ലഭ്യമാക്കുന്നതിനുള്ള ഗ്രാന്റ് അനുവദിക്കുക.
11. ലക്ഷം വീടുകളിലും ജീർണിച്ച വീടുകളിലും താമസിക്കുന്നവർക്കു് വീടുകളുടെ കേടുപാടുകൾ തീർക്കുന്നതിനു് സഹായധനം അനുവദിക്കുക.
12. സ്വയം തൊഴിൽ പദ്ധതികൾക്കായി കൃഷി വകുപ്പിന്റെ അഗ്രോ-സർവീസ് സെന്റർ ആരംഭിക്കുക.
13. ഗ്രാമ പഞ്ചായത്തിൽ നിന്നും 25 പേർക്ക് ഓരോ വർഷവും ഓട്ടോറിക്ഷ, കാർ, ജീപ്പ് എന്നിവയിൽ പരിശീലനം നൽകുകയും ഓട്ടോറിക്ഷ, കാർ എന്നിവ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.
14. കോൺട്രാക്റ്റ് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും, പന്തൽ മുതലായ പണിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും തുടർന്നു് നടത്തുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.
15. ആധുനിക രീതിയിൽ കിണർ കുഴിക്കുന്നതിനും പാറപൊടിക്കുന്നതിനും ഉള്ള മെഷിനറികൾ വാങ്ങുവാൻ ധന സഹായം നൽകുക. പ്ലാസ്റ്റിക്ക്, ചൂരൽ നെയ്ത്ത് എന്നിവയിൽ പരിശീലനം നൽകുകയും അവ വ്യവസായ അടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.
16. കളിപ്പാട്ടങ്ങൾ, മോഡലുകൾ, പ്ലാസ്റ്റിക്ക് ഗൃഹോപകരണങ്ങൾ എന്നിവയുടെ നിർമ്മാണങ്ങളിൽ പരിശീലനം നൽകുകയും ആയത് ആരംഭിക്കുവാൻ വേണ്ട ധന സഹായം നൽകുകയും ചെയ്യുക.
17. ഫർണീച്ചർ പണിയിൽ പരിശീലനം നൽകുകയും വ്യവസായാരംഭത്തിന് വായ്പ നൽകുകയും ചെയ്യുക.
18. കൂട്ടായ യജ്ഞത്തിൽ ഒരു പാക്കിംങ് കെയ്സ് വ്യവസായ യൂണിറ്റ് ആരംഭിക്കുക.
19. ഹെവി ലൈസൻസ് ഉള്ളവരെ ഉൾപ്പെടുത്തി ഒരു ബസ് സർവീസ് ആരംഭിക്കുക.
20. പി. എം. ആർ. വൈ. പദ്ധതി പ്രകാരം തെരഞ്ഞെടുത്ത എല്ലാ പട്ടികജാതി അപേക്ഷകർക്കും ഉടനടി വായ്പ ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.
21. ഹോർട്ടികൾച്ചറിൽ പരിശീലനം നൽകുകയും ആദായകരമായ രീതിയിൽ പൂക്കളുടെ കൃഷി ആരംഭിക്കുന്നതിനുള്ള വായ്പാ സൗകര്യം ഉണ്ടാക്കുകയും ചെയ്യുക.
22. സ്വർണ പണിയിൽ പരിശീലനം നൽകുകയും പരിശീലനം ലഭിച്ചവർക്ക് വീടുകളിൽ ഇരുന്ന് പണിചെയ്യുന്നതിന് വേണ്ട സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.
23. പേപ്പർ കവർ, പോളിത്തീൻ കവർ, സ്ക്രീൻ പ്രിന്റിംഗ് എന്നിവയിൽ പരിശീലനം നൽകുക. പ്രസ്തുത യൂണിറ്റുകൾ ആരംഭിക്കാൻ സാമ്പത്തിക സഹായം എത്തിക്കുക.
24. പട്ടികജാതിക്കാരുടെ കൂട്ടായ പ്രവർത്തനത്തിലും സഹകരണത്തിലും ഊന്നൽ നൽകി വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
25. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒല്ലൂർ പഞ്ചായത്തിലെ ഹരിജൻ സഹകരണ സംഘത്തിന്റെ ശാഖ 13, 14, 15 എന്നീ വാർഡുകളിൽ കൂടി ആരംഭിക്കുക.
26. പട്ടികജാതി വനിതകൾക്കായി കൈത്തറി വ്യവസായ സഹകരണ സംഘം രൂപീകരിക്കുക.
27. കറിമസാല, അച്ചാറുകൾ, ബേക്കറി എന്നിവകളുടെ നിർമാണത്തിന് വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
28. ഹാന്റിക്രാഫ്റ്റ് സഹകരണ സംഘം രൂപീകരിക്കുക.
29. പ്രിന്റിംഗ്, ബൈന്റിംഗ് സഹകരണ സംഘം രൂപീകരിക്കുക.
30. ഒരു കളിമൺ തൊഴിലാളി വ്യവസായ സഹകരണ സംഘം രൂപീകരിക്കുക.
31. പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റേയോ വ്യവസായ വകുപ്പിന്റേയോ കീഴിൽ എട്ടാം ക്ലാസ്സ്വരെ പഠി

ച്ചവർക്കായി ഐ. ടി. ഐ. സ്ഥാപനത്തിന് തുല്ല്യമായ സാങ്കേതിക പഠന സ്ഥാപനം ആരംഭിക്കുക.

32. പട്ടികജാതി വനിതകൾക്ക് മാത്രമായി വള കട്ടിംങ് പരിശീലനം നൽകുകയും തൊഴിൽ കൊടുക്കുന്നതിന് ആവശ്യമായ സഹകരണ സംഘം രൂപീകരിക്കുകയും ചെയ്യുക.

33. പട്ടികജാതി യുവതീ യുവാക്കൾക്ക് ഡയ്മണ്ട് പരിശീലനം നൽകുകയും തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.

34. പഴം, പച്ചക്കറി മുതലായവയുടെ സംസ്കരണത്തിന് ഉതകുന്ന വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.

ലഭ്യമാകുന്ന ആനുകൂല്യങ്ങളും വസ്തുവകകളും ഉടനടി കൈമാറ്റം നടത്താതിരിക്കുന്നതിനുള്ള നിയമ നടപടി ഉണ്ടാക്കുക.

കൂടാതെ ലഭിക്കാവുന്ന ആനുകൂല്യങ്ങളെക്കുറിച്ചും തൊഴിൽ സാധ്യതകളെകുറിച്ചും സമയാസമയങ്ങളിൽ അറിയുന്നതിനും കൂട്ടായി അറിയിക്കുന്നതിനും കോളനികളിലും, മറ്റ് സങ്കേതങ്ങളിലും ബോധവൽക്കരണ സെമിനാറുകളും ക്ലാസ്സുകളും ഇടക്കിടെ സംഘടിപ്പിക്കണം.

പഞ്ചായത്തിൽ ഉൾപ്പെട്ട പട്ടികജാതി കോളനിയിൽ ലക്ഷം വീട്, 4 സെന്റ് കോളനി എന്നിവിടങ്ങളിൽ താമസിക്കുന്ന വീടുകൾ വളരെ ശോചനീയാവസ്ഥയിലാണു്. പ്രത്യേകിച്ച് അഞ്ചേരി ഹരിജൻ മോഡൽ കോളനിയിൽ ഉള്ള വീടുകൾ ഏതു സമയത്തും നിലംപതിക്കാവുന്ന അവസ്ഥയിലാണ് ഇപ്പോൾ നിലകൊള്ളുന്നത്. വീടുകൾ കേടുപാടു തീർക്കുന്നതിന് അടിയന്തിര സാമ്പത്തിക സഹായം എത്തിക്കേണ്ടിയിരിക്കുന്നു. പട്ടികജാതി ക്കാരിൽ പാരമ്പര്യ കലകളിൽ പ്രാവീണ്യം നേടി അവശരായ വ്യക്തികളെ കണ്ടുപിടിച്ച് പെൻഷൻ നൽകാൻ നടപടി വേണം. പരമ്പരാഗത മത്സ്യത്തൊഴിലാളികളായ പട്ടികജാതിക്കാർക്ക് സൗജന്യമായി ഉപകരണങ്ങൾ വിതരണം ചെയ്യേണ്ടതാണ്.

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സാമ്പത്തികവും, സാമൂഹ്യവുമായ ഉന്നതി ലാക്കാക്കി രൂപം നൽകുന്ന കർമ്മ പരിപാടികൾ പലതും കോളനി സമ്പ്രദായത്തിൽ കുടുങ്ങി അർഹതയുള്ളവരുടെ കയ്യിൽ എത്തുന്നില്ല. സാമൂഹ്യമായ ലക്ഷ്യം മുൻനിർത്തി ഇപ്പോൾ നിലവിലുള്ള കോളനി സമ്പ്രദായത്തിന് വേണ്ട ഭേദഗതി വരുത്തി പട്ടികജാതി പട്ടികവർഗ്ഗക്കാരെ അവർക്ക് ഇഷ്ടമുള്ള മറ്റു സമുദായങ്ങളുമായി യോജിപ്പിച്ച്, സഹകരിച്ച്, സഹവസിച്ച്, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇവരെ കൈപിടിച്ച് ഉയർത്താൻ ഉതകുന്ന ആധുനിക സാമ്പത്തിക വികസന പദ്ധതികൾക്ക് രൂപം നൽകി വിജയകരമായി നടപ്പിലാക്കണം.

# സ്ത്രീ പദവി

ഒമ്പതാം പദ്ധതി ജനകീയ ആസൂത്രണ പദ്ധതിയുടെ ഒല്ലൂർ പഞ്ചായത്തിലെ സ്ത്രീ പദവി എന്ന ഗ്രൂപ്പിൽ ചർച്ച നടത്തി ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും.

ഒല്ലൂർ പഞ്ചായത്തിലെ 1991ലെ കാനേഷുമാരി കണക്കനുസരിച്ച് 46402 ജനങ്ങളുണ്ട്. ഇതിൽ 25522 സ്ത്രീകളാണ്. വ്യവസായ ശാലകളിലും ചെറുകിട തൊഴിൽ ശാലകളിലും അദ്ധ്യാപനരംഗത്തും സ്ത്രീകളാണ് കൂടുതൽ. ഈ പഞ്ചായത്തിലെ പല കുടുംബങ്ങളിലും സ്ത്രീകൾ ഉത്തരവാദിത്വത്തോടെ ഗൃഹഭരണം നടത്തി വരുന്നു.

ഒല്ലൂർ ഗ്രാമ പഞ്ചായത്തിൽ 15 വാർഡ് മെമ്പർമാർ അടങ്ങിയ ഭരണ സമിതിയാണ്. അഞ്ചു വാർഡുകൾ വനിതാ സംവരണമാണ്. ഈ പഞ്ചായത്തിലെ സ്ത്രീകൾ മാത്രം നടത്തുന്ന സമാജങ്ങളുടെ വിവരം ഇതിനോടനുബന്ധിച്ച പട്ടികയിൽ കൊടുക്കുന്നു.

**പഞ്ചായത്തിലെ മഹിളാസമാജങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ**

| വാർഡുകൾ | മഹിളാ സമാജങ്ങൾ | ബാലവാടികൾ | ക്രഷുകൾ | അംഗൻ വാടികൾ | മഹിളാ വ്യവസായ യൂണിറ്റുകൾ | മറ്റു മഹിളാ സംഘടനകൾ |
|---|---|---|---|---|---|---|
| II | അഞ്ചേരി വെസ്റ്റ് | 1 | - | - | - | - |
| VI | | 1 | - | - | - | - |
| VII | അഞ്ചേരി ഈസ്റ്റ് | 1 | - | - | - | - |
| VIII | | | 1 | - | | - |
| X | പെരുവാംകുളങ്ങര | 1 | - | - | കസ്തൂർബ 1 | - |
| XII | ഭാവന മഹിളാ സമാജം | പ്രതിഭാ 2 | - | - | - | - |
| XIV | തൈക്കാട്ടുശേരി മഹിളാ സമാജം | - | - | - | - | |

ഒല്ലൂർ പഞ്ചായത്തിലെ എട്ടാം വാർഡിൽ ആയിരത്തിൽപരം സ്ത്രീകൾ ജോലി ചെയ്യുന്ന ഒരു കശുവണ്ടി ഫാക്ടറിയുണ്ട്. അതിനകത്ത് ഒരു 'ക്രഷ്' ഉണ്ട്. ഇതിന്റെ പ്രവർത്തനം ഊർജ്ജസ്വലമല്ല. ബ്ലോക്ക്, പഞ്ചായത്ത് എന്നിവയുടെ സഹായമില്ലാതെയാണ് ഇത് പ്രവർത്തിക്കുന്നത്. പഞ്ചായത്ത് ഉത്തരവാദിത്വത്തിൽ അത്തരം ക്രഷുകൾ നടത്തണം. കൂടാതെ സ്ത്രീകൾ കൂടുതൽ ജോലിയിലേർപ്പെടുന്ന മൂന്ന് വാർഡുകൾക്ക് ഒരു ക്രഷ് നിർബന്ധമായും വേണം. മൂന്ന് വയസ്സിന് താഴെയുള്ളവരെയാണ് ഇതിൽ സംരക്ഷിക്കേണ്ടതാണ്. മൂന്ന് വയസ്സിനും അഞ്ചു വയസ്സിനും ഇടയ്ക്കുള്ള കുട്ടികളുടെ സംരക്ഷണത്തിന് മുപ്പത് കുട്ടികൾ കൂടുന്ന ഏരിയായിൽ ഒരു അംഗൻവാടി വീതം നിർബന്ധമായി വേണം. അംഗൻവാടി ട്രെയിനിംഗ് കഴിഞ്ഞ രണ്ട് വ്യക്തികൾക്ക് ഒരു അംഗൻവാടിയിൽ ജോലി ലഭിക്കാൻ സാധ്യതയുണ്ട്. ആ രീതിയിൽ തൊഴിലില്ലായ്മക്ക് ചെറിയൊരു പരിഹാരം ഉണ്ടാക്കാൻ കഴിയും. അംഗൻവാടി മുഖേന ആരോഗ്യ പരിപാലനം പോഷകാഹാര ക്രമീകരണ എന്നിവ നടപ്പിലാക്കാൻ കഴിയും.

വീട്ടമ്മമാർക്കും പെൺകുട്ടികൾക്കും പരിസര ശുചീകരണം, ആരോഗ്യം, കൃഷി എന്നിവയിൽ പ്രത്യേക സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. മിച്ചഭൂമി താമസക്കാർ, ലക്ഷം വീട്, കൂടാര വാസികൾ, ചേരി പ്രദേശക്കാർ തുടങ്ങിയവർക്ക് വേണ്ടി ഉദ്യോഗസ്ഥൻമാർ സർവ്വെ നടത്തുകയും സെമിനാറുകൾ സംഘടിപ്പിക്കുകയും വേണ്ടതാണ്.

ഈ പഞ്ചായത്തിൽ വനിത വ്യവസായങ്ങൾ കുറവാണ്. ഓരോ വാർഡിനും ഒരു വനിതാ വ്യവസായ യൂണിറ്റ് എന്ന നിലയിൽ 15 യൂണിറ്റുകൾ ഉണ്ടാക്കണം. സഹകരണ സംഘങ്ങളിൽ വനിതകൾക്ക് 30% പ്രാതിനിധ്യം നൽകണം. അതിന്റെ ബ്രാഞ്ചുകളിൽ വനിതകൾക്കായി സ്പെഷൽ വിംഗ് പ്രവർത്തനത്തിൽ കൊണ്ടു വരണം. പഞ്ചായത്തിലൊരു വൃദ്ധ – അഗതി മന്ദിരം നിർബന്ധമായും സ്ഥാപിക്കണം. ഇതിൽ ജാതി മത ഭേദമെന്യെ എല്ലാവർക്കും അംഗത്വം നൽകണം. വൃദ്ധകൾക്കും വിധവകൾക്കും അഗതികൾ തുടങ്ങിയ പെൻഷൻകാർക്ക് നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ഡോക്ടർമർ സൗജന്യമായി നൽകാൻ നടപടി വേണം. വനിതാ വ്യവസായ കോർപറേഷന്റെ കീഴിൽ വനിതാ വ്യവസായങ്ങൾ തുടങ്ങാൻ സാദ്ധ്യതകൾ ഉണ്ടാകേണ്ടതാണ്.

വ്യവസായ സംരംഭകർക്ക് പ്രാഥമിക ട്രെയിനിംഗ് ബ്ലോക്ക് തലത്തിൽ സ്റ്റൈഫന്റോടുകൂടി നടത്താൻ സംവിധാനം ഉണ്ടാകണം. വേണ്ടത്ര മെഷിനറികൾ ഇല്ലാതെയും വൈദ്യുതികുറവിന്റെയും കാരണത്താലും പലതും തുടരുവാൻ സാധിക്കാതെ ആരംഭ ദശയിൽ നിർത്തേണ്ടി വന്നിരിക്കുന്നു. അതിനാൽ ചിലവ് കുറഞ്ഞ കുടിൽ വ്യവസായങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാനും പഞ്ചായത്തു തലത്തിൽ ശ്രമം വേണം. കരകൗശല വസ്തു നിർമ്മാണം, ബുക്ക് ബെയിന്റിംഗ്, കുട നിർമ്മാണം, സ്ക്രീൻ പ്രിന്റിംഗ്, വനിതാ പ്രിൻഡിംഗ് പ്രെസ്സ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ഫ്ളവർ മിൽ, പ്ലാസ്റ്റിക് ഐറ്റംസ്, നെയ്ത്ത്, മെഴുകുതിരി നിർമ്മാണം എന്നിവ കൂടാതെ മറ്റു ചെറുകിട വ്യവസായ യൂണിറ്റുകളും തുടങ്ങേണ്ടതാണ്. അവയുടെ പ്രവർത്തനം മന്ദീഭവിക്കാതിരിക്കാൻ വിറ്റഴിക്കാനുള്ള വിപണിയും അസംസ്കൃത സാധന വിപണന കേന്ദ്രങ്ങളും പഞ്ചായത്തു തലത്തിൽ ഏറ്റെടുക്കുകയും പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകുകയും വേണം. ജോലി സമയത്തിൽ കൃത്യത വരുത്തുകയും വനിതകൾക്ക് തുല്ല്യമായ വേതന സൗ കര്യങ്ങൾ ഏർപ്പെടുത്തുകയും വേണം. സാമ്പത്തിക സഹായ സ്ഥാപനങ്ങൾ, വനിതാ വ്യവസായങ്ങൾക്ക് ദീർഘകാല വായ്പകൾ നൽകണം. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ പ്രവർത്തന മേഖല സന്ദർശിക്കുകയും പ്രോത്സാഹനങ്ങൾ നൽകുകയും വേണം. ചെറുകിട സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വനിതകൾക്ക് മാന്യമായ വേതനം നൽകണം. ജോലി ചെയ്യുന്നവരെ മൂന്ന് വർഷം കഴിഞ്ഞാൽ സ്ഥിരപ്പെടുത്തേണ്ടതാണ്. റേഷൻ കടകളിൽ നിന്ന് വൈദ്യുതി ഉള്ളവർക്ക് രണ്ടു ലിറ്റർ മണ്ണെണ്ണ നൽകി വരുന്നത് 5 ലിറ്ററായി വർദ്ധിപ്പിക്കുകയും കറന്റില്ലാത്തവർക്ക് 7 ലിറ്ററാക്കുകയും വേണ്ടതാണ്.

പൊതുരംഗത്ത് അശ്ലീല ചിത്രങ്ങളും പരസ്യങ്ങളും ഒഴിവാക്കണം. അശ്ലീലചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന തിയ്യറ്ററുകളുടെ ലൈസൻസ് നിർത്തലാക്കണം. പഞ്ചായത്തിനകത്ത് സിനിമാ ശാലകളിൽ പ്രദർശനത്തിന് വരുന്ന ചിത്രങ്ങളുടെ ഗുണനിലവാരം പഞ്ചായത്ത് രൂപീകരിക്കുന്ന ഒരു കമ്മിറ്റി സാക്ഷ്യപ്പെടുത്തണം.

ഒരു പഞ്ചായത്തിൽ ഒരു കുടുംബകോടതി സെൽ പ്രവർത്തിക്കണം. വാർഡുകൾ തോറും ഉപഭോക്തൃ ബോധവൽക്കരണ നിയമ പഠന സെമിനാർ സംഘടിപ്പിക്കണം. അതിനു വേണ്ടി പഞ്ചായത്തുകൾ ശ്രദ്ധ ചെലുത്തണം. സ്ത്രീ സുരക്ഷ വളർത്തണം. സ്ത്രീ പീഢനത്തിനെതിരെ ശക്തമായ പ്രതികരണം, ശിക്ഷാ നടപടികൾ എന്നിവ നിലവിൽ വരുത്തണം.

ഒല്ലൂർ പഞ്ചായത്തിൽ ഒരു ലൈബ്രറി പ്രവർത്തിക്കുന്നുണ്ട്. ആ രംഗത്തും സ്ത്രീകളെ മെമ്പർമാരാക്കി കൂടുതൽ സഹകരിപ്പിക്കുകയും അതിലൂടെ വായനാ ശീലം വളർത്തുകയും വേണം. ഓരോ വാർഡിലും ഇപ്പോഴത്തെ മദ്യഷാപ്പുകൾ നിർത്തലാക്കണം. മദ്യവിൽപ്പന തുടങ്ങാനുള്ള ലൈസൻസ് നൽകാതിരിക്കുകയും വേണം. ഒല്ലൂരിൽ കുട്ടികളുടെ ഒരു പാർക്കും കളിസ്ഥലവും വേണം. ഒല്ലൂർ ജംഗ്ഷനിൽ ഒരു പബ്ലിക് കംഫർട്ട് സ്റ്റേഷൻ വേണ്ടതാണ്. കൂടാതെ മറ്റു പ്രധാന സ്ഥലങ്ങളിലും ഈ സൗകര്യം മറ്റു പ്രധാന സ്ഥലങ്ങളിലും ഈ സൗകര്യം വേണ്ടതാണ്. ഉപഭോക്താക്കളിൽ നിന്നും നിശ്ചിത സംഖ്യ ഈടാക്കി ഇവ നടത്തുന്നതിനായി ആളുകളെ നിയമിക്കേണ്ടതാണ്.

ജലക്ഷാമമുള്ള സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കാനുള്ള സൗകര്യം ഉണ്ടാക്കണം. ജലസേചന സൗകര്യമുള്ള സ്ഥലങ്ങളിൽ പച്ചക്കറി കൃഷി വിജയിപ്പിക്കാൻ ശ്രദ്ധ

വേണം. അതാതു പ്രദേശത്തെ കൃഷിഭവൻ ഓഫീസർമാരുടെ സഹായത്താൽ നല്ലയിനം പച്ചക്കറി വിത്തുകൾ വിതരണം നടത്തുകയും കൃഷി ചെയ്യുന്നതിനെ കുറിച്ച് ക്ലാസ്സുകൾ, സർവ്വെകൾ എന്നിവ നടത്തി ജനങ്ങളെ ബോധവൽക്കരിക്കുന്നതോടൊപ്പം വീട്ടമ്മമാരുടെ നല്ല അടുക്കളത്തോട്ടങ്ങൾക്ക് കൃഷിഭവൻ വഴി പ്രോത്സാഹന സമ്മാനങ്ങൾ നൽകുകയും വേണം.

വീടുകളിൽ എഴുപത്തഞ്ച് ശതമാനം ജനങ്ങളും വിറകാണ് ഉപയോഗിക്കുന്നത്. അതിന്റെ ലഭ്യത കുറവും പണനഷ്ടവും പരിഹരിക്കുവാൻ ദക്ഷത കൂടിയ അടുപ്പിന്റെയും, പുകയില്ലാത്ത അടുപ്പിന്റെയും പ്രയോജനം ഗ്രാമീണ ജനങ്ങളെ അറിയിക്കുകയും സ്ത്രീകളുടെ ആരോഗ്യ നില മെച്ചപ്പെടുത്താൻ സാധിക്കുന്ന കാര്യങ്ങൾ അവരെ അറിയിക്കുകയും വേണം. ഇതിന് വേണ്ട സർവ്വെ വികസനത്തിന്റെ ഭാഗമായി നടപ്പിൽ വരുത്താൻ പഞ്ചായത്ത് സമിതി തയ്യാറാകണം.

കുട്ടികളിൽ കായികാഭിവൃദ്ധി വളർത്തുന്നതിനുള്ള പരിശീലന കളരികൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുക. ആരോഗ്യ പരിപാലനത്തിന്റെ ഭാഗമായി കൊതുകു നിവാരണ പരിപാടികൾ എല്ലാ വാർഡുകളിലും ത്വരിതപ്പെടുത്തണം. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ മിച്ചഭൂമി, ലക്ഷം വീട്, കോളനി തുടങ്ങിയ സ്ഥലങ്ങളിൽ ടി.വി., റേഡിയോ എന്നീ മാധ്യമങ്ങൾ നിർബന്ധമായും സ്ഥാപിച്ച് ബോധവൽക്കരണം നടത്തണം. പരിസര ശുചീകരണം, ആരോഗ്യ പരിപാലനം എന്നിവ പ്രതിപാദിക്കുന്ന സെമിനാറുകൾ ആരോഗ്യ കേന്ദ്രങ്ങൾ മുഖേന ഉണ്ടാകണം. പരമ്പരാഗതമായുള്ള നാടൻ കലകൾ പലതും നശിച്ചുകൊണ്ടിരിക്കുകയാണ്. അവയെ പുനരുദ്ധരിക്കുന്നതിനുള്ള പ്രോത്സാഹനം ഉണ്ടാകണം. പൊതുരംഗങ്ങളിൽ പ്രത്യേകിച്ച് ബസ്സ് യാത്രയിൽ സ്ത്രീകൾക്ക് സംവരണവും സംരക്ഷണവും നൽകണം.

## സാധു യുവതികളുടെ വിവാഹപ്രശ്നം

പഞ്ചായത്തതിർത്തിയിലെ ഏതു മതവിഭാഗത്തിൽപെട്ടവരായാലും സാധു യുവതികളുടെ വിവാഹ പ്രശ്നം വളരെ ഗൗരവമായി കാണേണ്ട സംഗതിയാണ്. ഇക്കാര്യത്തിൽ വിവാഹ പ്രായമെത്തി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന യുവതികളുടെ സ്ഥിതി വിവര കണക്ക് എടുക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ പരിഹാര മാർഗ്ഗങ്ങൾ ഉണ്ടാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.

സ്ത്രീധനരഹിത വിവാഹങ്ങൾ നടത്തുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ പഞ്ചായത്ത് തലത്തിൽ ആവിഷ്ക്കരിക്കണം. സമൂഹത്തിൽ എല്ലാ വിഭാഗ ജനങ്ങളുടെ ഇടയിലും ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് വേണ്ടത്ര പ്രചരണ നടത്തണം (പ്രത്യേകിച്ച് യുവജനങ്ങളുടെ ഇടയിൽ) സമൂഹ വിവാഹങ്ങൾ, വിവാഹസഹായ പദ്ധതികൾ എന്നിവ നടത്തിക്കുന്നതിന് സന്നദ്ധ സംഘടനകളേയും ഉദാരമതികളായ വ്യക്തികളേയും പ്രോത്സാഹിപ്പിക്കണം.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ ഗ്രാമ സഭകളിൽ നടന്ന ചർച്ചകൾക്ക് പഞ്ചായത്ത് സഭകൾ കൂടി തീരുമാനമെടുക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനുമുള്ള എക്സിക്യൂട്ടീവ് അധികാരം കൊടുക്കണം.

# സംസ്കാരം

അൻപതിനായിരത്തോളം ജനങ്ങൾ അധിവസിക്കുന്ന ഒല്ലൂരിന് നല്ലൊരു സംസ്കാരിക പൈതൃകമാണ് അവകാശപ്പെടാനുള്ളത്. 19-ാം നൂറ്റാണ്ടിൻെറ അവസാനത്തിൽ പ്രാഥമിക വിദ്യാലയങ്ങൾ ഇവിടെ സ്ഥാപിതമായി. 1918-ൽ ആദ്യത്തെ ഹൈസ്കൂളും നിലവിൽ വന്നു. പഴക്കമേറിയ ഹൈന്ദവക്ഷേത്രങ്ങളും 1718ൽ സ്ഥാപിതമായ ഒല്ലൂർ ക്രൈസ്തവദേവാലയവും വളരെ മുൻപേതതന്നെ ഒല്ലൂരിൻെറ സാസ്കാരിക മുന്നേറ്റത്തിന് തുടക്കം കുറിച്ചു.

ദേശീയ പ്രസ്ഥാനം, നവോത്ഥാനപ്രസ്ഥാനം, ഗ്രന്ഥശാലകൾ, യൂണിയനുകൾ, കലാസാസ്കാരിക സമിതികൾ, സാഹിത്യകാരന്മാർ, സാമൂഹ്യസേവന സംഘടനകൾ എന്നിവ സാംസ്കാരിക മേഖലയ്ക് വിലപ്പെട്ട സംഭാവനകൾ നല്കി.

അതിപുരാതന മ്യൂറൽ ചിത്രങ്ങളും, അഷ്ടവൈദ്യപാരമ്പര്യവും വാസ്തുശില്പങ്ങളും വാദ്യസമ്പ്രദായങ്ങളും, നൂറിലധികം വർഷങ്ങൾ പഴക്കമുള്ള വിദ്യാലയങ്ങളും ജനകീയ പങ്കാളിത്തത്തോടെ ഈ വർഷം സമാരംഭിച്ച റെയിൽവെ ഓവർബ്രിഡ്ജും ഒല്ലൂരിൻെറ സാസ്കാരിക പൈതൃകത്തിൻെറ സൂചനകളാണ്.

## ജാതിമത ഘടന

ജനസംഖ്യയുടെ ഏതാണ്ട് പകുതിവീതം ഹൈന്ദവരും, ക്രൈസ്തവരുമാണ്. മുസ്ലീമുകൾ തുലോം കുറവാണ്. വിവിധ ജാതികളോടൊപ്പം നായിഡുനായ്കൽ, ചെട്ടിയാർ, കൊങ്ങിണി എന്നീ അപൂർവ്വ വിഭാഗങ്ങളും ഈ ഗ്രാമത്തിൽ ജീവിച്ചുവരുന്നു. ആചാരങ്ങളും അനുഷ്ഠാനങ്ങളും വ്യത്യസ്ഥമാണെങ്കിലും ജനങ്ങളുടെ ജീവിതരീതി മതസൗഹാർദ്ദത്തിന് നല്ലൊരു മാതൃകയാണ്.

## ഉത്സവങ്ങൾ, പെരുന്നാളുകൾ, ആഘോഷങ്ങൾ

കുട്ടനെല്ലൂർ ഭഗവതിക്ഷേത്രം

കുട്ടനെല്ലൂർ ശിവക്ഷേത്രം

അഞ്ചേരി മുത്തപ്പൻക്ഷേത്രം

മാരിയമ്മൻ കോവിൽ

തൈക്കാട്ടുശ്ശേരി ഭഗവതിക്ഷേത്രം

എടക്കുന്നി ദുർഗ്ഗാക്ഷേത്രം

വളർക്കാവ് ഭഗവതിക്ഷേത്രം

അഞ്ചേരിക്കാവ് ഭദ്രകാളീക്ഷേത്രം

ടിപ്പുവിൻെറ ആക്രമണത്തിനിരയായ കരിക്കാട്ടുകരക്ഷേത്രം

എന്നീ പ്രധാന ക്ഷേത്രങ്ങളും, ഡസനിലധികം ചെറിയ ക്ഷേത്രങ്ങളും, കുടുംബക്ഷേത്രങ്ങൾ, കാവുകൾ, വിളക്കുതറകൾ എന്നിവയും ഈ ഗ്രാമത്തിലുണ്ട്.

ക്ഷേത്രങ്ങളോടനുബന്ധമായി ഉത്സവങ്ങൾ നടന്നുവരുന്നു. വളർക്കാവ് പൂരം, എടക്കുന്നി തൈക്കാട്ടുശ്ശേരി പൂരങ്ങളും എടുത്തുപറയാവുന്നതാണ്. വളരെ പഴക്കം അവകാശപ്പെടുന്ന കുട്ടനെല്ലൂർ ക്ഷേത്രവും ഉത്സവവും പ്രസിദ്ധമായ മേളങ്ങളും, ദേശീയ പ്രസ്ഥാന നായകരും, ഉയർന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും, ഹെലിപ്പാഡും സംസ്ഥാനനിലവാരത്തിൽതന്നെ കുട്ടനെല്ലൂരിനെ ശ്രദ്ധാകേന്ദ്രമാക്കിയിരിക്കുന്നു. നളചരിതം ആട്ടക്കഥയെഴുതിയ ഉണ്ണായിവാരിയരുടെ ബാല്യകാലം ഇവിടെയാണ് ചിലവഴിച്ചതെന്ന് പറയപ്പെടുന്നു.

ഒല്ലൂർ സെൻറ് ആൻറണീസ് ഫൊറോന ചർച്ച്,

തൈക്കാട്ടുശ്ശേരി സെൻറ്. പോൾസ് ചർച്ച്

പടവരാട് സെൻറ് തോമാസ് ചർച്ച്

മരിയാപുരം സെൻറ് ജോൺ ബോസ്കോ ചർച്ച്

കുരിയച്ചിറ സെൻറ്. ജോസഫ് ചർച്ച്

സെൻറ് ഗ്രിഗോറിയോസ് പെരുമല ചർച്ച്

മാർ ഔദീശോ ചർച്ച്

കുരിയച്ചിറ സെൻറ് പീറ്റേഴ്സ് ചർച്ച്

നെഹറു നഗർ കാൽദിയൻ ചർച്ച് എന്നീ പള്ളികളും കുരിയച്ചിറ പെന്തക്കോസ്തു ഹാൾ, വളർക്കാവ് ബ്രദറൺ ഹാൾ, മദർ എവപ്രാസ്യമ്മയുടെ തീർത്ഥകേന്ദ്രം എന്നീ പ്രാർത്ഥനാ കേന്ദ്രങ്ങളും ഉപദേശികൻ, പ്രചാരകന്മാർ എന്നിവരും ക്രൈസ്തവമത വിഭാഗത്തിൽപ്പെടുന്നു. പള്ളികളിൽ പെരുന്നാളുകൾ ആഘോഷിച്ചുവരുന്നു. ഒല്ലൂർ പള്ളിയിലെ പെരുന്നാൾ വളരെ പ്രസിദ്ധമാണ്. കേരളത്തിലെ ഉത്സവങ്ങളിലും, പെരുന്നാളുകളിലും പൊതുവേ കണ്ടുവരാറുള്ള കമാനങ്ങളും, തോരണങ്ങളും, ദീപാലങ്കാരവും വാദ്യഘോഷങ്ങൾ, ആനച്ചമയങ്ങൾ, കരിമരുന്നു പ്രയോഗം, കലാപരിപാടികൾ എന്നിവയും ഇവിടെയും നിലവിലുണ്ട്.

## ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ

കളമെഴുത്തും പാട്ടും, തുള്ളികല്പിക്കൽ, പ്രദക്ഷിണം, വള, അമ്പ് എഴുന്നള്ളിപ്പ്, നൊവേനകൾ, വൃതമനുഷ്ടിപ്പ് എന്നിവയും, ജനനം, വിവാഹം, മരണം എന്നീ സന്ദർഭങ്ങളിലെ വ്യത്യസ്ഥ ആചാരങ്ങളും നിലനില്കുന്നു. നിരീശ്വര ഭൗതികാശയങ്ങൾ സ്വാധീനം ചെലുത്തുന്ന പഞ്ചായത്തിൽ മതകർമ്മങ്ങളും, സ്ത്രീധനവും ഒഴിവാക്കികൊണ്ട് നടക്കുന്ന വിവാഹങ്ങളും ശ്രദ്ധേയമാണ്.

## അനുഷ്ഠാനങ്ങൾ

തെയ്യം, തിറ, പറയൻതുള്ളൽ, കാളകളി, തിരുവാതിരക്കളി, കൈകൊട്ടിക്കളി, പാണപ്പാട്ട്, പാനപ്പാട്ട്, കളമെഴുത്ത്, നന്തുണിപ്പാട്ട്, പറയൻകളി, പൂതനംകളി, കോൽക്കളി, കാവടിയാട്ടം, തീനടത്തം, എന്നീ വിവിധതരം കലകൾ പ്രചാരത്തിലുണ്ട്. പക്ഷെ പലതും നശിച്ചുകൊണ്ടിരിക്കുന്നു. കുട്ടനെല്ലൂർ പൂരത്തോടനുബന്ധിച്ച് അരങ്ങേറുന്ന ഓട്ടം തുള്ളൽ, കൂത്ത് എന്നിവ എടുത്തു പറയാവുന്നതാണ്.

## ചിത്ര ശില്പകലകൾ

ഒല്ലൂർ സെൻറ് ആൻറണീസ് പള്ളിയിലെ പഴക്കം ചെന്ന മ്യൂറൽ ചിത്രങ്ങൾ, ദന്ത-താരു ശിലാ-ലോഹ നിർമ്മിതികൾ, ചായപ്പണികൾ ഇവ വളരെ പ്രസിദ്ധമാണ്. തഴപ്പായ ചിത്രങ്ങളും കൊത്തുപ്പണികളും മരത്തിൽ പണിത അൾത്താര, പ്രസംഗ മണ്ഡപം എന്നിവ ഇവയിൽപ്പെടുന്നു. 7000 ചതു. അടി സ്ഥലത്ത് രചിക്കപ്പെട്ട ചുവർ ചിത്രങ്ങൾ കേരളത്തിൽ മറ്റെവിടെയുമില്ലെന്ന് പറയാം. ഒല്ലൂരപള്ളിയും, 125 അടി ഉയരമുള്ള മണി മാളികയും കേരളത്തിൻെറ തനതായ ശൈലിയിൽ നിർമ്മിതമായ ക്ഷേത്രമന്ദിരങ്ങളും, വാസ്തു ശില്പകലാവൈദഗ്ധ്യം വിളിച്ചോതുന്നു.

## ദേശീയ പ്രസ്ഥാനം

ഇന്ത്യൻ സ്വാതന്ത്ര്യസമരം ഒല്ലൂർ പ്രദേശത്തും തിരകളുയർത്തി. ഉജ്ജ്വലമായ സമരവീര്യമുൾക്കൊണ്ട്കൊണ്ട് ജനനായകന്മാരായി ഉയർന്നുവന്ന ഇ. ഇക്കണ്ടവാര്യർ, സ്വാതന്ത്ര്യ സമര സേനാനി കെ.കെ. ശങ്കരൻ മാസ്റ്റർ, ഇ. ശൂലപാണി വാര്യർ, കെ. കൊച്ചുകുട്ടൻ, എ.പി. നമ്പ്യാർ എന്നീ പ്രഗത്ഭമതികൾ ഒല്ലൂരിൻെറ വീര സന്താനങ്ങളാണ്.

നവോത്ഥാന സന്ദേശമുയർത്തിയ സാമൂഹ്യപരിഷ്കർത്താക്കൾ അധഃസ്ഥിത വിഭാഗങ്ങളെ ആവേശം കൊള്ളിച്ചു. സാമൂഹ്യമായ ഉച്ചനീചത്വങ്ങളും, ജീർണ്ണതകളും തുടച്ചു നീക്കുവാൻ യോഗക്ഷേമസഭ, ശ്രീനാരായണ ഗുരു പ്രസ്ഥാനം എന്നിവ നേതൃത്വം നൽകി. അവകാശങ്ങളെക്കുറിച്ച് തൊഴിലാളികളെ ബോധവാന്മാരാക്കിയ ട്രേഡ്യൂണിയൻ പ്രസ്ഥാനം ഒല്ലൂരിൻെറ സാംസ്കാരിക മുന്നേറ്റത്തിൽ നിസ്തുലമായ പങ്കുവഹിച്ചു.

## കലാസാസ്കാരിക സമിതികൾ

ഗ്രന്ഥശാലകൾ വളരെ നല്ലരീതിയിലാണ് പ്രവർത്തിച്ചു വരുന്നത്. വിജ്ഞാനസമ്പാദനത്തിനും, സാംസ്കാരിക മുന്നേറ്റത്തിനും, ഇവ നല്ല സംഭാവനകൾ നല്കി. ഈ സമിതികൾ ഗ്രന്ഥശാല പ്രവർത്തനത്തോടൊപ്പം നാടകം, നൃത്തം, സംഗീതം, സാസ്കാരിക സമ്മേളനങ്ങൾ സാമൂഹ്യസേവന പ്രവർത്തനങ്ങൾ എന്നിവയാണ് പ്രധാനമായും സംഘടിപ്പിച്ചുവരുന്നത്. അടുത്തകാലംവരെ ഈ സമിതികൾ സമൂഹത്തിൻെറ സാസ്കാരിക പ്രവർത്തനങ്ങളുടെ പ്രധാന കേന്ദ്രങ്ങളായിരുന്നു.

കലാ വൈദഗ്ദ്യമുള്ള സ്വർണ്ണപണിക്കാരും ഓട്, പാക്കിംങ്ങ് കെയ്സ് വ്യവസായവും ഒല്ലൂരിൻെറ പ്രത്യേകതകളാണ്.

## ഇലക്ട്രോണിക്സ് മാദ്ധ്യമങ്ങൾ

ടി.വി., റേഡിയോ, ടേപ്പ്റിക്കാർഡർ, വീഡിയോ, കേബിൾ ടി.വി., സിനിമ എന്നിവ വിപുലമായി ഉപയോഗിച്ചുവരുന്നു. 30% വീടുകളിലും ടി.വിയുണ്ട്. 60% ജനങ്ങളും പ്രേക്ഷകരാണ്. 15% വീടുകളിൽ കേബിൾ ടി.വി ഉപയോഗപ്പെടുത്തുന്നു.

ടെലിവിഷൻ പ്രേക്ഷകരുടെ എണ്ണം ദിനം പ്രതി കൂടികൊണ്ടിരിക്കുന്നു. സ്വന്തം വീട്ടുമുറിയ്ക്കകത്ത് ലഭിക്കുന്ന ഈ സൗകര്യം സാംസ്കാരികമേഖലയെ വളരെയധികം സ്വാധീനിക്കുന്നു.

## കായികം

ഏതാണ്ട് 100 വർഷങ്ങൾക്കുമുൻപ് ഒല്ലൂരിൽ ഫുഡ്ബോൾ പ്രചാരത്തിലുണ്ടായിരുന്നു. പ്രശസ്തരായ കളിക്കാരും ടീമുകളും ടൂർണമെൻറുകളും നിലവുലുണ്ടായിരുന്നു. സംഘാടനത്തിലും മുൻപന്തിയിലായിരുന്നു. തിരു-കൊച്ചി സംസ്ഥാനത്തും, തൃശൂർ ജില്ലയിലും ഈ രംഗത്ത് ഒല്ലൂർ വ്യക്തി മുദ്ര പതിപ്പിച്ചിട്ടുണ്ട്. അടുത്തകാലത്തായി കായികരംഗം സജ്ജീവമല്ലെങ്കിലും ഒറ്റപ്പെട്ട മത്സരങ്ങളും പരിശീലനങ്ങളും സംഘടിപ്പിയ്ക്കപ്പെടുന്നുണ്ട്. ഒല്ലൂർ, കുട്ടനെല്ലൂർ, വളർക്കാവ് പ്രദേശങ്ങളിലാണ് ചെറിയതോതിലുള്ള ഈ ശ്രമങ്ങൾ നടക്കുന്നത്.

ഒളിമ്പിക്സ്, അന്തർദേശീയ ഫുഡ്ബോൾ, ക്രിക്കറ്റ് മത്സരങ്ങൾ എന്നിവ എല്ലാവർക്കും കണ്ടാസ്വദിക്കുവാൻ ടി.വി അവസരമൊരുക്കുന്നു.

## കളിസ്ഥലങ്ങൾ

വളർക്കാവ് ഗ്രൗണ്ട്, അഞ്ചേരി സ്കൂൾ ഗ്രൗണ്ട്, കുട്ടനെല്ലൂർ സ്കൂൾ ഗ്രൗണ്ട്, കുട്ടനെല്ലൂർ കോളേജ് ഗ്രൗണ്ട്, ഒല്ലൂർ പള്ളി ഗ്രൗണ്ട്, ഒല്ലൂർ സ്കൂൾ ഗ്രൗണ്ട്, തൈക്കാട്ടുശ്ശേറി ക്ഷേത്രമൈതാനം, പഞ്ചായത്ത് മിനി സ്റ്റേഡിയം.

## പ്രശ്നങ്ങൾ

- ഉപഭോഗ സംസ്കാരത്തിൻെറ സ്വാധീനം, മതപരവും, രാഷ്ട്രീയവും വ്യക്തിപരവുമായ സങ്കുചിതത്വം, ഇല്കട്രോണിക്സ് മാദ്ധ്യമങ്ങളുടെ കടന്നുകയറ്റം, നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങൾ, വികലമായ സിനിമ, ഇവയെല്ലാം ചേർന്ന് വരുത്തിവെയ്ക്കുന്ന മൂല്യച്യുതി സാസ്കാരികമേഖലയെ സാരമായി തളർത്തിയിട്ടുണ്ട്.
- വ്യവസായത്തിലും വ്യാപാരത്തിലും കൂടുതൽ ശ്രദ്ധചെലുത്തിയതുമൂലം സാസ്കാരിക രംഗത്ത് ആവശ്യമായ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തിയില്ല.
- സങ്കുചിത താത്പര്യങ്ങൾ ഒല്ലൂരിൻെറ വികസനത്തിന് പലപ്പോഴും തടസ്സ സൃഷ്ടിച്ചു.
- കലാ-സാസ്കാരിക സമിതികൾ ശരിയായി പ്രവർത്തിക്കുന്നില്ല.
- ഗ്രന്ഥശാലകൾ വളരെ മന്ദ ഗതിയിലായി. ചിലത് നിന്നുപോയി.
- പൊതു സ്ഥാപനങ്ങളും, സൗകര്യങ്ങളും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല.
- നാടകം, നൃത്തം, സംഗീതം, ചിത്രകല ഇവയിൽ പരിശീലനം ലഭിക്കുന്നതിന് സൗകര്യം ലഭിക്കുന്നില്ല.
- ഇലക്ട്രോണിക്സ് മാദ്ധ്യമങ്ങളുടെ തെറ്റായ സംക്രമണം കുട്ടികളുടെ സ്വഭാവം ദുഷിപ്പിക്കുന്നു.
- ടി.വി. ആസ്വാദനം മുതിർന്നവരെ പൊതുവെ അലസരാക്കുന്നു.
- ടി.വി. ആസ്വദിക്കാനുള്ള താത്പര്യം കൂടുന്നുവെങ്കിലും അതിനുള്ള സൗകര്യങ്ങൾ പര്യാപ്തമല്ല.
- കായികരംഗം ആരോഗ്യത്തിനും കർമ്മശേഷിക്കും ഏറ്റവും കൂടുതൽ സംഭാവന നല്കുന്നുവെന്ന ബോധം ഇനിയും ജനങ്ങളിലുണ്ടായിട്ടില്ല.
- കായികരംഗത്ത് നിലവിലുള്ള സൗകര്യങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുന്നില്ല.
- കായികരംഗത്ത് സംഘടിത പ്രവർത്തനങ്ങളുടെ അഭാവം.
- ധാരാളം സാസ്കാരിക പ്രവർത്തകരും വിപുലമായ സൗകര്യങ്ങളും ഉണ്ടായിട്ടും അവയെ വേണ്ടവിധം ഉപയോഗപ്പെടുത്തിക്കൊണ്ട് നേടാമായിരുന്ന സാസ്കാരിക മുന്നേറ്റം ഇനിയും കൈവന്നിട്ടില്ല.
- സാസ്കാരികമായ പിന്നോട്ടുപോക്കിനെ തടയിടാനുള്ള ശ്രമങ്ങൾ നടക്കുന്നില്ല.

## സാദ്ധ്യതകൾ

- സാമൂഹ്യപ്രതിബന്ധതയും സാസ്കാരിക പ്രവർത്തന പരിചയവും ഉള്ള വ്യക്തികളെയും, സംഘടനകളെയും കോർത്തിണക്കികൊണ്ട് വിപുലമായ സാസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- വാർഡുതല ഗ്രാമസഭ കേന്ദ്രീകരിച്ച് സാസ്കാരിക കേന്ദ്രം തുറക്കുക.
- ഈ കേന്ദ്രത്തിൽ ഓഫീസ് ഫർണിച്ചർ, വാർത്തകൾ ലഭ്യമാകുന്നതിനുള്ള സജ്ജീകരണങ്ങൾ (പത്രം, റേഡിയോ, ടി.വി.) കുട്ടികൾക്കായുള്ള വിനോദഉപകരണങ്ങൾ, ഗ്രാമസഭയുടെ വാർത്താബോർഡ് ഇവ സ്ഥാപിക്കുക.
- ഇവിടെ ലൈബ്രറി വായനശാല എന്നിവ തുടങ്ങുകയും സാക്ഷരതാ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോവുകയും ചെയ്യുക.
- നിലവിലുള്ള സാസ്കാരിക സമിതികളെ ഫലപ്രദമായി പ്രവർത്തിയ്ക്കാൻ സഹായിക്കുക.
- ഗ്രാമസഭാ ലൈബ്രറികൾ, നിലവിലുള്ള ലൈബ്രറികൾ, വായനശാല എന്നിവ പഞ്ചായത്ത് ലൈബ്രറിയുമായി ബന്ധപ്പെടുത്തി കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക. സർക്കുലേഷൻ ലൈബ്രറി സമ്പ്രദായം നടപ്പിൽ വരുത്തുക.
- അശ്ലീല പോസ്റ്ററുകൾ, മദ്യം, മയക്കുമരുന്ന്, ലൈംഗീകഅരാജകത്വം, തുടങ്ങിയ സാസ്കാരിക വിരുദ്ധ പ്രവർത്തനങ്ങളെ തടയാൻ മുൻകൈയെടുക്കുക.
- സ്കൂൾ സാഹിത്യസമാജങ്ങളെ പുനരുജ്ജീവിപ്പിച്ച് കുട്ടികളിൽ സാസ്കാരിക വിരുദ്ധ പ്രവണതകൾക്കെതിരെ പ്രതിരോധശേഷി വളർത്തുക.
- വാർഡുതല സാംസ്കാരിക കേന്ദ്രങ്ങളെ സഹായിക്കുന്ന ഒരു പഞ്ചായത്തുതല സാംസ്കാരികകേന്ദ്രം തുറക്കുക.
- സർക്കാർ നിയന്ത്രണത്തിലുള്ള സാഹിത്യഅക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി, ആകാശവാണി എന്നിവയും സ്പോർട്സ് കൗൺസിൽ തുടങ്ങിയ കായിക സ്ഥാപനങ്ങളുമായി ഗ്രാമസഭാ പഞ്ചായത്ത് കേന്ദ്രങ്ങളെയും മറ്റു സമിതികളേയും ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ വിപുലീകരിക്കുക.
- നാടകം, നൃത്തം, സംഗീതം, ചിത്രകല, മറ്റു കലകൾ എന്നിവയ്ക്കെല്ലാം പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- സ്കൂളുകളെയും ആരോഗ്യകേന്ദ്രങ്ങളെയും ബന്ധപ്പെടുത്തി സാസ്കാരിക പ്രവർത്തനങ്ങളും, വികസനപ്രവർത്തനങ്ങളും സംഘടിപ്പിക്കുക.
- ഇലക്ട്രോണിക്സ് മാദ്ധ്യമങ്ങളുടെ സാസ്കാരിക വിരുദ്ധ പ്രവർത്തനങ്ങളെ ചെറുക്കാൻ ഫലപ്രദമായ മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുക.
- പഞ്ചായത്തു കലാമേള ചിട്ടയോടെ നടത്തുകയും, അതിനു മുന്നോടിയായി ഗ്രാമസഭാതലത്തിൽ കലാ-കായികമേളകൾ സംഘടിപ്പിക്കുകയും ചെയ്യുക. ഇതിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.
- നിലവിലുള്ള ഫിലിംസൊസൈറ്റികൾ, ഫിലിം ആർക്കൈവംസ് എന്നിവകളുമായി ബന്ധപ്പെട്ട് ഗ്രാമസഭാതലത്തിൽ നല്ല സിനിമകൾ കാണിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുക.
- പ്രശസ്തമായ നാടകങ്ങളും, സിനിമകളും, മറ്റു കലാരൂപങ്ങളും അവതരിപ്പിക്കുന്നതിന് വേദിയൊരുക്കാൻ സൊസൈറ്റി രൂപീകരിക്കുക.
- ആധുനിക സൗകര്യങ്ങളോടെ ഒരു തിയ്യറ്റർ നിർമ്മിക്കുക.
- പനംകുറ്റിച്ചിറകുളവും, സമീപസ്ഥലവും കേന്ദ്രീകരിച്ച് പാർക്കും, ബോട്ടിങ്ങും ഏർപ്പെടുത്തുക. ഹൈവേയുടെ സാമിപ്യം ഇതിനെ ഒരു വിനോദസഞ്ചാരകേന്ദ്രമാക്കി മാറ്റും.
- മണ്ണിലും മരത്തിലും ലോഹങ്ങളിലും തൊഴിൽ വൈദഗ്ദ്ധ്യം നല്കുന്നതിനായ് തൊഴിലധിഷ്ഠിത വിദ്യാലയം തുറക്കുക.
- ഒരു സാസ്കാരിക ഡയറക്ടറി ഇറക്കുക.
- മേൽപറഞ്ഞ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമ്പോൾ എല്ലാ സാസ്കാരിക പ്രവർത്തകരെയും, ബഹുജനങ്ങളെയും പങ്കെടുപ്പിക്കുകയും സർക്കാരിൻെറ സാമ്പത്തിക സഹായത്തെ പരമാവധി ആശ്രയിക്കാതിരിക്കുകയും വേണം.

| | സമിതികൾ | ലൈബ്രറി | വായനശാല | കെട്ടിടം | വ്യവർത്തനങ്ങൾ | TV റേഡിയോ |
|---|---|---|---|---|---|---|
| 25 | സാധുസംരക്ഷണസംഘം | | | | | |
| 26 | ലയൺക്ലബ്ബ് | | | | | |
| 27 | വൈസ്മെൻസ് ക്ലബ്ബ് | | | | | |
| 28 | മോഡേൺ ആർട്ട്സ് ക്ലബ്ബ് | | | | | |
| 29 | പഞ്ചായത്ത് ലൈബ്രറി & റീഡിങ്ങ് റൂം. | | | | | |
| 30 | നിരഞ്ജന ആർട്ട്ക്ലബ്ബ് | | | | | |
| 31 | ഭാവന | സോഷ്യൽവെൽഫെയർ സൊസൈറ്റി, പടവരാട് | | | | സേവനം |
| | സ്ഥാപനങ്ങൾ, മന്ദിരങ്ങൾ | വൈദ്യരത്നം ആയുർവേദിക് എഡ്യുക്കേഷൻ സൊസൈറ്റി, തൈക്കാട്ടുശ്ശേരി | | | | വിദ്യാഭ്യാസം |
| 1 | കമ്മ്യൂണിറ്റി ഹാൾ | | | | | |
| 2 | ടൗൺഹാൾ | | | | | |
| 3 | മിനിപാർക്ക് | | | | | |
| 4 | ശ്രീ. കൊച്ചുകുട്ടൻ സ്മാരകം | | | | ആശ്രമങ്ങൾ | |
| 5 | കല്ല്യാണമണ്ഡപങ്ങൾ 4 എണ്ണം | | | | മലബാർ മിഷൻ ഹോം<br>ഗലീലി ആശ്രമം<br>ഫാത്തിമ കോൺവെൻറ്<br>സെൻറ്മേരീസ് കോൺവെൻറ്<br>ജോൺഹവായ് കോൺവെൻറ്<br>അസീസി കോൺവെൻറ്<br>FC കോൺവെൻറ്<br>CST ആശ്രമം | |
| 6 | ഓപ്പൺഎയർ ഓഡിറ്റോറിയം 2. | | | | | |
| 7 | ലയൺസ് കമ്മ്യൂണി ഹാൾ | | | | | |
| 8 | മോൺ കാക്കശ്ശേരി മെമ്മോറിയൽ | | | | | |
| 9 | ചേതനഫിലിം ഇൻസ്റ്റിറ്റ്യൂട്ട് & റിക്കാർഡിങ്ങ് സ്റ്റുഡിയോ പടവരാട് പാരീഷ് ഹാൾ | | | | | |
| 10 | സെൻറ്മേരീസ് ആർട്ട് സ്റ്റുഡിയോ | | | | | |
| 11 | SNDP മന്ദിരം<br>കുരിയച്ചിറ പാരീഷ് ഹാൾ<br>ഞൈക്കാട് പാരീഷ് ഹാൾ | | | | | |

| കലാ സാംസ്കാരിക സമിതി | | ലൈബ്രറി | വായനശാല | സ്വന്തം കെട്ടിടം | മറ്റു പ്രവർത്തനങ്ങൾ | TV റേഡിയോ |
|---|---|---|---|---|---|---|
| 1 | സംഘശക്തി - Regd | | | | സാക്ഷരത ആരോഗ്യം | |
| 2 | ശ്രീനാരായണ സംഘം (അഞ്ചേരി) | | | | കലാസാംസ്കാരികം | |
| 3 | ശ്രീനാരായണ കലാവേദി ഒല്ലൂർ | | | | കലാസാംസ്കാരികം | |
| 4 | മഹിളാസമാജം (തൈക്കാട്ടുശ്ശേരി) | | | | അംഗൻവാടി | |
| 5 | മഹിളാസമാജം അഞ്ചേരി | | | | അംഗൻവാടി | |
| 6 | യൂത്ത്സെൻറർ ഒല്ലൂർ | | | | സാസ്കാരികം, കായികം | |
| 7 | ബോസ്കോ ക്ലബ്ബ് മരിയാപുരം | | | | കായികം | |
| 8 | അറോറ ക്ലബ്ബ് 1947 ഒല്ലൂർ | | | | കലാസാംസ്കാരികം | |
| 9 | പുരോഗമനകലാവേദി | | | | | |
| 10 | ഗോവിന്ദ് മെമ്മോറിയൽ | | | | | |
| 11 | പുരോഗമന കലാവേദി | | | | | |
| 12 | എസയർക്ലബ്ബ് ഒല്ലൂർ | | | | സാംസ്കാരികം | |
| 13 | പ്രസിഡൻസി ക്ലബ്ബ് - ഒല്ലൂർ | | | | | |
| 14 | റീജൻസി ക്ലബ്ബ് തോട്ടപ്പടി | | | | | |
| 15 | യുവജനകലാഭവൻ | | | | | |
| 16 | ഉദയ ആർട്ട്സ് | | | | കലാസാംസ്കാരികം, കായികം, സേവനം | |
| 17 | സർഗ്ഗവേദി (DYFI) | | | | | |
| 18 | ഓറിയോൺസ് | | | | പഠനക്ലാസ് തെരുവുനാടകം | |
| 19 | ജിംനേഷ്യം | | | | | |
| 20 | ഹെവൻലി ബോഡീസ് | | | | കായികം | |
| 21 | കേരള സാഹസിക സംഘം | | | | കായികം | |
| 22 | ജ്ഞാനോദയം ഗ്രന്ഥശാല | | | | കായികം | |
| 23 | പാരീഷ് ലൈബ്രറി & റീഡിങ്ങ് റൂം | | | | | |
| 24 | ബ്രദേഴ്സ് ലൈബ്രറി | | | | | |

| പത്രം | വാരിക | കുട്ടികൾക്കായുള്ള പ്രസിദ്ധീകരണങ്ങൾ | ഒല്ലൂരിൽ നിന്നും പ്രസിദ്ധീകരിക്കുന്നവ |
|---|---|---|---|
| മാതൃഭൂമി | മനോരമ | ബാലരമ | മേരി വിജയം |
| മനോരമ | മംഗളം | പൂമ്പാറ്റ | കേരള വാണി |
| ദേശാഭിമാനി | മാതൃഭൂമി | അമ്പിളി അമ്മാവൻ | കോമ്രേഡ് |
| ദീപിക | കലാകൗമുദി | ബാലമംഗളം | ഗ്രാമവിദ്യാപീഠിക |
| കേരളകൗമുദി | ദേശാഭിമാനി | കുട്ടികളുടെ ദീപിക | കോളേജ് മാഗസിനുകൾ |
| എക്സ്പ്രസ്സ് | ചിന്ത | തളിര് | സ്ക്കൂൾ സോവനീർ |
| ജന്മഭൂമി | ഇന്ത്യ ടുഡേ | തത്തമ്മ | യേശുനാദം |
| മംഗളം | എക്സ്പ്രസ്സ് | ബൊക്കെ | |
| ഇൻഡ്യൻ എക്സ്പ്രസ്സ് | രാഷ്ട്രദീപിക | ചമ്പാക് | |
| ഹിന്ദു | സത്യദീപം | യുറീക്ക | **പ്രസ്സുകൾ** |
| ടൈംസ് ഓഫ് ഇൻഡ്യ | ഭാഷാപോഷിണി | ബാലഭൂമി | |
| രാഷ്ട്രദീപിക | വനിത | കളിക്കുടുക്ക | യൂണിയൻ പ്രസ്സ് |
| ടെലഗ്രാഫ് | മഹിളാരത്നം | മുത്തശ്ശി | നന്ദ ഓഫ്സെറ്റ് |
| കേസരി | പീപ്പിൾസ് ഡെമോക്രസി | | അക്ഷര |
| മാധ്യമം | ഗൃഹലക്ഷ്മി | | വിൻസൻറ് |
| | കുമാരി | | രൂപ |
| | കേരള ശബ്ദം | | ഷൈൻ |
| | ദി വീക്ക് | | സ്റ്റാർ |
| | ഇല്ലസ്റ്റേറ്റഡ് വീക്കിലി | | അക്കര കുട്ടനെല്ലൂർ |
| | കുങ്കുമം | | അക്കര കുട്ടനെല്ലൂർ |
| | | | അക്കര ഒല്ലൂർ |
| | | | മാത ഒല്ലൂർ |
| | | | ഡോൺബോസ്ക്കോ ഒല്ലൂർ |
| | | | സോൺ ഒല്ലൂർ |
| | | | ജവഹർ ഒല്ലൂർ |
| | | | ഭാവന ഒല്ലൂർ |

C - 7

| പ്രമുഖ നേതാക്കൾ | സാഹിത്യകാരന്മാർ | കലാപ്രതിഭകൾ | പ്രഗത്ഭ വ്യക്തികൾ |
|---|---|---|---|
| ഇക്കണ്ടവാരിയർ | പി. എസ്. വാര്യർ | ജോൺസൺ തട്ടിൽ | ദിവാൻ ശങ്കര വാര്യർ |
| വിദ്വാൻ K.K ശങ്കരൻമാസ്റ്റർ | പവനൻ | ഔസേപ്പച്ചൻ | Dr. K.I. വാസു (മെറ്റലർജി) |
| എ.പി. നമ്പ്യാർ | പ്രൊഫ. ജോർജ് മേനാച്ചേരി | ഫാ. അഗസ്റ്റിൻ അക്കര | Dr. E.J. ജെയിംസ് (ആർകിടെക്ചർ) |
| K കൊച്ചുകുട്ടൻ | ജെ.പി. ഒല്ലൂർ | ജോസഫ് കാട്ടൂക്കാരൻ (ജെ. കെ.) | അനിൽകുമാർ കുട്ടി IAS |
| K കൃഷ്ണവാര്യർ | കെ.ജി. രഘുരാമൻ | ആർട്ടിസ്റ്റ്. ബ്ര. സർക്കുമൻസ് നനതധ | കർഷകശ്രീ K.K. വേലായുധൻ |
| K.A. മാധവൻ | ഡോ. മുരളീധരൻ പിള്ള | കലാലയം രാധ | പത്മശ്രീ E.T. നീലകണ്ഠൻ മൂസ്സ് |
| ഇ. ശങ്കരൻകുട്ടി വാര്യർ | ജോർജ്ജ് ഇമ്മട്ടി | ജോസ് പായമ്മൽ | വൈദ്യരത്നം E.T. നാരായണൻ മൂസ്സ് |
| എ. മാധവൻ | ബ്ര. ജയിംസ് മഞ്ഞളി | തൃശ്ശൂർ ശാന്ത | റാവുബഹദൂർ C.V. ആൻറണി കള്ളിയത്ത് |
| P.K. വേലായുധൻ | ടി. വി. അച്ചുതവാരിയർ | തൃശ്ശൂർ ജോസ് | |
| | പ്രൊഫ. റാഫേൽ തട്ടിൽ | എ. പി. യോഹന്നാൻ | |
| | ബേബി മൂക്കൻ | ടെൻ. ഡി. പോളി | |
| | ഫ്രാൻസിസ് അക്കര | റോയി | |
| | ജോർജ്ജ് ജോസഫ് കോയിക്കര | | |
| | വി. എൽ. ജോർജ്ജ് | | |
| | ഫാ. ജോസ് മേനാച്ചേരി | | |
| | ഫാ. പോൾ കല്ലൂക്കാരൻ | | |
| | എം. സി. തൈക്കാട് | | |

# സഹകരണ മേഖല

സമത്വത്തിന്റെ അടിസ്ഥാനത്തിൽ പൊതുവായ സാമ്പത്തിക, സാമൂഹിക താല്പര്യങ്ങളും നേട്ടങ്ങളും നേടിയെടുക്കുന്നതിനു വേണ്ടി ജനങ്ങൾ സ്വമേധയാ തിരഞ്ഞെടുക്കുന്ന സംഘടനാ രൂപമാണ് സഹകരണം. മാനുഷിക മൂല്യങ്ങൾക്കായിരിക്കണം സഹകരണ സംഘത്തിൽ മുൻഗണന. സ്വയം പ്രേരണയാൽ ഗ്രാമത്തിന്റെ, നാടിന്റെ ആവശ്യങ്ങൾക്കും പുരോഗതിക്കും വേണ്ടി വികസന ഗ്രൂപ്പുകൾ രൂപം കൊള്ളുന്നു. ആ വികസന ഗ്രൂപ്പുകളിൽ നിന്നും ഉടലെടുക്കുന്ന പുതിയ സേവന രംഗമായിരിക്കണം സഹകരണ മേഖലക്ക് പശ്ചാത്തലമൊരുക്കുന്നത്. 1904ൽ ഇന്ത്യയിൽ സഹകരണ പ്രസ്ഥാനം ആരംഭിച്ചു. എന്നാൽ 1912ൽ മാത്രമാണ് ഭേദഗതി ചെയ്യപ്പെട്ട സഹകരണ നിയമം നിലവിൽ വന്നത്. മനുഷ്യർ തമ്മിലുള്ള എല്ലാ ബന്ധങ്ങളും സ്നേഹത്തിന്റേയും പരസ്പര സഹായ ത്തിന്റേയും അടിസ്ഥാനത്തിലാവണം എന്നതായിരുന്നു സഹകരണ നിയമത്തിന്റെ അന്തസത്ത. 1913 - 14 കാലഘട്ടത്തിൽ തന്നെ തിരുവിതാംകൂർ കൊച്ചി മേഖലയിൽ സഹകരണ സംഘങ്ങൾ രൂപമെടുത്തുതുടങ്ങി. എന്നാൽ 1932ൽ മാത്രമെ മലബാർ പ്രദേശത്ത് സഹകരണ പ്രസ്ഥാനത്തിന്റെ വെളിച്ചം വീശിയുള്ളൂ. 1909ൽ തന്നെ പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ ഒരു പരസ്പര സഹായ സഹകരണ സംഘം രൂപം കൊണ്ടതായി രേഖയുണ്ട്.

ഇന്ത്യയിൽ ഇന്ന് 17 ലക്ഷം സഹകരണ സ്ഥാപനങ്ങൾ ഉണ്ട് 8 ലക്ഷത്തോളം പ്രാഥമിക സഹകരണ സംഘങ്ങളാണ്. മൊത്തം ഈ സഹകരണ സ്ഥാപനങ്ങളിൽ ഇന്നു് 80 ലക്ഷം കോടി മൂലധനം ഉള്ളതായി കാണുന്നു. അപ്പോൾ അവയുടെ പ്രവർത്തനം നമ്മുടെ സാമ്പത്തിക മേഖലകളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നുണ്ടെന്ന് ഊഹിക്കാവുന്നതാണ്. രാഷ്ട്രത്തിന്റെ ആത്മാവ് ഗ്രാമത്തിലാണെന്നു് ഗാന്ധിജി പറഞ്ഞതു് എത്രയോ ശരി. എന്നാൽ ഗ്രാമങ്ങളുടെ ആത്മാവ് അവിടത്തെ ജനങ്ങളുടെ സഹകരണ പ്രസ്ഥാനമാണ്. കുത്തകമുതലാളിത്ത രാജ്യങ്ങൾ സ്വകാര്യമേഖലക്ക് ഊന്നൽ നൽകും.കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ പൊതു മേഖലക്ക് പ്രാധാന്യം നൽകും. നമുക്ക് പ്രാധാന്യം നൽകാവുന്നത് മനുഷ്യരെ ചൂഷണം ചെയ്യാത്തതും, അനീതിയും അസമത്വവും ഇല്ലാത്തതും ഗ്രാമീണർ സ്വയം കെട്ടിപ്പടുക്കുന്നതുമായ സഹകരണ സമൂഹ സൃഷ്ടിക്കാണ്.

പഞ്ചായത്തിന്റെ സ്ഥിതിയിലേക്കൊന്നെത്തി നോക്കിയാൽ, സാമ്പത്തിക സാമൂഹിക സേവന മേഖലകളിൽ സഹകരണ പ്രസ്ഥാനത്തേയും അതിന്റെ വളർച്ചയേയും മാറ്റി നിർത്താനാവില്ല. ഒല്ലൂർ ഗ്രാമോദ്ധാരണ പരസ്പര സഹായ സഹകരണ സംഘമാണു് പഞ്ചായത്തിൽ ആദ്യം രൂപമെടുത്ത സഹകരണ സ്ഥാപനം. ഇന്ന് ഒല്ലൂരിൽ നിലവിലുള്ള സഹകരണ സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു. ഇതിൽ അംഗങ്ങളുടെ എണ്ണവും മൂലധനവും സേവനവും വിശദീകരിക്കുന്നുണ്ട്.

പഞ്ചായത്തതിർത്തിയിൽ വരുന്ന പ്രധാനപ്പെട്ട സർവീസ് സഹകരണ ബാങ്കുകൾ പഞ്ചായത്തിന്റെ വിവിധ വ്യാപകാതിർത്തികളിൽ പ്രവർത്തിക്കുന്നു. കുട്ടനെല്ലൂർ സർവീസ് സഹകരണ ബാങ്ക് 9, 8, 7, വാർഡുകളിൽ പൂർണ്ണമായും 2, 3, 6, 10 വാർഡുകളിൽ ഭാഗീകമായും പ്രവർത്തിക്കുന്നു. ചീരാച്ചി സർവീസ് സഹകരണ ബാങ്ക്, 1, 11, 12, 13, 14, 15, വാർഡുകൾ പൂർണ്ണമായും 10, 2, 3, വാർഡുകളിൽ ഭാഗീകമായും പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ അഞ്ചേരിയിലെ കാർഷികേതര വായ്പാവിതരണ സംഘം 7ാം വാർഡിൽ പൂർണ്ണമായും 6, 3, 2, 8, വാർഡുകളിൽ ഭാഗീകമായും പ്രവർത്തിക്കുന്നു. കൂടാതെ പഞ്ചായത്തതിർത്തിക്ക് പുറത്ത് പ്രവർത്തിക്കുന്ന കുരിയച്ചിറ സർവീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ 3, 4, വാർഡുകൾ പൂർണ്ണമായും ഉൾപ്പെടുന്നു. ഇതിനു പുറമെ മൂസ്പെറ്റ് സർവീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ 5, 6, വാർഡുകൾ പൂർണ്ണമായും ഉൾപ്പെട്ട് പ്രവർത്തിക്കുന്നു. ഇതിനു പുറമെ പഞ്ചായത്തിലെ മുഴുവൻ വ്യാപകാതിർത്തിയായി ഹരിജൻ സംഘം അഞ്ചേരിയിൽ പ്രവർത്തിക്കുന്നുണ്ട്.

| പ്രമുഖ നേതാക്കൾ | സാഹിത്യകാരൻമാർ | കലാപ്രതിഭകൾ | പ്രഗത്ഭ വ്യക്തികൾ |
|---|---|---|---|
| ഇക്കണ്ടവാരിയർ | പി. എസ്. വാര്യർ | ജോൺസൺ തട്ടിൽ | ദിവാൻ ശങ്കര വാര്യർ |
| വിദ്വാൻ K.K ശങ്കരൻമാസ്റ്റർ | പവനൻ | ഔസേപ്പച്ചൻ | Dr. K.I. വാസു (മെറ്റലർജി) |
| എ.പി. നമ്പ്യാർ | പ്രൊഫ. ജോർജ് മേനാചേരി | ഫാ. അഗസ്റ്റിൻ അക്കര | Dr. E.J. ജെയിംസ് (ആർകിടെക്ചർ) |
| K കൊച്ചുകുട്ടൻ | ജെ.പി. ഒല്ലൂർ | ജോസഫ് കാട്ടൂക്കാരൻ (ജെ. കെ.) | അനിൽകുമാർ കുട്ടി IAS |
| K കൃഷ്ണവാര്യർ | കെ.ജി. രഘുരാമൻ | ആർട്ടിസ്റ്റ്. ബ്ര. സർക്കുമൻസ് നനമ്പ | കർഷകശ്രീ K.K. വേലായുധൻ |
| K.A. മാധവൻ | ഡോ. മുരളീധരൻ പിള്ള | കലാലയം രാധ | പത്മശ്രീ E.T. നീലകണ്ഠൻ മൂസ്സ് |
| ഇ. ശങ്കരൻകുട്ടി വാര്യർ | ജോർജ്ജ് ഇമ്മട്ടി | ജോസ് പായമ്മൽ | വൈദ്യരത്നം E.T. നാരായണൻ മൂസ്സ് |
| എ. മാധവൻ | ബ്ര. ജയിംസ് മഞ്ഞളി | തൃശ്ശൂർ ശാന്ത | റാവുബഹദൂർ C.V. ആൻറണി കള്ളിയത്ത് |
| P.K. വേലായുധൻ | ടി. വി. അച്ചുതവാരിയർ | തൃശ്ശൂർ ജോസ് | |
| | പ്രൊഫ. റാഫേൽ തട്ടിൽ | എ. പി. യോഹന്നാൻ | |
| | ബേബി മൂക്കൻ | ഒെം. ഡി. പോളി | |
| | ഫ്രാൻസിസ് അക്കര | റോയി | |
| | ജോർജ്ജ് ജോസഫ് കോയിക്കര | | |
| | വി. എൽ. ജോർജ്ജ് | | |
| | ഫാ. ജോസ് മേനാചേരി | | |
| | ഫാ. പോൾ കല്ലൂക്കാരൻ | | |
| | എം. സി. തൈക്കാട് | | |

# സഹകരണ മേഖല

സമത്വത്തിന്റെ അടിസ്ഥാനത്തിൽ പൊതുവായ സാമ്പത്തിക, സാമൂഹിക താല്പര്യങ്ങളും നേട്ടങ്ങളും നേടിയെടുക്കുന്നതിനു വേണ്ടി ജനങ്ങൾ സ്വമേധയാ തിരഞ്ഞെടുക്കുന്ന സംഘടനാ രൂപമാണ് സഹകരണം. മാനുഷിക മൂല്യങ്ങൾക്കായിരിക്കണം സഹകരണ സംഘത്തിൽ മുൻഗണന. സ്വയം പ്രേരണയാൽ ഗ്രാമത്തിന്റെ, നാടിന്റെ ആവശ്യങ്ങൾക്കും പുരോഗതിക്കും വേണ്ടി വികസന ഗ്രൂപ്പുകൾ രൂപം കൊള്ളുന്നു. ആ വികസന ഗ്രൂപ്പുകളിൽ നിന്നും ഉടലെടുക്കുന്ന പുതിയ സേവന രംഗമായിരിക്കണം സഹകരണ മേഖലക്ക് പശ്ചാത്തലമൊരുക്കുന്നത്. 1904ൽ ഇന്ത്യയിൽ സഹകരണ പ്രസ്ഥാനം ആരംഭിച്ചു. എന്നാൽ 1912ൽ മാത്രമാണ് ഭേദഗതി ചെയ്യപ്പെട്ട സഹകരണ നിയമം നിലവിൽ വന്നത്. മനുഷ്യർ തമ്മിലുള്ള എല്ലാ ബന്ധങ്ങളും സ്നേഹത്തിന്റേയും പരസ്പര സഹായ ത്തിന്റേയും അടിസ്ഥാനത്തിലാവണം എന്നതായിരുന്നു സഹകരണ നിയമത്തിന്റെ അന്തസത്ത. 1913 - 14 കാലഘട്ടത്തിൽ തന്നെ തിരുവിതാംകൂർ കൊച്ചി മേഖലയിൽ സഹകരണ സംഘങ്ങൾ രൂപമെടുത്തുതുടങ്ങി. എന്നാൽ 1932ൽ മാത്രമെ മലബാർ പ്രദേശത്ത് സഹകരണ പ്രസ്ഥാനത്തിന്റെ വെളിച്ചം വീശിയുള്ളൂ. 1909ൽ തന്നെ പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ ഒരു പരസ്പര സഹായ സഹകരണ സംഘം രൂപം കൊണ്ടതായി രേഖയുണ്ട്.

ഇന്ത്യയിൽ ഇന്ന് 17 ലക്ഷം സഹകരണ സ്ഥാപനങ്ങൾ ഉണ്ട് 8 ലക്ഷത്തോളം പ്രാഥമിക സഹകരണ സംഘങ്ങളാണ്. മൊത്തം ഈ സഹകരണ സ്ഥാപനങ്ങളിൽ ഇന്നു് 80 ലക്ഷം കോടി മൂലധനം ഉള്ളതായി കാണുന്നു. അപ്പോൾ അവയുടെ പ്രവർത്തനം നമ്മുടെ സാമ്പത്തിക മേഖലകളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നുണ്ടെന്ന് ഊഹിക്കാവുന്നതാണ്. രാഷ്ട്രത്തിന്റെ ആത്മാവ് ഗ്രാമത്തിലാണെന്ന് ഗാന്ധിജി പറഞ്ഞത് എത്രയോ ശരി. എന്നാൽ ഗ്രാമങ്ങളുടെ ആത്മാവ് അവിടത്തെ ജനങ്ങളുടെ സഹകരണ പ്രസ്ഥാനമാണ്. കുത്തകമുതലാളിത്ത രാജ്യങ്ങൾ സ്വകാര്യമേഖലക്ക് ഊന്നൽ നൽകും.കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ പൊതു മേഖലക്ക് പ്രാധാന്യം നൽകും. നമുക്ക് പ്രാധാന്യം നൽകാവുന്നത് മനുഷ്യരെ ചൂഷണം ചെയ്യാത്തതും, അനീതിയും അസമത്വവും ഇല്ലാത്തതും ഗ്രാമീണർ സ്വയം കെട്ടിപ്പടുക്കുന്നതുമായ സഹകരണ സമൂഹ സൃഷ്ടിക്കാണ്.

പഞ്ചായത്തിന്റെ സ്ഥിതിയിലേക്കൊന്നെത്തി നോക്കിയാൽ, സാമ്പത്തിക സാമൂഹിക സേവന മേഖലകളിൽ സഹകരണ പ്രസ്ഥാനത്തേയും അതിന്റെ വളർച്ചയേയും മാറ്റി നിർത്താനാവില്ല. ഒല്ലൂർ ഗ്രാമോദ്ധാരണ പരസ്പര സഹായ സഹകരണ സംഘമാണ് പഞ്ചായത്തിൽ ആദ്യം രൂപമെടുത്ത സഹകരണ സ്ഥാപനം. ഇന്ന് ഒല്ലൂരിൽ നിലവിലുള്ള സഹകരണ സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു. ഇതിൽ അംഗങ്ങളുടെ എണ്ണവും മൂലധനവും സേവനവും വിശദീകരിക്കുന്നുണ്ട്.

പഞ്ചായത്തതിർത്തിയിൽ വരുന്ന പ്രധാനപ്പെട്ട സർവീസ് സഹകരണ ബാങ്കുകൾ പഞ്ചായത്തിന്റെ വിവിധ വ്യാപകാതിർത്തികളിൽ പ്രവർത്തിക്കുന്നു. കുട്ടനെല്ലൂർ സർവീസ് സഹകരണ ബാങ്ക് 9, 8, 7, വാർഡുകളിൽ പൂർണ്ണമായും 2, 3, 6, 10 വാർഡുകളിൽ ഭാഗീകമായും പ്രവർത്തിക്കുന്നു. ചീരാച്ചി സർവീസ് സഹകരണ ബാങ്ക്, 1, 11, 12, 13, 14, 15, വാർഡുകൾ പൂർണ്ണമായും 10, 2, 3, വാർഡുകളിൽ ഭാഗീകമായും പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ അഞ്ചേരിയിലെ കാർഷികേതര വായ്പാവിതരണ സംഘം 7ാം വാർഡിൽ പൂർണ്ണമായും 6, 3, 2, 8, വാർഡുകളിൽ ഭാഗീകമായും പ്രവർത്തിക്കുന്നു. കൂടാതെ പഞ്ചായത്തതിർത്തിക്ക് പുറത്ത് പ്രവർത്തിക്കുന്ന കുരിയച്ചിറ സർവീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ 3, 4, വാർഡുകൾ പൂർണ്ണമായും ഉൾപ്പെടുന്നു. ഇതിനു പുറമെ മൂസ്പെറ്റ് സർവീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ 5, 6, വാർഡുകൾ പൂർണ്ണമായും ഉൾപ്പെട്ട് പ്രവർത്തിക്കുന്നു. ഇതിനു പുറമെ പഞ്ചായത്തിലെ മുഴുവൻ വ്യാപകാതിർത്തിയായി ഹരിജൻ സംഘം അഞ്ചേരിയിൽ പ്രവർത്തിക്കുന്നുണ്ട്.

ഈ പട്ടികയിലെ കണക്കുകൾ ഒരു സത്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. ഏകദേശം അൻപത്തയ്യായിരത്തോളമുള്ള ജനങ്ങളിൽ ഭൂരിപക്ഷവും ഒന്നല്ലെങ്കിൽ മറ്റൊരു സഹകരണ സംഘത്തിൽ അംഗത്വമുള്ളവരാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് വിദ്യാർത്ഥി സഹകരണ സംഘം, അദ്ധ്യാപകർക്ക് അദ്ധ്യാപക സഹകരണ സംഘം, ഉദ്യോഗസ്ഥർക്ക് എംപ്ലോയീസ് സഹകരണ സംഘം, വിവിധ തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് വിവിധ തൊഴിലാളി സഹകരണ സംഘങ്ങൾ എന്നിവയുണ്ട്. വ്യവസായികൾക്കും സ്വയം തൊഴിൽ പദ്ധതിക്കാർക്കും വ്യവസായ സഹകരണ സംഘങ്ങൾ, കർഷകർക്കും, കർഷക ത്തൊഴിലാഴികൾക്കും വിവിധ സഹകരണ സ്ഥാപ നങ്ങൾ. പാൽ ഉല്പാദക വിതരണ സഹകരണ സംഘങ്ങൾ പട്ടികജാതിക്കാർക്ക് ഹരിജൻ ഗിരിജൻ സംഘങ്ങൾ സേവന രംഗത്ത് വിവിധ മേഖകലകളിലുള്ള സഹകരണ ആശുപത്രികൾ, ഭവന നിർമാണ സഹായങ്ങൾക്കായി ഭവന നിർമാണ സഹകരണ സംഘങ്ങൾ എന്നു തുടങ്ങി ഇന്ത്യയിലെ വൻകിട പഞ്ചസാര മില്ലുകൾ പോലും ഇന്ന് സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. ഒല്ലൂർ പഞ്ചായത്തിൽ 4 വായ്പാ സഹകരണ സംഘങ്ങൾ, വളരെ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. കൃഷിക്കാർക്കും വ്യവസായികൾക്കും എന്നു വേണ്ട സമൂഹത്തിന്റെ വിവിധ തുറയിലുള്ളവർക്ക് പെട്ടെന്ന് ലഘുതരമായ വ്യവസ്ഥയിൽ സാമ്പത്തിക സഹായം ലഭിക്കാൻ ഈ സംഘങ്ങൾ സഹായിക്കുന്നുണ്ട്. സഹകരണ രംഗത്ത് പ്രവർത്തിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ ഒരു ക്ലിനിക്ക് കുരിയച്ചിറ 4-ാം വാർഡിലുണ്ട്. ഒല്ലൂർ പ്രദേശത്തെ സാമൂഹിക പ്രവർത്തനങ്ങളിൽ നിർണായകമായ പങ്ക് ഈ സംഘങ്ങൾക്കുണ്ട്. നമ്മുടെ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമാണത്തിൽ നിർണ്ണായകമായ സഹായങ്ങൾ സഹകരണമേഖലയിൽ നിന്നും ലഭിച്ചിട്ടുണ്ട്. പഞ്ചായത്തതിർത്തിയിൽ സാമൂഹികവും സാംസ്കാരികവുമായ വിവിധ രംഗങ്ങളിൽ നിർണായക സംഭാവനകൾ നൽകാൻ സഹകരണ പ്രസ്ഥാനത്തിന് സാധിക്കുന്നുണ്ട്.

അതു പോലെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായുള്ള ഫണ്ടുകൾ സഹകരണ സംഘത്തിൽ നിക്ഷേപിക്കാം. ഇതോടൊപ്പം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവസമാഹരണത്തിൽ നിർണായകമായ പങ്ക് വഹിക്കുന്നതിനുള്ള ബാദ്ധ്യതകളും സഹകരണ പ്രസ്ഥാനത്തിന്നുണ്ടാകണം. അതു പോലെ ഗ്രാമത്തിലെ ഗ്രാമീണർ ഉൽപാദിപ്പിക്കുന്ന നാണ്യവിളകൾ (കൊപ്ര, കശുവണ്ടി എന്നിവ) ന്യായവില നൽകി സംഭരിക്കുന്നതിനും ഗ്രാമീണർക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നതിനും (മാവേലിസ്റ്റോർ, സൂപ്പർമാർക്കറ്റ്, പച്ചക്കറിസ്റ്റോർ എന്നിവയ്ക്ക്) നമ്മുടെ സഹകരണ സംഘങ്ങൾ പ്രത്യേകം ശ്രദ്ധ ചെലുത്തണം. എന്നാൽ മാത്രമേ ഗ്രാമ പഞ്ചായത്തിൽ സാമൂഹ്യനീതി കെട്ടിപ്പടുക്കുന്നതിനും ഒരു പുത്തൻ വികസന രാഷ്ട്രീയ പ്രസ്ഥാനം വളർത്തിയെടുക്കുന്നതിനും കഴിയുകയുള്ളൂ.

വിവിധ ഗ്രാമസഭകളിൽ സഹകരണ മേഖലയെക്കുറിച്ച് ഉയർന്നു വന്ന പ്രധാന പരാമർശങ്ങൾ ക്രോഡീകരിക്കാവുന്നതാണ്. സമഗ്രമായ ഗ്രാമ വികസനത്തിലും പൊതുജനോപകാരപ്രദമായ പ്രവർത്തനത്തിലും സഹകരണ സ്ഥാപനങ്ങൾ ശ്രദ്ധയൂന്നണം. ഗ്രാമത്തിലെ ആവശ്യങ്ങൾ പൂർണ്ണമായും സാധിച്ചുകൊടുക്കുന്നതിനായി എന്തെന്ത് പ്രവർത്തനങ്ങൾ ചെയ്ത് തീർക്കാൻ സാധിക്കുമെന്ന് വിശദമായി ചർച്ച ചെയ്യേണ്ടതാണ്.

## മൊത്തത്തിൽ പഞ്ചായത്തിൽ നിലവിലുള്ള സഹകരണ സ്ഥാപനങ്ങളുടെ പൊതുപ്രശ്നങ്ങൾ

1. ഗവൺമെന്റുകളുടെ അമിതമായ നിയന്ത്രണവും ഇടപെടലും.
2. അനിയന്ത്രിതമായ രാഷ്ട്രീയവൽക്കരണം.
3. ഫലപ്രദമായ ജനാധിപത്യ ഭരണത്തിന്റെ കുറവ്.
4. പൊതു വായ്പാനയത്തിനുള്ള വൈകല്യവും, തിരിച്ചു പിടിക്കൽ നടപടികളിൽ ഉണ്ടാകുന്ന അപാകതയും.
5. പ്രാഥമിക- ജില്ലാ-സംസ്ഥാനതല സഹകരണ സംഘങ്ങൾ തമ്മിൽ ഏകോപനമില്ലാത്ത പ്രവർത്തനം.
6. പ്രാഥമിക സംഘങ്ങളെ അവഗണിച്ചു കൊണ്ടു് ജില്ലാ, സംസ്ഥാന ഘടകങ്ങൾ സ്വന്തം താൽപര്യം മാത്രം സംരക്ഷിക്കുന്ന പ്രവണതകൾ.
7. വർദ്ധിച്ചു വരുന്ന വായ്പാ കുടിശിക.
8. വായ്പ ലഭിക്കുന്നതിനും നൽകുന്നതിനും വരുന്ന കാലതാമസം.

9. വ്യത്യസ്തമായ വസ്തു പരിശോധിക്കൽ രീതികളും ഫീസ് ഈടാക്കലും.
10. വായ്പാ-വ്യാപാരങ്ങളുടെ ചെലവുകളുടെയും രജിസ്ട്രേഷൻ ഫീസിന്റെയും വർദ്ധനവ്.
11. കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ വായ്പ നൽകുന്നതിൽ ഉള്ള കുറവ്-സബ്സിഡികൾ സമയാസമയങ്ങളിൽ ലഭിക്കായ്ക.
12. ഉല്പാദന വിപണന രംഗത്തിലുള്ള സഹകരണ പ്രസ്ഥാനത്തിന്റെ പോരായ്മ.
13. സ്വയം തൊഴിൽ പദ്ധതികൾക്കുതകുന്ന വ്യവസായ സഹകരണ സംഘങ്ങളുടെ പോരായ്മ.
14. വ്യവസായ സഹകരണ സംഘങ്ങളിലെ കാര്യക്ഷമതയില്ലായ്മയും മൂലധനക്കുറവും.
15. ക്ഷീര ഉല്പാദക വിതരണ സംഘങ്ങളുടെ പ്രവർത്തനമില്ലായ്മ.
16. ഫാർമേഴ്സ് സഹകരണ സംഘത്തിന്റെ പ്രവർത്തനമില്ലായ്മ.

## ഗ്രാമസഭകളിൽ ഉയർന്നുവന്ന സാദ്ധ്യതകൾ

കൺസ്യൂമർ സാധനങ്ങളുടെ വിതരണം തൊഴിലവസരങ്ങളുണ്ടാക്കൽ, കാർഷിക കാർഷികേതര വസ്തുക്കളുടെ ലഭ്യത വർദ്ധിപ്പിക്കൽ, ക്ഷീര ഉല്പാദക വിതരണ സൗകര്യം ഉണ്ടാക്കൽ, കൈത്തറി പരമ്പരാഗത കുടിൽ വ്യവസായ സൗകര്യം വർദ്ധിപ്പിക്കൽ, കാർഷിക ഉൽപ്പന്നത്തിന്റെ സംഭരണ വിതരണ സംസ്ക്കരണ സൗകര്യം വർദ്ധിപ്പിക്കൽ, തേനീച്ച വളർത്തൽ, കർഷകർക്ക് വേണ്ട കാർഷികോപകരണം സംഘടിപ്പിക്കൽ, വായ്പാ പലിശ നിരക്കും വായ്പാ വ്യാപാരത്തിന്റെ ചിലവും അനുപാതവും കുറയ്ക്കൽ, മഹിളാ പട്ടികജാതി പിന്നോക്ക വർഗ്ഗ വ്യവസായ തൊഴിൽ വർദ്ധന സൗകര്യമുണ്ടാക്കൽ തുടങ്ങിയ മേഖലകളിൽ സഹകരണ സംഘങ്ങൾക്ക് രൂപം നൽകൽ, ഒരു വ്യക്തിക്ക് വിവിധ സംഘങ്ങളിൽ അംഗത്വം നിർത്തലാക്കൽ, സഹകരണ സംഘം ഭരണ സമിതി തെരഞ്ഞെടുപ്പിൽ വർദ്ധിച്ചു വരുന്ന ചെലവ് കുറയ്ക്കാൻ നടപടി സ്വീകരിക്കൽ, രാഷ്ട്രീയ വൽക്കരണം അവസാനിപ്പിക്കൽ, കൃത്യമായ ഓഡിറ്റ് സൗകര്യം ഉണ്ടാക്കൽ എന്നീ നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

പഞ്ചായത്ത് അതിർത്തിയിൽപെട്ട പാൽ ഉല്പാദകരുടെയും ആടുമാടുകൾ വളർത്തുന്നവരുടെയും ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി ക്ഷീരോൽപാദക സഹകരണ സംഘം മിൽമയുടെ ആഭിമുഖ്യത്തിലോ അല്ലാതെയോ രൂപീകരിക്കേണ്ടതും ആവശ്യമായ സ്ഥലങ്ങളിൽ അതിന്റെ സംഭരണ വിതരണ കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതും അംഗങ്ങൾ അതിലൂടെ മാത്രം പാൽ വിൽക്കുകയും വാങ്ങുകയും ചെയ്യേണ്ടതും ആണ്.

നോട്ട് ബുക്ക്, മെഴുകുതിരി, ചന്ദനത്തിരി, ശീലക്കുട എന്നിവയുടെ നിർമ്മാണത്തിനുതകുന്ന ചെറുകിട വ്യവസായ സംഘങ്ങൾ രൂപീകരിക്കുക. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവാക്കളെയും യുവതികളേയും ലാക്കാക്കി ഒരു ചെറുകിട തൊഴിൽ വ്യവസായ പരിശീലന വിപണന സഹകരണ സംഘം പഞ്ചായത്ത് വ്യാപകാതിർത്തിയായി രൂപീകരിക്കുക.

പഞ്ചായത്ത് അതിർത്തിയിൽ ഉള്ള വിവിധ പാടശേഖര കമ്മിറ്റികളെ യോജിപ്പിച്ച് കൃഷിയുടെ വളർച്ചയ്ക്കുവേണ്ടിയും, ആധുനിക കൃഷി സമ്പ്രദായ സൗകര്യങ്ങൾ നൽകുന്നതിനുവേണ്ടിയും, കർഷക സഹകരണ സംഘം രൂപീകരിക്കുക.

പഞ്ചായത്ത് തലത്തിലുള്ള കശുവണ്ടി, അടയ്ക്ക, നാളികേരം എന്നിവയുടെ സംഭരണ വിപണനത്തിനായി മാർക്കറ്റിങ് സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

തൃശൂർ ജില്ലയിലെ ഏറ്റവും വലിയ ഹൗസിംഗ് കോളനികളായ നെഹ്റു നഗർ, ഹിൽ ഗാർഡൻ എന്നീ കോളനികൾ, നെഹ്റു നഗർ ഭവന നിർമ്മാണ സഹകരണ സംഘം, പഞ്ചായത്തിന്റെ നേട്ടമാണെങ്കിൽ, ചെറുകിട വരുമാനക്കാർക്ക് ഭവന നിർമ്മാണത്തിനായി സാമ്പത്തിക സഹായങ്ങളും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുവാൻ ഒരു ഭവന നിർമ്മാണ സഹകരണ സംഘം പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കേണ്ടതാണ്.

നിലവിലുള്ള പനംകുറ്റിച്ചിറ ഗ്രാമോദ്ധാരണ സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനസംഘടിപ്പിച്ച് പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ആവശ്യമായ കൺസ്യൂമർ സാധനങ്ങൾ വിതരണം ചെയ്യാൻ ഉതകുന്ന സൂപ്പർ മാർക്കറ്റ് ആക്കി ഉയർത്തുകയും ആയതിന്റെ ശാഖകൾ പഞ്ചായത്തിലെ പ്രധാന

കേന്ദ്രങ്ങളിൽ ആരംഭിക്കുകയും ചെയ്യുക.

സഹകരണ സംഘം ഭരണസമിതി തെരഞ്ഞെടുപ്പ് ലളിതമാക്കാനും അനാർഭാടമാക്കാനും ബ്ലോക്ക് തലത്തിലോ, ജില്ലാ തലത്തിലോ, സംസ്ഥാന തലത്തിലോ ഒരു തെരഞ്ഞെടുപ്പ് കമ്മീഷൻ നിലവിൽ വരുത്തുക.

പഞ്ചായത്തിൽ നിലനിൽക്കുന്നതും ആരംഭിക്കുന്നതുമായ സംഘങ്ങളിൽ നിന്ന് വായ്പയെടുക്കുമ്പോൾ, എടുക്കേണ്ട മൂലധനതുകയിൽ എല്ലാ സ്ഥാപനങ്ങൾക്കുമായി പൊതുവായ മാനദണ്ഡമുണ്ടാക്കുക.

വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് അവരുടെ കുട്ടികളുടെ സംരക്ഷണത്തിനും, ആരോഗ്യപരിപാലനത്തിനും വേണ്ടി ഒരു ശിശു സംരക്ഷണ സഹകരണ കേന്ദ്രം പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

പഞ്ചായത്ത് അടിസ്ഥാനത്തിൽ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

വർദ്ധിപ്പിച്ച ഓഡിറ്റ് ഫീസ് പരമാവധി കുറക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 2 ശതമാനം എന്നത് കുറയ്ക്കണം. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു പവർലൂം സഹകരണ സംഘം, അറക്ക... പ്ലാസ്റ്റിക്ക് വെയ്സ്റ്റ് മുതലായവ ഉപയോഗിച്ച് ഗൃഹോപകരണ നിർമാണ സഹകരണ സം... രജിസ്റ്റർ ചെയ്യേണ്ടതാണ്.

രാജ്യത്തിന്റെ സമ്പത്തിനും വികസനത്ത... വളർച്ചയ്ക്കും തൊഴിൽ രഹിതർക്ക് തൊഴിൽ ലഭിക്കു... ന്നതിനും വേണ്ടി രജിസ്റ്റർ ചെയ്യുന്ന പുതിയ സഹകരണ സ്ഥാപനങ്ങളിൽ ആരംഭത്തിൽ ഏറ്റവും കുറഞ്ഞ പിരിഞ്ഞു കിട്ടിയ മൂലധനം 5000/- രൂപയാക്കി നിശ്ചയിക്കുക.

പഞ്ചായത്തിലെ പ്രധാനപ്പെട്ട സഹകരണ സംഘങ്ങൾ യോജിച്ച് മുതൽ മുടക്കി കാലി, കോഴി, മത്സ്യം എന്നിവയുടെ ഒരു തീറ്റ ഫാക്ടറി ആരംഭിച്ചാൽ കുറഞ്ഞ മുടക്കുമുതലിൽ കുറേ പേർക്ക് ജോലി ലഭിക്കുകയും കാലിത്തീറ്റയുടെ വില ക്രമീകരിക്കുകയും ചെയ്യാം.

നിലവിലുള്ള സർവീസ് സഹകരണ സംഘങ്ങളുടെ ബ്രാഞ്ചുകൾ പ്രവർത്തന പരിധിയിലുള്ള അതാത് വില്ലേജുകളിലെ എല്ലാ വാർഡുകളിലെയും പ്രധാന കേന്ദ്രങ്ങളിൽ ആരംഭിക്കേണ്ടതാണ്. സഹകരണ സംഘങ്ങളിലെ നിയമനം പി. എസ്. സി. യ്ക്ക് വിട്ടുകൊടുക്കുക.

**സ്നേഹസ്മരണകളോടെ...**



**ശ്രീ. എ.എ. ചാക്കോ**

**അന്തരിച്ച 11–ാം വാർഡ് ഗ്രാമ പഞ്ചായത്ത് മെമ്പർ**

# ഒല്ലൂർ സഹകരണ മേഖല

| | സഹകരണ സംഘത്തിന്റെ പേര് | പ്രവർത്തന പരിധി | ആരംഭിച്ച വർഷം | അംഗങ്ങൾ | മൂലധനം | ഗവൺമെന്റ് മൂലധനം | മൊത്തം നിക്ഷേപം | മൊത്തം നൽകിയ വായ്പ |
|---|---|---|---|---|---|---|---|---|
| 1. | സർവീസ് സഹകരണ സംഘം ചീരാച്ചി - ലിമിറ്റഡ് നമ്പർ: 279(ക്രെഡിറ്റ്) | 3 വില്ലേജുകൾ | 1931 | 11,511 | 36,91,303 | 53,000 | 6,92,59,265 | 5,01,18,709 |
| 2. | കുട്ടനെല്ലൂർ സർവീസ് സഹകരണ ബാങ്ക് നമ്പർ : 758 (ക്രെഡിറ്റ്) | ഒല്ലൂർ വില്ലേജ് | 1948 | 12,325 | 18,20,403 | ഇല്ല | 4,70,72,442 | 4,11,09,00 |
| 3. | അഞ്ചേരി കാർഷികേതര വായ്പാ സഹകരണ സംഘം നമ്പർ: 802 (ക്രെഡിറ്റ്) | ഒല്ലൂർ വില്ലേജ് 7, 8, 6, 3, 2, എന്നീ വാർഡുകൾ | 1950 | 3,497 | 2,24,943 | ഇല്ല | 18,85,953 | 15,66,585 |
| 4. | തൃശൂർ ഭവന നിർമ്മാണ സഹകരണ സംഘം ലി. 2 (ആർ) 260, നെഹ്രുനഗർ, തൃശൂർ - 6. | തൃശൂർ ടൗൺ ഒല്ലൂർ വില്ലേജ് | 1964 | 1,059 | 14,85,860 | ഇല്ല | 1,40,50,000 | ഇല്ല |
| 5. | ഒല്ലൂർ റീജിയണൽ ഇമിറ്റേഷൻ ഡയമണ്ട് മാനുഫാക്ചേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് പഞ്ചായത്ത് സൊസൈറ്റി | ഒല്ലൂർ - പുത്തൂർ | 1975 | 646 | 1,08,420 | 28,020 | 3,55,000 | ഇല്ല |
| 6. | തൃശൂർ ഗ്രാമവ്യവസായ സഹകരണ സംഘം K.V. Ind. (R) II | തൃശൂർ - മുകുന്ദപുരം താലൂക്കുകൾ | 1973 | 256 | 25,700 | ഇല്ല | ഇല്ല | ഇല്ല |
| 7. | ഒല്ലൂർ പഞ്ചായത്ത് ഹരിജൻ കോ ഓപ്പറേറ്റീവ് സൊസൈറ്റി ലി. നമ്പ്ര് 751, അഞ്ചേരി | ഒല്ലൂർ പഞ്ചായത്ത് | 1985 | 650 | 4,510 | 55,000 | ഇല്ല | ഇല്ല |
| 8. | ഗ്രാമോദ്ധാരണ സഹകരണസംഘം, പനംകുറ്റിച്ചിറ | വിവരങ്ങൾ ലഭ്യമല്ല. | | | | | | |
| 9. | തൃശൂർ ജില്ല ടി. വി. കാബിനറ്റ് നിർമ്മാണ വ്യവസായ സഹകരണ സംഘം, ഒല്ലൂർ. | വിവരങ്ങൾ ലഭ്യമല്ല. | | | | | | |

അനെക്സ് 1.

# വിഭവ സമാഹരണം

ആമുഖം

ഏതൊരു വികസന പ്രവർത്തനത്തിനും വിഭവം ആവശ്യമാണ്. വിഭവസമാഹരണം ആസുത്രണത്തിന്റെ ഒരു പ്രധാന ഘടകമാണ്. ആസൂത്രിതമല്ലാത്ത പദ്ധതികൾ വളരെ പരാജയത്തിലാണ് കലാശിക്കുന്നത്. അതുകൊണ്ട് വിഭവസമാഹരണം വളരെ പ്രധാനപ്പെട്ട ഒരു പ്രക്രിയയായി കണേണ്ടതുണ്ട്.

ഒല്ലൂര് പഞ്ചയത്ത് ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചയത്താണ്. ഇതിന്റെ മൊത്തം വരുമാനം 4725367.50 രൂപയാണ്. ഇതിൽ പെതുമരാമത്തിനുവേണ്ടി 13,50000 രൂപ ചെലവഴിക്കുന്നു. അതുപേലേ തന്നെ വൈദ്യുതിക്കുവേണ്ടി 3,36000 രൂപ ചെലവിടുന്നു. ജലവിതരണം ശുചികരണം. 1,56000 രൂപ നീക്കിവെയ്ക്കുന്നതുകൂടാതെ ഭരണചെലവി (സെക്രട്ടറി + ജീവനക്കാരുടെ 7,50,000 രൂപ ശമ്പളം) നുവേണ്ടി സംഖ്യ മാററിവെക്കേണ്ടതുണ്ട്. തെരുവു വിളക്കുകൾ കത്തിക്കുന്നതിന് 33,5682.00 രൂപയും ചെലവാക്കുന്നു. മററുള്ള ചെലവ് 17,33935.85 രൂപയാണ്. ചിലവ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

(പട്ടിക 1)

1-ാം ഭാഗം

പഞ്ചായത്തിന്റെ പെതു- സമ്പത്തിക നില ചുവടെ ചേർക്കുന്നു.

| | പെതു കണക്ക് | മൂലധന കണക്ക് | കടംസംബന്ധിച്ച കണക്ക് |
|---|---|---|---|
| വരവ് | 465200 | – | 72841.50 |
| ചിലവ് | 3895973.50 | 540793 | 177343 |

പെതുമരാമത്തി സംബന്ധിച്ച വിവരങ്ങൾ 1-ാം പട്ടിക 3-ാം ഭാഗത്ത് ചേർക്കുന്നു. ഇതിൽ ഏററവും കൂടുതൽ റോഡുകൾ ക്ക് വേണ്ടിയാണ് ചിലവഴിക്കുന്നത്.

വരവ് സംബന്ധിച്ച വിവരങ്ങൾ (1995-95)

ഇതിൽ എററവും കൂടുതൽ വരുമാനം കെട്ടിട നികുതിയിൽ നിന്നാണ് ലഭിക്കുന്നത്. രണ്ടാമത് വസ്തു കൈമാററ നികുതി തൊഴിൽ നികുതി രണ്ടാമതും വരുന്നു.

പഞ്ചായത്തിന് കിട്ടുന്ന ലൈസൻസ് ഫീസ് മുഖ്യമായും വരുന്നത് വ്യവസായം , വ്യാപാരം, ഹോട്ടലുകൾ, കടകൾ (സാധരണ) എന്നിവയിൽ നിന്നാണ്.

(പട്ടിക 3)

ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ഗ്രമസഭാനിർദ്ദേശങ്ങൾ.**

ബാധ്യതകൾ:-

കുട്ടനെല്ലൂരിലെ റെവന്യു വക സ്ഥലം പഞ്ചായത്തിന് വിട്ടുതരുകയും അവിടെ ഒരു പൊതു കല്ല്യണ മണ്ഡപവും ബാക്കിയുള്ള സ്ഥലത്ത് വാടകക്ക് കൊടുക്കാവുന്ന Shopping Complex പണിയുക. അതിനുള്ള പണം വാടകക്ക് കൊടുക്കുന്ന വ്യക്തികളിൽ നിന്ന് Advance വാങ്ങാവുന്നതാണ്.

(2) പഞ്ചായത്ത് അതിർത്തിയിലുള്ള ബാർ ഹോട്ടലുകളിൽ നിന്ന് 3 മ. സത്തിൽ 1000/= (ആയിരം) രൂപ പ്രതേക സെസ് ഏർപ്പെടുത്തുക.

(3) പെട്രാൾ പമ്പുകളിൽ നിന്ന് മാസത്തിൽ 100/- (നൂറ്)

പ്രത്യേക സെസ് ഏർപ്പെടുത്തുക.

(4) ഓട്ടു കമ്പനി മുതലാളികളിൽ മാസത്തിൽ 10 രൂപ സെസ് പിരിക്കുക.

(5) കളർ T.V. ക്ക് നിസ്സാര ഡ്യൂട്ടി നിശ്ചയിക്കുക. കേബിൾ T.V. ഓപ്പറേറ്റർമാരിൽ നിന്ന് വീടൊന്നുക്ക് കൊല്ലത്തിൽ 100 (നൂറു രൂപ മാത്രം) പുതിയ നികുതി ചുമത്തുകയും അത് പ്രത്യേകമായി പിരിക്കുകയും ചെയ്യുക.

(6) വ്യപാരത്തിന് കച്ചവടത്തിന്റെ സ്വഭാവമനുസരിച്ച് (സ്വർണ്ണം) നികുതി ചുമത്തുക.. സ്വർണ്ണ പണി വളകട്ടിംഗ് യൂണിറ്റിന് ഒരു ലൈസൻസ് ഉണ്ടാക്കി ചെറിയൊരു നികുതി ഏർപ്പെടുത്തുക.

(6) പരസ്യ ബോർഡുകൾക്ക് നികുതി ചുമത്തുക. സ്ക്വയർ മീറ്ററിന് മാസത്തേക്ക് 50 പ. (അമ്പത് പൈസ മാത്രം) ചുമത്തുക.

(8) സിനിമാ വാൾ പോസ്റ്ററുകൾക്ക് സീലടിച്ച് കൊടുക്കുക. സീലില്ലാത്തത് നീക്കം ചെയ്യുക. സീലടിക്കുന്നതിന് നിശ്ചിത ഫീസ് ഏർപ്പെടുത്തുക.

(9) കടകളുടെ പുറത്തേക്ക് തള്ളി നിൽക്കുന്ന നിലവിലുള്ള ബോർഡുകൾക്ക് ഒരു നികുതി ഏർപ്പെടുത്തുക.

(10) ബാനറുകളും അതുപോലെ പഞ്ചായത്തിൽ പണം അടച്ച് സീലു ചെയ്തിനു ശേഷം പ്രദർശിപ്പിക്കുവാൻ അനുവദിക്കുക.

(11) പഞ്ചായത്ത് പ്രസിഡണ്ടിന്റെ പേരിൽ ഒരു ദുരിതാശ്വാസ നിധിഏർപ്പെടുത്തുക. ആ പണത്തിന് ആദായനികുതി തുടങ്ങി എല്ലാ നികുതികളും ഒഴിവാക്കുക.

(12) പഞ്ചായത്ത് അതിർത്തിയിലുള്ള ഓവർ ബ്രിഡ്ജ് വഴി പോകുന്ന മോട്ടോർ വാഹനങ്ങൾക്ക് ഒരു നിശ്ചിത കാലഘട്ടം പഞ്ചായത്തിൽ നിന്ന് ടോൾ പിരിക്കവാൻ സംവിധാനം ഉണ്ടാക്കുക. ആ സംഖ്യ പഞ്ചായത്തിന്റെ മററു വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക.

(13) ഒല്ലൂർ പഞ്ചായത്ത് അതിർത്തിയിലുള്ള ഉപയോഗ ശൂന്യമായ കുളങ്ങൾ ലേലം ചെയ്തു കൊടുത്ത് പണം സമാഹരിക്കുക.

(14) പഞ്ചായത്ത് അതിർത്തിയിലുള്ള കമ്മ്യൂണിറ്റി ഹാൾ കരാർ അടിസ്ഥാനത്തിൽ വ്യക്തികൾക്ക് ലേലം ചെയ്തു കൊടുക്കുക..

(15) ഒല്ലൂർ ഇൻഡസ്ട്രീയൽ / മിനി ഏസ്റ്റേറ്റുകളിലുമുള്ള ഒഴിവുള്ള സ്ഥലങ്ങളിൽ പുതിയ വ്യവസായങ്ങൾ തുടങ്ങാൻ അവസരമുണ്ടാക്കുക അങ്ങിനെ പഞ്ചായത്തിനും വ്യക്തികൾക്കും ഉപകാര പ്രദമാക്കുക.

(16) കാനകൾ വൃത്തിയാക്കുക, റോഡുകൾ നിർമ്മിക്കുക. മുതലായ നിർമ്മാണപ്രവർത്തനങ്ങൾ

F1

പഞ്ചായത്തിലെ തൊഴിലില്ലാത്ത യുവജനങ്ങൾ മുഖേന നടത്താവുന്നതാണ്. അത് വഴി അവർക്ക് തൊഴിലും വരുമാന മാർഗ്ഗവും സൃഷ്ടിക്കുക.

(17) തെരുവു നായ്ക്കളെ നശിപ്പിക്കുകയും വളർത്തുമൃഗങ്ങൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തുകയും ചെയ്യുക. നായ്ക്കൾക്കുള്ള കുത്തിവെപ്പ് (പേവിഷത്തിനെതിരെ) പഞ്ചായത്ത് ഉറപ്പ് വരുത്തുക.

(18) പഞ്ചായത്ത് വക സ്ഥലം കൈയ്യേറിയവരെ ഒഴിപ്പിക്കുക. പകരം താമസ സൗകര്യങ്ങൾ ഏർപ്പെടുത്തികൊടുക്കുക.

(19) ടെലിഫോൺ ബൂത്തുകൾ പെട്ടികടകൾ എന്നിവക്ക് ഒരു വാർഷിക ഫീസ് ഏർപ്പെടുത്തുക. വികലാംഗരെ അതിൽ നിന്ന് ഒഴിവാക്കുക.

(20) പഞ്ചായത്ത് വക സ്ഥലത്ത് ബാങ്കുകൾ എന്നിവക്കുള്ള മുറികൾ കാലാവധി വച്ച് ഉണ്ടാക്കി കൊടുക്കുക.

(21) പഞ്ചായത്ത് പണികൾക്ക് വേണ്ടിവരുന്ന പണം പൊതു ബാങ്കുകളിൽ നിന്ന് വായ്പ എടുക്കുന്ന സംവിധാനം ഏർപ്പെടുത്തുക.

(22) മാവേലി സ്റ്റോർ പഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിലേക്ക് മാററി സ്ഥാപിക്കുക.

(23) വർഷാവർഷം വരുന്ന സ്റ്റാമ്പ് ഡ്യൂട്ടിയിൽ 100 ശതമാനം പഞ്ചായത്ത് അതിർത്തിയിൽ വരുന്ന വസ്തു കൈമാറ്റം നടത്തുമ്പോൾ പഞ്ചായത്തിന് ലഭിക്കുവാനും അതിന്റെ വാല്യുവേഷൻ പഞ്ചായത്ത് പരിധിയിൽ ശൊണ്ട് വരുവാനുമുള്ള അധികാരം പഞ്ചായത്തിന് നൽകുക.

(24) വിവാഹം തടങ്ങിയ പരിപാടികളിൽ ആർഭാട ചിലവ് നടത്തുന്നവരിൽ നിന്ന് നിശ്ചിത തുക പഞ്ചായത്ത് ആർഭാട നികുതി യായി ചുമത്തുക.

### 1.24 ചെലവ് സംബന്ധിച്ച വിവരങ്ങൾ Ref. C,B. (1995-96)

| ഇനം | തുക |
|---|---|
| 1 | 2 |
| ഭരണം | 1059386.15 |
| പൊതുമരാമത്ത് | 1333909.50 |
| വിദ്യാഭ്യാസം | — |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 151196.00 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 335682.00 |
| മററുള്ളവ | 1733935.85 |
| ആകെ | 4614109.50 |

### 1.25 പൊതുസാമ്പത്തിക നില Ref. B

| | പൊതുകണക്ക് | മൂലധന കണക്ക് | കടാസംബന്ധിച്ച കണക്ക് |
|---|---|---|---|
| 1 | 2 | 3 | 4 |
| വരവ് | 4652000 | — | 72841.50 |
| ചെലവ് | 3895973.50 | 540793 | 177343.00 |

### 1.25 പൊതുസാമ്പത്തിക നില Ref. B

| പണിയുടെ സ്വഭാവം | എസ്റ്റിമേററ് തുക | യഥാർത്ഥ ചെലവ് | | |
|---|---|---|---|---|
| | | ഗ്രാന്റ് തുക | പഞ്ചായത്ത് | ആകെ |
| 1 | 2 | 3 | 4 | 5 |
| റോഡ് | 1091219.00 | 449522 | 887852 | 1337374 |
| തോട് | 29000 | 90 | 24387 | 28677 |
| കെട്ടിടം | 1007550/2 | 1000000 | 4179 | 1004179 |
| നടപ്പാലം | — | — | — | — |
| മററുള്ളവ | 1500 | — | 1420 | 1420 |

## 2-ാം പട്ടിക

### 1.23 വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)
### Ref. CB

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| 1 | 2 | 3 | 4 |
| കെട്ടിട നികുതി | 14,01,732 | 12,76,517 | 1,25,215 |
| ലൈബ്രറി സെററ് | 73,711 | 66,653 | 7,058 |
| തൊഴിൽ നികുതി | 5,26,925 | 5,14,935 | 11,990 |
| വാഹന നികുതി | - | - | - |
| വിനോദ നികുതി | 1,42,211.30 | 1,42,211.30 | - |
| അഡി. വിനോദ നികുതി | 85,350.70 | 85,350.70 | - |
| പ്രദർശന നികുതി | 7,096 | 7096 | - |
| പ്രദർശന നികുതിയിന്മേലുള്ള | | | |
| സർചാർജ്ജ് | 1,773 | 1,773 | - |
| ചന്ത വരവ് | | | |
| ലാന്റ് സെററ് | | | |
| ലൈസൻസ് ഫീസ് | 54,177 | 54,177 | - |
| കെട്ടിട നികുതി സർചാർജ്ജ് | - | - | - |
| വസ്തു കൈമാററ നികുതി 75% | 5,69,054 | 5,69,054 | - |
| വസ്തു കൈമാററ നികുതി 25% | | | |
| സർക്കാർ ഗ്രാൻറുകളും മററും | | | |
| ഒഴികെയുള്ള മററു വരവുകൾ | 10,78,222 | 10,78,222 | - |
| സംഭാവന | - | - | - |
| ഡെപ്പോസിററ് | 2,56,846 | 2,56,846 | |
| മററുള്ളവ | 6,68,763.50 | 6,68,763.80 | - |
| ആകെ | 48,65,861.50 | 47,21,598.50 | 1,44,263 |

## 3–ാം പട്ടിക

### 1.22 ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ
Ref.R

| വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം | | | | | ആകെ ഫീസ് |
|---|---|---|---|---|---|---|
| | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മററുള്ളവ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 15 | 6 | 20 | 13 | 54 | 2820 |
| II | 16 | 4 | 14 | 12 | 46 | 2880 |
| III | 4 | 3 | 8 | 5 | 20 | 2110 |
| IV | 20 | 4 | 22 | 16 | 62 | 3830 |
| V | 6 | 3 | 9 | 7 | 25 | 2610 |
| VI | 11 | 4 | 10 | 8 | 33 | 2827 |
| VII | 14 | 3 | 9 | 10 | 36 | 2965 |
| VIII | 18 | 3 | 25 | 13 | 59 | 2534 |
| IX | 20 | 4 | 20 | 7 | 51 | 3110 |
| X | 24 | 3 | 18 | 15 | 60 | 3267 |
| XI | 138 | 8 | 40 | 10 | 196 | 9501 |
| XII | 51 | 12 | 12 | 5 | 80 | 6630 |
| XIII | 22 | 2 | 12 | 14 | 50 | 4120 |
| XIV | 26 | 4 | 10 | 11 | 51 | 4108 |
| XV | | | | | | |
| ആകെ | 385 | 63 | 229 | 146 | 82[illegible] | 53312 |

F4

# ഉപസംഹാരം

പഞ്ചായത്തുതല വികസനമെന്നതു കൊണ്ട് നാം ലക്ഷ്യമാക്കേണ്ടത് കേവലം റോഡുകളും തോടുകളും പാലങ്ങളുമുണ്ടാക്കൽ മാത്രമല്ല. അതിലുപരി പലതുമാണെന്ന് ഒല്ലൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കേണ്ട പദ്ധതികളെക്കുറിച്ച് ഗ്രാമസഭകളിൽ വന്നിട്ടുള്ള മേൽ നിർദ്ദേശങ്ങളിൽ നിന്ന് വ്യക്തമാകുന്നുണ്ടല്ലോ.

ജനകീയ പദ്ധതികൾ നടപ്പാക്കേണ്ടത് പഞ്ചായത്തു ഭരണ സമിതിയും ഉദ്യോഗസ്ഥന്മാരും മാത്രമല്ല. ജനങ്ങൾ ഒന്നിച്ച് നിന്ന് പ്രവർത്തിക്കണം. "ഒത്തു പിടിച്ചാൽ മലയും പോരും" എന്നാണല്ലോ ചൊല്ല്. അതിനാൽ നാം ഒത്തുചേർന്നു വികസന പ്രവർത്തനങ്ങൾ ആരംഭിക്കണം. ഭരണസമിതിക്കു തനിയെ ചെയ്യാവുന്ന കാര്യങ്ങൾ തുച്ഛമാണ്. എന്നാൽ ജനപങ്കാളിത്തമുണ്ടായാൽ ഒല്ലൂരിന്റെ മുഖച്ഛായ മാറ്റാം. അത്ഭുതകരമായ വളർച്ച കൈവരിക്കാം.

കൃഷി, ജലസേചനം, മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യവികസനം, വ്യവസാ[...] മേഖലകളിലെല്ലാം പൊതുജനങ്ങൾ പരിശ്രമിച്ചാ[...] വരുത്താവുന്ന നേട്ടങ്ങൾ വളരെ വലുതാ[...] വൈദ്യുതിയുടെ വിനിയോഗം നിയന്ത്രിച്ച് ഊർജ്ജ[...] പ്രതിസന്ധി പരിഹരിക്കാം. ശുദ്ധജല വിതര[...] ആരോഗ്യപാലനം, വിദ്യാഭ്യാസം എന്നീ മേഖലകളി[...] ജനപങ്കാളിത്തമുണ്ടായാൽ കൈവരിക്കാവു[...] വികസനം വലുതാണ്.

ഗതാഗത മേഖലയിൽ ഓവർബ്രിഡ്ജ് [...]മ്മാണത്തിലൂടെ ഒല്ലൂർ പഞ്ചായത്തു നിവാസിക[...] നാം ഭാരതത്തിനു തന്നെ മാതൃകയായിരിക്കയാണ[...] അഭിമാനകരമായ സത്യം നാം വിസ്മരിക്കാതെ ഒ[...] ഗ്രാമപഞ്ചായത്തിന്റെ ജനകീയ പദ്ധതിയ[...] വിജയത്തിന് കൈകോർത്തു പിടിച്ച് കക്ഷി ചിന്ത[...] വെടിഞ്ഞ് സേവന രംഗത്ത് ഓരോരുത്തരും കഴി[...] എല്ലാ തരത്തിലുള്ള സംഭാവനകളും ചെയ്യണ[...] ഒല്ലൂർ ഗ്രാമപ്പഞ്ചായത്തിനു വേണ്ടി നിങ്ങളേ[...]ത്തരോടും സവിനയം അപേക്ഷിക്കുന്നു.

*കാലം വൈകിപ്പോയി, കേവലമാചാര*
*നൂലുകളെല്ലാം പഴകിപ്പോയി,*
*കെട്ടിനിറുത്താൻ കഴിയാതെ ദുർബ്ബല*
*പ്പെട്ട ചരടിൽ ജനത നിൽക്കാ.*

*മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ*
*മാറ്റുമതുകളീ നിങ്ങളെത്താൻ.*
*മാറ്റൊലിക്കൊണ്ടീ മൊഴി തന്നെ സർവ്വദാ*
*മാറ്റിരമ്പുന്നിന്നു കേരളത്തിൽ*

**കുമാരനാശാൻ**

*ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ*
*കുടികൊള്ളുന്നു.*

**മഹാത്മാഗാന്ധി**

*വികസനം എന്നാൽ റോഡുണ്ടാക്ക[...]*
*പണിയലും മാത്രമല്ല. മറിച്ച് [...]*
*പുരോഗതിയും വ്യവസായിക വ[...]*

**ഇ. എം. എസ്. നമ്പൂ[...]**

# ശുദ്ധിപത്രം

| പേജ് | ഖണ്ഡിക | വരി | തെറ്റ് | ശരി |
|---|---|---|---|---|
| 11 | 3 | 2,3 | 'പി.എസ് ശങ്കുണ്ണി വൈദ്യർ' | 'പി.കെ. ശങ്കുണ്ണി വൈ. |
| 11 | 3 | 5 | '1941 ൽ' | '1930 കളിൽ' |
| 11 | 3 | 10 | 'പ്രഥമ' | 'മുൻ' |
| 12 | 5 | 8 | 'ഊർജ്ജ്ജറവും' | 'ഊർജ്ജം' |
| 24 | 6 | 7 | 'വിസ്തൃതി കൂടി' | 'വിസ്തൃതി കൂട്ടി' |
| 39 | 7 | 1 | 'ഹാരിദ്ര്യ' | 'ദാരിദ്ര്യ' |
| 43 | 6 | 9 | 'പ്ഥമ' | 'പ്രഥമ' |
| 37 | 3 | 1 | '4461' | '4674' |
| | | 2 | 'വീടുകളാണുള്ളത്' | 'കെട്ടിടങ്ങളാണ് ഉള്ളത്' |
| 62 | 1 | 1 | 'ചെന്നാരം' | 'ചെന്താരം' |
| 62 | 5 | 12 | 'കുറിഞ്ഞിപ്പിട്ട്' | 'കുറിഞ്ഞിപ്പാട്ട്' |
| 62 | 5 | 28 | 'മേളകൾ' | 'മേളങ്ങൾ' |
| 22 | 2 | 4 | 'കേരകർഷക' | 'കേരസംരക്ഷണ' |
| 28 | 12 | 5 | 'ചിറകൾ എന്നിവ' | – നീക്കം ചെയ്യണം |
| 28 | 13 | 1 | '21' | '12' |
| 45 | 1 | 2 | '7.28' | '7.82' |
| 31 | 4 | 4 | 'ഇവിടെ.......... പ്രേരണ നൽകണം' – നീക്കം ചെയ്യണം | |

## പട്ടിക

| | | | |
|---|---|---|---|
| 27 | പട്ടിക 4 | 'അകിടുവീക്കം കോഴി – 1' – നീക്കം ചെയ്യുക | |
| 39 | പട്ടിക | ആകെ SC/ST -115. എന്ന് വായിക്കുക | |
| | | 'സഹായം ലഭിച്ചവർ – 126' എന്ന് വായിക്കുക | |
| 54 | പട്ടിക 3 | തെറ്റ് ശരി | |
| | | 5–ാമത്തെ വരി | |
| | | തോറ്റു പഠിക്കുന്നവർ | തോറ്റു പഠിക്കുന്നവർ |
| | | 0 3 3 | '10 3 13' |
| | | 6-ാമത്തെ വരി | |
| | | 'ആകെ 3' | 'ആകെ 13' |
| | | 7–ാമത്തെ വരി | |
| | | 'ആൺ 9' | 'ആൺ 19' |
| 20 | പട്ടിക 15 | 'കുഴൽകിണർ 16 ' | 'കുഴൽ കിണർ 6 |
| 36 | | 'പഞ്ചായത്ത് വക.......... ഏറ്റെടുത്തിട്ടുണ്ട്' | |
| | | ഇങ്ങിനെ വായിക്കുക | |

'പഞ്ചായത്ത് വക റോഡുകളിൽ ജെ.ആർ.വൈ പദ്ധതിപ്രകാരം 5.325 കി.മീ റോഡ് ടാർ ചെ 1995–96 ൽ ചൊവ്വൂർ – പെരിഞ്ചേരി റോഡിന് 70000 രൂപയുടേയും ചെറുശ്ശേരിക്കാവ് – കല്ലൂർമന–റോഡിന് 31,000 രൂപയുടേയും ബാലസദനം – ചങ്ങരംഗേറ്റ് റോഡിന് 1,05,000 രൂപയുടേയും പണികൾ ജെ പദ്ധതി അനുസരിച്ച് നടത്തിയിട്ടുണ്ട്.'


EXISTING LEVEL CROSS
OLLUR - CHERPU ROAD
PROPOSED RAILWAY
OVER BRIDGE
APPROCH ROAD
PASSING THROUGH
OLLUR INDUSTRIAL ESTATE
APPROCH ROAD
LAND